# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലുവ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ആലുവ -683101

ഇ-മെയിൽ: mlalv.ksad@kerala.gov.in
ഫോൺ : 0484-2623767

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA - AVM(M2)567/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ആലുവ -683101
തീയ്യതി: 29/12/2023
ഇ-മെയിൽ: mlalv.ksad@kerala.gov.in
ഫോൺ: 0484-2623767

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ആലുവ മുനിസിപ്പാലിറ്റി

സർ,

**വിഷയം : ആലുവ മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലുവ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5. കാര്യാലയ പകർപ്പ്

നമ്പർ: KSA - AVM(M2)567/2023 തീയ്യതി: 29/12/2023

## എറണാകുളം ജില്ലയിലെ ആലുവ മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 30-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രസന്നകമാർ.എം.പി | ഡെപ്യൂട്ടി ഡയറക്ടർ | 01-05-2023 | 30-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-05-2023 | 30-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. എം.എം. മത്തായി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ജോൺസൺ ടി.ടി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. പ്രീത എം.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുനൈന എൻ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം.ഒ. ജോൺ | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ. ജെ. മുഹമ്മദ് ഷാഫി | സെക്രട്ടറി | 01-04-2022 | 24-02-2023 |
| ശ്രീമതി. അശ്വതി വിദ്യാധരൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-02-2023 | 02-03-2023 |
| ശ്രീ. അനിൽകമാർ ബി. | സെക്രട്ടറി | 03-03-2023 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 24-09-2022 |
| ശ്രീമതി. അശ്വതി വിദ്യാധരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 06-10-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു കെ.എം. | പ്രിൻസിപ്പാൾ, ഗവ. ഹയർസെക്കന്ററി സ്കൂൾ | 01-04-2022 | 31-03-2023 |
| ഡോ. അനഘൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി. സിജിമോൾ എ.എൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ശ്രീലിനി എൽ | സി.ഡി.എസ്. മെമ്പർ സെക്രട്ടറി | 01-04-2022 | 13-09-2022 |
| ശ്രീ. ജയകൃഷ്ണൻ | സി.ഡി.എസ്. മെമ്പർ സെക്രട്ടറി | 14-09-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. ശ്രീലിനി എൽ | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2022 | 13-09-2022 |
| ശ്രീ. ജയകൃഷ്ണൻ | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 14-09-2022 | 31-03-2023 |
| ഡോ. സ്മിജി ചിറമേൽ | മെഡിക്കൽ ഓഫീസർ, ഗവ. ആശുപത്രി | 01-04-2022 | 31-03-2023 |
| ഡോ. ജെറിൻ ഫ്രാൻസിസ് | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീ. ഡാൾട്ടൻ വി.എ. | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. നൗഫൽ യു.എസ്. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 12-08-2022 |
| ശ്രീ. ജോബി റ്റി.വൈ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ ( ഇൻ ചാർജ്ജ്) | 13-08-2022 | 12-10-2022 |
| ശ്രീമതി. പ്രിയമോൾ കെ.പി. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 13-10-2022 | 31-03-2023 |
| ശ്രീ. മെൽബിൻ.കെ.ജി. | ഓവർസീയർ ഗ്രേഡ് 1(അസ്സിസ്റ്റന്റ് എഞ്ചിനീയർ - ഇൻ - ചാർജ്) | 25-09-2022 | 05-10-2022 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയുടെ ഭാഗമായി ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ആസ്തികളുടെ മുന്നിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-3 |
| 5 | പ്രതിമാസ ബാങ്ക് റീകൺസിലീയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-4 |
| 6 | പണമാക്കാത്ത ചെക്കുകകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-5 |
| 7 | വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തവും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | രജിസ്റ്ററുകൾ ശരിയായി പരിപാലിക്കുന്നില്ല | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | പ്രൊവിഷൻ കണക്കാക്കിയിരിക്കുന്നത് വിശദീകരിച്ചിട്ടില്ല | 1-1-9 |
| 11 | തേയ്മാനം കണക്കാക്കിയിരിക്കുന്നത് -വിശദീകരിച്ചിട്ടില്ല | 1-1-10 |
| 12 | ചെലവഴിക്കാൻ ബാക്കിയുള്ള ഫണ്ടുകളുടെ ബാങ്ക് നീക്കിയിരുപ്പ് വിവരങ്ങൾ ലഭ്യമല്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 21 | ക്യാഷ് പരിശോധന | 1-10 |
| 22 | സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം - അവലോകനം | 1-11 |
| 23 | വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം- അവലോകനം | 1-12 |
| 24 | ജലസ്രോതസ്സുകളുടെ പരിപാലനം - അനിവാര്യ ചുമതല നിറവേറ്റുന്നില്ല | 1-13 |
| 25 | ടേക്ക് എ ബ്രേക്ക് - പദ്ധതി യാഥാർത്ഥ്യമായില്ല. | 1-14 |
| 26 | വസ്തുനികുതി കണക്കാക്കിയതിലെ അപാകത-വസ്തു നികുതി 1095/-രൂപ നഷ്ടം | 1-15 |
| 27 | തൊഴിൽനികുതി പിരിച്ചെടുത്തില്ല- നഷ്ടം- 7,300/- രൂപ, മറ്റ് അപാകതകൾ | 1-16 |
| 28 | വാടക – പിഴപ്പലിശ ഈടാക്കിയതിൽ കുറവ് - 2,520/- രൂപയുടെ നഷ്ടം | 1-17 |
| 29 | റോഡ് കട്ടിങ്ങ് ചാർജ്ജ് - കുറവായി ഈടാക്കി - 9,497/- രൂപയുടെ നഷ്ടം | 1-18 |
| 30 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടക – കുടിശ്ശിക വിവരം | 1-19 |
| 31 | വിനോദ നികുതി കണക്കാക്കുന്നതിലെ അപാകത | 1-20 |
| 32 | സേവന ഉപ നികുതി - ഡിമാന്റ് ചെയ്യുന്നതിലെ അപാകത | 1-21 |
| 33 | മത്സ്യ മാർക്കറ്റിൽ കട്ട വിരിക്കൽ -നടപടിക്രമങ്ങൾ പാലിച്ചില്ല – 49,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 34 | കുഴൽ കിണർ സധ്യതാപഠനം - നിർമ്മാണം നടന്നിട്ടില്ല. | 1-23 |
| 35 | ലൈബ്രറി സെസ്സ് കുടിശ്ശിക അടവാക്കുന്നത് | 1-24 |
| 36 | പത്രപരസ്യങ്ങൾക്ക് അർഹമായ ഡിസ്കൗണ്ട് ലഭിച്ചില്ല. | 1-25 |
| 37 | കമ്മ്യൂണിറ്റി കിച്ചനിലെ പാചകതൊഴിലാളികൾക്ക് കൂലി നൽകിയതിൽ അപാകത- ചെലവഴിച്ച 2,17,180/- രൂപ തടസ്സപ്പെടുത്തുന്നു. | 1-26 |
| 38 | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം | 1-27 |
| 39 | പെയിൻ & പാലിയേറ്റീവ് കെയർ പ്രോജക്ട്-വെഹിക്കിൾ ക്വട്ടേഷൻ അപാകത | 1-28 |
| 40 | വളർത്ത് നായകൾക്ക് ലൈസൻസ് - വിവരങ്ങൾ ലഭ്യമല്ല – 1,93,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 41 | എസ്.സി വീട് മെയിന്റനൻസ് - അപാകതകൾ | 1-30 |
| 42 | എസ്.സി വീട് മെയിന്റൻസ് - 1,20,526/- രൂപ അധികം നൽകി | 1-31 |
| 43 | ഗുണഭോക്തൃവിഹിതം നഗരസഭയിൽ ഒടുക്കാതെ നേരിട്ട് കൈമാറി. | 1-32 |
| 44 | GPAIS ക്ലെയിം - പലിശയിനത്തിൽ അനുവദിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കിയിട്ടില്ല | 1-33 |
| 45 | സ്റ്റോക്ക് & സ്റ്റോഴ്സ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകത. | 1-34 |
| 46 | ലോഗ് ബുക്ക് പരിശോധന- അപാകതകൾ | 1-35 |
| 47 | ഓൾഡ് ബസ് സ്റ്റാന്റ് ബിൽഡിംഗ് 17 -ാം നമ്പർ മുറിയുടെ അനധികൃത നിർമ്മാണം - കീഴ് വാടകക്ക് നൽകൽ | 1-36 |
| 48 | ഹരിതകർമ്മസേന യുടെ പ്രവർത്തനം-മാലിന്യനിർമ്മാർജ്ജനത്തിൽ ഒതുങ്ങുന്നു. | 1-37 |
| 49 | സ്ഥലം അക്വയർ ചെയ്തതിന് നഷ്ടപരിഹാരം നൽകിയതിലെ കൃത്യതയില്ലായ്മ | 1-38 |
| 50 | അനധികൃതമായി നഗരസഭാ റോഡ് കയ്യേറി | 1-39 |
| 51 | ABC പ്രോഗ്രാം നടപ്പാക്കുന്നതിന് ഭൗതിക സൗകര്യമില്ല | 1-40 |

| | | |
|---|---|---|
| 52 | അപകടകരമായി നിൽക്കുന്ന മഴമരങ്ങൾ മുറിച്ചുമാറ്റുന്നതിൽ കാലതാമസം | 1-41 |
| 53 | അപകടാവസ്ഥയിലുള്ള ഓൾഡ് ബസ് സ്റ്റാന്റ് കെട്ടിടം ഒഴിപ്പിക്കാൻ സാധിച്ചിട്ടില്ല | 1-42 |
| 54 | IBPMS മുഖേനയുള്ള പെർമിറ്റ് പരിശോധന - പരിമിതികൾ | 1-43 |
| 55 | നിർജ്ജീവമായ ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ | 1-44 |
| 56 | വായ്പ - നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. | 1-45 |
| 57 | ജനകീയാസൂത്രണം പദ്ധതി- കുടിവെള്ളവിതരണത്തിന് ലോറിയും ടാങ്കറും വാങ്ങിയത്- 14,95,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-46 |
| 58 | പി.എം.എ.വൈ- ലൈഫ് പദ്ധതി പണി പൂർത്തിയാക്കിയിട്ടില്ല | 1-47 |
| 59 | ക്രമീകരിക്കാത്ത മുൻകൂറുകൾ - 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-48 |
| 60 | ഡിജിറ്റൽ പെയ്മെന്റിലൂടെ വസ്തു നികുതി ഒടുക്കിയതിലെ കുറവ് ഈടാക്കി - ഓഡിറ്റ് ഇംപാക്ട് | 1-49 |
| 61 | അമൃതം ന്യൂട്രിമിക്സിന്റെ വിലയായി അധികം നൽകിയതു 988/- രൂപ തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട് | 1-50 |
| 62 | ബാങ്ക് റിക്കൺസിലിയേഷൻ - പൊരുത്തക്കേടുകൾ | 1-51 |
| 63 | കേരളഖരമാലിന്യ പരിപാലന പദ്ധതി (KSWMP)TRACK1 YEAR 1ൽ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കാനായില്ല. | 1-52 |
| | ഭാഗം **2** | |
| 1 | വസ്തുനികുതി കണക്കാക്കിയതിലെ അപാകത-1,095/-രൂപ നഷ്ടം | 2-1 |
| 2 | തൊഴിൽനികുതി പിരിച്ചെടുത്തില്ല- നഷ്ടം- 7,300/- രൂപ | 2-2 |
| 3 | വാടക – പിഴപ്പലിശ ഈടാക്കിയതിൽ കുറവ് - 2520/- രൂപയുടെ നഷ്ടം | 2-3 |
| 4 | റോഡ് കട്ടിങ്ങ് ചാർജ് - കുറവായി ഈടാക്കി - 9,497/- രൂപയുടെ നഷ്ടം | 2-4 |
| | ഭാഗം **3** | |
| 1 | എസ്.സി വീട് മെയിന്റൻസ് - 1,20,526/- രൂപ അധികം നൽകി | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Receipt & Payment Statement | |
| 4 | Income And Expenditure Statement | |
| 5 | Balance Sheet | |
| 6 | Audit Certificate | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**1). ആലുവ മുനിസിപ്പാലിറ്റിയുടെ** 2023 മാർച്ച് 31 -ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27.07.2023 തീയതിയിലെ 16 -ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 31.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 – ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 – ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2). സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/

മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3).എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആലുവ മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023 – ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 – ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: ആലുവ
തീയതി: 29.12.2023

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**നഗരസഭാ ഓഡിറ്റ് കാര്യാലയം, ആലുവ**

**1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയുടെ ഭാഗമായി ഉൾപ്പെട്ടിട്ടില്ല**

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയുടെ അനുബന്ധമായി ഉൾപ്പെട്ടിട്ടില്ല. അക്രൂവൽ അക്കൗണ്ടിംഗ് സംവിധാനം അനുവർത്തിക്കുന്നതിന്റെ മുന്നോടിയായി സ്വീകരിക്കേണ്ട നടപടികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ വാർഷിക കണക്കുകളിലും ധനകാര്യ പത്രികകളിലും താൽക്കാലികമായി ഉൾപ്പെടുത്തിയിട്ടുള്ളതും സ്ഥിരീകരിക്കാത്തതുമായ തുകകൾ സംബന്ധിച്ച അക്കൗണ്ട് കുറിപ്പുകളിലൂടെ സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തൽ നടത്തിയിട്ടില്ല. കൂടാതെ അക്കൗണ്ട് നടപടികളിൽ പിന്തുടർന്നിട്ടുള്ള അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡുകൾ, അക്കൗണ്ടിങ്ങ് റൂളുകൾ, അക്കൗണ്ടിങ്ങ് സിദ്ധാന്തങ്ങൾ/ കീഴ്‌വഴക്കങ്ങൾ എന്നിവ സംബന്ധിച്ചും അക്കൗണ്ട് കുറിപ്പുകളിലൂടെ സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തൽ നടത്തിയിട്ടില്ല.

2007 -ലെ കേരള മുനിസിപ്പാലിറ്റി ആക്കൗണ്ട് റൂൾസിലെ റൂൾ 58 പ്രകാരം ബാലൻസ്ഷീറ്റ്, ഇൻകം & എക്സ്പെൻറ്റീച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്, അക്കൗണ്ട്സ് കുറിപ്പുകൾ (Notes To Accounts), ഫൈനാൻഷ്യൽ പെർഫോമൻസ് ഇന്റിക്കേറ്റേഴ്സ് എന്നിവ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ആലുവ നഗരസഭയിൽ നിന്നും സമർപ്പിച്ചിരിക്കുന്ന വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ട്സ് കുറിപ്പുകൾ (Notes To Accounts), ഫൈനാൻഷ്യൽ പെർഫോമൻസ് ഇന്റിക്കേറ്റേഴ്സ് എന്നിവ സമർപ്പിച്ചിട്ടില്ല.

**1-1-2 ആസ്തികളുടെ മുന്നിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല**

കഴിഞ്ഞവർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ബാങ്ക് നീക്കിയിരുപ്പുകൾ തൻവർഷത്തെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| കോഡ് | അക്കൗണ്ട് നമ്പർ | തുക 2021-22 (നീക്കിയിരിപ്പ്) | തുക 2022-23 (മുന്നിരിപ്പ്) | വ്യത്യാസം |
|---|---|---|---|---|
| 450210100 | SBT OWN 3943 | 5913465.00 | 5914600.00 | +1135.00 |
| 450210600 | SBT A/C No. 10254 | 507563.00 | 496213.00 | -11350.00 |

2021-22 വർഷത്തെ Excess Of Income Over Expenditure (310900100) നീക്കിയിരിപ്പ് 19314121.20 രൂപയും 2022-23 -ലെ മുന്നിരിപ്പ് 19313557.20 രൂപയുമാണ്. 564/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ആയതിൻ പ്രകാരം മുനിസിപ്പൽ ഫണ്ടിന്റെ 2021-22 -ലെ നീക്കിയിരിപ്പിലും 2022-23 -ലെ മുന്നിരിപ്പിലും വ്യത്യാസമുണ്ട്.

2021-22 വർഷത്തിൽ 460100700 ഹെഡിൽ Miscellaneous Advance 14,18,202.00 രൂപ നീക്കിയിരിപ്പുണ്ടായിരുന്നത് 2022-23 വർഷത്തെ മുന്നിരിപ്പിൽ 14,28,981/- രൂപയായി വർദ്ധിച്ചിരിക്കുന്നു. 10779/- രൂപയുടെ വ്യത്യാസമുണ്ട്.

### 1-1-3 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

ആലുവ നഗരസഭയിൽ വസ്തുനികുതിയുടെ 10 ശതമാനമാണ് സേവന ഉപനികുതിയായി പിരിക്കുന്നത്. എന്നാൽ ഈ തുക 110809900 – Other Taxes എന്ന ഹെഡിലും 431800110 – Receivables For Service Cess എന്ന ഹെഡിലും സാംഖ്യയിൽ സ്വീകരിക്കുന്നുണ്ട്. (ഖണ്ഡിക 1-21 കാണുക)

### 1-1-4 പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

ആലുവ നഗരസഭയിൽ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നില്ല. 31.03.2023 -ലെ വാർഷിക റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ താഴെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകൾ ശരിയായ വിധം പൊരുത്തപ്പെടുത്തിയിട്ടില്ല.

| അക്കൗണ്ട് കോഡ് | അക്കൗണ്ട് വിവരം | നീക്കിയിരിപ്പ് Bank Book പ്രകാരം | നീക്കിയിരിപ്പ് Bank Statement പ്രകാരം |
|---|---|---|---|
| 450210100 | SBT Own Fund 3943 | 48,09,365.00 | 66,91,234.29 |
| 450220300 | Federal Tax E-Payment – 8305 | 8,25,155.00 | 5,09,623.00 |
| 450220400 | Federal Licence Fee- 4916 | 16,01,805.00 | 13,69,736.00 |

### 1-1-5 പണമാക്കാത്ത ചെക്കുകകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

ആലുവ നഗരസഭയിൽ ഇഷ്യൂ ചെയ്ത ചെക്കുകൾ മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കിയിട്ടില്ല. ഈ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

SBT Own Fund 3943 അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ' Cheque Issued But Not Presented Into Bank ' എന്ന ഹെഡിൽ നിരവധി ചെക്കുകളുണ്ട്. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ചെക്കുകളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും 2021 മാർച്ച് മാസം മുതൽ ഇഷ്യൂ ചെയ്ത നിരവധി ചെക്കുകൾ ബാങ്കിൽ സബ്മിറ്റ് ചെയ്തതായി കാണുന്നില്ല. എന്നാൽ ഈ ചെക്കുകൾ സ്റ്റെയിൽ ചെക്ക് അക്കൗണ്ടിലേറ്റ് മാറ്റിയിട്ടുമില്ല. (ഖണ്ഡിക 1-51 കാണുക).

1-1-6 വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തവും പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ തുകകളും തൊഴിൽനികുതി (വ്യാപാരികൾ) രജിസ്റ്ററിലെ ഡിമാന്റ് കളക്ഷൻ നീക്കിയിരിപ്പ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ വസ്തുനികുതിയുടെ ഡിമാന്റ് പരിശോധിക്കാവുന്ന രീതിയിൽ ഡിമാന്റ് രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ബിൽ കളക്ടർ മാരുടെ കൈവശമുള്ള ഹാന്റ് ബുക്കിനെ അടിസ്ഥാനമാക്കിയാണ് വസ്തുനികുതി ഡിമാന്റ് കണക്കാക്കുന്നത്.

1-1-7 രജിസ്റ്ററുകൾ ശരിയായി പരിപാലിക്കുന്നില്ല

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. ഉദാഹരണം സ്റ്റോക്ക് രജിസ്റ്റർ, ലോൺ രജിസ്റ്റർ.

1-1-8 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായും കൃത്യതയോടെയും ഡിമാന്റ് രേഖപ്പെടുത്താത്തുമൂലം വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1). 110010100 എന്ന ഹെഡിൽ Property Tax (General) 4,22,13,165/- രൂപയാണ് ഡിമാന്റ്. Receipt & Payment ൽ 431100100 എന്ന ഹെഡിൽ Receivables For Property Taxes (Current) പ്രകാരം കളക്ഷൻ 3,26,52,456 /- രൂപയാണ്. ഇതിന്റെ പ്രകാരം ബാലൻസ്

95,60,709/- രൂപയായിരിക്കും എന്നാൽ Balance Sheet -ൽ 431100100- Receivables For Property Tax (Current) 99,06,601/- രൂപയാണ് നീക്കിയിരിപ്പ്.

2). 110100200 എന്ന ഹെഡിൽ Profession Tax – Employees 1,68,38,251/- രൂപയാണ് ഡിമാന്റ്. എന്നാൽ Receipt And Payment Statement പ്രകാരം കളക്ഷൻ തുക 1,65,52,951/- രൂപയാണ് 2,85,300/- രൂപയുടെ വ്യത്യാസമുണ്ട്. ഡിമാന്റ് ഇല്ലാത്ത വരവായതിനാൽ വ്യത്യാസം ഉണ്ടാകേണ്ടതല്ല.

3). Rent From Other Civic Amenities എന്ന ഹെഡിൽ (130109900) 1,81,29,287/- രൂപയാണ് ഡിമാന്റുള്ളത്. Receipt And Payment Statement പ്രകാരം Rent Receivable From Civic Amenities (Current) (431400101) വരവ് 1,46,01,167/- രൂപയാണ്. ഇതിൻ പ്രകാരം കിട്ടാനുള്ള വാടക 35,28,120/- രൂപയായിരിക്കും. എന്നാൽ Balance Sheet -ൽ 431400101 ഹെഡിൽ Rent Receivable From Civic Amenities (Current) 24,86,044/- രൂപയാണ് കാണുന്നത്.

4). മുൻവർഷത്തെ Balance Sheet പ്രകാരം Property Tax കുടിശ്ശിക (6962965 + 1208018) 81,70,983/- രൂപയാണ്. 2022-23 -ൽ ഇതിലുള്ള വരവ് Receipt & Payment സ്റ്റേറ്റ്മെന്റ് പ്രകാരം 431100200 -ൽ 78,69,798/- രൂപയാണ് . ഇതിൻ പ്രകാരം 2022-23 Balance Sheet -ൽ 3,01,185/- രൂപ Receivables ഉണ്ടാകണം. എന്നാൽ 2022-23 -ലെ Balance Sheet -ൽ Property Tax കുടിശ്ശികയായി തുകയൊന്നും കാണുന്നില്ല.

5). Income & Expenditure Statement പ്രകാരം 140110100- License Fee For Dangerous & Offensive Traders ഡിമാന്റ് തുക 33,34,350/- രൂപയാണ്. 2021-22 സാമ്പത്തിക വർഷത്തിൽ 350410301 ഹെഡിൽ Advance Collection Of Revenues- License Fees 23,67,700/- രൂപയാണ് വരവ്. ഇതിൻ പ്രകാരം 9,66,650/- രൂപയാണ് കുടിശ്ശികയുണ്ടാകേണ്ടത്. എന്നാൽ Balance Sheet -ൽ 431300201 ഹെഡിൽ Receivable For License Fees (Current) 47,320/- രൂപയാണ്.

**1-1-9 പ്രൊവിഷൻ കണക്കാക്കിയിരിക്കുന്നത് വിശദീകരിച്ചിട്ടില്ല**

കുടിശ്ശിക തുകയിന്മേൽ പ്രൊവിഷൻ കണക്കാക്കിയിരിക്കുന്നത് എങ്ങനെയെന്ന് വ്യക്തമല്ല. Balancesheet, Shedule B-21 -Provisions ൽ 432100100 Provision For Outstanding Property Taxes - 30,98,590/- രൂപയും 432120100 - Provision For Outstanding Profession Tax 7,58,179/- രൂപയുമുണ്ട്. പ്രൊവിഷൻ തുക എങ്ങനെ കണക്കാക്കിയന്ന് വിശദീകരിക്കേണ്ടതാണ്.

**1-1-10 തേയ്മാനം കണക്കാക്കിയിരിക്കുന്നത് -വിശദീകരിച്ചിട്ടില്ല**

നിരവധി Fixed Asset കൾക്ക് Depreciation കണക്കാക്കി, Balancesheet, Shedule B-11 -ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഷീറ്റ് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിൽ ലഭ്യമാക്കണം.

**1-1-11 ചെലവഴിക്കാൻ ബാക്കിയുള്ള ഫണ്ടുകളുടെ ബാങ്ക് നീക്കിയിരുപ്പ് വിവരങ്ങൾ ലഭ്യമല്ല**

Balancesheet, Shedule B-4 - ൽ Grants To Contributions For Specfic Pruposes എന്ന ഹെഡ്ഡിൽ താഴെ ചേർക്കുന്ന ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

| കോഡ് | ഇനം | തുക |
|---|---|---|
| 320100100 | Grants, Contribution For Specific Purposes-Central Government | 59,26,848.00 |
| 320200110 | Grants/Funds For Pandemic/Epidemic Control | 22,62,208.00 |
| 320200112 | Development Fund-CFC Grant UnTied | 2,43,208.00 |
| 320200206 | Fund For Transferred Institutions-Health-Capital | 83,59,965.00 |

മേൽപ്പറഞ്ഞ തുകകൾക്ക് തത്തുല്യമായ ബാങ്ക് അക്കൗണ്ടുകൾ ബാലൻസ്ഷീറ്റിൽ കാണുന്നില്ല. അതേസമയം ഇവ ഏത് ബാങ്ക് അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും വ്യക്തമാക്കിയിട്ടില്ല.

Balancesheet, Schedule B-2 -ൽ 311710100 ഹെഡിൽ Member Of Parliament/Member Of Legislative Assembly Fund 9,34,990/-രൂപയെന്ന് കാണുന്നു. ഈ തുക എന്ത് ആവശ്യത്തിനുള്ളതാണെന്നും ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും വിശദീകരിച്ചിട്ടില്ല.

1-2 ബജറ്റ്

**ബജറ്റ്**

നഗരസഭയുടെ 2022-23 ബജറ്റ് 23.02.2022 തീയതിയിലെ കൗൺസിൽ തീരുമാനം നമ്പർ 1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തേക്കുള്ള പുതുക്കിയ ബജറ്റ് 25.03.2023 തീയതിയിലെ തീരുമാനം 1 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | യഥാർത്ഥം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 53,91,500.00 | 2,25,12,327.95 | - 1,71,20,827.95 |
| വരവ് | 60,58,08,450.00 | 24,77,80,612.00 | 35,80,27,838.00 |
| ആകെ | 61,11,99,950.00 | 27,02,92,939.95 | 34,09,07,010.05 |
| ചെലവ് | 60,38,18,750.00 | 24,40,61,093.00 | 35,97,57,657.00 |
| നീക്കിയിരിപ്പ് | 73,81,200.00 | 2,62,31,846.95 | - 1,88,50,646.95 |

**ബജറ്റും യാഥാർത്ഥ്യവും തമ്മിൽ വലിയ അന്തരം**

ആലുവ നഗരസഭയുടെ 2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരമാണുള്ളത്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരുമാനത്തിന്റെ പകുതി തുക പോലും നഗരസഭയിൽ വരുമാനമുണ്ടായിട്ടില്ല. യാഥാർത്ഥ്യവുമായി ബന്ധമില്ലാത്തതും ലഭിക്കുമെന്ന് യാതൊരു ഉറപ്പില്ലാത്തതുമായ വരവുകൾ ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നതും പ്രോജക്റ്റുകൾ വിഭാവനം ചെയ്യുന്നതും നഗരസഭക്ക് ഗുണകരമായിരിക്കില്ല. കേരള മുനിസിപ്പാലിറ്റി നിയമം 1994, വകുപ്പ് 293 (3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽനിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ 2022-23 ബജറ്റിൽ കണക്കാക്കിയിരിക്കുന്ന പല വരവുകളും മുൻ വർഷത്തെ യഥാർത്ഥ വരവുമായി വലിയ അന്തരമുള്ളതായി കാണാവുന്നതാണ്. 2021-22 സാമ്പത്തിക വർഷത്തെ യഥാർത്ഥ വാടക (കറണ്ട്+അരിയർ) വരവ് 1.36 കോടിയാണെന്നിരിക്കെ 2022-23 ബജറ്റിൽ പ്രതീക്ഷിത വാടകയായി 2.70

കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്. നഗരസഭയുടെ വാടക വരവിൽ ഇരട്ടി വർദ്ധനവ് പ്രതീക്ഷിക്കുന്നതിന്റെ കാരണം വിശദീകരിക്കുന്നില്ല. വാടകക്ക് 5 ശതമാനം വാർഷിക വർദ്ധനവാണ് നഗരസഭ ഈടാക്കുന്നത്. നിലവിൽ വാടകക്ക് നൽകാവുന്ന പുതിയ കെട്ടിടങ്ങളോ ഷോപ്പിങ്ങ് കോംപ്ലക്സുകളോ നഗരസഭ നിർമ്മിക്കുന്നുമില്ല. ഈ സാഹചര്യത്തിൽ വാടകയിൽ ഇരട്ടി വർദ്ധനവ് പ്രതീക്ഷിക്കുന്നതിന്റെ കാരണം വ്യക്തമല്ല. മുൻ വർഷം ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ 16.10 ലക്ഷം രൂപയാണ് യഥാർത്ഥ വരവെന്നിരിക്കെ 2022-23 ബജറ്റിൽ 35 ലക്ഷം രൂപയാണ് പ്രതീക്ഷിത വരുമാനം. ടൗൺ ഹാൾ വാടകയായി 2022-23 ബജറ്റിൽ 10 ലക്ഷം രൂപ പ്രതീക്ഷിക്കുമ്പോൾ മുൻ വർഷത്തെ യഥാർത്ഥ വരവ് 2.82 ലക്ഷം രൂപ മാത്രമാണ്. ഇത്തരത്തിൽ പ്രതീക്ഷിത വരുമാനം മുൻ വർഷത്തെ യഥാർത്ഥ വരുമാനത്തേക്കാൾ വർദ്ധിക്കുന്നതിനുള്ള കാരണം വിശദീകരിക്കുന്നില്ല.

മൂലധന ചെലവുകൾക്കുള്ള പ്രതീക്ഷിത വരുമാനമായി 32.80 കോടി രൂപയാണ് 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ കണക്കാക്കിയിരിക്കുന്നത്. ജനറൽ മാർക്കറ്റ് നിർമ്മാണത്തിന് ഫിഷറീസ് വകുപ്പ് മുഖേനയുള്ള 25 കോടിയും മിനി മാർക്കറ്റ് നിർമ്മാണത്തിന് കിഫ്ബി മുഖേനയുള്ള 5.50 കോടിയും മേല്പറഞ്ഞ 32.80 കോടിയിൽ ഉൾപ്പെടുന്നു. എന്നാൽ ഈ ഫണ്ടുകൾ ലഭ്യമാക്കുന്നതിനോ പദ്ധതികൾ നടപ്പാക്കുന്നതിനോ നാളിതുവരെ സാധിച്ചിട്ടില്ല. ബജറ്റ് പ്രകാരമുള്ള ആകെ പ്രതീക്ഷിത വരവ് 60.58 കോടി രൂപയാണെന്നിരിക്കെ മൂലധന ചെലവുകൾക്കുള്ള മേല്പറഞ്ഞ രണ്ട് ഇനങ്ങൾക്ക് മാത്രമായി 30.50 കോടി രൂപയാണ് ബജറ്റിൽ വരവ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ഈ ഇനങ്ങളിൽ തുക കണ്ടെത്താൻ 2022-23 സാമ്പത്തിക വർഷത്തിൽ സാധിച്ചിട്ടില്ല. ബജറ്റും യാഥാർത്ഥ്യവും തമ്മിലുള്ള വലിയ അന്തരത്തിന്റെ പ്രധാന കാരണവും ഇത് തന്നെയാണെന്ന് കാണാവുന്നതാണ്.

1-3 സാമ്പത്തിക വിശകലനം

**സാമ്പത്തിക വിശകലനം**

| | 2021-22 | 2022-23 |
|---|---|---|
| മുന്നിരിപ്പ് | 2,44,71,764.95 | 2,25,12,327.95 |
| വരവ് | 20,97,62,938.00 | 24,77,80,612.00 |
| ആകെ | 23,42,34,702.95 | 27,02,92,939.95 |
| ചെലവ് | 21,17,12,160.00 | 24,40,61,093.00 |
| നീക്കിയിരിപ്പ് | 2,25,22,542.95 | 2,62,31,846.95 |

(വാർഷിക ധനകാര്യ പത്രിക പ്രകാരം 2021-22 നീക്കിയിരിപ്പും 2022-23 മുന്നിരിപ്പും തമ്മിൽ 10,215/- രൂപയുടെ വ്യത്യാസമുണ്ട്. അക്കൗണ്ട് സർട്ടിഫിക്കേഷന്റെ ഭാഗമായി ഇക്കാര്യത്തിൽ വിശദീകരണം ചോദിച്ചെങ്കിലും മറുപടി ലഭിച്ചിട്ടില്ല)

മേല്പറഞ്ഞ കണക്കുകൾ പ്രകാരം ഏകദേശം 3.80 കോടി രൂപയുടെ വർദ്ധനവാണ് മുൻ വർഷത്തെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ളത്. നഗരസഭയുടെ പ്രധാന തനത് വരുമാന ഇനങ്ങളിലുണ്ടായ വ്യത്യാസം താഴെ ചേർക്കുന്നു. ഈ കണക്കുകകൾ പ്രകാരം റോഡ് കട്ടിങ്ങ് ചാർജ്ജിൽ ഒഴികെ മറ്റിങ്ങളിൽ പ്രകടമായ വർദ്ധനവ് കാണാവുന്നത്. എന്നാൽ റോഡ് കട്ടിങ്ങ് ചാർജ്ജിൽ ഗണ്യമായ കറവുമുണ്ടായിട്ടുണ്ട്.

| ഇനം | 2021-22 | 2022-23 | വ്യത്യാസം |
|---|---|---|---|
| വസ്തു നികുതി (കറണ്ട്) | 3,05,71,444.00 | 3,26,52,456.00 | 20,81,012.00 |
| വസ്തു നികുതി (അരിയർ) | 48,05,052.00 | 78,69,798.00 | 30,64,746.00 |
| തൊഴിൽ നികുതി (വ്യാപാരികൾ-കറണ്ട്) | 25,17,128.00 | 27,09,290.00 | 1,92,162.00 |
| തൊഴിൽ നികുതി (വ്യാപാരികൾ-അരിയർ) | 3,29,954.00 | 4,92,416.00 | 1,62,462 |
| ലൈസൻസ് ഫീ (കരണ്ട്) | 5,41,027.00 | 7,96,830.00 | 2,55,803.00 |
| സാനിറ്റേഷൻ ടാക്സ് | 20,58,400.00 | 24,72,523.00 | 4,14,123.00 |
| മറ്റ് നികുതികൾ | 32,69,075.00 | 37,08,249.00 | 4,39,174.00 |
| ടൗൺ ഹാൾ വാടക | 2,82,417.00 | 11,80,471.00 | 8,98,054.00 |
| വാടക - കടമുറി (കറണ്ട്) | 1,20,60,746.00 | 1,46,01,167.00 | 25,40,421.00 |

| | | | |
|---|---|---|---|
| വാടക – കടമുറി (കുടിശ്ശിക) | 15,79,698.00 | 34,87,184.00 | 19,07,486.00 |
| ലീസ് ഓൺ ലാന്റ് | 16,10,139.00 | 93,74,984.00 | 77,64,845.00 |
| മാർക്കറ്റ് ഫീസ് | 18,16,152.00 | 23,67,169.00 | 5,51,017.00 |
| ബസ് സ്റ്റാന്റ് ഫീസ് | 4,97,738.00 | 7,15,330.00 | 2,17,592.00 |
| അദർ യൂസർ ചാർജ്ജസ് | 30,000.00 | 12,96,684.00 | 12,66,684.00 |
| പിഴപ്പലിശ | 10,74,441.00 | 12,10,851.00 | 1,36,410.00 |
| റോഡ് കട്ടിങ്ങ് ചാർജ്ജസ് | 44,20,360.00 | 14,12,815.00 | -30,07,545.00 |

കോവിഡാനന്തരം നഗരസഭയുടെ സാമ്പത്തിക സ്ഥിതിയിൽ പുരോഗതിയുണ്ടാകുന്നുവെന്നത് ആശ്വാസകരമായ സാഹചര്യമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 82.97 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായത്. എന്നാൽ 2022-23 ൽ മുൻ വർഷത്തെ അപേക്ഷിച്ച് 3.80 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ഇതിൽ തന്നെ തനത് വരുമാനത്തിൽ 2 കോടിയോളം രൂപയുടെ വർദ്ധനവ് കാണുന്നുണ്ട്. നഗരസഭക്കുണ്ടായ സർക്കാർ ഗ്രാന്റ് വരവുകളുടെ വ്യത്യാസം താഴെ ചേർക്കുന്നു.

| ഇനം | 2021-22 | 2022-23 | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 1,21,07,000.00 | 95,44,124.00 | -25,62,876.00 |
| വികസന ഫണ്ട് - എസ്.സി.പി | 16,59,188.00 | 41,81,966.00 | 25,22,778.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 18,98,915.00 | 46,85,166.00 | 27,86,251.00 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 1,03,99,701.00 | 1,57,11,296.00 | 53,11,595.00 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 51,51,799.00 | 66,63,752.00 | 15,11,953.00 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1,21,01,000.00 | 2,19,79,803.00 | 98,78,803.00 |

സർക്കാർ ഗ്രാന്റുകളിലും മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവുണ്ടായിട്ടുണ്ട്. മേല്പറഞ്ഞിരിക്കുന്ന എല്ലാ സർക്കാർ ഗ്രാന്റുകളിലുമായി 2 കോടി രൂപയിൽ താഴെ വർദ്ധനവുണ്ടായിട്ടുണ്ട്. സർക്കാർ ഗ്രാന്റുകൾ ചെലവഴിക്കുന്നതിന് അനുസരിച്ചുള്ള തുകയാണ് വാർഷിക കണക്കുകളിൽ വരവായി എടുക്കുന്നത്. മുൻ വർഷം 3.94 കോടി രൂപയായിരുന്ന പദ്ധതിച്ചെലവെങ്കിൽ ഓഡിറ്റ് വർഷം 5.40 കോടി രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ സർക്കാർ ഗ്രാന്റുകൾ ഉപയോഗിച്ചുള്ള

പദ്ധതി നിർവ്വഹണത്തിലെ പുരോഗതിമൂലം ഗ്രാന്റ് വരവുകളിലും വർദ്ധനവുണ്ടായിട്ടുണ്ട്.

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 1,01,28,12400 | 1,01,28,124.00 | 1,01,28,124.00 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 41,81,966.00 | 41,81,966.00 | 41,81,966.00 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1,57,11,296.00 | 1,57,11,296.00 | 1,57,11,296.00 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 66,63,752.00 | 66,63,752.00 | 66,63,752.00 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (ACR പ്രകാരം) | | 0 | 1,04,09,966.00 | 1,04,09,966.00 | 1,33,73,193.00 | (-)29,63,227.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Untied (ACR പ്രകാരം) | | 0 | 63,77,121.00 | 63,77,121.00 | 49,39,794.00 | 14,37,327.00 |
| സാക്ഷരത | | 8,542.00 | 0 | 8,542.00 | 0 | 8,542.00 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| സ്വച്ഛ്ഭാരത് (Urban) | | 0 | 20,64,813.00 | 20,64,813.00 | 20,64,813.00 | 0 |
| ICDS | | 0 | 54,638.00 | 54,638.00 | 54,638.00 | 0 |
| എ.യു.ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | 5,09,221.00 | 0 | 5,14,388.00 | 4,82,216.00 | 6275.00 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 5167.00 (പലിശ) | | 25,897.00 | |
| PMAY | | 16,49,434.00 | 24,33,865.00 | 40,83,299.00 | 33,76,103.00 | 7,07,196.00 |
| ബി ഫണ്ട് | | 0 | 2,07,38,000.00 | 2,07,38,000.00 | 2,07,38,000.00 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 10,00,000.00 | 2,19,79,803.00 | 2,29,79,803.00 | 1,81,23,556.00 | 48,56,247.00 |

വികസന ഫണ്ട്(ജനറൽ) - ACR പ്രകാരമുള്ള ചെലവിൽ 2,92,000/- രൂപയുടെ GO പ്രോജക്റ്റുകൾ ഉൾപ്പെട്ടിട്ടില്ല. ഇതുൾപ്പെടെ 1,01,21,380/- രൂപയാണ് യഥാർത്ഥ വരവ്. എന്നാൽ അക്കൗണ്ട്സ് പ്രകാരം 1,01,28,124/- രൂപയാണ് വരവ്. 6744/- രൂപയുടെ വ്യത്യാസമുണ്ട്. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ACR പ്രകാരം 1,73,61,154/- രൂപയും അക്കൗണ്ട്സ് പ്രകാരം 1,57,11,296/- രൂപയുമാണ് വരവ്. 8,46,241/- രൂപയുടെ 4 Q ബില്ലുകൾ ACR ൽ ഉൾപ്പെട്ടിട്ടില്ല. ഇവ ഒഴിവാക്കിയാൽ - 1,65,14,913/- രൂപയാണ് ACR പ്രകാരമുള്ള ചെലവ്. അക്കൗണ്ട്സും ACR ഉം തമ്മിൽ 8,03,617/- രൂപയുടെ വ്യത്യാസമുണ്ട്. സി. എഫ്. സി ഫണ്ടിന്റെ (Tied) ചെലവ് വരവിലും അധികരിച്ചതായാണ് ACR ൽ കാണുന്നത്. ഇതുമൂലം ACR ൽ നീക്കിയിരിപ്പ് മൈനസ് സംഖ്യയാണ്. CFC ഗ്രാന്റുകളുടെ ACR പ്രകാരമുള്ള ചെലവുകൾ അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല. CFC (ടൈഡ്, അൺടൈഡ്) ഗ്രാന്റുകളുടെ ബാങ്ക്, ട്രഷറി നീക്കിയിരിപ്പുകളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്റ്റുകളുടെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 169 | 10,93,68,752 | 114 | 5,40,00,830 | 55 | 67.46 |

ഓഡിറ്റ് വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളിൽ 67.46 ശതമാനം പദ്ധതികൾ പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കാൻ സാധിച്ചപ്പോഴും വകയിരുത്തിയ തുകയുടെ 50 ശതമാനത്തിൽ താഴെ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. നഗരസഭയിലെ 11 നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കാനായി വിഭാവനം ചെയ്ത 169 പദ്ധതികളിൽ 114 പദ്ധതികളാണ് പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയത്. 55 പദ്ധതികളിൽ നിന്നും തുകയൊന്നും ചെലവായിട്ടില്ല. വകയിരുത്തിയ 10,93,68,752/- രൂപയുടെ 49.38 ശതമാനമായ 5,40,00,830/- രൂപയാണ് പദ്ധതി ചെലവ്. പദ്ധതി നടപ്പാക്കിയതിന്റെ

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 24,65,022 | 3 | 24,65,022 | 100 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 9,80,000 | 1 | 2,70,000 | 27.55 |
| കൃഷി ഓഫീസർ | 12 | 13,19,500 | 12 | 10,02,345 | 75.96 |
| സെക്രട്ടറി | 13 | 23,22,133 | 12 | 21,96,971 | 94.61 |
| വെറ്ററിനറി സർജൻ | 4 | 4,51,585 | 3 | 3,70,009 | 81.94 |
| പ്രോജക്റ്റ് ഓഫീസർ-നഗര ദാരിദ്ര നിർമാർജ്ജന സെൽ | 18 | 75,79,146 | 16 | 60,54,984 | 79.89 |
| ഹെൽത്ത് ഓഫീസർ | 9 | 1,70,94,741 | 8 | 1,05,04,197 | 61.44 |
| മെഡിക്കൽ ഓഫീസർ (ഗവ.ഹോസ്പിറ്റൽ) | 2 | 11,90,479 | 2 | 11,90,412 | 99.99 |
| ICDS സൂപ്പർവൈസർ | 11 | 41,50,521 | 11 | 40,48,228 | 97.54 |
| പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കന്ററി സ്കൂൾ | 5 | 31,82,800 | 5 | 30,81,249 | 96.81 |
| അസ്സി. എഞ്ചിനീയർ | 91 | 6,86,32,825 | 41 | 2,28,17,413 | 33.25 |
| **ആകെ** | **169** | **10,93,68,752** | **114** | **5,40,00,830** | **49.38** |

മേല്പറഞ്ഞ കണക്കുകളിൽ നിന്നും ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, അസ്സി. എഞ്ചിനീയർ എന്നിവരൊഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ 60 ശതമാനത്തിന് മുകളിൽ തുക ചെലവഴിച്ചതായി കാണാം. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, അസ്സി. എഞ്ചിനീയർ എന്നിവർക്ക് യഥാക്രമം 27.55, 33.25 ശതമാനം തുകയാണ് ചെലവഴിക്കാൻ സാധിച്ചത്. ആകെ പദ്ധതി തുകയുടെ 63 ശതമാനത്തോളം തുകയും (6,86,32,825/- രൂപ) വകയിരുത്തിയത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾക്കായാണ്. എന്നാൽ ഇതിൽ നിന്നും 33.25 ശതമാനമായ 2,28,17,413/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഭൂരിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥരും തങ്ങൾക്ക് വകയിരുത്തിയ തുകയുടെ ഗണ്യമായ ഭാഗവും ചെലവഴിച്ചെങ്കിലും അസ്സി. എഞ്ചിനീയറുടെ പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ കുറവ് ആകെ പദ്ധതി വിഹിതത്തിന്റെ ചെലവ് ശതമാനത്തെ ഗണ്യമായി കുറച്ചുകളഞ്ഞു. മെഡിക്കൽ ഓഫീസർ (ആയുർവേദം), മെഡിക്കൽ ഓഫീസർ (ഗവ. ഹോസ്പിറ്റൽ) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ 100 ശതമാനം തുകയും ചെലവഴിച്ചുവെന്നത് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. നഗരസഭാ സെക്രട്ടറി, ICDS സൂപ്പർവൈസർ, പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കന്ററി സ്കൂൾ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ തങ്ങൾക്ക് ലഭിച്ച പദ്ധതി തുകയിൽ 90 ശതമാനത്തിന് മുകളിൽ തുക ചെലവഴിച്ചത് മാതൃകാപരമാണ്.

**1-6 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ആകെ ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 5,09,221.00 | 5,167.00 (Interest) | 5,14,388.00 | 25,897.00 | 5,08,113.00 | 6,275.00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | 4,82,216.00 | | |

**1-7 ക്ഷേമ പദ്ധതികൾ**

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ സഹായം | 90,000.00 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 1,12,000.00 | 10 |
| വിധവാപെൻഷൻ | 46,61,200.00 | 429 |
| വാർദ്ധക്യകാല പെൻഷൻ | 1,41,86,600.00 | 1276 |
| വികലാംഗ പെൻഷൻ | 12,89,400.00 | 119 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 3,98,800.00 | 38 |

**1-8 ആഭ്യന്തര നിയന്ത്രണം**

1921 -ൽ രൂപീകൃതമായ ആലുവ നഗരസഭ നൂറുവർഷങ്ങൾ പിന്നിട്ട് ശതാബ്ദിനിറവിലാണ്. 2011ലെ സെൻസസ് പ്രകാരം ആലുവ നഗരസഭയിലെ ആകെ ജന സംഖ്യ 22428 ആണ്. ആലുവ നഗരസഭാ കാര്യാലയം ഭരണസൗകര്യത്തിനായി അക്കൗണ്ട്സ്, ആരോഗ്യം, റവന്യൂ, എൻജിനീയറിങ്ങ്, ജനറൽ എന്നീ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. എൻ.യു.എൽ.എം, കുടുംബശ്രീ, സംവിധാനങ്ങളും നഗരസഭയോട് ചേർന്ന് പ്രവർത്തിക്കുന്നു. അര നൂറ്റാണ്ടിലേറെ പഴക്കമുള്ള നഗരസഭാ ഓഫീസ് കെട്ടിടത്തിന്റെ സൗകര്യങ്ങൾ കാര്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സേവനങ്ങൾ പൂർണ്ണമായി ഓൺലൈനിലേക്ക് മാറ്റാൻ കഴിഞ്ഞിട്ടില്ല. വസ്തുനികുതി ഡാറ്റാ എൻട്രി ഇതുവരെയും പൂർണ്ണമായിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി പൂർണ്ണമല്ലാത്തതിനാൽ തുക ഒടുക്കാൻ വരുന്ന നികുതിദായകരുടെ ഡിമാന്റ് തുക കൃത്യമായി സഞ്ചയയിൽ നിന്നും ലഭ്യമാകുന്നില്ല. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അരിയർ വിവരങ്ങൾ പരിശോധിച്ചശേഷം, തുക കണക്കാക്കി ഡിമാന്റ് ചെയ്യുകയാണ് നിലവിൽ അവലംബിക്കുന്ന രീതി. എന്നാൽ ഡാറ്റാ എൻട്രി പൂർണ്ണമല്ലാത്തവരുടെ കാര്യത്തിൽ, യഥാർത്ഥത്തിൽ നികുതി കുടിശ്ശികയില്ലെങ്കിലും സഞ്ചയ സോഫ്റ്റ്വെയറിൽ കുടിശ്ശികയുള്ളതായി കാണിക്കുന്നു. നഗരസഭാ കാര്യാലയത്തിന്റെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പ്രക്രിയയും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.ഗുണനിലവാരമുള്ള

സേവനം ഉറപ്പ് വരുത്തുന്നതിന് ഡിജിറ്റലൈസേഷനും ഓൺലൈൻ പേയ്മെന്റ് സംവിധാനവും കാര്യക്ഷമമാക്കേണ്ടതുണ്ട്.

നഗരസഭയ്ക്ക് അംഗീകൃതമായ മാസ്റ്റർ പ്ലാൻ ഉണ്ടെങ്കിലും പദ്ധതികൾ നടപ്പിലാവാത്തത് വികസന രംഗത്ത് വിഘാതം സൃഷ്ടിക്കുന്നു. മുനിസിപ്പൽ പാർക്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് നഗരസഭയുടെ മാർക്കറ്റിന്റെ പരിസരം മലിനമായി കാടുപിടിച്ചു കിടക്കുന്നത് ആശാസ്യമല്ല. ജനറൽ മാർക്കറ്റ് നിർമ്മാണം സ്ഥിരമായി നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ഇതുവരെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സായി മാറ്റാൻ കഴിയുന്ന രണ്ട് ഹാളുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആകർഷകമാക്കാനുള്ള പദ്ധതി ഇതുവരെയും നടപ്പിലായിട്ടില്ല.

മാലിന്യ സംസ്കരണത്തിന് സ്ഥിരമായ സംവിധാനങ്ങളില്ലാത്തത് നഗരസഭ നേരിടുന്ന പ്രധാന പ്രശ്നമാണ്. നഗരസഭ നേരിടുന്ന മാലിന്യ സംസ്കരണ പ്രശ്നത്തിന് പരിഹാരമായി നടപ്പാക്കിയ തുമ്പൂർമുഴി മാലിന്യ സംസ്കരണ പദ്ധതി പ്രവർത്തന ക്ഷമമായിട്ടില്ല. ബ്രഹ്മപുരം പ്ളാന്റിലേക്കുള്ള മാലിന്യ നീക്കം നിലച്ചതോടെ നഗരസഭ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നില്ല.മാലിന്യ നീക്കത്തിനായി നഗരസഭ വാങ്ങിയ വാഹനങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്നില്ല. സർക്കാരിന്റെ ഖരമാലിന്യ സംസ്കരണ പദ്ധതിയിലുൾപ്പെടുത്തി 2022-23 സാമ്പത്തികവർഷം ചെയ്യാനുദ്ദേശിച്ച ഒരു TPD ശേഷിയുള്ള ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഉറവിടമാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റുകളും ബയോബിന്നുകളും നൽകുന്ന പദ്ധതി നഗരസഭ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇവയുടെ കാര്യക്ഷമത പരിശോധിക്കുന്നതിനും സംസ്കരിക്കപ്പെടുന്ന മാലിന്യത്തിന്റെ തോത് നിരീക്ഷിക്കുന്നതിനും നിലവിൽ സംവിധാനങ്ങളില്ല. ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തി വീടുകളിൽ നിന്ന് മാലിന്യം ശേഖരിച്ചു വരുന്നു.വർഷങ്ങളായി ഉപയോഗ ശൂന്യമായി കിടക്കുന്ന വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരിക്കുന്നതിന് ഓരോ വർഷവും പദ്ധതി തുക വകയിരുത്തിയെങ്കിലും മലിന ജലം

ശുദ്ധീകരിക്കുന്ന പ്ലാന്റ് പ്രവർത്തനക്ഷമമായിട്ടില്ല. പെരിയാറിലെ മലിനീകരണത്തിന് ഉത്തരവാദികളായ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കെതിരെ നാഷണൽ ഗ്രീൻ ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ആലുവ നഗരസഭയും ഉൾപ്പെട്ടിട്ടുണ്ട്. മനുഷ്യാവകാശ കമ്മീഷനും മലിനീകരണ നിയന്ത്രണബോർഡും വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്. പെരിയാറിലെ മലിനീകരണം തടയുന്നതിന് സ്ഥിരമായ മാലിന്യ സംസ്കരണ സംവിധാനങ്ങളും നിരന്തരമായ ബോധവൽക്കരണവും അത്യന്താപേക്ഷിതമാണ്.

നഗരസഭയിലെ സേവനങ്ങൾ ഭൂരിഭാഗവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായി മാറിയിട്ടുള്ളതിനാൽ ജീവനക്കാർക്കും വലിയ തോതിൽ സാങ്കേതിക പരിശീലനം ആവശ്യമായി വരുന്നുണ്ട്. നികുതി വരുമാനത്തിന്റെ സോഫ്റ്റ് വെയറായ 'സഞ്ചയ' , ബിൽഡിങ്ങ് പെർമിറ്റ് ആപ്ളിക്കേഷൻ സോഫ്റ്റ്വെയറായ IBPMS എന്നീ സോഫ്റ്റ്‌വെയറുകൾ താത്ക്കാലിക ജീവനക്കാരും ഉപയോഗിക്കുന്നുണ്ട്. ഇവ ദുരുപയോഗം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താനുള്ള നിരീക്ഷണ സംവിധാനങ്ങൾ ആവശ്യമാണ്. സ്ഥിര ജീവനക്കാർക്ക് വേണ്ടത്ര പരിശീലനം നൽകി, സോഫ്റ്റ്‌വെയർ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കേണ്ടത് അനിവാര്യമാണ്.

ആഭ്യന്തര നിയന്ത്രണത്തിൽ യാഥാർത്ഥ്യവുമായി അടുത്തു നിൽക്കുന്ന ബജറ്റ് ഒരു പ്രധാന ഘടകമാണ്. ഓരോ ചെലവും ബജറ്റിലനുവദിച്ച തുകയിലൊതുങ്ങുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. മാസാന്ത്യ വരവു ചെലവ് കണക്കുകൾ ധനകാര്യസ്റ്റാൻഡിങ്ങ് കമ്മിറ്റി പ്രാഥമികമായി പരിശോധിച്ച് അംഗീകാരം നൽകേണ്ടതുണ്ട്. ധനകാര്യസ്റ്റാൻഡിങ്ങ് കമ്മിറ്റി ഈ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നില്ല. നഗരസഭയിലെ സ്റ്റോക്ക് ആന്റ് സ്റ്റോഴ്സിന്റെ പരിപാലനം തൃപ്തികരമല്ല. ആരോഗ്യ വിഭാഗത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ, നീക്കിയിരിപ്പ് എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി അതാത് സെക്ഷനിലേക്ക് കൈമാറുന്നുണ്ടെങ്കിലും നൽകേണ്ട സേവനങ്ങൾ സെക്ഷനുകളിൽ

നിന്നാണ് നൽകുന്നത്. ഇത് ഫ്രണ്ട് ഓഫീസിൽ രേഖപ്പെടുത്തുന്നില്ല. പൗരാവകാശ രേഖയിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ സേവനങ്ങൾ നൽകപ്പെടുന്നുണ്ടോ എന്നുറപ്പു വരുത്താൻ ഈ സംവിധാനം പര്യാപ്തമല്ല.

ലൈബ്രറി കൗൺസിലിലേക്ക് ലൈബ്രറി സെസ് ഇനത്തിൽ വൻ തുക അടക്കാൻ ബാക്കി നിൽക്കുന്നു. പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിലും വൻ തുക കുടിശ്ശികയുണ്ട്. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും മുഴുവനായി നൽകാൻ കഴിയുന്നില്ല. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന നഗരസഭയ്ക്ക് വ്യക്തമായ ആസൂത്രണത്തിലൂടെയും തനത് വരുമാന വർദ്ധനവിലൂടെയും മാത്രമേ സുസ്ഥിരമായ വികസനം സാധ്യമാക്കാനാവൂ. ഇതിന് ഉദ്യോഗസ്ഥ ഭരണ സംവിധാനങ്ങളുടെ കൂട്ടായ പ്രവർത്തനം ഉറപ്പു വരുത്തേണ്ടതുണ്ട്.

**1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.06.2014 മുതൽ 07.06.2014 വരെ | 2011 ഏപ്രിൽ മുതൽ 2013 സെപ്റ്റംബർ വരെ | 15.11.2014 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.2019 | 2018-2019 | 03.01.2020 |

**1-10 ക്യാഷ് പരിശോധന**

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന പ്രതി മാസം സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അതാത് സമയത്തെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെടുന്നുണ്ട്. ക്യാഷ് പരിശോധന വിവരങ്ങൾ അതാത് മാസം തന്നെ മുഖ്യകാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഓഡിറ്റ് കാലയളവിലെ അവസാനത്തെ ക്യാഷ് പരിശോധന 09.10.2023 തീയതിയിലായിരുന്നു.

1-11 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം - അവലോകനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനം ദിന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നിർണ്ണായക സ്ഥാനമാണുള്ളത്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 20 പ്രകാരം 6 സ്റ്റാന്റിംഗ് കമ്മിറ്റികളാണ് നഗരസഭകളിലുള്ളത്.

1. ധനകാര്യം

2. വികസനകാര്യം

3. ക്ഷേമകാര്യം

4. ആരോഗ്യം

5. മരാമത്ത്

6. വിദ്യാഭ്യാസം, കലാ, കായികം

പതിനാലാം പഞ്ച വത്സരപദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ (കൈ) നം86/2022/LSGD, തീയതി 19.04.2022) ഖണ്ഡിക 3.4.2ൽ വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിൽ സ്റ്റാൻഡിങ്ങ് കമ്മിറ്റികളുടെ പങ്ക് സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്.പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിന് മുന്നോടിയായി മേഖലാ വിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, ഏറ്റെടുക്കേണ്ട പ്രൊജക്ടുകൾ എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതാണ്. അവ പരിശോധിച്ച് മേഖലാ ഉപമേഖലാ വിഹിതങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശയിൻമേൽ ഭരണസമിതി കൈക്കൊള്ളേണ്ടതുമാണ്.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

***ചുമതലകൾ /ഉത്തരവാദിത്തങ്ങൾ***

1). ബജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച മേൽനോട്ടം കൗൺസിലിന് കിട്ടേണ്ടതായ നികുതികൾ, ഫീസുകൾ, വാടക എന്നിവയുടെ തിട്ടപ്പെടുത്തലും ഈടാക്കലും

2). മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കുക.

3). സർക്കാരിൽ നിന്നും ലഭിക്കുന്ന വിതരണം ചെയ്യുന്ന ഗ്രാന്റുകളുടെ ശരിയായ ഉപയോഗം നിരീക്ഷിക്കുക.

4). അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ്ചെയ്യുക.

5). കൗൺസിലിന് ലഭിക്കേണ്ടതും വസൂലാക്കാവുന്നതല്ലെന്ന് കമ്മിറ്റിക്ക് തോന്നുന്നതുമായ തുകകൾ ചട്ടങ്ങൾക്ക് വിധേയമായി എഴുതിത്തള്ളുക.

6). വാർഷിക അക്കൗണ്ടുകളുടെ തുക ആവശ്യപ്പെടലുകളും പിരിച്ചെടുത്ത തുകയും നീക്കിയിരിപ്പ് തുകയും സൂക്ഷ്മ പരിശോധന നടത്തുക.

7). 286 -ാം വകുപ്പ് പ്രകാരം ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന്റെ മുമ്പാകെ വയ്ക്കുക.

8). കൗൺസിൽ ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക ബജറ്റിൽ വകയിരുത്തിയിട്ടുള്ളതാണോ എന്നും അതിലേക്ക് ആവശ്യമായ തുക ഉണ്ടോയെന്നും പരിശോധിക്കുക.

9). നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കുക.

10). നികുതി സംബന്ധിച്ച കേസുകൾ പുനഃപരിശോധിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകുക.

പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക, പദ്ധതി കണക്കുകൾ കൃത്യമായും ചിട്ടയായും തയ്യാറാക്കുക. പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രൊജക്ടുകൾ ശുപാർശ ചെയ്യുക .ശുപാർശ പ്രകാരം തയ്യാറാക്കിയ പ്രൊജക്ടുകളുടെ കൃത്യതയും നിയമസാധുതയും ഉറപ്പുവരുത്തി അംഗീകരിച്ച് പദ്ധതി സംബന്ധിച്ച അന്തിമതീരുമാനമെടുക്കുവാൻ ഭരണ സമിതിക്ക് ശുപാർശ ചെയ്യുക എന്നിവയും ധനകാര്യ കമ്മിറ്റിയുടെ ചുമതലയാണ്. നഗരസഭയുടെ വൈസ് ചെയർപേഴ്സനാണ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 2022-23 സാമ്പത്തിക വർഷം 16 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തം ബജറ്റ് തയ്യാറാക്കുക എന്നതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും

പരിഗണിച്ചുകൊണ്ട് അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് നൽകേണ്ടതും, പ്രസ്തുത നിർദ്ദേശങ്ങളെയും കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് അടുത്ത വർഷത്തേക്കുള്ള വരവു ചെലവുകളുടെ ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതുമാണ്. ആലുവനഗരസഭയിലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മാർച്ച് പത്തിന് ചേർന്ന യോഗത്തിൽ 2022-23 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റും 2023-24 ലെ ബജറ്റ്എസ്റ്റിമേറ്റും അംഗീകരിച്ച് കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. മാർച്ച് നാലിന് ബജറ്റ് ചർച്ചക്കായി പ്രത്യേക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്താനുള്ള ഫലപ്രദമായ ഇടപെടലുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നുണ്ടാവേണ്ടതുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ നഗരസഭ കടന്നുപോകുമ്പോൾ സഭയുടെ നിലവിലെ ആസ്തികളെ പരമാവധി പ്രയോജനപ്പെടുത്തി വരുമാനവർദ്ധനവിലൂടെ പ്രതിസന്ധി മറികടക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്.

**വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി**

വർക്കിങ്ങ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതു വരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനു വേണ്ട മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്തുക. ആവശ്യമായ യോഗങ്ങൾ യഥാസമയം വിളിച്ചു ചേർക്കുക..മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും വർക്കിങ്ങ് ഗ്രൂപ്പുകൾക്കും ആവശ്യമായ നിർദേശങ്ങൾ നൽകുക. കൃഷി, മണ്ണ് സംരക്ഷണം, സാമൂഹ്യവനവൽക്കരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മൽസ്യബന്ധനം, ചെറുകിട വ്യവസായം, സഹകരണം, ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്, എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതും മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് മുനിസിപ്പൽ കൗൺസിലിന്റെ വികസന പദ്ധതികൾ തയ്യാറാക്കേണ്ടതും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

2022-23ൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എട്ട് യോഗങ്ങൾ ചേർന്നിട്ടുണ്ട്. 2022-23

വാർഷിക പദ്ധതി നടത്തിപ്പ് പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തിയിട്ടുണ്ട്. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങളായ കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം തുടങ്ങിയ വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള നിർദേശങ്ങൾ അംഗീകരിച്ച് കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും തുടർപ്രവർത്തനങ്ങളെക്കുറിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ചകളൊന്നും നടന്നിട്ടില്ല. അംഗീകരിക്കപ്പെട്ട മാസ്റ്റർപ്ലാൻ പ്രകാരം നഗരസഭയുടെ വികസനം സുഗമമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. നഗരസഭ നടപ്പിലാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പ് വരുത്തുന്നതിന് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിരന്തരമായ അവലോകനവും ഇടപെടലുകളും അനിവാര്യമാണ്. വികസന പദ്ധതികളുടെ ഫലപ്രദമായ മോണിട്ടറിങ്ങ് ഉറപ്പുവരുത്തുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ അനിവാര്യമാണ്.

**ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, പട്ടികജാതി, പട്ടികവർഗ്ഗവികസനം, സമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷ പെൻഷനും ധനസഹായവും, ദാരിദ്ര്യനിർമ്മാർജ്ജനം, ചേരി പരിഷ്ക്കരണം, പൊതുവിതരണ സമ്പ്രദായം എന്നീ വിഷയങ്ങളാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൈകാര്യം ചെയ്യുന്നത്.

2022-23സാമ്പത്തിക വർഷത്തിൽ 18 തവണ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ ചേർന്നിട്ടുണ്ട്. 5 വർക്കിംഗ് ഗ്രൂപ്പുകൾ ഈ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്. പരിഗണനാ വിഷയങ്ങളിൽ കമ്മിറ്റി ഇടപെടൽ നടത്തിയിട്ടുണ്ട്. വനിതാ ശിശു ക്ഷേമ പദ്ധതികളിൽ വൈവിധ്യവൽക്കരണവും ഫലപ്രദമായ മോണിട്ടറിങ്ങും അനിവാര്യമാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ അനിവാര്യമാണ്.

**ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

പൊതു ജനാരോഗ്യവും ആരോഗ്യ സേവനവും, ശുചീകരണം ,അപകടകരവും

അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങളുടെ നിയന്ത്രണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

2022-23 ൽ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 21 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ആരോഗ്യ ശുചീകരണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ടെങ്കിലും ബ്രഹ്മപുരം പ്ലാന്റിലേക്കുള്ള മാലിന്യനീക്കം നിലച്ചതോടെ ഉറവിട മാലിന്യ സംസ്കരണത്തിന് പര്യാപ്തമായ സ്ഥിരം സംവിധാനങ്ങൾ ഇല്ലാത്തത് മാലിന്യപ്രശ്നം രൂക്ഷമാക്കിയിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് ബയോബിന്നുകളും പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഇവ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഫലപ്രദമായ സംവിധാനമില്ല. കേരള ഖരമാലിന്യ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ ഉദ്ദേശിച്ചിരുന്ന പദ്ധതികൾ 2022-23 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇക്കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ പതിപ്പിച്ച് ഉറവിട മാലിന്യ സംസ്കരണത്തിന് നഗരസഭയ്ക്ക് സ്ഥിരമായ സംവിധാനമൊരുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മറ്റി,**

പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം ഉൾപ്പെടെയുള്ള നഗരാസൂത്രണം, പരിസ്ഥിതി, വൈദ്യുതി, ശുദ്ധജല വിതരണം, ഡ്രെയിനേജ്, അഴുക്കുചാൽ നിർമ്മാണം എന്നീ വിഷയങ്ങളാണ് മരാമത്തു സ്റ്റാന്റിംഗ് കമ്മറ്റി കൈകാര്യം ചെയ്യുന്നത്.

2022-23 സാമ്പത്തികവർഷം മരാമത്തു സ്റ്റാന്റിംഗ് കമ്മറ്റി പന്ത്രണ്ട് യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തിയതായി കാണുന്നില്ല.2022-23 സാമ്പത്തികവർഷം മെയിന്റനൻസ് ഗ്രാന്റിനത്തിൽചെലവ് 43.45% മാത്രമാണ്. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ സ്പിൽ ഓവറായി 2022-23 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തേണ്ടി വന്നു.പൊതുമരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമവും സമയ ബന്ധിതവുമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിന് പൊതുമരാമത്ത് സ്റ്റാൻഡിങ്

കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്.

**വിദ്യാഭ്യാസ കലാകായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

നഗരസഭയുടെ വിദ്യാഭ്യാസം, കലാകായിക വിനോദം, സംസ്കാരം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. സാമ്പത്തിക വർഷം 12 തവണയാണ് വിദ്യാഭ്യാസ കലാകായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടിയിട്ടുള്ളത്. പരിഗണനാവിഷയങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെട്ടിട്ടുണ്ട്. നഗരസഭാ ലൈബ്രറിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. സാംസ്കാരിക കായികരംഗങ്ങളിൽ 2022-23 വർഷം കാര്യമായ പുരോഗതി കൈവരിക്കാൻ ആലുവ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.നഗരസഭയ്ക്ക് സ്വന്തമായുള്ള ഗ്രൗണ്ട് ഉപയോഗപ്പെടുത്തി കായിക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത് ആലുവയിലെ കായികരംഗത്തിന് ഉണർവേകുന്നതിന് സഹായിക്കും. സാംസ്കാരിക നിലയത്തിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കലാസാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

**1-12 വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം- അവലോകനം**

പദ്ധതി ആസൂത്രണം മുതൽ നിർവ്വഹണം വരെയുള്ള വിവിധ തലങ്ങളിൽ വളരെ നിർണ്ണായകമായ ഉത്തരവാദിത്തങ്ങളാണ് വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് നിർവ്വഹിക്കാനുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ 2022-23 മുതൽ 2026-27 വരെയുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന മുനിസിപ്പാലിറ്റികളിലെ വർക്കിങ്ങ് ഗ്രൂപ്പുകളുടെ രൂപീകരണവും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവമ്പർ 1 ന് മുമ്പ് നിലവിലുള്ള വർക്കിങ്ങ് ഗ്രൂപ്പുകൾ, ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണ്. ഓരോ വർക്കിങ്ങ് ഗ്രൂപ്പിലും 10 മുതൽ 15 വരെ അംഗങ്ങൾ ആകാവുന്നതാണ്. അവരിൽ അതാത് വികസനമേഖലയിലെ വിദഗ്ദരും ഉൾപ്പെടണം. വർക്കിങ്ങ് ഗ്രൂപ്പിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കുന്നതോടൊപ്പം കൺവീനറുടെ ഹാജർ നിർബന്ധവുമാണ്. ഭരണസമിതിയുടെ പൊതുവായ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് വർക്കിങ്ങ് ഗ്രൂപ്പുകൾ

പ്രവർത്തിക്കേണ്ടതെങ്കിലും ഓരോ വർക്കിങ്ങ് ഗ്രൂപ്പിനേയും അതത് സ്റ്റാന്റിംഗ് കമ്മിറ്റികളുമായി ബന്ധപ്പെടുത്തിയിട്ടുള്ളതിനാൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലുമായിരിക്കണം വർക്കിങ്ങ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടത്. പദ്ധതി ആസൂത്രണ പ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ഭരണസമിതിയുടേയും ആസൂത്രണ സമിതിയുടേയും നിർദ്ദേശ പ്രകാരം വർക്കിങ്ങ് ഗ്രൂപ്പുകൾ ആവശ്യാനുസരണം യോഗം ചേരണം. വർക്കിങ്ങ് ഗ്രൂപ്പിന്റെ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക, വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുക, പ്രോജക്റ്റുകൾ രൂപീകരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകുക, വാർഡ് സഭാ യോഗത്തിൽ ചർച്ചക്ക് നൽകേണ്ട പ്രോജക്റ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികളെ സഹായിക്കുക എന്നിവയാണ് വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. ഭരണസമിതി അംഗീകരിച്ച വാർഷിക പദ്ധതിയിലെ പ്രോജക്റ്റുകൾ നിശ്ചിത ഫോറങ്ങളിൽ പൂർണ്ണമായും എഴുതി തയ്യാറാക്കുകയും അവ സുലേഖ ആപ്ലിക്കേഷനിൽ പൂർണ്ണമായും ഡാറ്റാ എൻട്രി ചെയ്യിക്കുകയും വേണം. വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതുമാണ്. മുനിസിപ്പാലിറ്റികളിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ട വർക്കിങ്ങ് ഗ്രൂപ്പുകളുടെ എണ്ണം 16 ആണ്. ആലുവ നഗരസഭയിൽ 14- ാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണവുമായി ബന്ധപ്പെട്ട് 24.01.2022 ലും 2022-23 വർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് 06.05.2022 തീയതിയിലുമാണ് വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങൾ നടന്നത്. 14 - ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യവർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് നടന്ന 06.05.2022 തീയതിയിലെ വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിറ്റ്സ് പരിശോധനയിൽ നിന്നും ലഭ്യമായ വിവരങ്ങളും വർക്കിങ്ങ് ഗ്രൂപ്പ് നിർദ്ദേശങ്ങളും ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ 2022-23 സാമ്പത്തിക വർഷത്തിൽ കൈവരിച്ച പുരോഗതിയും താഴെ ചേർക്കുന്നു.

**1) പൊതുഭരണവും ധനകാര്യവും**

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖയിലെ അനുബന്ധം ഒന്നിൽ പ്രതിപാദിക്കുന്ന ഒന്നാമത്തെ വർക്കിങ്ങ് ഗ്രൂപ്പാണ് പൊതുഭരണവും ധനകാര്യവും. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ഇ-ഗവേണൻസ്, തനതുവരുമാന വർദ്ധനവ്, സേവന പ്രദാനം മെച്ചപ്പെടുത്തൽ, സദ്ഭരണം, വാതിൽപ്പടി സേവനം മുതലായ വിഷയങ്ങളാണ് ഈ വർക്കിങ്ങ് ഗ്രൂപ്പിന്റെ പരിഗണനാ വിഷയങ്ങൾ. മുനിസിപ്പൽ സെക്രട്ടറിയാണ് ഈ വർക്കിങ്ങ് ഗ്രൂപ്പിന്റെ കൺവീനർ. 14 ാം പഞ്ചവത്സര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 24.01.2022 ൽ കൂടിയ വർക്കിങ്ങ് ഗ്രൂപ്പിൽ 4 പേരാണ് പങ്കെടുത്തിരിക്കുന്നത്. തുടർന്ന് 2022-23 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന വർക്കിങ്ങ് ഗ്രൂപ്പിൽ 11 അംഗങ്ങൾ പങ്കെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 5 പേരാണ് ഒപ്പിട്ടിരിക്കുന്നത്. മേല്പറഞ്ഞ രണ്ട് വർക്കിങ്ങ് ഗ്രൂപ്പിലും കൺവീനറായ സെക്രട്ടറിയോ പകരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ പങ്കെടുത്തതായി കാണുന്നില്ല. ശതാബ്ദിയുടെ ഭാഗമായി ISO സർട്ടിഫിക്കേഷന് മുൻതൂക്കം നൽകി ഓഫീസ് നവീകരണം എന്ന പ്രോജക്റ്റ് നടപ്പിലാക്കാനും പൊതുജനങ്ങളുടെ സൗകര്യാർത്ഥം ജനസേവനകേന്ദ്രം, റവന്യൂ എന്നീ സെക്ഷനുകൾ നവീകരിച്ച് ഒറ്റ വിങ്ങ് ആയി രൂപീകരിക്കുന്നതിനും ഫ്രണ്ട് ഓഫീസ്, ക്യാഷ് കൗണ്ടർ എന്നിവ നവീകരിക്കുന്നതിനും വർക്കിങ്ങ് ഗ്രൂപ്പിൽ തീരുമാനിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഇരിക്കുന്നതിന് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിനും ജനങ്ങൾക്ക് T V കാണുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനുള്ള തീരുമാനവും വർക്കിങ്ങ് ഗ്രൂപ്പ് കൈക്കൊണ്ടിട്ടുണ്ടെങ്കിലും 2022-23 ൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല. തനത് വരുമാന വർദ്ധനവ് ഈ വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രധാന പരിഗണനാ വിഷയമാണെങ്കിലും സാമ്പത്തിക പ്രതിസന്ധിയുള്ള നഗരസഭയിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ ചർച്ചകളോ നിർദ്ദേശങ്ങളോ വർക്കിങ്ങ് ഗ്രൂപ്പിൽ നടന്നിട്ടില്ല. കണക്കുകളും രേഖകളും തയ്യാറാക്കുന്നതിൽ ഈ വർക്കിങ്ങ് ഗ്രൂപ്പിന്റെ ഇടപെടൽ ആവശ്യമാണെന്നിരിക്കെ നഗരസഭയിൽ നിന്നും ലഭിക്കുന്ന വാർഷിക കണക്കുകളിൽ വർഷങ്ങളായി നിരവധി അപാകതകൾ കണ്ടുന്നു

എന്നത് പ്രത്യേകം പരാമർശിക്കുന്നു. വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിക്കുന്നതിന് വർക്കിങ്ങ് ഗ്രൂപ്പിന്റെ സജീവമായ ഇടപെടൽ ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

**2) കൃഷിയും അനുബന്ധമേഖലകളും**

2022-23 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 06.05.2022 ന് നടന്ന 11 അംഗങ്ങളുള്ള വർക്കിങ്ങ് ഗ്രൂപ്പിൽ 4 അംഗങ്ങളാണ് പങ്കെടുത്തിട്ടുള്ളത്. വർക്കിങ്ങ് ഗ്രൂപ്പിൽ അവസ്ഥാരേഖ അവതരിപ്പിക്കുകയും താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ വികസന സെമിനാറിലേക്ക് ശുപാർശ ചെയ്യുകയുമുണ്ടായി.

" ഞങ്ങളും കൃഷിയിലേക്ക് " എന്ന പദ്ധതി നടപ്പാക്കുന്നതിന് നഗരസഭയിലെ എല്ലാ കർഷക കുടുംബങ്ങൾക്കും പച്ചക്കറിതൈകളും ജൈവവളം, ഫലവൃക്ഷതൈകൾ, പച്ചക്കറിതൈകൾ വിതരണം ചെയ്യണം. ജൈവവളത്തിന് പുറമേ രാസവളം കൂടി വിതരണം ചെയ്യണമെന്ന നിർദ്ദേശമുണ്ടായി. ഭൂമിയുടെ സന്തുലിതാവസ്ഥ നിനിർത്തുന്ന രീതിയിലുള്ള രാസവളങ്ങൾ മാത്രം ഉപയോഗിക്കാവൂ എന്നും നിർദ്ദേശങ്ങൾ വന്നു. ഫലവൃക്ഷതൈകൾ വിതരണം, വാഴക്ക് വളം, തെങ്ങിൻതൈ വിതരണം, തെങ്ങിന് വളം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

നഗരപ്രദേശമെന്ന നിലയിലും ഭൂവിസ്തൃതി കുറഞ്ഞ നഗരസഭ എന്ന നിലയിലും കാർഷിക മേഖലയിൽ പദ്ധതി നടപ്പാക്കാൻ പരിമിതികളുണ്ടെങ്കിലും 2022-23 ൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യാഗസ്ഥനായി ആവിഷ്കരിച്ച പദ്ധതികളെല്ലാം നടപ്പാക്കിയിട്ടുണ്ട്. 12 പദ്ധതികൾക്കായി 13.19 ലക്ഷം രൂപ വകയിരുത്തിയതിൽ 10 ലക്ഷം രൂപക്കു മുകളിൽ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. വർക്കിങ്ങ് ഗ്രൂപ്പ് നിർദ്ദേശപ്രകാരമുള്ള പദ്ധതികൾ സന്തുലിതമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്നത് അഭിനന്ദനാർഹമാണ്.

**3) മൃഗസംരക്ഷണവും ക്ഷീരവികസനവും**

2022-23 വാർഷിക പദ്ധതിയുടെ ഭാഗമായി 06.05.2022 ൽ നടന്ന വർക്കിങ്ങ് ഗ്രൂപ്പിൽ 3 അംഗങ്ങളാണ് പങ്കെടുത്തത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിങ്ങ് ഗ്രൂപ്പ് അംഗങ്ങളുടെ എണ്ണം 10 മുതൽ 15 വരെയായിരിക്കണം. ഇത് പ്രകാരം മേലപ്പറഞ്ഞ വർക്കിങ്ങ് ഗ്രൂപ്പ്

യോഗത്തിൽ ക്വാറം തികഞ്ഞിരുന്നില്ലെന്ന് മനസ്സിലാക്കാവുന്നതാണ്. വർക്കിങ്ങ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1) മൃഗാശുപത്രിയുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ രൂപീകരിക്കണം.

2) മൃഗാശുപത്രിക്ക് മരുന്നിന് തുക വകയിരുത്തണം.

3) വനിതകൾക്ക് ആട് വിതരണപദ്ധതി.

4) മുട്ടക്കോഴി വിതരണത്തിനായി പദ്ധതി ആവിഷ്കരിക്കണം.

5) പേവിഷബാധക്കെതിരെ പ്രതിരോധകുത്തിവെയ്പ്പ്.

2022-23 സാമ്പത്തിക വർഷത്തിൽ 4 പദ്ധതികൾ വിഭാവനം ചെയ്തതിൽ 3 എണ്ണം നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും മൃഗാശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനും പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വ്യക്തഗത ഗുണഭോക്തൃ പരിപാടികളായ ആട് വിതരണ പദ്ധതിയും മുട്ടക്കോഴി വിതരണവും നടപ്പാക്കാൻ സാധിച്ചിട്ടില്ല. ABC പ്രോഗ്രാമിനായി 50,000/- രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചെങ്കിലും നടപ്പാക്കാൻ സാധിച്ചിട്ടില്ല.

**4) <u>പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ)</u>**

2022-23 സാമ്പത്തിക വർഷത്തെ പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായുള്ള വർക്കിങ്ങ് ഗ്രൂപ്പിൽ 3 അംഗങ്ങൾ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. നഗരസഭകളിലെ വർക്കിങ്ങ് ഗ്രൂപ്പുകളിലുണ്ടാകേണ്ട ഏറ്റവും ചുരുങ്ങിയ അംഗങ്ങളുടെ എണ്ണം 10 ആണെന്നിരിക്കെ, മേല്പറഞ്ഞ വർക്കിങ്ങ് ഗ്രൂപ്പ് യോഗത്തിന് ക്വാറം (1/3) ഉണ്ടായിരുന്നില്ലെന്ന് കാണാവുന്നതാണ്. താഴെ പറയുന്ന നിർദ്ദേശങ്ങളാണ് വർക്കിങ്ങ് ഗ്രൂപ്പ് ശുപാർശ ചെയ്തിരിക്കുന്നത്

1) സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തികൾക്ക് സബ്സിഡി നൽകുക.

2) സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകുക.

3) സംരഭകത്വം വളർത്തുന്നതിനായി സെമിനാറുകൾ/ശില്പശാലകൾ സംഘടിപ്പിക്കുക.

4) സംരഭക ക്ലബിന്റെ പ്രവർത്തനങ്ങൾ തുടരുക.

5) ഇലക്ട്രിക് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി നൽകുക.

2022-23 ൽ സ്വയം തൊഴിൽ സംരഭങ്ങൾക്കായി 9,80,000/- വകയിരുത്തിയതിൽ മൂന്ന് സ്വയം തൊഴിൽ സംരഭങ്ങൾക്കായി 2,70,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ നാലിൽ ഒരു ഭാഗം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വാണിജ്യ നഗരമെന്ന നിലയിൽ നഗരസഭാ പരിധിയിൽ കൂടുതൽ സംരഭകരെ കണ്ടെത്തി പദ്ധതി പൂർണ്ണ അളവിൽ നടപ്പാക്കാൻ സാധിക്കുമായിരുന്നു. പദ്ധതി സഹായത്തോടെ ആരംഭിച്ച മൂന്ന് സ്വയം തൊഴിൽ സംരഭങ്ങളും മാതൃകാപരമായി നല്ല രീതിയിൽ നടക്കുന്നുവെന്നാണ് രേഖകളിൽ നിന്നും മനസ്സിലാകുന്നത്.

**5) ദാരിദ്ര്യ ലഘൂകരണം, ചേരി പരിഷ്കരണം**

06.05.2022 ന് നടന്ന വർക്കിങ്ങ് ഗ്രൂപ്പിൽ 5 പേരാണ് പങ്കടുത്തിരിക്കുന്നത്. ഒരു വാർഡ് കൗൺസിലറും 3 ADS മെമ്പർമാരും ഒരു CDS മെമ്പറുമാണ് വർക്കിങ്ങ് ഗ്രൂപ്പിൽ പങ്കെടുത്തിരിക്കുന്നത്. വർക്കിങ്ങ് ഗ്രൂപ്പ് കൺവീനർ നിർബന്ധമായും വർക്കിങ്ങ് ഗ്രൂപ്പ് യോഗത്തിൽ പങ്കെടുക്കണമെന്ന് മാർഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഈ വർക്കിങ്ങ് ഗ്രൂപ്പ് കൺവീനറായ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ മീറ്റിങ്ങിൽ പങ്കെടുത്തിട്ടുള്ളതായി കാണുന്നില്ല. താഴെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങളാണ് വർക്കിങ്ങ് ഗ്രൂപ്പിൽ നിന്നും ഉണ്ടായിരിക്കുന്നത്.

1) ആശ്രയ പദ്ധതിയിൽ ഉൾപ്പെടാത്ത അർഹരായവരെ കണ്ടെത്തി പദ്ധതിയിൽ ഉൾപ്പെടുത്തുക.

2) വയോജനങ്ങളുടെ അയൽക്കൂട്ടങ്ങൾക്ക് ഫണ്ട് അനുവദിക്കുക.

3) ബാലസഭക്ക് ഫണ്ട് അനുവദിക്കുക.

4) കുടുംബശ്രീ ഓഫീസ് നവീകരണം.

5) കുടുംബശ്രീ സംരഭങ്ങൾക്ക് ഇൻസെന്റീവ് നൽകൽ.

6) ലൈഫ് പദ്ധതിയിൽപ്പെട്ട വീടുകളുടെ മെയിന്റനൻസ്

7) ഇലക്ട്രിസിറ്റി, കുടിവെള്ളം, ടോയ് ലറ്റ് സൗകര്യങ്ങൾ ഇല്ലാത്ത വീടുകളുടെ

മെയിന്റനൻസ്.

ആശ്രയ പദ്ധതിയിൽ ഉൾപ്പെടാത്ത അർഹരായവരെ കണ്ടെത്തി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം നടപ്പാക്കിയിട്ടില്ല. ബാലസഭക്ക് 50,000/- രൂപയും CDS ഓഫീസിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് 67,190/- രൂപയും ചെലവഴിച്ചിട്ടുണ്ട്. മറ്റ് നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതായി കാണുന്നില്ല.

**6) സാമൂഹ്യ നീതി**

14 -ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 24.01.2022 തീയതിയിൽ നടന്ന വർക്കിങ്ങ് ഗ്രൂപ്പിൽ 10 ഉം 2022-23 സാമ്പത്തിക വർഷത്തെ പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി 06.05.2022 ൽ നടന്ന വർക്കിങ്ങ് ഗ്രൂപ്പിൽ 9 അംഗങ്ങളും പങ്കെടുത്തിട്ടുണ്ട്. ഈ വർക്കിങ്ങ് ഗ്രൂപ്പിലെ അംഗങ്ങളുടെ പങ്കാളിത്തം പ്രശംസനീയമാണ്. താഴെ ചേർക്കുന്ന നിർദ്ദേശങ്ങളാണ് വർക്കിങ്ങ് ഗ്രൂപ്പ് വികസന സമിതി മുമ്പാകെ നൽകിയിരിക്കുന്നത്.

1) വയോജനങ്ങൾക്ക് അടിയന്തിരമായി വയോമിത്രം പദ്ധതി നടപ്പാക്കണം. പകൽവീട് ക്രമീകരിക്കണം.

2) നഗരസഭാ പരിധിയിലെ ട്രാൻസ്ജെന്ററുകളുടെ എണ്ണം എടുക്കുകയും അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തുകയും വേണം.

3) ഭിന്നശേഷിക്കാർക്കായി കലാമേള സംഘടിപ്പിക്കണം. അവരുടെ അമ്മമാർക്കായി സ്വയം തൊഴിൽ പരിശീലനം നൽകണം.

4) വനിതകൾക്കായി സ്വയം തൊഴിൽ പരിശീലനം നടത്തണം. കിയോസ് പോലുള്ള സംരംഭങ്ങൾ തുടങ്ങാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

5) ഭിന്നശേഷിക്കാരായ കുട്ടികൾക്കായി നഗരസഭാ പരിധിയിൽ ഒരു ഷെൽറ്റർ കണ്ടെത്തുകയും അവർക്ക് സ്വയം പരിശീലനം നൽകുകയും ആയത് വിപണനം നടത്താൻ സൗകര്യങ്ങൾ ഒരുക്കുകയും വേണം. യാത്രാബത്ത, സ്റ്റൈപ്പന്റ് എന്നിവ നൽകണം.

6) ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകണം.

മേല്പറഞ്ഞിരിക്കുന്നവയിൽ ഭിന്നശേഷി കലാമേള, ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്നീ പദ്ധതികൾ മാത്രമാണ് 2022-23 സാമ്പത്തിക വർഷത്തിൽ

നടപ്പാക്കിയിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്ന സാമൂഹ്യസുരക്ഷാ പദ്ധതികളായ വയോമിത്രം പദ്ധതി, പകൽ വീട് പദ്ധതികൾ നഗരസഭയിൽ നടപ്പാക്കിയിട്ടില്ല. ഇവ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**7) ജെൻഡർ വികസനവും കുട്ടികളുടെ വികസനവും**

14 -ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായും 2022-23 സാമ്പത്തിക വർഷത്തെ പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായും നടന്ന വർക്കിങ്ങ് ഗ്രൂപ്പുകളിൽ യഥാക്രമം 13, 17 പേർ പങ്കെടുത്തതായും ഒട്ടനവധി നിർദ്ദേശങ്ങൾ സമർപ്പിച്ചതായും കാണുന്നു. കൂടുതലും അങ്കണവാടികളുടെ വികസനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളാണ് വർക്കിങ്ങ് ഗ്രൂപ്പിൽ നിന്നും ഉണ്ടായിരിക്കുന്നത്. നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1) അങ്കണവാടി പോഷകാഹാരം

2) അങ്കണവാടികൾക്ക് അധിക വാടക

3) അങ്കണവാടികൾക്ക് ചിത്രമതിൽ

4) അങ്കണവാടികൾക്ക് അടുക്കള ഉപകരണങ്ങൾ

5) അങ്കണവാടികൾക്ക് വാട്ടർ/ഇലക്ട്രിസിറ്റി ഇതര ചെലവുകൾ

6) അനീമിയ പ്രതിരോധ പ്രവർത്തനങ്ങൾ

7) സ്മാർട്ട് അങ്കണവാടി

8) ജെന്റർ ഹെൽപ് ഡെസ്ക്

9) വനിത ജാഗ്രതാ സദസ്സ്

10) അങ്കണവാടി മെയിന്റനൻസ്

11) 1 -ാം നമ്പർ അങ്കണവാടി അനുബന്ധ പ്രവർത്തനങ്ങൾ

12) വാടക കെട്ടിടങ്ങളിലുള്ള അങ്കണവാടികൾക്ക് ബോർഡ് സ്ഥാപിക്കൽ

13) ഫീഡിങ്ങ് റൂം സ്ഥാപിക്കൽ.

മേല്പറഞ്ഞവയിൽ അങ്കണവാടികളുമായി ബന്ധപ്പെട്ടും അല്ലാതെയും ആവിഷ്കരിച്ച 11 പദ്ധതികൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്നത് പ്രശംസനീയമാണ്. എന്നിരുന്നാലും നഗരസഭാ പരിധിയിലെ 7 അങ്കണവാടികൾ വാടകകെട്ടിടങ്ങളിൽ

പ്രവർത്തിക്കുന്നുണ്ടെന്നത് ആശാസ്യമല്ല. ഈ സാഹചര്യം ഒഴിവാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

**8) പട്ടിക ജാതി, പട്ടിക വർഗ്ഗ വികസനം**

2022-23 പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി 06.05.2022 ൽ നടന്ന വർക്കിങ്ങ് ഗ്രൂപ്പിൽ 5 അംഗങ്ങൾ പങ്കെടുത്തു. ഈ വർക്കിങ്ങ് ഗ്രൂപ്പിൽ നിന്നും -താഴെ ചേർക്കുന്ന നിർദ്ദേശങ്ങളാണ് വികസന സെമിനാർ മുമ്പാകെ നൽകിയത്.

1) SC കുടുംബങ്ങളിൽ കൃത്യമായി സെൻസസ് നടത്തി, വിദ്യഭ്യാസ യോഗ്യത ഉൾപ്പെടെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുക.

2) ജീവിത നിലവാരം ഉയർത്തുന്നതിനാവശ്യമായ സ്വയം തൊഴിൽ സംരഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കുക.

3) ഐശ്വര്യ ലെയിൻ - പള്ളിപ്പറമ്പ് SC കോളനിയിലെ താഴ്ന്ന പ്രദേശങ്ങളിൽ സ്ഥിരമായി വെള്ളം കയറുന്നത് ഒഴിവാക്കുന്നതിന് സൈഡ് പ്രൊട്ടക്ഷൻ വാൾ ഉയർത്തി നിർമ്മിക്കുക.

4) ഊമൻകുഴിത്തടം കോളനിയിലേക്ക് പ്രവേശിക്കുന്നതിനായി പ്രവേശനമാർഗം ക്രമീകരിക്കൽ.

5) വനിതകൾക്ക് കിയോസ്ക് നിർമ്മാണം.

6) ആട് വളർത്തൽ.

7) മത്സ്യകൃഷി.

8) മെറിറ്റോറിയസ് വിദ്യാർത്ഥി ധനസഹായം

9) വീട് മെയിന്റനൻസ്

10) വിവാഹധനസഹായം

11) സ്വയം തൊഴിൽ ചെയ്യുന്നതിന് ടൂവീലർ വാങ്ങൽ.

12) വാട്ടർ ടാങ്ക്.

13 ഫർണീച്ചർ വാങ്ങൽ.

14) കിണർ നിർമ്മാണവും പുനരുദ്ധാരണവും.

15) കുറ്റിമുല്ല, ഗ്രോ ബാഗ്, പച്ചക്കറി വിത്ത് വിതരണം.

16) ഡിഗ്രി വിദ്യർത്ഥികൾക്ക് ലാപ്പ് ടോപ്പ്.

17) കൃഷിഭ്രമി വാങ്ങൽ.

18) ടോയ് ലറ്റ് നിർമ്മാണം.

19) കോളനി പുനരുദ്ധാരണം.

20) കുട്ടികൾക്ക് കായികപരിശീലനം.

21) സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായങ്ങൾ.

22) SC വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ.

താരതമ്യേന പട്ടിക ജാതി ജനസംഖ്യ കുറവുള്ള നഗരസഭയിൽ വിവിധങ്ങളായ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനും പൊതു ഇടങ്ങൾ (കോളനി നവീകരണം, റോഡ് നിർമ്മാണം/അറ്റകുറ്റപണികൾ, കമ്യൂണിറ്റി ഹാൾ നവീകരണം Etc.) നവീകരിക്കുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വ്യക്തിഗത ആനുകൂല്യ വിതരണത്തിനായി 10 പദ്ധതികൾ ആവിഷ്കരിച്ചതിൽ 9 ഉം നടപ്പാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി അസ്സി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 6 പദ്ധതികൾ ആവിഷ്കരിച്ചതിൽ 2 എണ്ണവും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി അങ്കണവാടി പോഷകാഹാരം - എസ്.സി പ്രോജക്റ്റും നടപ്പാക്കിയിട്ടുണ്ട്. ആകെ 17 പ്രോജക്റ്റുകൾക്കായി 66.50 ലക്ഷം രൂപ വകയിരുത്തുകയും നടപ്പാക്കിയ 13 പ്രോജക്റ്റുകൾക്കായി 42.12 ലക്ഷം രൂപയോളം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ പദ്ധതി ചെലവ് 50 ശതമാനത്തിൽ താഴെയായിരിക്കുമ്പോൾ SC പ്രോജക്റ്റുകൾക്ക് 63 ശതമാനത്തിലധികം ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ അസ്സി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച 6 പ്രോജക്റ്റുകളിൽ 2 എണ്ണം മാത്രമാണ് നടപ്പാക്കിയിരിക്കാൻ സാധിച്ചിരിക്കുന്നത്.

**9) ആരോഗ്യം**

14 -ാം പഞ്ചവത്സര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 24.01.2022 ൽ കൂടിയ

വർക്കിങ്ങ് ഗ്രൂപ്പിൽ 4 പേരാണ് പങ്കെടുത്തിരിക്കുന്നതെങ്കിലും തുടർന്ന് 2022-23 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന 06.05.2022 ൽ നടന്ന വർക്കിങ്ങ് ഗ്രൂപ്പിൽ 8 അംഗങ്ങൾ പങ്കെടുക്കുകയും വർക്കിങ്ങ് ഗ്രൂപ്പ് കൺവീനറായ ഗവ. ആയുർവേദ ആശുപത്രി മെഡിക്കൽ സൂപ്രണ്ട് വർക്കിങ്ങ് ഗ്രൂപ്പിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. വർക്കിങ്ങ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾ/തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

1) ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - 30 ലക്ഷം

2) ആയുർവ്വേദ ആശുപത്രിക്ക് പ്രതിരോധ മരുന്ന് വാങ്ങൽ - 10 ലക്ഷം

3) ആയർവ്വേദ ആശുപത്രി മെയിന്റനൻസ് - 10 ലക്ഷം

4) പെയിന്റിങ്ങ് - 5 ലക്ഷം

5) ആയുർവ്വേദ ആശുപത്രിക്ക് ഇ – ഓട്ടോ വാങ്ങൽ - 2 ലക്ഷം

6) ദിശാ ബോർഡ് സ്ഥാപിക്കൽ - 10000/-

7) പഞ്ചകർമ്മ തെറാപ്പിസ്റ്റ് - 2, ക്ലാർക്ക് - 1 എന്നിവർക്കുള്ള വേതനം - 540000/-

8) വേസ്റ്റ് ബേണിങ്ങ് പ്ലാന്റ് - 60000/-

9) ഹെൽത്ത് കാർഡ് വിതരണം - 50000/-

10) പ്രസവ രക്ഷാ സൂചിക പരിചരണ മരുന്ന് - 2 ലക്ഷം

11) ഔഷധ സസ്യം നട്ട് വളർത്തൽ - 1 ലക്ഷം

12) ആയുർവ്വേദ ആശുപത്രിയുടെ ട്രസ്സ് വർക്ക് - 5 ലക്ഷം

13) പാലിയേറ്റീവിനായി ഒരു സ്റ്റാഫിനെ നിയമിക്കുക.

14) പാലിയേറ്റീവ് നേഴ്സിന്റെ ഹോണറേറിയം 20000/- രൂപയായി ഉയർത്തുക.

15) ആരോഗ്യ ബോധവത്ക്കരണം നടത്തുക ( മയക്കുമരുന്ന്, ഫിറ്റ്നസ് / യോഗ അപകടമരണങ്ങൾ ഒഴിവാക്കുന്നതിന്).

16) ജീവിതശൈലീ രോഗനിയന്ത്രണം ( ഫിറ്റ്നസ് / യോഗ, നീന്തൽക്കുളം).

17) വയോജന ആരോഗ്യ പരിപാലനം (ക്ലബ്, പകൽവീട്, സ്ക്രീനിങ്ങ്).

18) മാനസിക ആരോഗ്യം മെച്ചപ്പെടുത്തൽ (ഒറ്റപ്പെടൽ, ഹെൽത്ത് കാർഡ് വിതരണം, യുവാക്കളിലെ ലഹരി ഉപയോഗം).

19) സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യപരിപാലന പരിപാടികൾ സംഘടിപ്പിക്കുക (വിളർച്ച, മെൻസ്റ്റ്യുറൽ കപ്പ് എന്നീ വിഷയങ്ങളെക്കുറിച്ച് വിശദമായ ബോധവത്ക്കരണം നൽകുക).

20) പാലിയേറ്റീവ് സ്റ്റാഫ് നേഴ്സിന്റെ ഹോണറേറിയം എല്ലാ മാസവും കൃത്യമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം.

മേല്പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങളിൽ ആയർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, പ്രതിരോധമരുന്ന് വിതരണം എന്നിവക്കായി 23.15 ലക്ഷം രൂപയും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി 11.40 ലക്ഷം രൂപ വകയിരുത്തുകയും വകയിരുത്തിയ തുക മുഴുവനായും ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും നിരവധിയായ ആവശ്യങ്ങൾ ഇനിയും പരിഹരിക്കാനുണ്ടെന്നത് പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു.

**10) <u>ശുചിത്വം, മാലിന്യ സംസ്കരണം</u>**

ഗ്രാമ നഗര വ്യത്യാസമില്ലാതെ സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതര പ്രശ്നമാണ് ശുചിത്വവും മാലിന്യ സംസ്കരണവും. നഗരസഭയിൽ 14 -ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി നടന്ന ശുചിത്വം, മാലിന്യ സംസ്കരണം വർക്കിങ്ങ് ഗ്രൂപ്പിൽ 6 അംഗങ്ങളും 2022-23 പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് നടന്ന വർക്കിങ്ങ് ഗ്രൂപ്പിൽ 4 അംഗങ്ങളുമാണ് പങ്കെടുത്തിട്ടുള്ളത്. വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1) ഉറവിട മാലിന്യ സംസ്കരണം നയമാക്കുക

2) വീടുകളിലും ഫ്ലാറ്റുകളിലും ബയോഗ്യാസ്, ബയോബിൻ, പൈപ്പ് കമ്പോസ്റ്റ്, പോട്ട് കമ്പോസ്റ്റ്, തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് എന്നിവ നിർബന്ധമാക്കുക.

3) ഉറവിട മാലിന്യ സംസ്കരണത്തിന് വീടുകൾ കയറിയുള്ള ബോധവത്ക്കരണം. ഇതിനായി ഹരിത കർമ്മ സേന മോണിറ്ററിങ്ങ് നടത്തണം. IRTC യുടെ സാങ്കേതിക സഹായം ഉപയോഗപ്പെടുത്തണം.

4) ഫ്ലാറ്റുകളിലെ STP (Sewage Treatment Plant) കൾ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിക്കുക. STP വഴി സംസ്കരിച്ച വെള്ളം ഗാർഡനിൽ ഉപയോഗിക്കുന്നത്

സംബന്ധിച്ച്.

5) ഹോട്ടലുകൾ, കല്യാണമണ്ഡപങ്ങൾ, സ്കൂളുകൾ എന്നിവിടങ്ങളിലെ ദ്രവമാലിന്യം കളക്റ്റ് ചെയ്ത് ഏലൂർ കോമൺ ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് അയക്കുന്നത്.

6) വീടുകളിലെ ഖരമാലിന്യം ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിന് റസിഡൻസ് അസ്സോസിയേഷനുകളുടെ കൃത്യമായ നിരീക്ഷണവും നിർദ്ദേശവും ഉണ്ടാക്കുക.

7) കക്കൂസ് മാലിന്യങ്ങൾ ലോറികളിൽ കയറ്റി കൊണ്ടുപോകുന്നതിന് പാസുകൾ ഏർപ്പെടുത്തുകയും അതുവഴി അവ കൃത്യമായി ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ജി.പി.എസ് സംവിധാനം നടപ്പാക്കുക.

8) പ്ലാസ്റ്റിക് കവറിൽ നിറച്ച ജൈവമാലിന്യം റോഡിലും കനാലിലും ഒഴിഞ്ഞ സ്ഥലത്തും വലിച്ചെറിയുന്നത് തടയുന്നതിനുള്ള കർശന നടപടികൾ റസിഡൻസ് അസ്സോസിയേഷനുകളുടെ സഹകരണത്തോടെ മുനിസിപ്പാലിറ്റി ഏറ്റെടുക്കണം.

9) പ്ലാസ്റ്റിക് അല്ലാത്ത ജൈവ മാലിന്യങ്ങൾ പ്ലാൻ @ എർത്ത് അല്ലങ്കിൽ ഹരിത കർമ്മ സേന മുഖേന സംസ്കരിക്കുക.

10) പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള സാനിറ്ററി നാപ്കിനുകളും ഡയപ്പറുകളും കളക്റ്റ് ചെയ്യുന്നതിനുള്ള സംവിധാനം നഗരസഭ ഏർപ്പെടുത്തുക.

ആലുവ നഗരസഭ അഭിമുഖീകരിക്കുന്ന ഗുരുതര പ്രശ്നമാണ് മാലിന്യ സംസ്കരണമെന്നിരിക്കെ ഇതിന് ശാശ്വതമായ പരിഹാരം ആവശ്യമാണ്. മുൻ വർഷങ്ങളിൽ മാലിന്യ സംസ്കരണത്തിന് വലിയ തുക ചെലവഴിച്ച് പദ്ധതികൾ നടപ്പാക്കിയെങ്കിലും അവയൊന്നും പൂർണ്ണ അളവിൽ ഫലപ്രദമായിരുന്നില്ല. തുമ്പൂർമുഴി, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ഇപ്പോളും പ്രവർത്തനക്ഷമമല്ല. നഗരപരിധിയിലെ മാലിന്യം ബ്രഹ്മപുരം പ്ലാന്റിലാണ് സംസ്കരിച്ചിരുന്നത്. ബ്രഹ്മപുരം പ്ലാന്റിലുണ്ടായ അഗ്നിബാധയെതുടർന്ന് നിലവിൽ ഓരോ നഗരസഭയും സ്വന്തം നിലക്ക് മാലിന്യം സംസ്കരിക്കുന്നതിന് കർശന നിർദ്ദേശം നിലവിലുണ്ട്. മേല്പറഞ്ഞ സാഹചര്യത്തിൽ ഈ വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രവർത്തനവും അംഗങ്ങളുടെ ഹാജറും പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. ഉറവിടമാലിന്യ സംസ്കരിക്കുന്നതിന്റെ ബയോ ബിന്നുകളും ബയോ ഗ്യാസ്

പ്ലാന്റുകളും സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടെങ്കിലും ആനുപാതികമായി മാലിന്യത്തിന്റെ അളവിൽ കുറവുള്ളതായി കാണുന്നില്ല. മാലിന്യം നിക്ഷേപിക്കുന്നത് നിരീക്ഷിക്കുന്നതിനായി 19.38 ലക്ഷം രൂപ ചെലവഴിച്ച് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ക്യാമറ നിരീക്ഷണം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**11) <u>വിദ്യഭ്യാസം, കല, സംസ്കാരം, കായികം, യുവജനക്ഷേമം</u>**

14 -ാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് 27.01.2022 ൽ നടന്ന വർക്കിങ്ങ് ഗ്രൂപ്പിൽ 4 അംഗങ്ങളും 2022-23 പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിൽ 6 അംഗങ്ങളുമാണ് പങ്കെടുത്തത്. വർക്കിങ്ങ് ഗ്രൂപ്പ് ചെയർമാൻ യോഗത്തിൽ പങ്കെടുത്തിട്ടില്ല. 27.01.2022 ലെ വർക്കിങ്ങ് ഗ്രൂപ്പിലെ സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി താഴെ പറയുന്ന നിർദ്ദേശങ്ങളാണ് 06.05.2022 ലെ വർക്കിങ്ങ് ഗ്രൂപ്പ് ശുപാർശ ചെയ്തിരിക്കുന്നത്.

1) ക്രിയാത്മക പഠനത്തിനായി ആക്റ്റിവിറ്റി സെന്ററുകൾ, ക്രിയേറ്റീവ് വർക്ക് ഷോപ്പുകൾ സ്ഥാപിക്കണം.

2) സയൻസ്, മാത്സ് ക്ലബുകളുടെ പ്രവർത്തനങ്ങൾ സജീവമാക്കണം, എക്സിബിഷനുകൾ സംഘടിപ്പിക്കണം, തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

3) ഭാഷാ നൈപുണ്യം നടത്തുന്നതിനുള്ള ക്ലാസുകൾ, ലാംഗ്വേജ് ലാബ് എന്നിവ നടപ്പാക്കണം.

4) അദ്ധ്യാപകരുടെ പരിശീലന പരിപാടികൾ, രക്ഷിതാക്കൾക്കുള്ള പേരന്റിങ്ങ് ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കണം.

5) കുട്ടികളുടെ പ്രശ്നങ്ങളെ നേരിട്ടറിയാൻ അവരുടെ കുടുംബപശ്ചാത്തലം അറിയുന്നതിനായി അധ്യാപകരിൽ നിന്നും പ്രതിനിധികൾ ഉണ്ടാകണം.

6) കുട്ടികൾക്ക് മെഡിക്കൽ ചെക്കപ്പിനുള്ള അവസരം ഉണ്ടാകണം.

7) മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം നഗരസഭ സംവിധാനങ്ങളുമായി സംയോജിപ്പിച്ച് നടപ്പാക്കണം.

8) ദുരന്ത നിവാരണ പരിശീലനം മുതിർന്ന കുട്ടികൾക്ക് നൽകുന്നതിനുള്ള പദ്ധതി

രൂപീകരിച്ച് സ്ഥിരം സംവിധാനം ഒരുക്കണം.

9) മുനിസിപ്പൽ ലൈബ്രറി ഡിജിറ്റലൈസ് ചെയ്യണം.

10) കലാപരിശീലന കേന്ദ്രങ്ങൾ തുടങ്ങി മുനിസിപ്പൽ പ്രദേശത്തെ മുഴുവൻ സ്കൂളുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തണം.

**ഭൗതിക സാഹചര്യങ്ങൾ**

ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, HAC എൽ.പി. സ്കൂൾ എന്നീ വിദ്യഭ്യാസ സ്ഥാപനങ്ങളാണ് നഗരസഭാ പരിധിയിലുള്ളത്. ഈ സ്ഥാപനങ്ങളിലേക്ക് ആവശ്യമായ ഫർണീച്ചറുകൾ വാങ്ങൽ, കെട്ടിടങ്ങളുടെ മെയിന്റനൻസ്, പെയിന്റിങ്ങ്, ടോയ് ലറ്റ് നവീകരണം, ചുറ്റുമതിൽ പുനർ നിർമ്മാണം, ഓഡിറ്റോറിയം നവീകരണം, നടപ്പാതകളിൽ കട്ട വിരിക്കൽ, കോമ്പൗണ്ടുകളിൽ CCTV, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, HAC എൽ.പി. സ്കൂളിൽ മിനി പാർക്ക് നിർമ്മാണം, കേബിൾ കണക്ഷൻ സ്ഥാപിക്കൽ എന്നീ ഭൗതിക സാഹചര്യങ്ങൾ ഒരുക്കണമെന്നാണ് വർക്കിങ്ങ് ഗ്രൂപ്പ് നിർദ്ദേശിച്ചിരിക്കുന്നത്.

മേല്പറഞ്ഞിരിക്കുന്നവയിൽ സ്കൂളുകൾക്ക് ഭൗതിക സാഹചര്യം ഒരുക്കുന്നതിനുള്ള പരിമിതമായ കാര്യങ്ങൾ മാത്രമാണ് 2022-23 ൽ നടപ്പാക്കാൻ സാധിച്ചിട്ടുള്ളത്. മുനിസിപ്പൽ ലൈബ്രറി ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചെങ്കിലും നാളിതുവരെ പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടില്ല.

**12) കുടിവെള്ളം**

14 -ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി നടന്ന ശുചിത്വം, മാലിന്യ സംസ്കരണം വർക്കിങ്ങ് ഗ്രൂപ്പിൽ 4 അംഗങ്ങളും 2022-23 പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് നടന്ന വർക്കിങ്ങ് ഗ്രൂപ്പിൽ 6 അംഗങ്ങളുമാണ് പങ്കെടുത്തിട്ടുള്ളത്. കുടിവെള്ളവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങളാണ് വർക്കിങ്ങ് ഗ്രൂപ്പ് ശുപാർശ ചെയ്തിരിക്കുന്നത്.

1) സ്ഥിരമായി അറ്റകുറ്റപണികൾ വേണ്ടി വരുന്ന പൈപ്പുകൾ മാറ്റി കൂടുതൽ വ്യാസമുള്ള ഗുണമേന്മയുള്ള പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

2) വിവിധ വാർഡുകളിലെ വീടുകളിലേക്ക് പുതിയ കണക്ഷൻ അടിയന്തിരമായി

അനുവദിച്ച് കുടിവെള്ള പ്രശ്നം അടിയന്തിരമായി പരിഹരിക്കണം.

3) നഗരസഭാപരിധിയിൽ കൂടുതൽ ഹൗസ് കണക്ഷൻ ആവശ്യമുള്ളിടത്ത് മെയിൻ ലൈനിൽ നിന്നും പുതിയ കണക്ഷൻ അടിയന്തിരമായി സ്ഥാപിക്കണം.

4) നഗരസഭാ പരിധിയിലെ കിണറുകളിലെ വെള്ളത്തിന്റെ ഗുണമേന്മ പരിശോധിച്ച് ആവശ്യമായ ശുചീകരണ നടപടി സ്വീകരിക്കണം.

5) വാട്ടർ കണക്ഷനുവേണ്ടി റോഡ് കട്ടിങ്ങ് നടത്തിയ റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കാൻ നടപടി സ്വീകരിക്കുക.

6) കിണർ റീചാർജ്ജ് ചെയ്യുന്നതിന് പൊതുജനങ്ങൾ നഗരസഭയിൽ നിന്നും വ്യക്തിഗത നധസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം.

കുടിവെള്ളവുമായി ബന്ധപ്പെട്ട് കാര്യമായ പദ്ധതികളൊന്നും നഗരസഭ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ലെങ്കിലും 14.50 ലക്ഷം രൂപ ചെലവഴിച്ച് കുടിവെള്ള വിതരണത്തിനായി ലോറിയും ടാങ്കറും തയ്യാറാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

**13) പാർപ്പിടം**

27.01.2022 ലെ വർക്കിങ്ങ് ഗ്രൂപ്പിലെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം നഗരസഭയിൽ 195 ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റ് നിലവിലുണ്ടെന്നും 106 പേരുടെ വേരിഫിക്കേഷൻ പൂർത്തിയായതായും കാണുന്നു. കൂടാതെ 2020 ലെ സർവ്വേ പ്രകാരം ഭവനരഹിതരായി 36 പേരുള്ളതായും വർക്കിങ്ങ് ഗ്രൂപ്പ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിരൂപീകരണത്തിന്റെ ഭാഗമായി കൂടിയ 06.05.2022 ലെ വർക്കിങ്ങ് ഗ്രൂപ്പ് താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടത്.

1) വീടും സ്ഥലവും ഇല്ലാത്തവർക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടും സ്ഥലവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

2) നഗരസഭയിൽ സർവ്വെ നടത്തി കണ്ടെത്തിയ 106 ഭൂരഹിത ഭവനരഹിതർക്ക് പ്രോജക്റ്റിൽ ഉൾപ്പെടുത്തി ഭവനം അനുവദിക്കുക.

3) വീട് റിപ്പയറിങ്ങ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുക.

4) ടോയ് ലറ്റ് അറ്റകുറ്റപണികൾ

5) ലൈഫ് പദ്ധതി, PMAY എന്നിവയിൽ 600സ്ക്വ.ഫീറ്റ് എന്നത് 750സ്ക്വ.ഫീറ്റാക്കി ഉയർത്തുക.

6) ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തി വിലയ്ക്ക് വാങ്ങുവാൻ നിശ്ചിത നിരക്കിൽ ധനസഹായം നൽകുക.

7) PMAY പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകൾക്ക് കേന്ദ്ര – സംസ്ഥാന വിഹിതങ്ങൾക്ക് ഉപരിയായി നൽകേണ്ട അധികവിഹിതം നൽകുക.

8) പാർപ്പിട മേഖലക്ക് പൊതുവിഭാഗത്തിലെ സാധാരണവിഹിതത്തിന് പുറമെ SCP, TSP വിഹിതത്തിന്റെ 20% വകയിരുത്തുക.

9) ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് ഭൂമി ലഭിക്കുന്നതിന് മനസ്സോടിത്തരി മണ്ണ് എന്ന പരിപാടി വിജയിപ്പിക്കുന്നതിന് പ്രഥമ പരിഗണന നൽകുക.

മേല്പറഞ്ഞിരിക്കുന്നവയിൽ വീട് റിപ്പയറിങ്ങിന് പൊതു വിഭാഗത്തിൽ 18 ലക്ഷം രൂപ വകയിരുത്തുകയും 17.94 ലക്ഷം ചെലവഴിക്കുന്നതിനും പട്ടിക ജാതി വിഭാഗത്തിൽ 27.69 ലക്ഷം രൂപ വകയിരുത്തി 22.83 ലക്ഷം രൂപ ചെലവഴിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾക്കായി താരതമ്യേന തുഛമായ തുകയാണ് വകയിരുത്തിയിരിക്കുന്നത്. വർക്കിങ്ങ് ഗ്രൂപ്പ് മിനിറ്റ്സ് പ്രകാരം ജനറൽ പട്ടികജാതി വിഭാഗങ്ങളിലായി 106 ഭൂരഹിത ഭവനരഹിതരുണ്ടെന്നാണ് കാണുന്നത്. എന്നാൽ വീട് വെക്കുന്നതിന് സ്ഥലം വാങ്ങൽ പ്രോജക്റ്റിന് പട്ടിക ജാതി വിഭാഗത്തിൽ 6 ലക്ഷം രൂപ വകയിരുത്തി 3.75 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. ജനറൽ വിഭാഗത്തിൽ സ്ഥലം വാങ്ങൽ പ്രോജക്റ്റ് നടപ്പാക്കിയിട്ടുമില്ല.

**14) <u>പൊതുമരാമത്ത്, ഊർജ്ജം</u>**

14 -ാം പഞ്ചവത്സര പദ്ധതി രൂപീകരിക്കുന്നതിനുള്ള കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള 27.01.2022 ലെ വർക്കിങ്ങ് ഗ്രൂപ്പിലും 2022-23 വർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട 06.05.2022 ലെ വർക്കിങ്ങ് ഗ്രൂപ്പിലും 4 പേരാണ് പങ്കെടുത്തിട്ടുള്ളത്. നഗരസഭയിലെ പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് പദ്ധതി

രൂപീകരണം നടത്തുന്ന വർക്കിങ്ങ് ഗ്രൂപ്പെന്നിരിക്കെ നിർണ്ണായക തീരുമാനങ്ങളുണ്ടാകേണ്ട വർക്കിങ്ങ് ഗ്രൂപ്പാണിത്. താഴെ ചേർക്കുന്ന നിർദ്ദേശങ്ങളാണ് വർക്കിങ്ങ് ഗ്രൂപ്പ് ശുപാർശ ചെയ്തിരിക്കുന്നത്.

1) ചീരക്കടവ് - പുളിഞ്ചോട് വരെയുള്ള വെള്ളക്കെട്ട് ഒഴിവാക്കൽ.

2) സ്നേഹപുരം പള്ളിക്കു സമീപത്തെ കലുങ്ക് സ്ഥാപിക്കൽ.

3) പറവൂർ കവല മുതൽ തോപ്പുകടവ് വരെയുള്ള ഡ്രയിൻ പുനസ്ഥാപിക്കൽ.

4) ഹിൽ റോഡിൽ നിന്ന് ആരംഭിച്ച് PWD റോഡ് വഴി ക്രോസ് ചെയ്ത് പ്രൈവറ്റ് ബസ് സ്റ്റാന്റിന്റെ അകത്തുകൂടി ചന്തക്കടവിൽ എത്തിച്ചേരുന്ന കാന സ്ഥാപിക്കണം.

5) സെമിനാരിപ്പറമ്പിൽ നിന്നുള്ള വെള്ളം ശാസ്ത്രീയമായി തോപ്പ് കടവിൽ എത്തിക്കുക.

6) പെരിക്കത്തോടിന് ആഴവും വീതിയും കൂട്ടുക.

7) ഗുഡ് ഷെഡ് റോഡിൽ നിന്നും പെരിയാറിലേക്കുള്ള പാലസ് റോഡിലെ കുപ്പിക്കഴുത്ത് ഭാഗം പൊളിച്ചു നീക്കി വീതി കൂട്ടുക.

8) ജനതാ റോഡിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് ഓൾഡ് ദേശം റോഡിലേക്ക് കാന നിർമ്മിക്കുക.

9) അരുണ സ്ക്വയർ കട്ട വിരിച്ച് നവീകരിക്കുക.

10) കനാൽ റോഡ്, ജൂബിലി ഹാളിന്റെ റോഡ്, പഴംമ്പിള്ളി ലെയിൻ, അംഗനവാടി റോഡ് എന്നിവ നന്നാക്കുക, കാനകൾക്ക് സ്ലാബിടുക.

11) വിവിധ വാർഡുകളിലെ വഴികളിൽ നെയിം ബോർഡ് സ്ഥാപിക്കുക.

12) മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുക.

13) സ്ട്രീറ്റ് ലൈറ്റുകളിൽ LED ബൾബുകൾ സ്ഥാപിക്കുക.

14) സ്ട്രീറ്റ് ലൈൻ സ്ഥാപിച്ച് ലൈറ്റുകൾ സ്ഥാപിക്കുക.

നഗരസഭാ പരിധിയിലെ വിവിധ പ്രദേശങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനും ഊർജ്ജ ഉല്പാദനത്തിനും പ്രാമുഖ്യം നൽകികൊണ്ടുള്ള നിർദ്ദേശങ്ങളാണ് വർക്കിങ്ങ് ഗ്രൂപ്പ് നൽകിയിരിക്കുന്നത്. റോഡ് പുനരുദ്ധാരണം, ഡ്രൈനേജ് നിർമ്മാണം, സോളാർ പാനൽ

സ്ഥാപിക്കൽ, സ്ലീറ്റ് ലൈൻ സ്ഥാപിക്കൽ എന്നിങ്ങനെ 91 പദ്ധതികൾ പൊതുമരാമത്ത് മേഖലയിൽ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും 41 പദ്ധതികളാണ് നടപ്പാക്കാൻ സാധിച്ചിട്ടുള്ളത്. നഗരസഭാ പരിധിയിലെ അനിവാര്യമായി നിർവ്വഹിക്കേണ്ട പശ്ചാത്തല വികസന പദ്ധതികളുമായി താരതമ്യം ചെയ്താൽ പോലും നടപ്പാക്കിയ പദ്ധതികളുടെ എണ്ണം വിരളമാണെന്ന് കാണാവുന്നതാണ്.

**15) നഗരാസൂത്രണം**

14 -ാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് 27.01.2022 ൽ നടന്ന വർക്കിങ്ങ് ഗ്രൂപ്പിലും 2022-23 പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിലും 3 അംഗങ്ങൾ വീതമാണ് പങ്കെടുത്തത്. ഓരോ വർക്കിങ്ങ് ഗ്രൂപ്പിലും 10 മുതൽ 15 വരെ അംഗങ്ങൾ ഉണ്ടാകേണ്ടതാണെന്നും ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കേണ്ടതുമാണെന്ന് മാർഗരേഖയിൽ നിർദ്ദേശിക്കുന്നത്. നഗരാസൂത്രണ വർക്കിങ്ങ് ഗ്രൂപ്പിൽ പങ്കെടുത്തത് 3 അംഗങ്ങളാണെന്നിരിക്കെ, വർക്കിങ്ങ് ഗ്രൂപ്പിൽ മിനിമം 10 അംഗങ്ങളാണെങ്കിൽ പോലും ക്വാറം തികഞ്ഞിട്ടില്ല എന്ന് മനസ്സിലാക്കാവുന്നതാണ്. താഴെ പറയുന്ന നിർദ്ദേശങ്ങളാണ് നഗരാസൂത്രണ വർക്കിങ്ങ് ഗ്രൂപ്പിൽ നിന്നും ഉണ്ടായിരിക്കുന്നത്.

1) മുകൾനിലകളിലേക്ക് എത്തിച്ചേരുന്നതിന് ലിഫ്റ്റ് സംവിധാനം ഏർപ്പെടുത്തുക.

2) ഭിന്നശേഷിക്കാരായവർക്ക് വേണ്ടി റാംപ് സൗകര്യം ഏർപ്പെടുത്തുക.

3) മാസ്റ്റർ പ്ലാൻ ഡ്രൈനേജ് പദ്ധതിയും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും നടപ്പാക്കുക.

4) ഹോമിയോ ഡിസ്പെൻസറി ഉടൻ നടപ്പിലാക്കേണ്ടതാണ്.

5) നഗരസഭയിൽ വരുന്ന പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഫ്രണ്ട് ഓഫീസ് നവീകരിക്കുക.

6) മുനിസിപ്പൽ ഓഫീസിന് ISO സർട്ടിഫിക്കേഷനുവേണ്ടിയുള്ള നടപടി സ്വീകരിക്കുക.

7) പഴയ കുടിവെള്ള പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമാക്കുക.

8) 26 വാർഡിലേയും ജംഗ്ഷനുകൾ വീതി കൂട്ടി ലൈറ്റുകൾ സ്ഥാപിച്ചും

വികസിപ്പിക്കാനുള്ള നിർദ്ദേശം.

മേല്പറഞ്ഞിരിക്കുന്നതിൽ ഭിന്നശേഷിക്കാർക്കുള്ള റാംപ്, മുകൾ നിലയിലേക്കുള്ള ലിഫ്റ്റ് എന്നിവ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. നഗരാസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടില്ല. താരതമ്യേന വിസ്തൃതി കുറഞ്ഞ ആലുവ നഗരത്തിന് ഒരു നഗര വികസന മാസ്റ്റർ പ്ലാൻ അനിവാര്യമാണ്. സ്ട്രീറ്റ് ലൈറ്റ്, ഡ്രൈനേജ്, കുടിവെള്ള വിതരണം, റോഡ് വികസനം എന്നിവക്കായി പ്രത്യേകം വികസന പ്ലാനുകൾ തയ്യാറാക്കി നടപ്പാക്കണം.

**16) ജൈവ വൈവിധ്യ – കാലാവസ്ഥാ വ്യതിയാനം – ദുരന്തനിവാരണം**

14 -ാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് 27.01.2022 ൽ നടന്ന വർക്കിങ്ങ് ഗ്രൂപ്പിൽ 4 അംഗങ്ങളും 2022-23 പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിൽ 5 അംഗങ്ങളുമാണ് പങ്കെടുത്തത്. താഴെ ചേർക്കുന്ന നിർദ്ദശങ്ങൾ/തീരുമാനങ്ങളാണ് ഈ വർക്കിങ്ങ് ഗ്രൂപ്പുകളിലുണ്ടായത്.

1) വെള്ളപ്പൊക്കം അതിജീവിക്കാൻ പെരിയാറിന്റെ ഒഴുക്ക് സുഗമമാക്കുക.

2) മുന്നറിയിപ്പ് ജാഗ്രതാ സമിതി പ്രവർത്തനം കാര്യക്ഷമമാക്കുക.

3) ദുരന്തസാദ്ധ്യതാ പഠനം (ദുരന്തം ഒഴിവാക്കാൻ ഉള്ള നിർദ്ദേശങ്ങൾ) നടത്തുക.

4) പരിസ്ഥിതി സംരക്ഷണം പാലിക്കപ്പെടണം

5) നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതിസൗഹൃദമായിരിക്കണം.

6) കുസാറ്റിന്റെ സഹായത്തോടെ ശാസ്ത്രീയമായ ജിയോളജിക്കൽ സർവ്വേ നടത്തണം.

7) ദുരന്തസാദ്ധ്യത മുൻകൂട്ടി കാണുകയും അതിനെ ലഘൂകരിക്കുക, ഒഴിവാക്കുക, രക്ഷപ്പെടുത്തുക, പുനരധിവസിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ ഏകീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

2018 ലെ മഹാപ്രളയത്തിന്റെ ഗുരുതര പ്രത്യാഘാതങ്ങൾ അനുഭവിച്ച പ്രദേശമാണ് ആലുവ. ആയതിനാൽ തന്നെ മേല്പറഞ്ഞ നിർദ്ദേശങ്ങൾക്ക് വളരെ പ്രാധാന്യം അർഹിക്കുന്നുണ്ട്. എന്നാൽ മേല്പറഞ്ഞ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.

നഗരസഭയിലെ വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം പൊതുവിൽ വിലയിരുത്തുമ്പോൾ മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന രീതിയിൽ പ്രാധാന്യത്തോടെ വർക്കിങ്ങ് ഗ്രൂപ്പുകളെ സമീപിച്ചിട്ടുള്ളതായി കാണുന്നില്ല. ഓരോ വർക്കിങ്ങ് ഗ്രൂപ്പിലും 10 മുതൽ 15 വരെ അംഗങ്ങളുണ്ടാകണമെന്ന് നിഷ്കർഷിക്കുമ്പോളും മിക്കവാറും വർക്കിങ്ങ് ഗ്രൂപ്പുകളിലും 4 മുതൽ 8 വരെ അംഗങ്ങളാണ് പങ്കെടുത്തിട്ടുള്ളത്. ബന്ധപ്പെട്ട മേഖലയിൽ തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരിൽ ഏറ്റവും ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥനെ പ്രസ്തുത മേഖലയിലെ വർക്കിങ്ങ് ഗ്രൂപ്പിന്റെ കൺവീനറാക്കണമെന്നും കൺവീനറെ കൂടാതെ മറ്റൊരു ഉദ്യോഗസ്ഥനെ വർക്കിങ്ങ് ഗ്രൂപ്പിൽ അംഗമാക്കേണ്ടതാണെന്നും വർക്കിങ്ങ് ഗ്രൂപ്പ് മീറ്റിങ്ങിൽ കൺവീനർ നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മിക്കവാറും വർക്കിങ്ങ് ഗ്രൂപ്പുകളിൽ മേല്പറഞ്ഞ പ്രകാരം കൺവീനർമാർ പങ്കെടുത്തതായി കാണുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പിൽ ബന്ധപ്പെട്ട വിഷയമേഖലയിലെ ഒരു വിദഗ്ദൻ വർക്കിങ്ങ് ഗ്രൂപ്പ് ഉപാദ്ധ്യക്ഷൻ ആയിരിക്കണം. എന്നാൽ മിക്കവാറും വർക്കിങ്ങ് ഗ്രൂപ്പുകളിൽ വിഷയമേഖലയിലെ വിദഗ്ദന്റെ സാന്നിദ്ധ്യം കാണുന്നില്ല. ഓരോ വർക്കിങ്ങ് ഗ്രൂപ്പും ബന്ധപ്പെട്ട വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയും ക്രോഡീകരിക്കുകയും അപഗ്രഥിക്കുകയും വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭപ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സിൽ മാത്രമാണ് അവസ്ഥാരേഖ അവതരിപ്പിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്. മറ്റ് വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനിറ്റ്സിൽ അവസ്ഥാരേഖയെ സംബന്ധിച്ച് ഒന്നും തന്നെ പരാമർശിച്ചിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ വാർഷിക പദ്ധതികളുടെ മോണിറ്ററിങ്ങ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഇത്തരത്തിലുള്ള ഇടപെടലുകൾ വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയിട്ടുള്ളതായി കാണുന്നില്ല. പൊതുവിൽ വിലയിരുത്തുമ്പോൾ പദ്ധതി ആസൂത്രണവും നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വർക്കിങ്ങ് ഗ്രൂപ്പുകളുടെ കൂടുതൽ സജീവമായ ഇടപെടൽ

അനിവാര്യമാണെന്ന് കാണുന്നു.

1-13 ജലസ്രോതസ്സുകളുടെ പരിപാലനം - അനിവാര്യ ചുമതല നിറവേറ്റുന്നില്ല

സൂചന : ഫയൽ നമ്പർ E4/4052/15

ആലുവ നഗരത്തിലേയും സമീപ പ്രദേശങ്ങളിലേയും ജനങ്ങളുടെ പ്രധാന ജലസ്രോതസ്സാണ് പെരിയാർ നദി. ആലുവക്കു പുറമെ പറവൂർ, കൊച്ചി മേഖലകളിലേക്ക് കുടിവെള്ളം പമ്പ് ചെയ്യുന്നത് പെരിയാർ നദിയിൽ നിന്നാണ്. ദേശീയ പാത 47 -ൽ മാർത്താണ്ഡവർമ്മ പാലത്തിന് സമീപമാണ് നിലവിൽ പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്നത്. പമ്പ് ഹൗസിന്റെ അധികം ദൂരത്തല്ലാതെയാണ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രവർത്തനക്ഷമമല്ലാത്ത സാഹചര്യത്തിൽ നിലവിൽ നഗരത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള മലിനജലം ഒഴുകിയെത്തുന്നത് പെരിയാറിലേക്കാണ്. മലിനജലം ശുദ്ധീകരിക്കുന്നതിനായി പെരിയാറിൽ അദ്വൈതാശ്രമത്തിന് സമീപം ഒരു വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. എം.പി.ഫണ്ടും തനത് ഫണ്ടും ചെലവഴിച്ച് ആലുവ നഗരസഭ 2011 ൽ നിർമ്മിച്ചതാണ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്. ഇത് എ.എം.സി നൽകിയാണ് പ്രവർത്തിപ്പിച്ചിരുന്നത്. എന്നാൽ 31.05.2016 ന ശേഷം പ്ലാന്റ് പ്രവർത്തിപ്പിക്കാതെ മെയിന്റനൻസ് പ്രവർത്തികൾക്കായി പൂട്ടുകയായിരുന്നു. തുടർന്ന് 2017-18 സാമ്പത്തിക വർഷത്തിൽ ഈ പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ 9,15,000.00/- രൂപ വകയിരുത്തുകയും 18.05.2017 ൽ ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തു. രണ്ട് ക്വട്ടേഷനുകൾ ലഭിച്ചതിൽ കുറഞ്ഞ തുകയായ 10,75,950/- രൂപ ക്വാട്ട് ചെയ്ത M/S വാട്ടർമാൻ അക്വാട്ടിക് സിസ്റ്റംസ് പ്രൈ. ലിമിറ്റഡുമായി കരാറിൽ ഏർപ്പെടുകയായിരുന്നു. കരാർ പ്രകാരം എഗ്രിമെന്റ് വയ്ക്കുന്നതു മുതൽ രണ്ട് മാസത്തിനകം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് വാർഷിക അറ്റകുറ്റപ്പണികൾ നടത്തി പുനരുദ്ധരിക്കേണ്ടതായിരുന്നു. എന്നാൽ സമയബന്ധതമായി മെയിന്റനൻസ് പണികൾ പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല. 2018 ലെ പ്രളയത്തെ തുടർന്ന് പൂർണ്ണമായും പ്രവർത്തനം നിലച്ച വാട്ടർ ട്രീറ്റമെന്റ് പ്ലാന്റ് പിന്നീട് പ്രവർത്തനക്ഷമമായിട്ടില്ല. കൂടാതെ ജനറൽ മാർക്കറ്റിന് സമീപത്തുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും നിലവിൽ പ്രവർത്തനക്ഷമമല്ല.

ലക്ഷക്കണക്കിനാളുകളുടെ കുടിവെള്ള സ്രോതസ്സായ പെരിയാർ പുഴയിലേക്ക് മലിനജലം ഒഴുകുന്നത് തടയാനാണ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചത്. പ്ലാന്റ് പ്രവർത്തന രഹിതമായിട്ട് വർഷങ്ങളായി. കരാർ പ്രകാരം പണി പൂർത്തീകരിക്കാത്തതിന് ഒരു നോട്ടീസ് പോലും നഗരസഭ നൽകിയിട്ടില്ല. മുൻ വർഷങ്ങളിലും ഇത് സംബന്ധിച്ച് ഓഡിറ്റ് പരാമർശങ്ങളുണ്ടായിട്ടുണ്ടെങ്കിലും പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള സമയബന്ധിത നടപടികളൊന്നും നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല. മെയിന്റനൻസ് പ്രവർത്തി പൂർത്തിയാക്കി പ്ലാന്റ് അടിയന്തിരമായി പ്രവർത്തനക്ഷമമാക്കി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. പെരിയാർ മലിനീകരണവുമായി ബന്ധപ്പെട്ട് ദേശീയ ഹരിത ട്രിബ്യൂണൽ മുമ്പാകെ കേസ് നിവിലുള്ളതും നഗരസഭയെ ഇതിൽ കക്ഷി ചേർത്തിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 30 (1) പട്ടിക 1 പ്രകാരം കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക, മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക എന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണെന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-14 ടേക്ക് എ ബ്രേക്ക് - പദ്ധതി യാഥാർത്ഥ്യമായില്ല.**

വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികളും 'ടേക്ക് എ ബ്രേക്ക്' വിശ്രമ കേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ - സംസ്ഥാന പാതയോരങ്ങൾ, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ് / ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഓരോ മുനിസിപ്പാലിറ്റിയിലും ഉയർന്ന നിലവാരമുള്ള അഞ്ച് പൊതു ശുചിമുറി സമുച്ചയങ്ങൾ നിർമ്മിക്കണമെന്നാണ് മാർഗ നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിരുന്നത്. നിലവിലുള്ള പൊതു ശുചിമുറികളിൽ ഉപയോഗ ശൂന്യമായിട്ടുള്ളതോ പുനർനിർമ്മാണം ആവശ്യമായിട്ടുള്ളതോ ആയ

ശുചിമുറികളുടെ നവീകരണം ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് പ്രഥമ പരിഗണന നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. ആലുവ നഗരസഭയിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി മുനിസിപ്പൽ ബസ് സ്റ്റാന്റ്, ടൗൺ ഹാൾ എന്നിവിടങ്ങളിലെ ശുചിമുറികൾ നവീകരിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നെങ്കിലും നടപ്പായില്ല. 2021-22 സാമ്പത്തിക വർഷത്തിൽ 'പൊതു ശൗചാലയം ശുചിത്വമിഷന്റെ സഹായത്തോടെ' എന്ന പേരിൽ 21,56,000/- രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചെങ്കിലും ഇതും നടപ്പാക്കാൻ സാധിച്ചില്ല. അതേ സമയം നഗരസഭയിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ പറയും പോലെ വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശൗചാലയങ്ങൾ ഇല്ല എന്നതാണ് സത്യം. നഗരസഭ നിർമ്മിച്ച് കുത്തകപാട്ടത്തിന് ലേലം ചെയ്ത് കൊടുത്ത് നടത്തുന്ന പ്രൈവറ്റ് ബസ് സ്റ്റാന്റിലെ ശുചിമുറികൾ വൃത്തിഹീനമാണ്. മുനിസിപ്പൽ ബസ് സ്റ്റാന്റിന്റെ മൂലയിൽ പൊതുവെ യാത്രക്കാരുടെ ശ്രദ്ധയിൽപ്പെടാത്ത സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന ഈ ശൗചാലയത്തിലേക്ക് സുരക്ഷിതത്വ ബോധത്തോടെ പ്രവേശിക്കാൻ സാധിക്കില്ല. നഗരസഭാ പരിധിയിൽ നഗരസഭയുടേതായി വൃത്തിയും ശുചിത്വവുമുള്ള പൊതു ശൗചാലയങ്ങൾ ഇനിയും നിർമ്മിക്കാനായിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള പൊതു ഇടങ്ങളായ ജനറൽ മാർക്കറ്റ്, മിനി മാർക്കറ്റ്, മത്സ്യവിപണന കേന്ദ്രം, ഷോപ്പിങ്ങ് കോംപ്ലക്സുകൾ, ഓഡിറ്റോറിയങ്ങൾ ഇവിടങ്ങളിലൊന്നും മാതൃകാപരമായി പൊതു ശൗചാലയങ്ങൾ പ്രവർത്തിക്കുന്നില്ല. നഗരത്തിലൂടെ കടന്ന് പോകുന്ന ദേശീയ – സംസ്ഥാന പാതയോരങ്ങളിലും വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികൾ നിർമ്മിക്കാനായിട്ടില്ല. വർഷങ്ങൾക്ക് മുമ്പ് നഗരസഭയിലെ വിവിധ പൊതുഇടങ്ങളിൽ ഇ – ടോയ് ലറ്റുകൾ സ്ഥാപിച്ചിരുന്നെങ്കിലും നിലവിൽ ഇവയൊന്നും പ്രവർത്തനക്ഷമമല്ല. ചുരുക്കത്തിൽ ദേശീയപാതയും സംസ്ഥാന പാതയും കടന്ന് പോകുന്നതും നിരവധി ദീർഘദൂര യാത്രക്കാർ സഞ്ചരിക്കുന്നതുമായ നഗരത്തിൽ ശുചിത്വവും വൃത്തിയുമുള്ള പൊതുശൗചാലയങ്ങൾ ഇല്ല എന്നത് വലിയ പോരായ്മയാണ്.

.

**1-15 വസ്തുനികുതി കണക്കാക്കിയതിലെ അപാകത-വസ്തു നികുതി 1095/-രൂപ നഷ്ടം**

ആലുവ നഗരസഭയിലെ വാർഡ് 5 ൽ 310 -ാം നമ്പറായി തറ വിസ്തീർണ്ണം 118 $M^2$ ഉണ്ടായിരുന്ന കെട്ടിടത്തിന് 229.31 $M^2$ കൂട്ടിച്ചേർത്തു. വസ്തുനികുതി പുനർ നിർണ്ണയിച്ചപ്പോൾ മൊത്തം തറ വിസ്തിർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർ നിർണ്ണയിക്കാതെ കൂട്ടിച്ചേർത്ത ഭാഗത്തിന്റെ നികുതി മാത്രം പുനർനിർണ്ണയിച്ച ശേഷം നിലവിലുണ്ടായ വസ്തുനികുതി അതിനോടൊപ്പം കൂട്ടിച്ചേർക്കുകയാണ് ചെയ്തത്. തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ ഉള്ള 15% വർദ്ധനവ് കൂട്ടിച്ചേർത്ത കെട്ടിട ഭാഗത്തിന് മാത്രമാണ് ബാധകമാക്കിയിട്ടുള്ളത്. കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണത്തിനും 15% വർദ്ധനവ് വരുത്താത്തതുമൂലം 1,095/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. (ഖണ്ഡിക 2-1 കാണുക)

**1-16 തൊഴിൽനികുതി പിരിച്ചെടുത്തില്ല- നഷ്ടം- 7,300/- രൂപ, മറ്റ് അപാകതകൾ**

നഗരസഭയിലെ കച്ചവടക്കാരുടെ തൊഴിൽനികുതി പരിശോധിച്ചതിൽ അസസ്സ്മെന്റ് ലിസ്റ്റിലുള്ള താഴെചേർക്കുന്ന കച്ചവടക്കാരുടെ വിവരങ്ങൾ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുകയോ, അവരുടെ തൊഴിൽനികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഇപ്രകാരം പിരിച്ചെടുക്കാത്തതുമൂലം 2022-23 വർഷം 6,700/- രൂപയുടെ നഷ്ടം നഗരസഭക്കുണ്ടായിട്ടുണ്ട്. തൊഴിൽനികുതി അസസ്മെന്റ് ലിസ്റ്റിൽ നിന്നും അർദ്ധവർഷവരുമാനം ഡിമാന്റ് രജിസ്റ്ററിൽ ചേർത്തപ്പോൾ പിശകുപറ്റിയതുമൂലവും 300/- രൂപയുടെ കുറവ് ഓരോ അർദ്ധവർഷത്തിലും ഉണ്ടായിട്ടുണ്ട്. 2022-23 വർഷം ആകെ 600/ - രൂപയുടെ കുറവു വന്നിട്ടുണ്ട്. (ഖണ്ഡിക 2-2 കാണുക)

**ജീവനക്കാരുടെ തൊഴിൽനികുതി – മറ്റ് അപാകതകൾ**

ജീവനക്കാരുടെ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട 2022-23 വർഷത്തെ രജിസ്റ്റർ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

പലസ്ഥാപനങ്ങളുടെയും പേരുകൾ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ജീവനക്കാരിൽനിന്നും തൊഴിൽനികുതി പിരിച്ചെടുത്തിട്ടില്ല. നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷത്തെയും തൊഴിൽനികുതി പിരിച്ചെടുത്തിട്ടില്ല. അതുപോലെ രണ്ടാം അർദ്ധവർഷ തൊഴിൽനികുതി പിരിച്ചെടുത്തിട്ടുള്ള പല

സ്ഥാപനങ്ങളിൽനിന്നും ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി പിരിച്ചെടുത്തിട്ടുള്ളതായി കാണുന്നില്ല.

പല സർക്കാർ ഓഫീസുകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

2022-23 വർഷം 29,160/- രൂപയാണ് ജീവനക്കാരുടെ തൊഴിൽനികുതി കുടിശ്ശിക ലഭിക്കുവാനുള്ളത് എന്നറിയിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ പരിശോധിച്ചതിൽ വളരെ വലിയ സംഖ്യ ലഭിക്കുവാൻ ഉള്ളതായി കാണുന്നു.

രജിസ്റ്റർ എഴുതി സൂക്ഷിക്കുന്ന കാര്യത്തിൽ വലിയ ഉദാസീനതയാണ് നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. തൊഴിൽനികുതി പിരിച്ചെടുക്കുന്നത് കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി ഭാവിയിൽ അപാകതകൾ ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 21.11.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 37/AO/2022-23 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-17 വാടക - പിഴപ്പലിശ ഈടാക്കിയതിൽ കുറവ് - 2,520/- രൂപയുടെ നഷ്ടം

ആലുവ നഗരസഭയിലെ 2022-23 സാമ്പത്തിക വർഷത്തെ ഷോപ്പിങ്ങ് കോംപ്ലക്സുകളിലെ വാടക പിരിവിൽ ഏതാനും സ്ഥാപനങ്ങളുടെ പിഴപ്പലിശ ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. ഇതുമൂലം 2,520/- രൂപയുടെ നഷ്ടം നഗരസഭയ്ക്ക് ഉണ്ടായിട്ടുണ്ട്. (ഖണ്ഡിക 2-3 കാണുക)

### 1-18 റോഡ് കട്ടിങ്ങ് ചാർജ് - കുറവായി ഈടാക്കി - 9,497/- രൂപയുടെ നഷ്ടം

| | | |
|---|---|---|
| സൂചന | :1) | G.O.(Rt) No.30/2018/PWD Dtd 05.01.2018 |
| | 2) | G.O.(Ms) No.59/2020/PWD Dtd 30.07.2020 |
| | 3) | G.O.(Rt) No.1983/2021/LSGD Dtd 13.10.2021 |

2022-23 സാമ്പത്തിക വർഷത്തെ നഗരസഭയിലെ റോഡ് കട്ടിങ്ങ് ചാർജ് അപേക്ഷകളുടെ ഫയൽ പരിശോധിച്ചതിൽ നിന്നും റോഡ് കട്ടിങ്ങ് ചാർജ് ഈടാക്കിയതിൽ അപാകതകളുള്ളതായി കാണുന്നു. PWD റോഡുകളിൽ പൈപ്പുകളും കേബിളും സ്ഥാപിക്കുന്നതിനായി കുഴിയെടുക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പൊതു

മരാമത്ത് വകുപ്പിൽ നിന്നുള്ള സൂചന (1) ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം വിവിധ റോഡുകളിൽ ഈടാക്കേണ്ട റീസ്റ്റോറേഷൻ നിരക്കുകൾ സൂചന (2) പ്രകാരം പൊതുമരാമത്ത് വകുപ്പും സൂചന (3) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പും പുറപ്പെടുവിച്ചിട്ടുണ്ട്. പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നതിനായി എടുക്കുന്ന കുഴിയുടെ വീതിയുടെ 1.5 മടങ്ങ് വീതിയിൽ റീ സ്റ്റോറേഷൻ ചാർജ് ഈടാക്കണമെന്നും BT സർഫേസുകളുടെ കാര്യത്തിൽ മിനിമം 1 മീറ്റർ വീതിയിൽ റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആലുവ നഗരസഭയിൽ റോഡ് കട്ടിങ്ങ് - റീസ്റ്റോറേഷൻ അപേക്ഷകളിന്മേൽ റീസ്റ്റോറേഷൻ ചാർജ് കുറവായി ഈടാക്കിയതിനാൽ 9,497/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. (ഖണ്ഡിക – 2-4 കാണുക.)

### 1-19 ഷോപ്പിങ്ങ് കോംപ്ലക്സ് വാടക – കുടിശ്ശിക വിവരം

ആലുവ നഗരസഭയുടെ പ്രധാന തനത് വരുമാന സ്രോതസുകളിലൊന്നാണ് ഷോപ്പിങ്ങ് കോംപ്ലക്സുകളിൽ നിന്നുള്ള വാടക. വാടക വരുമാനം ഗണ്യമായ തോതിൽ പിരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും താഴെ ചേർക്കുന്നവരുടെ വാടകയിൽ 2022-23 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ അസാധാരണമായ രീതിയിൽ കുടിശ്ശികയുള്ളതായി കാണുന്നു.

**ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ടൗൺ ബസാർ,**

**1)** വാടകക്കാരൻ - K.K.വിശ്വംഭരൻ, കുഴിക്കാട്ടുകടവിൽ, കളമശ്ശേരി

| മുതൽ | വരെ | തുക |
|---|---|---|
| 08/2022 | 03/2023 | 2918x8 = **23,344.00** |

**2)** വാടകക്കാരൻ - V.മോഹൻരാജ്, ശ്രീ വൈഷ്ണവ ഭവൻ, ആലുവ.

| മുതൽ | വരെ | തുക |
|---|---|---|
| 11/2022 | 03/2023 | 2918x5 = **14,590.00** |

**3) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ക്ലോക്ക് ടവർ III ഫ്ലോർ,**

വാടകക്കാരൻ- ജിന്റോ.P.D, പല്ലുപ്പേട്ട (H), മാണിക്യമംഗലം, കാലടി.

| മുതൽ | വരെ | തുക |
|---|---|---|

| | | |
|---|---|---|
| 09/2020 | 03/2021 | 15041x7 = 105287.00 |
| 04/2021 | 03/2022 | 15793x12 = 189516.00 |
| 04/2022 | 03/2023 | 16583x12 = 198996.00 |
| **ആകെ** | | **4,93,799.00** |

**4) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – നെഹ്റു പാർക്ക് അവന്യൂ.**

വാടകക്കാരൻ– നിസ്സാർ.K.M, കാരായിക്കോടത്ത്, വെളിയത്തുനാട്.

| മുതൽ | വരെ | തുക |
|---|---|---|
| 08/2020 | 03/2021 | 13237x8 = 105896.00 |
| 04/2021 | 03/2022 | 13899x12 = 166788.00 |
| 04/2022 | 03/2023 | 14594x12 = 175128.00 |
| **ആകെ** | | **4,47,812.00** |

**5) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – നെഹ്റു പാർക്ക് അവന്യൂ.**

വാടകക്കാരൻ - സക്കീർ ഹുസൈൻ.K.M, കാരായിക്കോടത്ത്, U.C.കോളേജ്.P.O.

| മുതൽ | വരെ | തുക |
|---|---|---|
| 01/2023 | 03/2023 | 11628x3 = **34,884.00** |

**6) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ന്യൂ സ്റ്റാന്റ് ബിൽഡിങ്ങ്**

വാടകക്കാരൻ - C.R.ദിനേഷ്, ചെമ്പകശ്ശേരി, പൊന്നുരുന്നി, ആലുവ.

| മുതൽ | വരെ | തുക |
|---|---|---|
| 01/2023 | 03/2023 | 3598x3 = **10,794.00** |

**7) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ന്യൂ സ്റ്റാന്റ് ബിൽഡിങ്ങ്**

വാടകക്കാരൻ - M.A.അസ്സീസ്, മോളത്ത്, എടയപ്പുറം, ആലുവ.

| കാലയളവ് | തുക |
|---|---|
| 03/2023 | **5759.00** |

**8) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ന്യൂ സ്റ്റാന്റ് ബിൽഡിങ്ങ്**

വാടകക്കാരൻ - രിഹാന മരക്കാർ, മോളത്ത്, എടയപ്പുറം, ആലുവ.

| മുതൽ | വരെ | തുക |
|---|---|---|
| 12/2022 | 03/2023 | 3969x4 = **15,876.00** |

**9) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ബസ് സ്റ്റാന്റ് ന്യൂ റൂംസ് (സ്റ്റാൾ)**

വാടകക്കാരൻ- T.S. ഷഫീക്ക്, തേക്കും കുടിയിൽ, തോട്ടക്കാട്ടുകര

| മുതൽ | വരെ | തുക |
|---|---|---|
| 09/2022 | 03/2023 | 1437x7 = **10,059.00** |

**10) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ഓൾഡ് ബസ് സ്റ്റാന്റ് ബിൽഡിങ്ങ്**

വാടകക്കാരൻ - മാനേജർ, EDCB, ആലുവ.

| മുതൽ | വരെ | തുക |
|---|---|---|
| 12/2022 | 03/2023 | 8756x4 = **35,024.00** |

**11) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – മിനി ഷോപ്പിങ്ങ് കോംപ്ലക്സ്**

വാടകക്കാരൻ - K.M.അബ്ദുൾ നാസർ, കണ്ണംകുളത്ത്, ഉളിയന്നൂർ.

| മുതൽ | വരെ | തുക |
|---|---|---|
| 05/2022 | 03/2023 | 963x10= **9630.00** |

**12) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – മിനി ഷോപ്പിങ്ങ് കോംപ്ലക്സ്**

വാടകക്കാരൻ- K.E.ജോസ്, കുഴിക്കാലിൽ, തക്കളം, കോതമംഗലം.

| മുതൽ | വരെ | തുക |
|---|---|---|
| **04**/2022 | 03/2023 | 925x12= **11,100.00** |

**13) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – കാറ്റിൽ മാർക്കറ്റ്.**

വാടകക്കാരൻ - T.A.സലിം, തച്ചുവള്ളത്ത്, ഉളിയന്നൂർ.

| മുതൽ | വരെ | തുക |
|---|---|---|
| 01/2022 | 03/2022 | 3425x3 = 10275.00 |
| 04/2022 | 03/2023 | 3596x12 = 43152.00 |

| ആകെ | 53,427.00 |
|---|---|

**14) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – പെട്ടിക്കട.**

വാടകക്കാരൻ – അബ്ദുൾ സലിം, കരിമ്പേതാഴ്ത്ത്, ഉളിയന്നൂർ

| മുതൽ | വരെ | തുക |
|---|---|---|
| 03/2022 | 03/2022 | 1644x1 = 1644.00 |
| 04/2022 | 03/2023 | 1727x12 = 20724.00 |
| ആകെ | | **22,368.00** |

**15) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ബങ്ക്സ് – 7**

വാടകക്കാരൻ– K.S.മുഹമ്മദാലി, കല്ലുങ്കൽ, വാർഡ് XIII.

| കാലയളവ് | തുക |
|---|---|
| 03/2023 | **1322.00** |

**16) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ക്ലോക്ക് ടവർ ബിൽഡിങ്ങ്, II ഫ്ലോർ വെസ്റ്റ്**

വാടകക്കാരൻ– ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, മത്സ്യഭവൻ.

| കാലയളവ് | തുക |
|---|---|
| 03/2023 | **5250.00** |

**17) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ക്ലോക്ക് ടവർ ബിൽഡിങ്ങ്, III ഫ്ലോർ**

വാടകക്കാരൻ – ജോസ്ന ഗിരിഷ്, ഫ്ലാറ്റ് നമ്പർ – 5, റോയൽ നെസ്റ്റ്, തോട്ടക്കാട്ടുകര.

| മുതൽ | വരെ | തുക |
|---|---|---|
| 09/2022 | 03/2023 | **9961x7= 69,727.00** |

**18) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ക്ലോക്ക് ടവർ ബിൽഡിങ്ങ്, III ഫ്ലോർ**

വാടകക്കാരൻ– A.H.അബ്ദുള്ള നദ്വി, അയലത്ത്, മുടിക്കൽ.

| മുതൽ | വരെ | തുക |
|---|---|---|
| 05/2022 | 03/2023 | 4865x11= **53,515.00** |

**19) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ക്ലോക്ക് ടവർ ബിൽഡിങ്ങ്, III ഫ്ലോർ**

വാടകക്കാരൻ - A.H.അബ്ദുള്ള നദ്വി, അയലത്ത്, മുടിക്കൽ.

| മുതൽ | വരെ | തുക |
|---|---|---|
| 06/2022 | 03/2023 | 3557x10= **35,570.00** |

**20) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – നെഹ്റു പാർക്ക് അവന്യൂ**

വാടകക്കാരൻ - ഷൗക്കത്തലി, മുകളാർകുട്ടി, എടത്തല.P.O.

| മുതൽ | വരെ | തുക |
|---|---|---|
| 02/2023 | 03/2023 | 15502x2= **31,004.00** |

**21) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – നെഹ്റു പാർക്ക് അവന്യൂ, II Floor**

വാടകക്കാരൻ- അനിതാകുമാരി, ഉഴിഞ്ഞേലിൽ, മണലിമുക്ക്, NAD

| മുതൽ | വരെ | തുക |
|---|---|---|
| 02/2023 | 03/2023 | 3356.00x2= **6712.00** |

**22) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ഫിഷ് സ്റ്റാൾ പുനരധിവാസം**

വാടകക്കാരൻ - P.A.ടെൽസൺ, പാറക്കൽ, ആലുവ.

| മുതൽ | വരെ | തുക |
|---|---|---|
| 02/2023 | 03/2023 | 1822.00x2= **3644.00** |

**23) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ബീഫ് സ്റ്റാൾ പുനരധിവാസം**

വാടകക്കാരൻ- N.K.അബ്ദുൾ സുനീർ, നട്ടുപറമ്പിൽ, ഉളിയന്നൂർ

| മുതൽ | വരെ | തുക |
|---|---|---|
| 02/2023 | 03/2023 | 4516.00x2= **9032.00** |

**24) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – മിനി മാർക്കറ്റ് ഓൾഡ് ബിൽഡിങ്ങ്**

വാടകക്കാരൻ- സെക്രട്ടറി, KSCB സഹകരണ ബാങ്ക്.

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ തുക ഒടുക്കിയിട്ടില്ല. വാടക നിരക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

**25) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – മിനി മാർക്കറ്റ് ഓൾഡ് ബിൽഡിങ്ങ്**

വാടകക്കാരൻ - ജോർജ് ആന്റണി, തപ്പത്തിൽ, അശോകപുരം.

| **മുതൽ** | **വരെ** | **തുക** |
|---|---|---|
| 02/2022 | 03/2022 | 861.00x2 **= 1722.00** |
| 04/2022 | 03/2023 | 904.00x12= **10848.00** |
| **ആകെ** | | **12,570.00** |

**26) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – മിനി മാർക്കറ്റ് ഓൾഡ് ബിൽഡിങ്ങ്**

വാടകക്കാരൻ - മിഷാൽ ജോസഫ്, കായനാട്ട്, കി.കടുങ്ങല്ലൂർ

| **മുതൽ** | **വരെ** | **തുക** |
|---|---|---|
| 06/2021 | 03/2022 | 1631.00x10= **16310.00** |
| 04/2022 | 03/2023 | 1713.00x12= **20556.00** |
| **ആകെ** | | **36,866.00** |

**27) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – മിനി മാർക്കറ്റ് ഓൾഡ് ബിൽഡിങ്ങ്**

വാടകക്കാരൻ - മിഷാൽ ജോസഫ്, കായനാട്ട്, കി.കടുങ്ങല്ലൂർ

| **മുതൽ** | **വരെ** | **തുക** |
|---|---|---|
| 04/2022 | 03/2023 | 481.00x12= **5772.00** |

**28) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – പച്ചമീൻ ഗോഡൗൺ**

വാടകക്കാരൻ - K.D.സുനിൽ, കളത്തിപ്പറമ്പ്, അസ്സീസ്സി ലെയിൻ

| **മുതൽ** | **വരെ** | **തുക** |
|---|---|---|
| 04/2021 | 03/2022 | 19245.00x12= **230940.00** |
| 04/2022 | 03/2023 | 20207.00x12= **242484.00** |
| **ആകെ** | | **4,73,424.00** |

**29) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – പച്ചമീൻ ഗോഡൗൺ**

വാടകക്കാരൻ- K.D.സുനിൽ, കളത്തിപ്പറമ്പ്, അസ്സീസ്സി ലെയിൻ

| **മുതൽ** | **വരെ** | **തുക** |
|---|---|---|

| | | |
|---|---|---|
| 07/2021 | 03/2022 | വാടക നിരക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 04/2022 | 03/2023 | |

**30) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – മിനി മാർക്കറ്റ്, ന്യൂ ബ്ലോക്ക്, പുനരധിവാസം**

വാടകക്കാരൻ – K.R.സേവ്യാർ, തോട്ടക്കാട്ടുകര

| മുതൽ | വരെ | തുക |
|---|---|---|
| 04/2021 | 03/2022 | 1969.00x12= **23628.00** |
| 04/2022 | 03/2023 | 2067.00x12= **24804.00** |
| **ആകെ** | | **48,432.00** |

**31) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – മിനി മാർക്കറ്റ്, ന്യൂ ബ്ലോക്ക്, പുനരധിവാസം**

വാടകക്കാരൻ – K.T.ബാബു, കൊല്ലംപറമ്പിൽ, തോട്ടക്കാട്ടുകര

| മുതൽ | വരെ | തുക |
|---|---|---|
| 05/2022 | 03/2023 | 2702.00x11= **29,722.00** |

**32) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ജനറൽ മാർക്കറ്റ് – താൽക്കാലിക ഷെഡ്ഡുകൾ**

വാടകക്കാരൻ – സോജൻ, സ്റ്റോൾ നമ്പർ – 42

| മുതൽ | വരെ | തുക |
|---|---|---|
| 01/2023 | 03/2023 | 504.00x3= **1512.00** |

**33) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – ജനറൽ മാർക്കറ്റ് – താൽക്കാലിക ഷെഡ്ഡുകൾ**

വാടകക്കാരൻ– മുഹമ്മദ് ഉവ്വയിസ്, XXIII/284(4)

| മുതൽ | വരെ | തുക |
|---|---|---|
| 01/2023 | 03/2023 | 504.00x3= **1512.00** |

2022-23 സാമ്പത്തിക വർഷം വരെയുള്ള കുടിശ്ശിക വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമായതാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഈ വാടകക്കാർ മേല്പറഞ്ഞ കുടിശ്ശിക തുക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നും നിലവിലെ വാടക കുടിശ്ശിക വിവരം ലഭ്യമാക്കേണ്ടതാണെന്നും വാടക സംബന്ധിച്ച്

കേസ് നിലവിലുള്ള വാടകക്കാരുടെ പേരുകളും കടമുറി നമ്പറുകളും വാടക കുടിശ്ശിക വിവരങ്ങളും രജിസ്റ്ററിൽ കേസ് നമ്പർ സഹിതം രേഖപ്പെടുത്തേണ്ടതാണെന്നും 26.09.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ - 31/M2/2022-23 പ്രകാരം നിദ്ദേശിച്ചിരുന്നുവെങ്കിലും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേല്പറഞ്ഞ വാടക കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 വിനോദ നികുതി കണക്കാക്കുന്നതിലെ അപാകത

| | | |
|---|---|---|
| സൂചന : | 1) | സ.ഉ.(കൈ) നം.112/2019/ത.സ്വ.ഭ.വ തീയതി 31.08.2019. |
| | 2) | വിനോദ നികുതി രജിസ്റ്റർ - 2021-22, 2022-23. |
| | 3) | നഗരസഭ സെക്രട്ടറിയുടെ 27.11.2023 തീയതിയിലെ ആർ1-എ3-13344/23 നമ്പർ കത്ത്. |

2019 ജനുവരി 1 മുതൽ സിനിമ ടിക്കറ്റിന്മേൽ ഏർപ്പെടുത്തിയിരുന്ന ജി.എസ്.ടി നിരക്ക് 28% ൽ നിന്ന് 18% ആയി കുറച്ച സാഹചര്യത്തിൽ 10 % വിനോദ നികുതി ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. സിനിമാ രംഗത്തെ വിവിധ സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രേക്ഷകർക്ക് അധികസാമ്പത്തിക ഭാരമുണ്ടാക്കാത്ത രീതിയിൽ വിനോദ നികുതി ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 100/- രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5 % വിനോദനികുതിയും 100/- രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും 01.09.2019 മുതൽ ഈടാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് 01.09.2019 ൽ പ്രാബല്യത്തിൽ വന്നെങ്കിലും കോവിഡ് സാഹചര്യത്തിൽ 2020, 2021 വർഷങ്ങളിൽ വിനോദനികുതി ഈടാക്കുന്നതിന് ഇളവ് നൽകിയിരുന്നു. പിന്നീട് 01.01.2022 മുതൽ തീയറ്റർ ഉടമകൾ സൂചന (1) ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വിനോദനികുതി ഈടാക്കി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അടവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

നഗരസഭയിലെ 4 തീയറ്ററുകളിൽ 170/-, 150/-, 130/-, 120/- രൂപ നിരക്കുകളാണ് ടിക്കറ്റുകളുടെ വില്പന വിലയായി ഈടാക്കുന്നത്. ഈ ടിക്കറ്റുകളിൽ നിന്നുള്ള വിവിധ

വിഹിതങ്ങൾ താഴെ ചേർക്കും പ്രകാരമാണ് കണക്കാക്കിയിരിക്കുന്നത്.

| ടിക്കറ്റിന്റെ വില്പന വില | Price Of Admission | Cess | Srevice Charge | Ent. Tax | GST 18% |
|---|---|---|---|---|---|
| 170/- | 128.18 | 3.00 | 2.00 | 10.89 (8.5%) | 25.93 |
| 150/- | 112.55 | 3.00 | 2.00 | 9.57 (8.5%) | 22.88 |
| 130/- | 100.15 | 3.00 | 2.00 | 5.01 (5%) | 19.84 |
| 120/- | 92.09 | 3.00 | 2.00 | 4.60 (5%) | 18.31 |

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം 100/- രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5 % വിനോദനികുതിയും 100/- രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയുമാണ് ഈടാക്കേണ്ടത്. 170/-, 150/-, 130/- രൂപ വീതം വില്പന വിലയുള്ള ടിക്കറ്റുകൾക്ക് Cess, Service Charge, Ent. Tax, GST എന്നിവ കിഴിച്ചുള്ള തുക (Price Of Admission) 100 രൂപയിൽ കൂടുതലാണെന്ന് കാണാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 170/-, 150/- ടിക്കറ്റുകളിന്മേൽ 8.5% നിരക്കിൽ Ent.Tax ഈടാക്കിയിട്ടുണ്ട്. എന്നാൽ 130/- രൂപയുടെ ടിക്കറ്റിന് Price Of Admission 100/- രൂപയിൽ കൂടതലാണെങ്കിലും ടിക്കറ്റിന്മേൽ 5% നിരക്കിലാണ് Ent.Tax ഈടാക്കിയിരിക്കുന്നത്. 130/- രൂപ വിലയുള്ള ടിക്കറ്റിന്റെ Price Of Admission - 100.15 രൂപയായതിനാൽ 8.51/-രൂപ വിനോദ നികുതി ഈടാക്കേണ്ടതായിരുന്നു. പകരം 5.01/- രൂപയാണ് ഈടാക്കിയിരിക്കുന്നത്. 130/- രൂപയുടെ ഓരോ ടിക്കറ്റിന്മേലും വിനോദ നികുതി ഈടാക്കിയതിൽ 3.50/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. സൂചന സർക്കാർ ഉത്തരവ് പ്രകാരം 8.5% നികുതി ഈടാക്കാൻ വ്യവസ്ഥചെയ്തിട്ടും നികുതി സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഈടാക്കേണ്ട നികുതി ഡിമാന്റ് ചെയ്യാതിരുന്നതിനും നഗരസഭയ്ക്കുണ്ടായ ഫണ്ട് നഷ്ടത്തിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 05.10.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം. 32/എം.

2/2022-23 നുള്ള മറുപടിയായി തീയേറ്റർ ഉടമകളുടെ വിശദീകരണം സൂചന (3) പ്രകാരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

നഗരസഭ പരിധിയിലെ സീനത്ത് തീയേറ്റർ നൽകിയിരിക്കുന്ന മറുപടിയിൽ 130/- രൂപയുടെ ടിക്കറ്റിൽ നിന്നും തങ്ങൾക്ക് ലഭിക്കുന്നത് 99.99 പൈസയാണെന്നും 5.17/- രൂപ വിനോദ നികുതിയായി നഗരസഭയിൽ ഒടുക്കുന്നതായും വിശദീകരിക്കുന്നു. തീയ്യേറ്റർ ഉടമ നൽകിയിരിക്കുന്ന കണക്കുകൾ പ്രകാരം വിവിധ വിഹിതങ്ങൾ താഴെ ചേർക്കും പ്രകാരമാണ്.

| ടിക്കറ്റിന്റെ വില്പന വില | Price Of Admission | Cess | Srevice Charge | Ent. Tax | GST 18% |
|---|---|---|---|---|---|
| 130/- | 99.99 | 3.00 | 2.00 | 5.17 (5%) | 19.84 |

യഥാർത്ഥത്തിൽ 99.99 രൂപയുടെ 5 ശതമാനം 5 (4.99) രൂപയാണ്. എന്നാൽ മേല്പറഞ്ഞ കണക്ക് പ്രകാരം 5.17 രൂപയാണ് വിനോദ നികുതി കണക്കാക്കിയിരിക്കുന്നത്. അതായത് തീയ്യേറ്റർ ഉടമയുടെ വരുമാനം 100/- രൂപയിൽ താഴെ (99.99) എത്തിക്കാൻ വേണ്ടി Ent. Tax – 5.17 രൂപയായി ഉയർത്തിയിരിക്കുകയാണ്. 100/- രൂപയിൽ കുറവാണ് തീയ്യേറ്റർ ഉടമയുടെ വരുമാനമാണെന്ന കാരണത്താൽ വിനോദ നികുതി 5 ശതമാനമായി കണക്കാക്കിയിരിക്കുന്നു. എന്നാൽ സർക്കാർ ഉത്തരവിൽ തീയ്യേറ്റർ ഉടമയുടെ വരുമാനത്തെ അടിസ്ഥാനപ്പെടുത്തി വിനോദ നികുതി ഈടാക്കണമെന്ന് പറയുന്നില്ല. സർക്കാർ ഉത്തരവ് പ്രകാരം 100/- രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100/- രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയുമാണ് ഈടാക്കേണ്ടത്. ആയതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല.

നഗരസഭാ പരിധിയിലെ മാതാ, മാധുര്യ തീയ്യേറ്ററുകളുടെ ഉടമ നൽകിയിരിക്കുന്ന മറുപടിയിൽ വിനോദ നികുതി ഈടാക്കുന്നതിലെ നിയമസാധുത ബഹു. ഹൈ കോടതിയുടെ പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ നഗരസഭയുടെ നോട്ടീസ് നിയമപരമല്ലന്ന് വിശദീകരിക്കുന്നു. അതേ സമയം തന്നെ സ.ഉ.(കൈ) നം.112/2019/

ത.സ്വ.ഭ.വ തീയതി 31.08.2019 പ്രകാരം Price Of Admission 100/- രൂപയിൽ കൂടുതലാണെങ്കിൽ ഉയർന്ന നിരക്ക് ഈടാക്കണമെന്നും 100/- രൂപയിൽ കൂടുതൽ എന്നാൽ തൊട്ടടുത്ത പൂർണ്ണ സംഖ്യയായ 101/- രൂപയാണെന്നും 101/- രൂപയോ കൂടുതലോ ആണെങ്കിൽ ഉയർന്ന നിരക്ക് ഈടാക്കാമെന്നുമാണ് മറുപടിയിൽ വിശദീകരിക്കുന്നത്. മാത്രവുമല്ല തങ്ങൾ നിലവിൽ 8.5 % വിനോദ നികുതി പ്രേക്ഷകരിൽ നിന്നും ഈടാക്കിയിട്ടില്ലന്നും 5% വിനോദനികുതിയാണ് ഈടാക്കിയിരിക്കുന്നതെന്നും ഈടാക്കിയ തുക നഗരസഭയിൽ ഒടുക്കിയിട്ടുണ്ടെന്നും വിശദീകരിക്കുന്നു.

സർക്കാർ ഉത്തരവ് പ്രകാരം 100/- രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദ നികുതിയും 100/- രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദ നികുതിയുമാണ് ഈടാക്കേണ്ടത്. തിയേറ്റർ ഉടമകൾക്ക് നിശ്ചിത വരുമാനം ഉറപ്പ് വരുത്തണമെന്നോ തിയേറ്റർ ഉടമകൾക്ക് ലഭിക്കുന്ന തുകയെ അടിസ്ഥാനപ്പെടുത്തി വിനോദ നികുതി നിരക്ക് നിശ്ചയിക്കണമെന്നോ സർക്കാർ ഉത്തരവിൽ പറയുന്നില്ല. നിലവിൽ ടിക്കറ്റ് വിലയിൽ നിന്നും സെസ്സ്, സർവ്വീസ് ചാർജ്ജ്, GST, വിനോദ നികുതി എന്നിവ കിഴിച്ചുള്ള തുക തുകയാണ് Price Of Admission ആയി കണക്കാക്കുന്നതും അതിനെ അടിസ്ഥാനപ്പെടുത്തിയാണ് വിനോദ നികുതി കണക്കാക്കുന്നതും. ഇതിൻപ്രകാരം 130/- രൂപയുടെ ടിക്കറ്റിന് എല്ലാ കിഴിവുകളും കഴിഞ്ഞ് 100.15 രൂപയാണ് Price Of Admission. ഇത് 100/- രൂപയിൽ കൂടുതലായതിനാൽ 8.5% വിനോദനികുതി ഈടാക്കേണ്ടതായിരുന്നു. 100/- രൂപയിൽ കൂടുതലെന്നാൽ 101/- രൂപയാണെന്ന് സർക്കാർ ഉത്തരവിൽ പറയുന്നില്ല. സൂചന (1) ഉത്തരവ് പ്രകാരം വിനോദ നികുതി ഈടാക്കുന്നതിനെ കോടതിയിൽ കേസ്സുണ്ടായിരുന്നെങ്കിലും നികുതി ഈടാക്കുന്നതിന് കോടതി യാതൊരു സ്റ്റേയും അനുവദിച്ചിട്ടില്ലാത്തതാണ്. ഈ സാഹചര്യത്തിൽ തീയ്യേറ്റർ ഉടമയുടെ മറുപടി അംഗീകരിക്കാവുന്നതല്ല.

തീയ്യേറ്റർ ഉടമകൾ ഉയർന്ന നിരക്ക് പ്രേക്ഷകരിൽ നിന്നും ഈടാക്കാത്ത സാഹചര്യത്തിൽ വിനോദ നികുതി ഒടുക്കാത്തത് വരവ് നഷ്ടമായി പരാമർശിക്കുന്നില്ല. എന്നിരുന്നാലും വിനോദ നികുതി കുറവായി നിശ്ചയിച്ചതുമൂലം 2022-23 സാമ്പത്തിക

വർഷത്തെ നഗരസഭയുടെ വരുമാനത്തിലുള്ള കുറവ് 3,41,751.00 രൂപയാണെന്നാണ് മനസ്സിലാകുന്നത്. 2023-24 സമ്പത്തിക വർഷത്തിലും നിലവിലും ഇതേ രീതിയിലാണ് നികുതി ഒടുക്കുന്നത്. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവിൽ വ്യക്തത വരുത്തി, നഗരസഭക്ക് അർഹമായ വിനോദ നികുതി ഉറപ്പ് വരുത്തുന്നതിന് ഈ വിഷയം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ട് വരുന്നതിന് നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

1-21 സേവന ഉപ നികുതി - ഡിമാന്റ് ചെയ്യുന്നതിലെ അപാകത

| | | | |
|---|---|---|---|
| സൂചന | : | 1) | ഈ കാര്യാലയത്തിൽ നിന്നും നഗരസഭ സെക്രട്ടറിക്ക് നൽകിയ 05.09.2023 തീയതിയിലെ ഇതേ നമ്പർ കത്ത്. |
| | | 2) | നഗരസഭാ സെക്രട്ടറിയുടെ 12.09.2023 തീയതിയിലെ R3-11799/23 നമ്പർ കത്ത്. |

ആലുവ നഗരസഭയിൽ വസ്തുനികുതിയുടെ 10 ശതമാനമാണ് സേവന ഉപനികുതിയായി പിരിക്കുന്നത്. എന്നാൽ ഈ തുക 110809900 – Other Taxes എന്ന ഹെഡിലും 431800110 – Receivables For Service Cess എന്ന ഹെഡിലും സാംഖ്യയിൽ സ്വീകരിക്കുന്നുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി പൂർണ്ണമല്ലാത്തതിനാൽ തുക ഒടുക്കാൻ വരുന്ന നികുതിദായകരുടെ ഡിമാന്റ് തുക കൃത്യമായി സഞ്ചയയിൽ നിന്നും ലഭ്യമാകുന്നില്ല. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അരിയർ വിവരങ്ങൾ പരിശോധിച്ചശേഷം, തുക കണക്കാക്കി ഡിമാന്റ് ചെയ്യുകയാണ് നിലവിൽ അവലംബിക്കുന്ന രീതി. എന്നാൽ ഇങ്ങനെ ചെയ്യുമ്പോൾ ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും മേല്പറഞ്ഞ രണ്ട് ഹെഡുകളിലും തുക ഡിമാന്റ് ചെയ്യുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. വസ്തുനികുതി (Arrear + Current) യുടെ 10 ശതമാനമായ സേവന ഉപനികുതി 431800110 - Receivables For Service Cess എന്ന അസ്സറ്റ് ഹെഡിൽ മാത്രം ഡിമാന്റ് ചെയ്ത് സ്വീകരിക്കാവുന്നതാണ്. എന്നാൽ ഡാറ്റാ എൻട്രി പൂർണ്ണമല്ലാത്തവരുടെ കാര്യത്തിൽ, യഥാർത്ഥത്തിൽ നികുതി കുടിശ്ശികയില്ലെങ്കിലും സഞ്ചയ സോഫ്റ്റ്വെയറിൽ കുടിശ്ശികയുള്ളതായി കാണിക്കുന്നു. ഈ സാഹചര്യത്തിൽ സഞ്ചയയിലെ ഈ കുടിശ്ശിക ഒഴിവാക്കി തൻവർഷത്തെ തുക മാത്രം സ്വീകരിക്കേണ്ടതിനാലാണ് 110809900 - Other Taxes എന്ന ഹെഡിലും തുക സ്വീകരിക്കേണ്ടിവരുന്നത്. രണ്ട് ഹെഡുകളിൽ ഒരു ഇനം

തുക പിരിക്കുന്നതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ സൂചന (1) കത്തിനുള്ള സൂചന (2) മറുപടിയിൽ രണ്ട് ഹെഡുകളിൽ സേവന ഉപനികുതി അക്കൗണ്ട് ചെയ്യുന്നുണ്ടെങ്കിലും സേവന ഉപ നികുതി പിരിവിൽ നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടായിട്ടില്ലെന്നും അപാകത പരിഹരിക്കുന്നതിന് അക്കൗണ്ട്സ് വിഭാഗത്തിനും ഐ.കെ.എം., ടി.എ ക്കും നിർദ്ദേശം നൽകിയിട്ടുള്ളതായും നഗരസഭാ സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്.

2022-23 ഓഡിറ്റിന്റെ ഭാഗമായി വിശദമായ പരിശോധന നടത്തിയതിൽ സേവന ഉപനികുതി രണ്ട് അക്കൗണ്ട് ഹെഡുകളിൽ സ്വീകരിക്കുന്ന അപാകത ഇപ്പോഴും തുടരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപാകത നിലനിൽക്കുന്നുണ്ടെങ്കിലും വസ്തുനികുതിക്ക് ആനുപാതികമായി 10 % സേവന ഉപനികുതിയും പിരിച്ചിട്ടുള്ളതിനാൽ നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടായിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്.

**1-22 മത്സ്യ മാർക്കറ്റിൽ കട്ട വിരിക്കൽ -നടപടിക്രമങ്ങൾ പാലിച്ചില്ല - 49,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | | |
|---|---|---|
| സൂചന | : | ഫയൽ നം. E1/15662/22 |

ആലുവ നഗരസഭ വെസ്റ്റ് സോൺ പരിധിയിലുള്ള ജനറൽ മാർക്കറ്റിൽ, മത്സ്യമാർക്കറ്റ് കെട്ടിടത്തിന് മുൻവശം വൃത്തിഹീനമായ സാഹചര്യത്തിൽ മേൽപ്പറഞ്ഞ ഭാഗത്തെ മണ്ണും ചെളിയും നീക്കം ചെയ്ത് ടൈൽ വിരിക്കുന്നതിന് ബഹു. ചെയർമാന്റെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ ശ്രീ. മെൽബിൻ കെ.ജി, പബ്ലിക് വർക്ക് ഓവർസീയർ ഗ്രേഡ്-1 -ന് 49,000/- രൂപ ചെക്ക് നമ്പർ 582400 തീയതി 26.12.2022 പ്രകാരം അഡ്വാൻസ് അനുവദിച്ചിരുന്നു. ചെയർമാൻ നൽകിയ മുൻകൂർ അനുമതി 14.02.2023 തീയതിയിലെ ജനറൽ കമ്മിറ്റി തീരുമാനം 18 പ്രകാരം സാധൂകരിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയം വരെ അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല. പ്രവർത്തിയുടെ ചെലവ് രേഖകൾ ഫയലിൽ ലഭ്യവുമല്ല. മേൽപ്പറഞ്ഞ പ്രവർത്തി പൂർത്തീകരിച്ചോ എന്നും ചെലവ് ക്രമീകരിച്ചോ എന്നും അറിയിക്കാനും ചെലവ് രേഖകൾ ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ 25.07.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ - 19/M2/2022-23 ന്

മറുപടി ലഭ്യമാക്കിയിട്ടില്ല. മേല്പറഞ്ഞ സാഹചര്യത്തിൽ മുൻകൂർ നൽകിയ 49,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ജി.ഒ (പി) 419/2011/ഫിൻ തീയതി 04.10.2011 എന്നിവ പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ എന്നിവ കൈപ്പറ്റിയാൽ മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. സമയപരിധിക്കുള്ളിൽ തുക ക്രമീകരിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും ജീവനക്കാരിൽ നിന്ന് തിരിച്ച് പിടിക്കേണ്ടതും ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്.

1-23 കുഴൽ കിണർ സ്ഥാപനം - നിർമ്മാണം നടന്നിട്ടില്ല.

| | |
|---|---|
| സൂചന | : ഫയൽ നം. E4/A4/472/12 |

ആലുവ നഗരസഭയുടെ അധീനതയിലുള്ള ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ കുഴൽ കിണർ കുഴിക്കുന്നതിനായി ഭൂജലപര്യവേഷണം നടത്തുന്നതിന്റെ ഫീസായി 3,870/- രൂപ 30.01.2023 തീയതിയിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എറണാകുളം ജില്ലാ കാര്യാലയത്തിലേക്ക് ഒടുക്കിയിരുന്നു. ടി സ്ഥലങ്ങൾ കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിന് സാങ്കേതികമായി അനുയോജ്യമാണെന്നും ആയതിന്റെ സർവ്വേ റിപ്പോർട്ടും 1,48,000/- രൂപയുടെ അടങ്കലും 08.02.2023 തീയതിയിലെ ജി.ഡബ്ല്യൂ.ഇ/1103/2022 കത്ത് പ്രകാരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എറണാകുളം ജില്ലാ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കുകയും അടങ്കൽ തുക എറണാകുളം ജില്ലാ ട്രഷറിയിലെ TSB അക്കൗണ്ടിൽ ഒടുക്കുന്നതിനും ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ അടങ്കൽ തുക ഒടുക്കിയതായി കാണുന്നില്ല. അടങ്കൽ തുക ഒടുക്കിയോ എന്നും കുഴൽ കിണർ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതിയും ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 25.07.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ - 18/M2/2022-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന സർവ്വേ റിപ്പോർട്ട് ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കുഴൽ കിണർ നിർമ്മാണം

ആരംഭിക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല.

1-24 ലൈബ്രറി സെസ്സ് കുടിശ്ശിക അടവാക്കുന്നത്

വൗച്ചർ നമ്പർ - 90 - 4/22, ഫയൽ നമ്പർ - R2 (R1) – 1980/10

2022 ഏപ്രിൽ മാസത്തെ വൗച്ചർ നമ്പർ 90 പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ ലൈബ്രറി സെസ്സ് കുടിശ്ശികയായ 17,53,328.00/- രൂപയുടെ 1/6 ഭാഗം 2,92,221.00/- (Ist Installment) രൂപ ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ ലഭിച്ച വസ്തു നികുതിയുടെ (അരിയർ + കുടിശ്ശിക) 5% ലൈബ്രറി സെസ്സ് എന്ന് കണക്കാക്കി (17,53,328/-), ആയതിന്റെ 1/6 ഭാഗമാണ് ( 2,92,221/-) മേല്പറഞ്ഞ വൗച്ചർ പ്രകാരം ഒടുക്കിയിരിക്കുന്നത്. എന്നാൽ വൗച്ചറിനോടൊപ്പമുള്ള സാംഖ്യയിൽ നിന്നുള്ള 01.04.2021 മുതലുള്ള 31.03.2022 വരെയുള്ള Account Headwise Consolidation ലെ 350300100 – Liabrary Cess Payable എന്ന ഹെഡിൽ 17,80,319.00/- രൂപയാണ് 2021-22 സാമ്പത്തിക വർഷത്തെ ലൈബ്രറി സെസ്സ് കുടിശ്ശികയായി കാണിച്ചിരിക്കുന്നത്. വസ്തുനികുതി വരവിന്റെ 5% ലൈബ്രറി സെസ്സ് കുടിശ്ശികയായി കണക്കാക്കി 350300100 – Liabrary Cess Payable എന്ന ഹെഡിൽ തുക ഒടുക്കുമ്പോൾ 17,53,328/- രൂപയാണ് ഒടുക്കേണ്ടതായി വരുന്നത്. എന്നാൽ വാർഷിക കണക്ക് പ്രകാരം 17,80,319/- രൂപ കുടിശ്ശികയുള്ള സാഹചര്യത്തിൽ, 26,991/- രൂപ 350300100 – Liabrary Cess Payable എന്ന ഹെഡിൽ കുടിശ്ശിക ഒടുക്കാൻ ബാക്കിയുണ്ടാകും. വാർഷിക കണക്ക് പ്രകാരം 350300100 – Liabrary Cess Payable എന്ന ലയബിലിറ്റി ഹെഡിൽ നഗരസഭ കളക്റ്റ് ചെയ്തിരിക്കുന്ന ലൈബ്രറി സെസ്സ് 17,80,319/- രൂപയാണ്. ഈ സാഹചര്യത്തിൽ വസ്തുനികുതിയുടെ 5 % കണക്കാക്കിയ ലൈബ്രറി സെസ്സ് കുടിശ്ശിക തുക വാർഷിക കണക്കിലെ 350300100 – Liabrary Cess Payable എന്ന ഹെഡിലെ തുകയുമായി പൊരുത്തപ്പെടാത്തതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 02/M2/2022-23 തീയതി 15.07.2022 നുള്ള മറുപടിയിൽ ലൈബ്രറി സെസ്സ് 5 % കണക്കാക്കി തൊട്ടടുത്ത പൂർണ്ണ സംഖ്യയിലേക്ക് റൗണ്ട് ചെയ്യുമ്പോൾ കൂടുതൽ വരുന്ന തുകയാണെന്നും ഈ തുക എന്ത്

ചെയ്യണമെന്ന വ്യക്തമായ ഉത്തരവുകൾ ഇല്ലാത്തതിനാൽ ടി തുക ഹെഡ്ഡിൽ അധികമായി കാണുന്നതെന്നാണ് വിശദീകരിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ കുടിശ്ശിക ഇല്ലാതിരിക്കുകയും വാർഷിക കണക്കിൽ കുടിശ്ശിക കാണിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സാംഖ്യ അക്കൗണ്ട്സിൽ നിന്നും കുടിശ്ശിക റൈറ്റ് ഓഫ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയർ കൈകാര്യം ചെയ്യുന്ന IKM മായി ആലോചിച്ച് തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

**1-25 പത്രപരസ്യങ്ങൾക്ക് അർഹമായ ഡിസ്കൗണ്ട് ലഭിച്ചില്ല.**

സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്ക് 15 % ഡിസ്കൗണ്ട് നൽകണമെന്ന് GO (Rt) 1/2011 P & ARD തീയതി 04.01.2011 ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഡിസ്കൗണ്ട് ലഭിക്കുന്നതിന് അർഹതയുണ്ട്. ആലുവ നഗരസഭയിൽ ഇത്തരത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായി ഈ ആനുകൂല്യം നേടിയെടുക്കുന്നതിന് സാധിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം പരാമർശിച്ചിരുന്നെങ്കിലും നിലവിലും ഇത്തരത്തിൽ ഡിസ്കൗണ്ട് ലഭ്യമാകാത്ത സാഹചര്യമുണ്ടെന്നാണ് കാണുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പത്രത്തിന്റെ പേര് / പരസ്യതീയതി | ഫയൽ നമ്പർ | ബിൽ നം. / തീയതി | തുക + GST | ലഭ്യമാകേണ്ടിയിരുന്ന ഡിസ്കൗണ്ട് തുക (15%) |
|---|---|---|---|---|---|
| 1 | വീക്ഷണം 19.05.2021 | ,, | 57329 തീയതി 31.05.2021 | 8800.00 + 440.00 (GST) | 1320.00 |
| 2 | വീക്ഷണം 26.05.2021 | ,, | 57332 തീയതി 31.5.2021 | 7200.00 + 360.00 (GST) | 1080.00 |
| 3 | വീക്ഷണം 28.04.2021 | ,, | 57314 തീയതി 30.04.2021 | 8000.00 + 400.00 (GST) | 1200.00 |
| 4 | കേരള കൗമുദി | R5/5050/18 | BLEKM00073681 തീയതി | 4600.00 + | 690.00 |

| | | | | | |
|---|---|---|---|---|---|
| | 21.02.2018 | | 21.02.2018 | 230.00 (GST) | |
| 5 | കേരള കൗമുദി 07.02.2018 | ,, | BLEKM00073467 തീയതി 21.02.2018 | 4600.00 + 230.00 (GST) | 690.00 |
| 6 | രാഷ്ട്രദീപിക 22.12.2021 | ,, | ED21120329 തീയതി 22.12.2021 | 3840.00 + 163.00 (GST) | 576.00 |

വീക്ഷണം പത്രം ഒരേ സമയം ഡിസ്കൗണ്ട് അനുവദിച്ചും അനുവദിക്കാതെയും ബില്ല് നൽകിയതായി കാണുന്നു. ക്രമ നമ്പർ 1, 2, 3 ബില്ലുകൾ പ്രകാരം വീക്ഷണം പത്രം ഡിസ്കൗണ്ട് നൽകാതിരുന്നപ്പോൾ ഇതേ പത്രത്തിന്റെ ബിൽ നമ്പർ 57415 തീയതി 15.06.2021 പ്രകാരമുള്ള 8000/- രൂപയുടെ ബില്ലിന് 1200/- രൂപ ഡിസ്കൗണ്ട് അനുവദിച്ചിട്ടുമുണ്ട്. പരസ്യ ചെലവിന്റെ കാര്യത്തിൽ വ്യത്യസ്ത രീതിയിൽ ബില്ലുകൾ സമർപ്പിച്ചപ്പോളും തുക അനുവദിക്കുന്നതിന് മുമ്പ് ആവശ്യമായ പരിശോധന നഗരസഭയുടെ ഭാഗത്ത് നിന്നും നടത്തിയതായി കാണുന്നില്ല. ക്രമ നമ്പർ 4, 5 ബില്ലുകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ലെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അജണ്ട സ്ലിപ്പിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടും ഇതിന്മേൽ തുടർ നടപടി സ്വീകരിക്കാതെ ബിൽ തുക അനുവദിക്കുകയായിരുന്നു. സ്റ്റാന്റിംഗ് കമ്മറ്റി ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഡിസ്കൗണ്ട് സംബന്ധിച്ച് കേരള കൗമുദി പത്രം നൽകിയിരിക്കുന്ന വിശദീകരണത്തിൽ GST നിർദ്ദേശങ്ങൾ നിലവിൽ വന്നതിനേതുടർന്ന് ബിൽ തയ്യാറാക്കുന്നതിൽ മാറ്റം വരുത്തിയിട്ടുണ്ടെന്നും ബിൽ തുകയിൽ ഡിസ്കൗണ്ട് ഉൾപ്പെടുത്തിയിട്ടുണ്ടെന്നുമാണ് വിശദീകരിക്കുന്നത്. ബിൽ തുകയിൽ ഡിസ്കൗണ്ട് ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് രാഷ്ട്രദീപിക പത്രവും വിശദീകരിക്കുന്നുണ്ട്. എന്നാൽ പത്രങ്ങളുടെ റേറ്റ് ചാർട്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ കേരള കൗമുദി, വീക്ഷണം എന്നീ പത്രസ്ഥാപനങ്ങൾ നൽകിയിരിക്കുന്ന മറുപടിയുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നതല്ല. സംസ്ഥാനത്തെ പ്രധാന മാധ്യമങ്ങളായ മലയാള മനോരമ, മാതൃഭൂമി എന്നിവ 15 % ഡിസ്കൗണ്ട് അനുവദിക്കുകയും ഇത് പ്രത്യേകം ബില്ലിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്നിരിക്കെ കേരള കൗമുദിയും രാഷ്ട്രദീപികയും ഡിസ്കൗണ്ട്

നൽകാതിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 07/ M2/2022-23 തീയതി 15.05.2023 -നുള്ള മറുപടിയിൽ ഡിസ്കൗണ്ട് നൽകാത്ത സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതായും ഡിസ്കൗണ്ട് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം തുക അനുവദിക്കുകയുള്ളൂവെന്നും അറിയിച്ചിട്ടുണ്ട്. വിവിധ പത്രസ്ഥാപനങ്ങളിൽ നിന്നും റേറ്റ് ചാർട്ട് ലഭ്യമാക്കി, താരതമ്യം നടത്തി നഗരസഭക്ക് സാമ്പത്തികനേട്ടം ഉണ്ടാകുന്ന രീതിയിൽ പരസ്യങ്ങൾ നൽകുന്നതിനും പരസ്യങ്ങൾക്ക് സൂചന ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

**1-26 കമ്മ്യൂണിറ്റി കിച്ചനിലെ പാചകതൊഴിലാളികൾക്ക് കൂലി നൽകിയതിൽ അപാകത- ചെലവഴിച്ച 2,17,180/- രൂപ തടസ്സപ്പെടുത്തുന്നു.**

കോവിഡ് നിയന്ത്രണത്തെത്തുടർന്ന് രാജ്യമാകെ പ്രഖ്യാപിച്ച ലോക്ഡൗണിൽ പല കാരണങ്ങളാൽ ഭക്ഷണം സ്വന്തമായി പാകം ചെയ്യാൻ കഴിയാത്തവർക്ക് ഭക്ഷണം എത്തിച്ച നൽകുന്നതിനായി കുടുംബശ്രീയുമായി സഹകരിച്ച് കമ്മ്യൂണിറ്റി കിച്ചൻ രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു. 20.04.2020ലെ സ.ഉ. (സാധാ) നം 765/2020 /ത.സ്വ.ഭ.വ ഉത്തരവിൽ കമ്മ്യൂണിറ്റി കിച്ചനിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് വേതനം നൽകുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദേശം നൽകിയിട്ടുണ്ട്.

സർക്കാർ നിർദേശിച്ച വിഭാഗങ്ങൾക്ക് ഭക്ഷണം ലഭ്യമാക്കുകയും ഓരോ വിഭാഗത്തിലെയും വ്യക്തികളുടെ വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കി ആഴ്ച തോറും പുതുക്കേണ്ടതുമാണ്.കമ്മ്യൂണിറ്റി കിച്ചനിലേക്ക് സംഭാവനയായി ലഭിച്ച പണത്തിന്റെയും മറ്റ് സാമഗ്രികളുടെയും കണക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് .ആലുവ നഗരസഭയിൽ 29.03.2020 മുതൽ 03.06.2020 വരെയുള്ള ദിവസങ്ങളിലാണ് HACLPസ്കൂളിലെ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിട്ടുള്ളത് .

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ആലുവ നഗരസഭയിൽ 29.03.2020 മുതൽ 03.06.2020 വരെയുള്ള ദിവസങ്ങളിലാണ്

HACLPസ്കൂളിലെ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിട്ടുള്ളത് .എന്നാൽ ജനവരിയിലെ വൗച്ചർ പ്രകാരം 29.03.2022 മുതൽ 03.06.2022 വരെ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിട്ടുള്ളതായി ക്ലീൻ സിറ്റി മാനേജർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2,17,180രൂപ അനുവദിച്ചിട്ടുണ്ട് (ചെക്ക് നം 0299433/12.01.2023).2020ൽ കമ്മ്യൂണിറ്റി കിച്ചനിൽ പ്രവർത്തിച്ച തൊഴിലാളികൾക്ക് ചെലവ് രേഖകൾ പൂർണ്ണമല്ലാത്തതിനാൽ യഥാസമയം വേതനം അനുവദിക്കാൻ കഴിഞ്ഞില്ല.

2). കമ്മ്യൂണിറ്റി കിച്ചന്റെ ആവശ്യത്തിനായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ പരിശോധനക്ക് നൽകിയിട്ടില്ല.

3). സൗജന്യ ഭക്ഷണം ലഭ്യമാക്കേണ്ട വിഭാഗത്തിലുള്ളവരുടെ വാർഡ് തിരിച്ചുള്ള വിവരങ്ങളും ഇഷ്യൂ രജിസ്റ്ററും പരിശോധനയ്ക്ക് നൽകിയിട്ടില്ല.

4). സർക്കാർ ഉത്തരവ് പ്രകാരം 150 ഊണിന് മൂന്ന് പാചകത്തൊഴിലാളികളും അധികമായി വരുന്ന 100 ഊണിന് ഒരോ തൊഴിലാളികളും എന്ന നിരക്കിൽ 366 തൊഴിൽ ദിനങ്ങൾക്ക് 650 രൂപ വീതം 2,37,900 എന്ന് നിശ്ചയിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചനിൽ നിന്ന് വിൽപന നടത്തിയ 1036 ഊണിന്റെ വില (20 രൂപ നിരക്കിൽ 20720രൂ)നഗരസഭാ അക്കൗണ്ടിലേക്ക് അടച്ചിട്ടില്ല.ഊണിന്റെ വില (20,720 രൂപ ) 2,37,900/- രൂപയിൽ നിന്ന് കുറവ് ചെയ്താണ് 2,17,180/- രൂപ ഹോണറേറിയം ഇനത്തിൽ അനുവദിച്ചത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനം സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കുന്നതിനും ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ രജിസ്റ്ററുകൾ പരിശോധനയ്ക്ക് നൽകുകയോ ചെയ്തില്ല .വിശദീകരണത്തിന്റെയും രേഖകളുടെയും അഭാവത്തിൽ ചെക്ക്നം 0299433/ 12.01.2023 (വൗച്ചർ നമ്പർ 65/12.01.2023)പ്രകാരം ചെലവഴിച്ച 2,17,180/- രൂപ തടസ്സപ്പെടുത്തുന്നു.

1-27 വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം

ആലുവ നഗരസഭയിൽ അങ്കണവാടികളിൽ ഏഴെണ്ണം വാടകക്കെട്ടിടത്തിൽ

പ്രവർത്തിക്കുന്ന അങ്കണ വാടികളെ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള സർക്കാർ നയത്തിന്റെ ഭാഗമായി ഒഴിഞ്ഞുകിടക്കുന്ന പി ഡബ്ള്യു ഡി ക്വാർട്ടേഴ്സുകൾ, മറ്റു വകുപ്പുകളുടെ ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾ ,സ്ഥലങ്ങൾ എന്നിവ ഉണ്ടെങ്കിൽ വകുപ്പ് മന്ത്രിയുമായി സംസാരിച്ച് ലഭ്യമാക്കാനുള്ള തീരുമാനം

ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 12.05.2022 -ലെ മിനിറ്റ്സ് പ്രകാരം കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്.വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഏഴ് അങ്കണവാടികളെ സ്വന്തം കെട്ടിടങ്ങളിലേക്ക് മാറ്റാൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 34/M3/2022-23 തീയതി 25.10.2023) ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. ഏഴ് അങ്കണവാടികളെ സ്വന്തം കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിനായി താലൂക്ക് അദാലത്ത് കമ്മിറ്റിയിൽ രേഖാമൂലം അപേക്ഷ നൽകിയിട്ടുണ്ട്.അപേക്ഷ സമർപ്പിച്ചത് പ്രകാരം മൂന്ന് കെട്ടിടങ്ങൾക്കായി പി ഡബ്ള്യു ഡി ഓഫീസിന് സമീപവും എൻ.ജി.ഒ ക്വാർട്ടേഴ്സിന് സമീപവും പെരിയാർ വാലിയുടെ സ്ഥലവും ലഭ്യമാക്കുന്നതിന് സ്കെച്ച് സമർപ്പിക്കാൻ താലൂക്കിൽ നിന്ന് കത്ത് നൽകിയിട്ടുണ്ട്. മറ്റ് അങ്കണ വാടികൾക്ക് കെട്ടിടങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായും ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.

**1-28 പെയിൻ & പാലിയേറ്റീവ് കെയർ പ്രോജക്ട്-വെഹിക്കിൾ ക്വട്ടേഷൻ അപാകത**

ഗവ.ഹോസ്പിറ്റലിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആലുവ നഗരസഭയിൽ 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്റ്റിൽ(പ്രോജക്ട് നം. 5/2023) കണ്ടിജന്റ് ബിൽ നം 01/2022-23 പ്രകാരം വാഹന വാടകയായി 27000 രൂപ നൽകിയിട്ടുണ്ട്.

07/03/2019 -ലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ - (സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019 )ഖണ്ഡിക 2.8.3 – പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിക്കായി ഒരു വർഷ കാലാവധിയിൽ വാഹനം വാടകക്കെടുക്കാവുന്നതാണ്.കാലാവധി തീരുന്നതിനു മുൻപ് അടുത്ത സാമ്പത്തിക

വർഷത്തേക്കുള്ള ക്വട്ടേഷൻ ക്ഷണിച്ച് പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതാണ്.എന്നാൽ ആലുവ ജില്ലാ ആശുപത്രി പാലിയേറ്റീവ് കെയർ പദ്ധതിക്കായി വാഹനം വാടകക്കെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് 31.03.2022 ലാണ്.പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി 2022 ആഗസ്റ്റ് മാസത്തിലാണ് 2022-23 സാമ്പത്തിക വർഷത്തെ ആദ്യമീറ്റിങ്ങ് കൂടിയത്.വാഹന ക്വട്ടേഷന് പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ല.ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം/2022-23 തീയതി ) നൽകിയ മറുപടി തൃപ്തികരമല്ല.നടപടിക്രമങ്ങൾ പാലിക്കാതെ ക്വട്ടേഷൻ വഴി വാഹനങ്ങൾ വാടകക്കെടുക്കുന്നത് ഒഴിവാക്കേണ്ടതാണ്.

**1-29 വളർത്ത് നായകൾക്ക് ലൈസൻസ് - വിവരങ്ങൾ ലഭ്യമല്ല - 1,93,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| സൂചന | : | ഫയൽ നമ്പർ - H3/9606/21 |
|---|---|---|

ആലുവ നഗരസഭാ പരിധിയിലെ വളർത്ത് നായകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 31.07.2021 തീയതിയിലെ ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 6 -ാം നമ്പർ തീരുമാന പ്രകാരം ഹെൽത്ത് സൂപ്പർ വൈസറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഘട്ടമായി സ്ക്രീനോ ക്രാഫ്റ്റ്സ് , കുനമ്മാവ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് തരത്തിലുള്ള 1000/- ബെൽറ്റുകൾ വാങ്ങിയിരുന്നു. ആയതിന്റെ ചെലവ് വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | തീയതി | നിരക്ക് | എണ്ണം | തുക | ചെലവ് വിവരം (GST, IT കിഴിച്ച്) |
|---|---|---|---|---|---|
| 1 | 02.03.2022 | 198 | 125 | 24,750.00 | 40,043/- (ചെക്ക് നമ്പർ 84393 തീയതി 03.04.2022) |
| 2 | 02.03.2022 | 180 | 125 | 22,500.00 | |
| 3. | 07.05.2022 | 198 | 125 | 24,750.00 | 40,043/- (ചെക്ക് നമ്പർ 545865 തീയതി 07.05.2022) |
| 4. | 07.05.2022 | 180 | 125 | 22,500.00 | |
| 5. | 30.09.2022 | 198 | 250 | 49,500.00 | 73,099/- (ചെക്ക് നമ്പർ 582407 തീയതി 07.01.2023) |
| 6. | 30.09.2022 | 180 | 250 | 45,000.00 | |
| **ആകെ** | | | | **1,93,500.00** | |

നഗരസഭാ പരിധിയിലെ വിവിധ വാർഡുകളുടെ ചുമതല JHI മാർക്ക് നൽകി വിവിധ ദിവസങ്ങളിൽ ക്യാമ്പ് നടത്തിയാണ് ബെൽറ്റുകൾ വിതരണം ചെയ്തിരിക്കുന്നത്. ലൈസൻസ് അപേക്ഷാ ഫീസ് 20/- രൂപയും ബെൽറ്റിന്റെ വിലയായി 300/- രൂപയുമാണ് സ്വരൂപിച്ചിരിക്കുന്നത്. ആയതിൻ പ്രകാരം 1000 ബെൽറ്റുകൾക്ക് 3,20,000/- രൂപയാണ് നഗരസഭയ്ക്ക് ലഭിക്കേണ്ടത്. എന്നാൽ വാങ്ങിയ ബെൽറ്റുകളിൽ എത്ര എണ്ണം വിതരണം ചെയ്തു എന്ന് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ബെൽറ്റുകളുടെ പർച്ചേയ്സ് വിവരം മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ലഭ്യമായ 1000 ബെൽറ്റുകളിൽ നിന്നും എത്ര എണ്ണം വീതം ഓരോ JHI മാർ മുഖേന വിതരണം ചെയ്തു എന്ന വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ലഭ്യമല്ല. ഓരോ JHI മാരും പ്രത്യേകം വിതരണ രജിസ്റ്റർ പരിപാലിച്ചിരുന്നോ എന്ന് വ്യക്തമല്ല. ഈ സാഹചര്യത്തിൽ ഓരോ JHI മാർക്കും എത്ര ബെൽറ്റുകൾ നൽകിയെന്നും ഇത് വിതരണം ചെയ്തതിന്റെ വിവരവും ഓഡിറ്റിൽ ലഭ്യമാക്കണം. കൂടാതെ ബെൽറ്റിന്റെ വില ഈടാക്കിയതിന്റെ രസീതുകളും കളക്ഷൻ രജിസ്റ്ററും ഓഡിറ്റിൽ ഹാജരാക്കുന്നതോടൊപ്പം നീക്കിയിരിപ്പുള്ള ബെൽറ്റുകളുടെ വിവരവും ലഭ്യമാക്കേണ്ടതാണെന്നും 03.08.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ - 22/M2/2022-23 പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഓഡിറ്റ് എൻക്വയറിയിന്മേൽ പ്രതികരണമില്ലാത്ത സാഹചര്യത്തിൽ പദ്ധതിക്കായി വിനിയോഗിച്ച 1,93,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-30 എസ്.സി വീട് മെയിന്റനൻസ് - അപാകതകൾ**

| | | |
|---|---|---|
| സൂചന | : | പ്രോജക്റ്റ് നമ്പർ - 93/2022, ഫയൽ നമ്പർ - MS/1023/23 |

നഗരസഭയിൽ 2022-23 സാമ്പത്തിക വർഷം നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 27,69,500/- രൂപ വകയിരുത്തി നടപ്പാക്കിയ പ്രോജക്റ്റാണ് വീട് റിപ്പയറിങ്ങ് (SC വിഭാഗം). 20 ഗുണഭോക്താക്കൾക്കായി 22,83,026/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ഈ പ്രോജക്റ്റിന്റെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1). ശാരദ വേലപ്പൻ, കല്ലുവെട്ടി പറമ്പിൽ, മാധവപുരം എന്ന ഗുണഭോക്താവിവന് 1,50,000/

- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ നിന്നും നൽകിയിരിക്കുന്ന ഓണർഷിപ്പ് സർട്ടിഫിക്കറ്റിലും വസ്തുനികുതി രസീതിലും കെട്ടിട ഉടമയുടെ പേര് കണ്ണൻ, കാവലൻ എന്നാണ് കാണുന്നത്. പദ്ധതിയുടെ പൊതു നിർദ്ദേശങ്ങളിൽ ഒരു റേഷൻ കാർഡിലെ അംഗങ്ങളെയാണ് ഒരു കുടുംബമെന്ന് കണക്കാക്കുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്. ഗുണഭോക്താവായ ശാരദ വേലപ്പന്റെ ഉടമസ്ഥതയിലുള്ള റേഷൻ കാർഡിൽ മേല്പറഞ്ഞ രണ്ട് പേരുകളും കാണുന്നില്ല. .

2). കൃഷ്ണൻ.P.K, എരുത്തിപറമ്പിൽ, മദ്രാസ് ലെയിൻ എന്ന ഗുണഭോക്താവിന് 1,50,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ നിന്നും നൽകിയിരിക്കുന്ന റസിഡൻസ് സർട്ടിഫിക്കറ്റിൽ കാളിക്കുട്ടിയുടെ ഉടമസ്ഥതയിലുള്ള XIII/66 നമ്പർ കെട്ടിടത്തിൽ അപേക്ഷകനായ കൃഷ്ണൻ.P.K ഉം കുടുംബവും സ്ഥിരമായി താമസിച്ചുവരുന്നുണ്ടെന്നാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ഗുണഭോക്താവായ കൃഷ്ണൻ.P.K യുടെ ഭാര്യയുടെ ഉടമസ്ഥതയിലുള്ള റേഷൻ കാർഡിൽ കെട്ടിട ഉടമസ്ഥയായ കാളിക്കുട്ടിയുടെ പേര് കാണുന്നില്ല. പരിശോധനാ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് വിശദീകരിച്ചിട്ടില്ല.

3). ലീജ.T.M, തോട്ടാളി, മൊണാസ്റ്റി ലെയിൻ എന്ന ഗുണഭോക്താവിന് 1,50,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ നിന്നും നൽകിയിരിക്കുന്ന റസിഡൻസ് സർട്ടിഫിക്കറ്റിൽ അയ്യ അയ്യപ്പന്റെ ഉടമസ്ഥതയിലുള്ള XIII/127 നമ്പർ കെട്ടിടത്തിൽ അപേക്ഷകനായ ലീജ.T.M ഉം കുടുംബവും സ്ഥിരമായി താമസിച്ചുവരുന്നുണ്ടെന്നാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ഗുണഭോക്താവായ ലീജ.T.M ന്റെ മാതാവായ സൗദമ്മയുടെ ഉടമസ്ഥതയിലുള്ള റേഷൻ കാർഡിൽ കെട്ടിടത്തിന്റെ ഉടമസ്ഥയുടെ പേര് കാണുന്നില്ല. പരിശോധനാ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് വിശദീകരിച്ചിട്ടില്ല.

4). കണ്ണമ്മ.K, മാധുരി ഹൗസ്, നേതാജി റോഡ് എന്ന ഗുണഭോക്താവിന് 1,50,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ വീട്ട് നമ്പർ XVI/111 എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ നഗരസഭയിൽ നിന്നും

നൽകിയിരിക്കുന്ന ഓണർഷിപ്പ് സർട്ടിഫിക്കറ്റിൽ പേങ്ങൻ ജാനകി എന്നയാളുടെ ഉടമസ്ഥതയിലുള്ളതാണ് കെട്ടിടം. കെട്ടിട നമ്പർ XVI/63 എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ റേഷൻ കാർഡിൽ വീട്ട് നമ്പർ XVI/111 എന്നാണ് കാണുന്നത്. കൂടാതെ ഗുണഭോക്താവായ കണ്ണമ്മയുടെ ഉടമസ്ഥതയിലുള്ള റേഷൻ കാർഡിൽ കെട്ടിടത്തിന്റെ ഉടമസ്ഥന്റെ പേര് കാണുന്നുമില്ല. പരിശോധനാ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ മേല്പറഞ്ഞ അപാകതകൾ സംബന്ധിച്ച് വിശദീകരിച്ചിട്ടില്ല.

5). ലാൽ.P.P, പുറത്തൂട്ട്, ന്യൂ ലെയിൻ, തോട്ടക്കാട്ടുകര എന്ന ഗുണഭോക്താവിന് 21,000/- രൂപയാണ് ധനസഹായം അനുവദിച്ചിരിക്കുന്നത്. അപേക്ഷക സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് 28,000/- രൂപയുടേതാണ്. പ്രവൃത്തി വേരിഫൈ ചെയ്ത നഗരസഭാ ഓവർസീയർ 28,000/- രൂപയുടെ പ്രവൃത്തി ചെയ്തതായാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ധനസഹായമായി 21,000/- രൂപയാണ് നൽകിയിട്ടുള്ളതെന്നാണ് ട്രഷറി ബിൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നത്. 7000/- രൂപ കുറവാണ് ഗുണഭോക്താവിന് നൽകിയിരിക്കുന്നത്.

6). താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 05.07.2023 തീയതിയിൽ നോട്ടീസ് നൽകിയിട്ടുണ്ട്.

1) ശാരദ വേലായുധൻ, കല്ലുവെട്ടിപറമ്പിൽ, മാധവപുരം.

2) അനിൽകുമാർ.T.T, തറയിൽ, നസ്രത്ത്, കനാൽ റോഡ്.

3) ശാന്ത അയ്യപ്പൻ, കുരിശ്ശുംപറമ്പിൽ, ജവഹർ റോഡ്.

പണികൾ പൂർത്തീകരിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം അനുവദിച്ച തുക പിഴ പലിശ സഹിതം തിരികെ ഒടുക്കേണ്ടതാണെന്നും നോട്ടീസിലൂടെ അറിയിച്ചിട്ടുണ്ടെങ്കിലും നോട്ടീസിന് മറുപടി ലഭിച്ചതായോ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചതായോ തുക തരികെ ഒടുക്കിയതായോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

അപേക്ഷകളിൽ ഒന്നിലും പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ പരിശോധറിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന രേഖകൾ പലതും

അപേക്ഷയിലെ വിവരങ്ങൾ സാധൂകരിക്കുന്നതിന് പര്യാപ്തമല്ലാത്തതാണ്. ക്രമ നമ്പർ 1, 2, 3, 4 എന്നിവയിൽ കെട്ടിട ഉടമയുടെ പേര് റേഷൻ കാർഡിൽ വരാത്തത് സംബന്ധിച്ച് ഒരു വിശദീകരണവും പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം സാഹചര്യത്തിൽ ഗുണഭോക്താവിന് ആനുകൂല്യം അനുവദിക്കാനുള്ള കാരണം പരിശോധനാ റിപ്പോർട്ടിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല. മേല്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കണമെന്ന് 10.11.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 36/M2/2022-23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപേക്ഷകളോടൊപ്പം ഹാജരാക്കുന്ന രേഖകളിലെ പൊരുത്തക്കേടുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും തുക അനുവദിക്കാനിടയായ സാഹചര്യം പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

**1-31 എസ്.സി വീട് മെയിന്റനൻസ് - 1,20,526/- രൂപ അധികം നൽകി**

| സൂചന | : പ്രോജക്റ്റ് നമ്പർ - 93/2022, ഫയൽ നമ്പർ - MS/1023/23 |
|---|---|

നഗരസഭയിൽ 2022-23 സാമ്പത്തിക വർഷം നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 27,69,500/- രൂപ വകയിരുത്തി നടപ്പാക്കിയ പ്രോജക്റ്റാണ് വീട് റിപ്പയറിങ്ങ് (SC വിഭാഗം). 20 ഗുണഭോക്താക്കൾക്കായി 22,83,026/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ഈ പ്രോജക്റ്റിൽ ശ്രീമതി.ജയന്തി.M.T, തോട്ടാളി, മൊണാസ്ടി ലെയിൻ എന്ന ഗുണഭോക്താവിന് 1,20,526/- രൂപ അധികം അനുവദിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു.

ജയന്തി.M.T, തോട്ടാളി, മൊണാസ്ടി ലെയിൻ എന്ന ഗണഭോക്താവിന് 1,50,000/- രൂപയാണ് ധനസഹായം അനുവദിച്ചിരിക്കുന്നത്. അപേക്ഷക സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് 29,474/- രൂപയുടേതാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ താഴെ ചേർക്കുന്നു.

| Sl. No | Particulars | Quantity | Rate | Unit | Amount |
|---|---|---|---|---|---|
| 1 | Plastering With Cement Mortar 1:4 12mm Thick One Coat First Floor | 57.00m2 | 325.04 | | 18527.28 |

| | | | | | |
|---|---|---|---|---|---|
| 2. | Wood Work For Paneled Doors Using Good Quality Teak Wood Including All Cost Of Frame, Shutter And Fitting Charge | 4.00 M2 | 2736.72 | M2 | 10946.88 |
| | Total | | | | **29474.16** |

നഗരസഭാ ഓവർസീയർ ഇതേ തുകയുടെ പ്രവൃത്തി ചെയ്തതായാണ് എസ്റ്റിമേറ്റിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ധനസഹായമായി 1,50,000/- നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം പരമാവധി അനുവദിക്കാവുന്ന സബ്സിഡിയാണ് 1,50,000/- രൂപ. എന്നാൽ നടപ്പാക്കിയ പ്രവൃത്തിയുടെ മൂല്യത്തിന് പകരം പരമാവധി സബ്സിഡി തുകയായ 1,50,000/- രൂപ ഗുണഭോക്താവിന് നൽകിയതിലൂടെ 1,20,526/- രൂപ അധികം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 10.11.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 36/M2/2022-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

**1-32 ഗുണഭോക്തൃവിഹിതം നഗരസഭയിൽ ഒടുക്കാതെ നേരിട്ട് കൈമാറി.**

ആലുവ നഗരസഭയിൽ 2022-23 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച 12 പ്രോജക്റ്റുകളും പൂർണ്ണ അളവിൽ നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട് . കാർഷിക വിളകളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നഗരസഭക്കും നിർവ്വഹണ ഉദ്യോഗസ്ഥനും സാധിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തി ആവിഷ്കരിച്ച പദ്ധതികളുടെ നടത്തിപ്പിൽ പോരായ്മകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി വിഹിതവും ഗുണഭോക്തൃവിഹിതവും വകയിരുത്തി നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം/ പ്രോജക്റ്റിന്റെ പേര് | പദ്ധതി വിഹിതം (സബ്സിഡി) | ഗുണഭോക്തൃ വിഹിതം | ആകെ |
|---|---|---|---|---|
| 1 | SO 163/23- ഗ്രോബാഗ് പച്ചക്കറി കിറ്റ് വിതരണം | 1,72,500.00 | 57,500.00 | 2,30,000.00 |
| 2 | SO 178/23- കിഴങ്ങ് | 97,500.00 | 32,500.00 | 1,30,000.00 |

| | | | | |
|---|---|---|---|---|
| | വർഗ്ഗ കിറ്റ് വിതരണം | | | |
| 3. | SO 176/23- പച്ചക്കറി കൃഷിക്ക് ജൈവവളം | 3,00,000.00 | 1,00,000.00 | 4,00,000.00 |
| 4. | SO 177/23- ഫലവൃക്ഷ തൈ വിതരണം. | 1,95,000.00 | 65,000.00 | 2,60,000.00 |

മേല്പറഞ്ഞ പ്രോജക്റ്റുകളിലെ ഗുണഭോക്തൃവിഹിതം നഗരസഭ മുഖേന കളക്റ്റ് ചെയ്ത് ചെലവഴിക്കുമെന്നാണ് പ്രോജക്റ്റിൽ വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ ക്രമ നമ്പർ 1, 2 എന്നിവയുടെ ഗുണഭോക്തൃവിഹിതം മാത്രമാണ് നഗരസഭ രസീത് മുഖേന സ്വരൂപിച്ചിരിക്കുന്നത്. സുലേഖ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്ന ചെലവ് പത്രിക പ്രകാരം മേൽപ്പറഞ്ഞ 4 പ്രോജക്റ്റുകളിലും ഗുണഭോക്തൃവിഹിതം ചെലവഴിച്ചതായി കാണുന്നില്ല. അതായത് നഗരസഭ രസീത് മുഖേന കളക്റ്റ് ചെയ്ത ഗുണഭോക്തൃവിഹിതം നഗരസഭയിൽ ഒടുക്കിയോ എന്നും ഈ തുക ചെലവഴിച്ചോ എന്നും വ്യക്തമല്ല. ക്രമ നമ്പർ 3, 4 പ്രോജക്റ്റുകളുടെ ഗുണഭോക്തൃവിഹിതം നഗരസഭ രസീത് മുഖേന കളക്റ്റ് ചെയ്തതായി കാണുന്നില്ല. കൃഷി ഓഫീസർ തുക കളക്റ്റ് ചെയ്ത് നേരിട്ട് ചെലവഴിച്ചതായാണ് മനസ്സിലാകുന്നത്. ഇത്തരത്തിൽ കളക്റ്റ് ചെയ്തതിന് ഉപയോഗിച്ച രസീതുകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. മാത്രമല്ല മേൽപ്പറഞ്ഞ പ്രോജക്റ്റുകളിൽ ക്രമ നമ്പർ 3, 4 എന്നീ പ്രോക്റ്റുകളുടെ ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ കൈപ്പറ്റ് മാത്രമാണ് ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയുടെ ആമുഖത്തിൽ ഗുണഭോക്തൃ വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നേരിട്ട് അടയ്ക്കണമെന്ന് പ്രോജക്റ്റിൽ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ ആ തുക രസീത് പ്രകാരം ഒടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന ചെലവഴിക്കണമെന്ന് മേൽപ്പറഞ്ഞ പ്രോജക്റ്റുകളിൽ വ്യക്തമാക്കിയിട്ടുണ്ടെന്നിരിക്കെ 2 പ്രോജക്റ്റുകളിൽ നഗരസഭ രസീത് ഉപയോഗിച്ചും 2 പ്രോജക്റ്റുകളിൽ നേരിട്ടും ഗുണഭോക്തൃ വിഹിതം കളക്റ്റ് ചെയ്തതിന്റെ കാരണം വ്യക്തമല്ല. മാത്രവുമല്ല ഗുണഭോക്തൃവിഹിതം കൃഷി ഓഫീസർ നേരിട്ട് കളക്റ്റ് ചെയ്തതിന്റെ രസീതുകളും ചെലവഴിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം നൽകാൻ ആവശ്യപ്പെട്ട്

നൽകിയ 21.07.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ - 16/M2/2022-23 നുള്ള മറുപടിയിൽ മുൻവർഷങ്ങളിൽ മുനിസിപ്പാലിറ്റിയിൽ അടച്ച ഗുണഭോക്തൃവിഹിതം തിരികെ ലഭിക്കുന്നതിന് വളരെയധികം കാലതാമസം നേരിട്ടതിനാലാണ് ഗുണഭോക്തൃവിഹിതം നഗരസഭയിൽ ഒടുക്കാതിരുന്നതെന്നാണ് വിശദീകരിച്ചിരിക്കുന്നത്. സബ്സിഡി/ ഗുണഭോക്തൃവിഹിതം ഉൾപ്പെടെയുള്ള തുക നടീൽവസ്തുക്കൾ/വളം വിതരണം ചെയ്ത സ്ഥാപനം എന്നിവർ കൈപ്പറ്റിയതിന്റെ രസീത് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നില്ല. എന്നിരുന്നാലും നേരിട്ട് ഗുണഭോക്തൃവിഹിതം സ്വീകരിച്ചതിന്റെ രജിസ്റ്ററും രസീതും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**1-33 GPAIS ക്ലെയിം - പലിശയിനത്തിൽ അനുവദിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കിയിട്ടില്ല**

| | | |
|---|---|---|
| സൂചന | :1) | ഫയൽ നമ്പർ - H2/4617/15 |
| | 2) | 16.02.2015 തീയതിയിലെ ബഹു. ഇൻഷൂറൻസ് ഓംബുഡ്സമാന്റെ ഐഒ/ കെഒസി/എ/ജി1/299/2014-15/ധന നമ്പർ അവാർഡ്. |
| | 3) | 10.04.2019 തീയതിയിലെ എസ്റ്റാ.ഡി3/43/2015/ധന(ഇ112312) നമ്പർ സർക്കാർ ഉത്തരവ്. |
| | 4) | OA(EKM) – 1250/2019 |

നഗരസഭയിൽ സാനിറ്റേഷൻ വർക്കറായിരുന്ന ശ്രീ. എം. കൃഷ്ണൻ 24.04.2013 ൽ മോട്ടോർ വാഹനാപകടത്തിൽ മരണപ്പെട്ടതിനെ തുടർന്ന് ടിയാന്റെ ഭാര്യ ശ്രീമതി. ടി. സുശീലക്ക് 8 ലക്ഷം രൂപ GPAIS ക്ലയിം തുകയും പലിശയിനത്തിൽ 1,12,636/- രൂപയും അനുവദിച്ചിരുന്നു. GPAIS പ്രീമിയം യഥാസമയം ഒടുക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തിയതിനാൽ ക്ലെയിം തുക ലഭിക്കുന്നതിന് കാലതാമസമുണ്ടാകുകയും ബഹു. ഇൻഷൂറൻസ് ഓംബുഡ്സ്മാന്റെ സൂചന (1) ഉത്തരവിനേതുടർന്ന് ക്ലയിം തുകയും പലിശയും ജീവനക്കാരന്റെ ഭാര്യക്ക് അനുവദിക്കുകയായിരുന്നു. പ്രീമിയം തുക യഥാസമയം ട്രഷറിയിൽ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതിന് ഉത്തരവാദികളായ ടി കാലയളവിലെ ഹെൽത്ത് സൂപ്പർവൈസർ ശ്രീ. കെ.ടി. രാജേന്ദ്രൻ നായർ, ചീഫ് അക്കൗണ്ടന്റ് ശ്രീ. അജിത്ത് പ്രസാദ്.പി.എസ്, സീനിയർ ക്ലർക്കുമാരായ ശ്രീ.കെ. കൃഷ്ണകുമാർ, ശ്രീ. ലിജോ വർഗ്ഗീസ് എന്നിവരിൽ നിന്നും തുല്യമായി വീതിച്ച് ഈടാക്കുവാൻ ധനകാര്യ വകുപ്പിൽ നിന്നും സൂചന (3) പ്രകാരം ഉത്തവായിട്ടുള്ളതും ഇതിൻ പ്രകാരം ശ്രീ. കെ.കൃഷ്ണകുമാർ, കെ.ടി.രാജേന്ദ്രൻ നായർ എന്നിവരിൽ നിന്നും തുക ഈടാക്കിയിട്ടുള്ളതുമാണ്. നിലവിൽ

കൊച്ചി കോർപ്പറേഷനിലെ പെൻഷനറായ ശ്രീ.അജിത് പ്രസാദ്.പി.എസ്, സീനിയർ ക്ലർക്ക് ശ്രീ.ലിജോ വർഗീസ് എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നൽകിയ സൂചന (4) ഹർജിയുടെ അടിസ്ഥാനത്തിൽ തുക ഈടാക്കുന്നതിന് തൽക്കാലികമായി സ്റ്റേ വാങ്ങിയിരുന്നു. ഈ ഹർജിയുടെ ഹിയറിങ്ങ് 2022 ലെ വേനലവധിക്കുശേഷം പരിഗണിക്കുന്നതുവരെ ഇടക്കാല ഉത്തരവ് പ്രകാരമുള്ള സ്റ്റേ ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ നീട്ടുന്നതായി 15.03.2022 ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിട്ടുണ്ട്. തുടർന്നുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. കൊച്ചി കോർപ്പറേഷനിലെ പെൻഷനറായ ശ്രീ.അജിത് പ്രസാദ്.പി.എസ്, സീനിയർ ക്ലർക്ക് ശ്രീ.ലിജോ വർഗീസ് എന്നിവർ നൽകിയ ഹർജിയിന്മേൽ നഗരസഭ സ്വീകരിച്ച നടപടിയുടെ വിവരവും ജീവനക്കാർ തുക ഒടുക്കിയോ എന്നും 2022 – ലെ സമ്മർ അവധിക്ക് ശേഷം പരിഗണിക്കുവാൻ മാറ്റി വച്ച കേസിൽ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് നഗരസഭയുടെ ഭാഗത്തുനിന്നും എന്തു നടപടി സ്വീകരിച്ചുവെന്നും അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് 14.06.2023 തീയതിയിലെ 12/M2/2022-23 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടിയിൽ കേസ് 15.03.2023 ന് ശേഷം ഹിയറിങ്ങ് നടന്നിട്ടില്ലെന്നും ടി കേസിന്മേൽ ഹിയറിങ്ങ് നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബഹു. കോടതിയിൽ നിന്നുള്ള അന്തിമവിധി ലഭ്യമാകുന്ന മുറക്ക് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിരുന്നെങ്കിലും നാളിതുവരെ ഇത് സംബന്ധിച്ച് മറ്റ് വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. കേസ്സിന്റെ തുടർ വിവരങ്ങൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-34 സ്റ്റോക്ക് & സ്റ്റോഴ്സ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകത.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, സെക്ഷൻ 6 (1) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സ്റ്റോക്കുകളും സ്റ്റോഴ്സുകളും പരിശോധിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും ഓഡിറ്റർക്കുള്ള അധികാരത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ ജനറൽ വിഭാഗത്തിലെ സ്റ്റോക്കുകളും സ്റ്റോഴ്സുകളും പരിശോധിക്കുന്നതിനുള്ള

സൗകര്യമൊരുക്കുന്നതിന് ബന്ധപ്പെട്ട സെക്ഷനോട് നിരന്തരം ആവശ്യപ്പെട്ടതിനേതുടർന്ന് 2023 മെയ് മൂന്നാം വാരത്തിലാണ് ജനറൽ സ്റ്റോക്ക് പരിശോധന സാധ്യമായത്.

ജനറൽ സെക്ഷനിൽ നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററാണ് പരിപാലിക്കുന്നതെങ്കിലും ഇത് എഴുതുന്നതിൽ അപാകതകളുണ്ട്. മുൻ രജിസ്റ്ററുകളിൽ നിന്നും ക്യാരി ഓവർ ചെയ്തിരിക്കുന്ന പ്രകാരമാണ് നിലവിലെ രജിസ്റ്ററിൽ മുന്നിരിപ്പ് കാണിച്ചിരിക്കുന്നത്. എന്നാൽ മുൻ രജിസ്റ്ററിലെ ഏത് പേജിൽ നിന്നുള്ള ഏത് ഇനമാണെന്ന് കണ്ടെത്താൻ സാധിക്കുന്നില്ല. അതിനാൽ തന്നെ രണ്ട് രജിസ്റ്ററുകളും തമ്മിലുള്ള ഒത്തുനോക്കൽ സാധിക്കുന്നില്ല. സാധനങ്ങളുടെ വരവും വിതരണവും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ വേരിഫൈ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിലെ സ്റ്റോക്കുകളുടെ വിവരം പരിശോധിക്കുകയോ വ്യത്യാസങ്ങൾ ബന്ധപ്പെട്ട അധികാരിയുടെ അംഗീകാരത്തോടുകൂടി ക്രമീകരിക്കുകയോ ചെയ്തിട്ടില്ല. 23.05.2023 ന് നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടെത്തിയ വ്യത്യാസങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | രജിസ്റ്റർ പ്രകാരം | യാഥാർത്ഥ്യം |
|---|---|---|---|
| 1 | എം ബുക്ക് (25 പേജ്) | 60 | 50 |
| 2 | ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ | 2 | 1 |
| 3 | പേഴ്സണൽ രജിസ്റ്റർ | 2 | 1 |

26.09.2022 തീയതിയിൽ ഗ്രാമലക്ഷ്മിമുദ്രാലയത്തിൽ നിന്നും 100 എണ്ണം വീതമുള്ള 3 ബോക്സുകളിൽ ലഭ്യമാക്കിയ 300 രസീത് ബുക്കുകളിൽ നിന്നും 84 ബുക്കുകൾ വിതരണം ചെയ്തതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൻ പ്രകാരം 216 രസീത് ബുക്കുകളാണ് നിക്കിയിരിപ്പുണ്ടാകേണ്ടത്. ഭൗതിക പരിശോധനയിൽ 216 രസീത് ബുക്കുകൾ എണ്ണി തിട്ടപ്പെടുത്താൻ സാധിച്ചു. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ 224 രസീത് ബുക്കുകൾ നീക്കിയിരിപ്പുള്ളതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ തെറ്റായാണ് ഓരോ വിതരണത്തിനുശേഷമുള്ള നീക്കിയിരിപ്പ്

വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ നിരവധി അപാകതകളുള്ളതായാണ് കാണുന്നത്. രസീത് ബുക്കുകളും ഫോമുകളും ദുരുപയോഗം ചെയ്യാതിരിക്കുന്നതിന് ഇവ സുരക്ഷിതമായി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ നഗരസഭാ സ്റ്റോറിൽ ഇവ സുരക്ഷിതമായി സൂക്ഷിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ല എന്നാണ് മനസ്സിലാകുന്നത്. നാളിതുവരെയുള്ള സാധനങ്ങളുടെ വരവും വിതരണവും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ വേരിഫൈ ചെയ്ത് സാക്ഷ്യപ്പെടുത്തിയും മേല്പറഞ്ഞ പട്ടികയിലെ വ്യത്യാസങ്ങൾ ബന്ധപ്പെട്ട അധികാരിയുടെ അംഗീകാരത്തോടുകൂടി ക്രമീകരിച്ചും ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണെന്ന് 29.05.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 10/M2/2022-23 ലൂടെ ആവശ്യപ്പെട്ടതിനെതുടർന്ന് ലഭ്യമാക്കിയ മറുപടിയിൽ രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നും എം ബുക്കുകളുടെ വ്യത്യാസം ക്രമീകരിച്ചിട്ടുണ്ടെന്നും രസീത് ബുക്കുകളും മണി ഫോമുകളും സുരക്ഷിതമായി സൂക്ഷിക്കുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, സെക്ഷൻ 6 (1) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സ്റ്റോക്കുകളും സ്റ്റോറ്റുകളും പരിശോധിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും ഓഡിറ്റർക്ക് അധികാരമുണ്ട്. വർഷാന്ത്യത്തിലെ സ്റ്റോക്കുകളുടെ പട്ടിക പരിശോധിക്കപ്പെട്ടിട്ടുണ്ടോയെന്നും വ്യത്യാസങ്ങൾ ബന്ധപ്പെട്ട അധികാരിയുടെ അംഗീകാരത്തോടുകൂടി സ്ഥാപനം ക്രമീകരിച്ചിട്ടുണ്ടോയെന്നും ഓഡിറ്റിൽ പരിശോധിക്കേണ്ടതും അപാകതകളുണ്ടെങ്കിൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ആയതിലേക്കായി നഗരസഭയിലെ ഹെൽത്ത് വിഭാഗത്തിലെ സ്റ്റോക്കുകളും സ്റ്റോറ്റുകളും 2023 ഏപ്രിൽ മാസം തന്നെ പരിശോധിക്കുന്നതിന് സൗകര്യമൊരുക്കണമെന്ന് സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഏപ്രിൽ മാസത്തിൽ സ്റ്റോക്ക് വേരിഫിക്കേഷനുള്ള സൗകര്യമൊരുക്കുന്നതിന് സാധിച്ചിരുന്നില്ല. പിന്നീട് നിരന്തരം ആവശ്യപ്പെട്ടതിനേതുടർന്നാണ് 2023 മെയ് മൂന്നാം വാരത്തിൽ സ്റ്റോക്ക് പരിശോധന നടത്താൻ സാധിച്ചത്. സ്റ്റോക്ക് രജിസ്റ്ററുകൾ ശരിയായി എഴുതി

സൂക്ഷിക്കാതിരുന്നതുമൂലമാണ് സ്റ്റോക്ക് പരിശോധന സൂചന കത്തിലെ നിർദ്ദേശ പ്രകാരമുള്ള സമയത്ത് നടക്കാതിരുന്നത്. സ്റ്റോക്ക് പരിശോധന നടത്തുന്നതിന് സൗകര്യമൊരുക്കണമെന്നുള്ള ഓഡിറ്റിന്റെ നിരന്തരമായ നിർദ്ദേശത്തെതുടർന്നാണ് സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സെക്ഷനുകളിൽ ആരംഭിക്കുന്നത്. ഹെൽത്ത് വിഭാഗത്തിൽ നിന്നാണ് ശുചീകരണ സാധനങ്ങളും ഉപകരണങ്ങളും ഈസ്റ്റ്, വെസ്റ്റ് സോണുകളിലേക്ക് വിതരണം ചെയ്യുന്നത്. സോണുകളിൽ നിന്നും ഓരോ വാർഡിലേക്കും ആവശ്യമായ സാധനങ്ങൾ, വാർഡിന്റെ ചുമതലയുള്ള കണ്ടിജന്റ് ജീവനക്കാർക്ക് വിതരണം ചെയ്യുന്നു. ഈ സംവിധാനത്തിൽ ഹെൽത്ത് വിഭാഗത്തിൽ മെയിൻ സ്റ്റോക്ക് രജിസ്റ്ററും ഈസ്റ്റ്, വെസ്റ്റ് സോണുകളിൽ സബ്സിഡിയറി സ്റ്റോക്ക് രജിസ്റ്ററും അനിവാര്യമാണ്. എന്നാൽ നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററുകളല്ല ഇവിടങ്ങളിൽ എഴുതി സൂക്ഷിക്കുന്നത്. സാധാരണ ബ്ലാങ്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വരവിന്റേയും വിതരണത്തിന്റേയും എണ്ണം എഴുതുകയാണ് ചെയ്യുന്നത്. രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ വേരിഫൈ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ അത്യാവശ്യം വേണ്ടതായ വാങ്ങിയ/വിതരണം ചെയ്ത തീയതി, ആരിൽ നിന്നും വാങ്ങി/ആർക്ക് കൊടുത്തു, നീക്കിയിരിപ്പ്, കൈപ്പറ്റിയ ആളുടെ ഒപ്പ്/ഇനീഷ്യൽ, കൈപ്പറ്റിയ തീയതി എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം കോളം വരച്ച് ശരിയായവിധം രേഖപ്പെടുത്തൽ നടത്തിയിരുന്നില്ല. നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്റർ നഗരസഭയിൽ ലഭ്യമാണെന്നിരിക്കെ ഇവ ഉപയോഗിക്കാതിരുന്നത് ശരിയായ നടപടിയല്ല. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്നാണ് ശരിയായ ഫോർമാറ്റിലുള്ള രജിസ്റ്റർ നഗരസഭയിൽ ഉപയോഗിച്ച് തുടങ്ങിയത്.

ഹെൽത്ത് വിഭാഗം ഈസ്റ്റ് സോണിൽ സബ്സിഡിയറി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല. ഭൗതിക പരിശോധനയുടെ നിർദ്ദേശം ലഭിച്ചതിനെതുടർന്ന് നിലവിൽ നീക്കിയിരിപ്പുള്ള സാധനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കുകയായിരുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ വേരിഫൈ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഹെൽത്ത് വിഭാഗത്തിലെ

മെയിൻ സ്റ്റോക്ക് രജിസ്റ്ററിലേയും ഈസ്റ്റ് സോണിലെ സബ്സിഡിയറി രജിസ്റ്ററിലേയും അപാകതകൾ പരിഹരിച്ച്, ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്ന നിർദ്ദേശത്തെ തുടർന്ന് രജിസ്റ്ററുകൾ കാലികമാക്കി, അപാകത പരിഹരിച്ച് ഓഡിറ്റിൽ ഹാജരാക്കിയിരുന്നു.

സ്റ്റോക്ക് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിക്കാത്തതുമൂലം വെസ്റ്റ് സോണിലെ സ്റ്റോക്കുകളുടെ പരിശോധന ശരിയായി നിർവ്വഹിക്കാൻ സാധിച്ചിരുന്നില്ല. ഇവിടുത്തെ സ്റ്റോക്കുകളുടെ സൂക്ഷിപ്പിൽ ഗുരുതരമായ വീഴ്ചയുമുണ്ട്. വിലപിടിപ്പുള്ള എയർ പമ്പിന്റെ നീക്കിയിരിപ്പിൽ പോലും ഗണ്യമായ വ്യത്യാസമുണ്ട്. ഹെൽത്ത് വിഭാഗത്തിൽ നിന്നും ലഭിക്കുന്ന സ്റ്റോക്കിന്റേയും ഓരോ വാർഡിലേക്കും വിതരണം ചെയ്യുന്ന സ്റ്റോക്കിന്റേയും വിവരങ്ങളും ആരാണ് കൈപ്പറ്റിയതെന്നും ആർക്കാണ് വിതരണം ചെയ്തതെന്നുമുള്ള വിവരങ്ങളും ഇവരുടെ ഒപ്പും, തീയതിയും രേഖപ്പെടുത്തുന്നില്ല. രണ്ട് ജെ.എച്ച്.ഐ മാരും ഒരു എച്ച്. ഐ (ഗ്രേഡ് II) യുമുള്ള വെസ്റ്റ് സോണിലെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ മേല്പറഞ്ഞവരാരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് സംബന്ധിച്ച് പരിശോധനാ സമയത്ത് ചോദിച്ച സംശയങ്ങൾക്ക് മറുപടി നൽകാൻ പോലും ഉദ്യോഗസ്ഥർക്ക് സാധിച്ചില്ല. തൊഴിലാളികൾക്ക് വിതരണം ചെയ്തതും സബ്സിഡിയറി സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ളതുമായ സാധനങ്ങൾ ഒരുമിച്ച് കൂട്ടിയിട്ടിരിക്കുകയായിരുന്നു. സ്റ്റോക്കുകൾ സൂക്ഷിക്കുന്നതിലും ഇവ വിതരണം ചെയ്യുന്നതിലും സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നതിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗുരുതര വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. സോണൽ ഓഫീസിന്റെ പ്രവർത്തനങ്ങളിന്മേൽ ഹെൽത്ത് വിഭാഗത്തിലെ മേലുദ്യോഗസ്ഥരുടെ മേൽനോട്ടം അനിവാര്യമാണ്. വെസ്റ്റ് സോണിലെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി 03.06.2023 നകം ഓഡിറ്റിൽ ഹാജരാക്കുന്നതിനും ഭൗതിക പരിശോധന നടത്തി ബോധ്യപ്പെടുത്തുന്നതിനും 27.05.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ - 09/ M2/2022-23 ലൂടെ ആവശ്യപ്പെട്ടതിനെ തുടർന്ന് രജിസ്റ്ററുകൾ കാലികമാക്കി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കുകയായിരുന്നു.

1-35 ലോഗ് ബുക്ക് പരിശോധന- അപാകതകൾ

2000ലെ കേരള മുനിസിപ്പാലിറ്റി(മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ പ്രകാരം വാഹനങ്ങളുടെ ശരിയായ ഉപയോഗം,സംരക്ഷണം,ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവയ്ക്ക് കസ്റ്റോഡിയൻ ആഫീസർ ചുമതലക്കാരനായിരിക്കുന്നതാണ്.ഓരോ വാഹനത്തിന്റെയും ലോഗ് ബുക്ക് സൂക്ഷിക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസർ ആണ്.ഓരോ അർദ്ധവർഷത്തിന്റെയും ആരംഭത്തിൽ മുൻഅർദ്ധവർഷത്തിൽ ഓരോ വാഹനത്തിനും ചെലവായ തുകയെ സംബന്ധിച്ച് കസ്റ്റോഡിയൻ ആഫീസർ ഫിനാൻസ് സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.കസ്റ്റോഡിയൻ ആഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും പരിശോധിച്ച് വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്.ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

ആലുവ നഗരസഭയിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

KL-41-S-6515 Force Traveller Ambulance, KL-41-S-5084 Mahendra Bolero Camper, KL-41-R-2507 Maruti Ertiga, KL-41-S-8908 Mahendra Bolero Pickup എന്നീ വാഹനങ്ങളുടെ ഇന്ധന ക്ഷമതാ പരിശോധനാ സർട്ടിഫിക്കറ്റിന്റെ കാലാവധി 03.08.2023 അവസാനിച്ചെങ്കിലും അടുത്ത ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചത് 14.08.2023 -ന് ആണ്. ഈ വാഹനങ്ങളുടെ ഇന്ധന ക്ഷമതാ സർട്ടിഫിക്കറ്റ് നാളിതുവരെ ലഭ്യമായിട്ടില്ല.

KL-41-J-7213 (Eicher Terra Lorry), KL-41-J-7731 ( Mahendra Bolero), KL-41-N-574 (Nissan Tipper), KL-41-F-9999 (Innova), KL-07-AD-6174 (Mahendra Bolero Pickup) എന്നീ വാഹനങ്ങളുടെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തുന്നതിനായി 4,420/- രൂപ

ഓവർസീയർക്ക് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടുണ്ടെങ്കിലും ഇന്ധന ക്ഷമതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

യാത്രയെ സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും കസ്റ്റോഡിയൻ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് ,റിപ്പയർ ജോലികൾ എന്നിവയുടെ വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. 2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ പ്രകാരം വാഹനങ്ങളുടെ പരിപാലനം കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 28.11.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം. 38/എം.3/2022-23 നൽകിയിരുന്നു. 13.12.2023 -ൽ ലഭ്യമാക്കിയ ഇ4(എ2)-16010/23 മറുപടിയിൽ ലോഗ്ബുക്ക് സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-36 ഓൾഡ് ബസ് സ്റ്റാന്റ് ബിൽഡിംഗ് 17 -ാം നമ്പർ മുറിയുടെ അനധികൃത നിർമ്മാണം - കീഴ് വാടകക്ക് നൽകൽ

| | | |
|---|---|---|
| സൂചന | : | ഫയൽ നമ്പർ - R5-6005/22 |

നഗരസഭയുടെ ഉടമസ്ഥതയിൽ 20 -ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഓൾഡ് ബസ് സ്റ്റാന്റ് കെട്ടിടത്തിലെ 17 -ാം നമ്പർ മുറി പ്രതിമാസ വാടകയ്ക്ക് എറണാകുളം ഡിസ്ട്രിക്ട് ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് സ്റ്റോർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഈ കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തി കീഴ്വാടകയ്ക്ക് കൊടുത്തിട്ടുള്ളതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ, ടി മുറിയുടെ മുൻഭാഗത്ത് അനധികൃതമായി ഷീറ്റ് കെട്ടിയിട്ടുള്ളതായും ഈ ഭാഗത്ത് രാത്രി കാലങ്ങളിൽ തട്ടുകട നടത്തുന്നതായും ബോദ്ധ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിനും ഒറ്റ ഹാളായിരുന്ന 17 -ാം നമ്പർ മുറി 5 ഷട്ടറുകളായി തിരിച്ച് ഉപയോഗക്രമം മാറ്റിയിട്ടുള്ളതിനാൽ കടമുറി പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും 10.08.2002 തീയതിയിലെ 33 -ാം നമ്പർ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ

നടപടികൾ സ്വീകരിച്ച വരവെ വാടകക്കാരായ എറണാകുളം ഡിസ്ട്രിക്ട് ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സൊസൈറ്റി ബഹു.കേരള ഹൈക്കോടതിയിൽ WP(C) 26452/2022 നമ്പർ കേസ് ഫയൽ ചെയ്തു. നഗരസഭ നൽകിയ നോട്ടീസിന് ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ള മറുപടിയിൽ ഹർജിക്കാരനെ വിസ്തരിച്ച് ഒരു മാസത്തിനകം അന്തിമ തീരുമാനമെടുക്കാൻ നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് കേസ് ഡിസ്പോസ് ചെയ്തിട്ടുള്ളതായും ആയതുവരെ അനധികൃത നിർമ്മാണങ്ങൾ നീക്കം ചെയ്യുന്ന നടപടി നിർത്തിവക്കുന്നതിനുള്ള ഉത്തരവായിട്ടുള്ളതായും നഗരസഭയുടെ അഡ്വക്കേറ്റ് ശ്രീ. കെ.റ്റി. തോമസ് 24.08.2022 -ൽ അറിയിച്ചിട്ടുണ്ട്. എന്നാൽ തുടർന്ന് സ്വീകരിച്ച നടപടികൾ ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. മേൽപ്പറഞ്ഞ വിഷയത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകാൻ 18.08.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 26/M2/2022-23 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

1). ബഹു. കേരള ഹൈക്കോടതിയുടെ വിധിയിൽ ഹർജിക്കാരനെ കേട്ട് ഒരു മാസത്തിനകം അന്തിമ തീരുമാനമടുക്കാൻ നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി പറയുന്നുണ്ട്. എന്നാൽ വിധി പ്രസ്താവം വന്ന് ഒരു വർഷത്തോളമായിട്ടും ഹർജിക്കാരനെ കേട്ട് അന്തിമതീരുമാനമെടുത്തതായി കാണുന്നില്ല. ഹർജിക്കാരനെ കേട്ടോ എന്നും ആയതിന്റെ അടിസ്ഥാനത്തിൽ തർക്കം തീർപ്പാക്കിയോ എന്നും അറിയിക്കേണ്ടതാണ്.

2). കേസ് തീർപ്പാക്കിയിട്ടില്ലെങ്കിൽ ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ളWP(C) 26452/2022 നമ്പർ കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

3). ഹർജിക്കാരനെ നേരിൽ കേട്ടതിന്റെ അടിസ്ഥാന ബഹു.ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകിയോ എന്ന് അറിയിക്കേണ്ടതും ബഹു.ഹൈക്കോടതിയിൽ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

4). എറണാകുളം ഡിസ്ട്രിക്റ്റ് ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സൊസൈറ്റിയുമായുള്ള വാടക കരാർ നാളിതുവരെ പുതുക്കിയോ എന്നും വാടക വർദ്ധനവ് വരുത്തുന്നുണ്ടോ എന്നും അറിയിക്കുന്നതോടൊപ്പം വാടക കരാറിന്റെ പകർപ്പ് ഓഡിറ്റിൽ

ഹാജരാക്കേണ്ടതാണെന്നും അറിയിക്കുന്നു.

5). എറണാകുളം ഡിസ്ട്രിക്റ്റ് ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സൊസൈറ്റി കീഴ്‌വാടകയ്ക്ക് നൽകിയെന്ന് പറയുന്ന 5 വാടകക്കാരും നഗരസഭയിൽ നിന്നും പ്രത്യേകം ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

6). കടമുറിയുടെ മുൻഭാഗത്ത് അനധികൃതമായി ഷീറ്റ് ഇട്ട് രാത്രി സമയങ്ങളിൽ തട്ടുകട നടത്തുന്നത് ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

7). സഹകരണ മേഖലയിലെ രജിസ്റ്റേഡ് സ്ഥാപനമാണ് എതിർ കക്ഷിയെന്നിരിക്കെ സഹകരണ സംഘം രജിസ്ട്രാർ, സഹകരണ വകുപ്പ് എന്നീ സർക്കാർ സംവിധാനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി തർക്കപരിഹാരത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയക്കാനും ആവശ്യപ്പെട്ടിരുന്നു.

ക്രമനമ്പർ 1, 2, 3, 4 എന്നിവക്കുള്ള മറുപടിയിൽ അനധികൃത നിർമ്മാണം പൊളിച്ച് നീക്കാമെന്നും അല്ലാത്തപക്ഷം ഡിപ്പാർട്ട്മെന്റലായി പൊളിച്ചു നീക്കുന്നതിന് തടസ്സമില്ലന്നും കക്ഷി അറിയിച്ചിട്ടുള്ളതായും വാടകക്കാരൻ സ്വന്തം നിലക്ക് പൊളിച്ചു നീക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഡിപ്പാർട്ട്മെന്റലായി പൊളിച്ചു നീക്കുന്നതിനായി നടപടി സ്വീകരിച്ചു വരവെ വാടകക്കാരൻ ബഹു. ട്രൈബ്യൂണലിൽ നിന്നും സ്റ്റേ വാങ്ങിയതിനാൽ തുടർ നടപടി സ്വീകരിക്കാൻ സാധിച്ചില്ലന്നാണ് മറുപടിയിൽ വിശദീകരിക്കുന്നത്. നഗരസഭാ സ്റ്റാന്റിങ്ങ് കൗൺസിലിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ വാടക കരാർ പുതുക്കുന്നില്ലെന്നും 25.04.2023 ലെ 15ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 2023-24 സാമ്പത്തിക വർഷം മുതൽ ടി കെട്ടിടത്തിലെ കടമുറികൾക്ക് വാടക വർദ്ധനവ് വരുത്തിയിട്ടില്ലെന്നും മറുപടിയിൽ വിശദീകരിക്കുന്നുണ്ട്. എന്നാൽ മേല്പറഞ്ഞ ഓഡിറ്റ് എൻക്വയറിയിലെ കൂടുതൽ പ്രാധാന്യമർഹിക്കുന്ന ക്രമ നമ്പർ 5, 6 എന്നിവക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ 7 നുള്ള മറുപടിയിൽ വാടകക്കാരൻ ബഹു്. ട്രിബ്യൂണലിൽ നിന്നും സ്റ്റേ വാങ്ങിയതിനാൽ സഹകരണ സംഘം രജിസ്ട്രാറുടേയോ സഹകരണ വകുപ്പിന്റേയോ ശ്രദ്ധയിൽപ്പെടുത്തി പ്രശ്നപരിഹാരത്തിന് സാധിച്ചില്ലെന്നാണ് വിശദീകരിക്കുന്നത്.

മേല്പറഞ്ഞിരിക്കുന്ന വിശദീകരണങ്ങൾ അംഗീകരിക്കാവുന്നതല്ല. ഈ കെട്ടിടം കാലപ്പഴക്കം മൂലം അപകടാവസ്ഥയിലാണെന്നും വിള്ളലുണ്ടെന്നും 17.03.2021 തീയതിയിൽ നഗരസഭാ ഓവർസീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 17.05.2021 ലെ കൗൺസിൽ വാടകക്കാരെ പൂർണ്ണമായും ഒഴിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളതുമാണ്. മാത്രവുമല്ല ഈ കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തി കീഴ്‌വാടകയ്ക്ക് കൊടുത്തിട്ടുള്ളതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ, ടി മുറിയുടെ മുൻഭാഗത്ത് അനധികൃതമായി ഷീറ്റ് കെട്ടിയിട്ടുള്ളതായും ഈ ഭാഗത്ത് രാത്രി കാലങ്ങളിൽ തട്ടുകട നടത്തുന്നതായും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കൽ നടപടി ആരംഭിച്ചിട്ടുള്ളതുമാണ്. ഇതിന്റെ ഭാഗമായി നഗരസഭ നൽകിയ നോട്ടീസിന്മേൽ വാടകക്കാരന്റെ വിശദീകരണം കേട്ട് അന്തിമ തീരുമാനമെടുക്കാൻ ബഹു. ഹൈക്കോടതി നഗരസഭാ സെക്രട്ടറിയോട് നിർദ്ദേശിക്കുകയായിരുന്നു. ബഹു. ഹൈക്കോടതി നിർദ്ദേശം ഇതാണെന്നിരിക്കെ ട്രിബ്യൂണലിൽ നിന്നും ഒഴിപ്പിക്കലിനെതിരെ സ്റ്റേ ലഭിക്കാനിടയായത് എങ്ങനെയെന്ന് വ്യക്തമല്ല. മാത്രവുമല്ല ഈ സ്റ്റേ ഒഴിവാക്കുന്നതിന് നഗരസഭ എന്തെങ്കിലും നടപടി സ്വീകരിച്ചതായി കാണുന്നുമില്ല. ഈ സാഹചര്യത്തിൽ അപകടാവസ്ഥയിലുള്ളതും അനധികൃത നിർമ്മാണം നടത്തി വ്യാപാരം നടത്തുന്നതുമായ കെട്ടിടം ഒഴിപ്പിക്കുന്നതിന് അടിയന്തിര നടപടി ഉണ്ടാകേണ്ടതാണ്.

**1-37 ഹരിതകർമ്മസേന യുടെ പ്രവർത്തനം-മാലിന്യനിർമ്മാർജ്ജനത്തിൽ ഒതുങ്ങുന്നു.**

കുടുംബശ്രീ വനിതകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ മാലിന്യ സംസ്കരണത്തിലൂടെ മണ്ണ്, ജലം എന്നിവയുടെ സംരക്ഷണവും ജൈവകൃഷിക്ക് പ്രോത്സാഹനവും നൽകിക്കൊണ്ട് ഹരിതകർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന രേഖ (സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ നടപടി ക്രമം ഉത്തരവ് നം10394 D-2017/KSHO Lതീയതി 23.04.2018) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

മേൽ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള ചുമതലകളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1) ഹരിത കർമ്മസേനയുടെ മാലിന്യ സംസ്കരണ സേവനങ്ങൾക്കുള്ള യൂസർഫീ കളക്ഷന് വേണ്ട സാഹചര്യം ഒരുക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനമാണ്. യൂസർഫീ കളക്ഷൻ നടത്തുമ്പോൾ തദ്ദേശ സ്ഥാപനത്തിന്റെ മേൽ നോട്ടത്തിൽ ബിൽ ബുക്ക് പ്രിന്റ് ചെയ്ത് സീൽ പതിച്ച് യൂസർ ഫീസ് എത്രയെന്ന് കൃത്യമായി രേഖപ്പെടുത്തി ശേഖരിക്കേണ്ടതാണ്.

2)ഫീസിളവ് അനുവദിക്കപ്പെട്ട വിഭാഗങ്ങൾക്കുള്ള യൂസർഫീ തദ്ദശ സ്വയംഭരണ സ്ഥാപനം നൽകേണ്ടതാണ്.

3)വാണിജ്യസ്ഥാപനങ്ങൾ,മറ്റ് പൊതുപരിപാടികൾ എന്നിവയിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം ഉറപ്പുവരുത്തുക നടപടികൾ സ്വീകരിക്കുക

4) ഹരിതകർമ്മസേനയുടെ സാമ്പത്തിക വളർച്ചക്ക് ഉതകുന്ന സംരംഭക സാധ്യതകൾ,പ്രവർത്തനങ്ങൾ കണ്ടെത്തി നൽകുക

ആലുവ നഗരസഭയിൽ വർഷങ്ങളായി ഹരിതകർമ്മ സേന പ്രവർത്തിക്കുന്നുണ്ടെങ്കിലും അജൈവ മാലിന്യങ്ങളുടെ ശേഖരണം മാത്രമാണ് കാര്യക്ഷമമായി നടക്കുന്നത്. അജൈവമാലിന്യ സംസ്കരണത്തിന് പ്രവർത്തന ക്ഷമമായ പദ്ധതികളില്ല. ശേഖരിക്കുന്ന മാലിന്യങ്ങൾ തരം തിരിച്ച് എം.സി.എഫിൽ സൂക്ഷിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ടെങ്കിലും സംരംഭങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല.കൃഷിയിടങ്ങൾ താരതമ്യേന കുറവായ ആലുവ നഗരസഭയിൽ ഹരിത കർമ്മസേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി ഗ്രോബാഗ് ,മട്ടുപ്പാവ് കൃഷികൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.നഗരസഭ വക രണ്ട് ടൗൺ ഹാളുകളിൽ നടക്കുന്ന സ്വകാര്യ പൊതുപരിപാടികളിലെ മാലിന്യ സംസ്കരണം വരുമാന മാർഗത്തിനായി ഹരിതകർമ്മ സേന കൺസോർഷ്യത്തിന് ഏറ്റെടുക്കാവുന്നതാണ്.

ഹരിതകർമ്മസേന യൂസർഫീ പിരിക്കുന്നതിന് ഉപയോഗിക്കുന്ന രസീത് സംബന്ധിച്ചും

ഫീസിളവ് അനുവദിക്കപ്പെട്ട വിഭാഗങ്ങൾക്കുള്ള യൂസർഫീ സംബന്ധിച്ചും വിവരങ്ങളാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.29/എം. 3/2022-23 തീയതി 05.09.2023)നഗരസഭ മറുപടി നൽകിയിട്ടില്ല.

**1-38 സ്ഥലം അക്വയർ ചെയ്തതിന് നഷ്ടപരിഹാരം നൽകിയതിലെ കൃത്യതയില്ലായ്മ**

| | | | |
|---|---|---|---|
| സൂചന | : | 1) | വൗച്ചർ നമ്പർ - 95-8/22, ഫയൽ നമ്പർ - E4/13058/91 |
| | | 2) | റവന്യൂ ഡിവിഷണൽ ഓഫീസ്, ഫോർട്ട് കൊച്ചിയിൽ നിന്നുള്ള 19.07.2008 തീയതിയിലെ ഇ 7512/91 കത്ത്. |
| | | 3) | റവന്യൂ ഡിവിഷണൽ ഓഫീസ്, ഫോർട്ട് കൊച്ചിയിൽ നിന്നും 10.03.2015 തീയതിയിലെ ഇ-7512/1991 കത്ത്. |
| | | 4) | റവന്യൂ ഡിവിഷണൽ ഓഫീസ്, ഫോർട്ട് കൊച്ചിയിൽ നിന്നും 02.06.2020 തീയതിയിലെ ഇ-7512/1991 കത്ത്. |

മുനിസിപ്പൽ ബസ് സ്റ്റാന്റ് കം ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പറവൂർ സബ് കോടതിയിൽ നിലവിലുണ്ടായിരുന്ന കേസിൽ ശ്രീമതി. റോസ, W/O കൂരൻ മാത്യൂ എന്നയാൾക്കുള്ള നഷ്ടപരിഹാരത്തുക 6,79,368/- രൂപ 2022 സെപ്റ്റംബർ മാസത്തെ വൗച്ചർ നമ്പർ 95 പ്രകാരം പറവൂർ പ്രിൻസിപ്പൽ സബ് കോടതിയിൽ ഒടുക്കിയിട്ടുണ്ട്. LAR കേസ് 94/84 ന്റെ എക്സിക്യൂഷന്റെ ഭാഗമായാണ് തുക ഒടുക്കിയത്. മേല്പറഞ്ഞ വ്യക്തിയുടേയും കൂരൻ തൊമ്മൻ വർഗീസ് എന്ന വ്യക്തിയുടേയും ഉടമസ്ഥതയിലുണ്ടായിരുന്ന 7.28 ആർ വസ്തു നഗരസഭ ഏറ്റെടുത്തതിനുള്ള പ്രതിഫലമായി ഒരു ആറിന് 9900/- രൂപയാണ് ലാന്റ് അക്വിസിഷൻ ഓഫീസർ കണക്കാക്കിയത്. പിന്നീട് കോടതി 32,500/- രൂപയാണ് ഒരു ആറിന് നിശ്ചയിച്ചത്. ഇതിൻ പ്രകാരം ഒരു ആറിന് 22,600/- രൂപ നിരക്കിലാണ് അധികം നൽകേണ്ടിയിരുന്നത്. CMP No.7397/92 In LAA- 518/92 Dtd 29.09.1992 കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡിക്രീ തുകയുടെ 50% തുക കോടതിയിൽ കെട്ടിവെക്കണമെന്ന നിർദ്ദേശത്തെ തുടർന്ന് 07.11.1992 തീയതിയിൽ 4,00,178/- രൂപ (DD No.527558 Dtd 07.11.92) കോടതിയിൽ ഒടുക്കിയിരുന്നു. ഈ തുക കണക്കാക്കിയത് താഴെ പറയും പ്രകാരമാണെന്നാണ് നോട്ട് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

| | |
|---|---|
| Enhanced Land Value – 22600x7.28 | 1,64,528.00 |

| | |
|---|---|
| 12% Addl.Amount On The Market Value From 25.01.81 To 17.08.83(935 Days) | 1,05,335.59 |
| 30% Solatium For Enhanced Amount [164528 X 30%] | 49,358.40 |
| Addl. 15% To The Award Amount | 25,127.55 |
| **Total** | **3,44,349.54** |
| 9% Interest For One Year From 18.08.83 To 17.08.84 [ 344349.54 X 9/100] | 30,991.46 |
| 15% Interest From 18.08.84 To 07.11.92 | 4,24,516.94 |
| Court Cost Due To Claimant | 498.00 |
| **Total** | **8,00,355.94** |

മേല്പറഞ്ഞ തുകയുടെ 50 ശതമാനമായ 4,00,178.00 രൂപയാണ് കോടതിയിൽ ഒടുക്കിയത്. എന്നാൽ മേല്പറഞ്ഞ കണക്കിൽ അപാകതയുണ്ട്. 12 % Addl.Amount On The Market Value From 25.01.81 To 17.08.83 (935 Days) 1,05,335.59 രൂപയെന്നാണ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഇത് 50,575.46 (164528x12%/935/365) രൂപയാണ് യഥാർത്ഥത്തിൽ വരേണ്ടത്. കൂടാതെ 15% To The Award Amount 25,127.55 രൂപയെന്ന് കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമല്ല. തുടർന്നുള്ള സൂചന 3, 4 കത്തുകളോടൊപ്പമുള്ള സ്റ്റേറ്റ്മെന്റുകളിൽ ഈ തുക ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നുമില്ല. റവന്യൂ ഡിവിഷണൽ ഓഫീസ്, ഫോർട്ട് കൊച്ചിയിൽ നിന്നുള്ള സൂചന (2) കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 04.09.2008 ൽ DD No.320348 പ്രകാരം 2,84,318.00 രൂപയും പറവൂർ പ്രിൻസിപ്പൽ സബ് കോടതിയിൽ ഒടുക്കിയിട്ടുണ്ട്. ഈ തുക ഒടുക്കിയത് റവന്യൂ ഡിവിഷണൽ ഓഫീസറുടെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമാണ്. ഈ സ്റ്റേറ്റ്മെന്റ് പ്രകാരം തുക കണക്കാക്കിയത് താഴെ ചേർക്കുന്നു.

| Item | Land & Structural Value | Solatium, Addl.Land Value & Court Cost | Interest |
|---|---|---|---|
| Enhanced Land Value @ 22600/- Per Are For 7.28 Ares | 164528.00 | | |
| 30% Solatium | | 49358.40 | |
| 12% Addl.Land Value On Rs.164528/- From 25.01.81 To 17.08.1983(935 Days) | | 50575.46 | |

| | | | |
|---|---|---|---|
| Addl.15% To The Award Amount | | 25127.55 | |
| **Total** | **164528.00** | **125061.41** | |
| 9% Interest On The Enhanced Compensation Of 297589.41 From 18.08.83 To 17.08.84(one Year) | | | 26783.04 |
| 15% Interest On The Enhanced Compensation From 18.08.84 To 09.11.92 (3006 Days) | | | 367624.84 |
| **Total** | **164528.00** | **125061.41** | **394407.88** |
| Court Cost To The Claimant | | 498.00 | |
| | 164528.00 | 125559.41 | 394407.88 |
| Amount Deposited On 09.11.1992 Rs.400178.00 | 164528.00 | 125559.41 | 110090.59 |
| **Balance To Be Paid** | **Nil** | **Nil** | **284317.29** |

09.11.1992 വരെയുള്ള കുടിശ്ശികയായ 2,84,318.00 രൂപയാണ് 04.09.2008 ൽ കോടതിയിൽ ഒടുക്കിയത്. പിന്നീട് 07.04.2015 വരെ ഈ കേസ് സംബന്ധിച്ച് തുടർ നടപടിയൊന്നും ഉണ്ടായതായി ഫയൽ പരിശോധിച്ചതിൽ കാണുന്നില്ല.

റവന്യൂ ഡിവിഷണൽ ഓഫീസ്, ഫോർട്ട് കൊച്ചിയിൽ നിന്നുള്ള സൂചന (3) കത്തിനൊപ്പമുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം 8,40,343/- രൂപ കോമ്പൻസേഷൻ വിധിക്കടത്തിൽ നിന്നും 7,53,609/- രൂപ വിധിക്കടം കോടതിയിലും 86,734/- രൂപ ഇൻകം ടാക്സും ഒടുക്കാനാണ് ആവശ്യപ്പെട്ടത്. എന്നാൽ ഈ സ്റ്റേറ്റ്മെന്റിൽ അപാകതകളുണ്ടെന്നാണ് മനസ്സിലാകുന്നത്. ഈ സ്റ്റേറ്റ്മെന്റിൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ സൂചന (2) കത്തിനൊപ്പമുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം 04.09.2008 ൽ കോടതിയിൽ ഒടുക്കിയ 2,84,318/- രൂപ കുറച്ചതായി കാണുന്നില്ല. അതിനാൽ തന്നെ 4,00,178/- ഒടുക്കിയശേഷം കുടിശ്ശികയായി 1,92,648/- ഒടുക്കാൻ ബാക്കിയുള്ളതായി കണക്കാക്കി ആയതിന് 8181 ദിവസത്തേക്ക് 15% പലിശയും കണക്കാക്കിയാണ് സൂചന (3) കത്തിനൊപ്പമുള്ള സ്റ്റേറ്റ്മെന്റിൽ വിധിക്കടം നിർണ്ണയിച്ചത്. എന്നാൽ ഈ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക നഗരസഭ ഒടുക്കിയിട്ടില്ല. സ്റ്റേറ്റ്മെന്റിലെ അപാകത ബഹു. ജില്ലാ കളക്ടറുടേയും കോടതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നതിനോടൊപ്പം ഈ കേസുമായി ബന്ധപ്പെട്ട് തുകയൊന്നും ഒടുക്കേണ്ടതില്ലന്നുമാണ് നഗരസഭ കത്തും അനുബന്ധ രേഖകളും സഹിതം ജില്ലാ കളക്ടറെയും ഗവ. പ്ലീഡറേയും അറിയിച്ചിട്ടുള്ളത്.

05.08.2015 ൽ ബഹു. ജില്ലാ കളക്ടർ, പറവൂർ അഡീഷണൽ ഗവൺമെന്റ് പ്ലീഡർക്ക് അയച്ച കത്തിന്റെ പകർപ്പ് നഗരസഭാ കാര്യാലയത്തിലേക്കും ലഭ്യമാക്കിയിട്ടുണ്ട്. ഈ കത്തിൽ വിധിക്കടം ഈടാക്കുന്നതിനായി ജംഗമ ജപ്തി പട്ടിക പ്രകാരം ജപ്തി ചെയ്ത് ലേലം ചെയ്ത് പണം ഈടാക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്നും ടി കേസ് പ്രതിരോധിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർന്ന് ജില്ലാ കളക്ടർക്കും ഗവ. പ്ലീഡർക്കും വിവരങ്ങൾ ധരിപ്പിക്കുന്നതിനായി നഗരസഭയിൽ നിന്നും കത്തുകൾ നൽകിയിട്ടുണ്ട്.

7.28 ആറ് സ്ഥലത്തിന്റെ വിധിക്കടത്തിന് അർഹരായ രണ്ടു പേരിൽ ഒരാളായ B ക്ലെയിമെന്റ് റോസ, W/O കുരൻ മാത്യു 2016 ജൂൺ 22 ന് പറവൂർ അഡീഷണൽ സബ് കോടതി മുമ്പാകെ പുതുക്കിയ ഹർജി ഫയൽ ചെയ്തു. നഗരസഭ കോടതിയിൽ കെട്ടിവെച്ച തുകയിൽ നിന്നും C ക്ലെയിമെന്റ് കുരൻ തൊമ്മി വർഗീസ്, ടിയാന് അർഹമായ തുക കൈപ്പറ്റിയതായി അറിഞ്ഞ സാഹചര്യത്തിൽ, മരണപ്പെട്ട കുരൻ വർഗീസിന്റെ അവകാശികളേയും കേരള സർക്കാരിനേയും, ആലുവ നഗരസഭയേയും കക്ഷി ചേർത്ത് തനിക്കുള്ള വിഹിതത്തിനായി പുതിയ വിധി നടത്ത് ഹർജി ഫയൽ ചെയ്യുകയായിരുന്നു. ഈ ഹർജിയിൽ തനിക്ക് അർഹമായ 4.86 ആർ സ്ഥലത്തിന്റെ വിഹിതമായാണ് 6,79,368/- രൂപ വിധി ഉടമസ്ഥ ജപ്തി പട്ടികയിൽ പരാമർശിച്ചിരിക്കുന്നത്. ഈ തുകയാണ് നഗരസഭയിൽ നിന്നും ഒടുക്കിയിരിക്കുന്നത്. കേസിന്റെ ആരംഭകാലം മുതൽ അഡ്വ.വി.എം. കുര്യനാണ് നഗരസഭക്കുവേണ്ടി കേസ് നടത്തിയിരുന്നത്. എന്നാൽ പുതിയ വിധി നടത്ത് ഹർജിയിൽ അഡ്വ. ശ്രീശകുമാറിനാണ് നഗരസഭ വക്കാലത്ത് നൽകിയത്. വക്കാലത്തും വസ്തുതാ വിവരണ പത്രികയും ഒപ്പു വച്ച് ഉപരിപത്ര സഹിതം അയച്ചു നൽകിയ 01.09.2016 മുതൽ 16.06.2020 വരെയുള്ള കേസ് വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. റവന്യൂ ഡിവിഷണൽ ഓഫീസ്, ഫോർട്ട് കൊച്ചിയിൽ നിന്നും 02.06.2020 തീയതിയിലെ സൂചന (4) കത്തിൽ അറ്റാച്ച്മെന്റ് പെറ്റീഷൻ കോടതി പരിഗണനയിലാണെന്നും തുക അടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക ഒടുക്കണമെന്നും സബ് കളക്ടർ അറിയിച്ചിട്ടുണ്ട്. ഈ കാൽക്കുലേഷൻ

സ്റ്റേറ്റ്മെന്റ് പ്രകാരം 30.06.2020 വരെയുള്ള വിധിക്കടം 6,13,600/- രൂപയാണ്.

വിശദവിവരം താഴെ ചേർക്കുന്നു.

| Item | Land & Structural Value | Solatium, Addl.Land Value & Court Cost | Interest |
|---|---|---|---|
| Enhanced Land Value @ 22600/- Per Are For 7.28 Ares | 164528.00 | | |
| 30% Solatium | | 49358.40 | |
| 12% Addl.Land Value On Rs.164528/- From 25.01.81 To 17.08.1983(935 Days) | | 50575.46 | |
| **Total** | **164528.00** | **99933.86** | |
| 9% Interest On The Enhanced Compensation Of 264461.86 From 18.08.83 To 17.08.84(one Year) | | | 23801.57 |
| 15% Interest On The Enhanced Compensation From 18.08.84 To 09.11.92 (3006 Days) [264461.86 X 15% X 3006/365] | | | 326700.97 |
| Court Cost To The Claimant | | 498.00 | |
| **Total** | **164528.00** | **100431.86** | **350502.54** |
| Amount Deposited On 09.11.1992 Rs.400178.00 | | | 400178/- |
| **Balance** | **164528.00** | **50756.40** | **Nil** |
| 15% Interest On164528 From 10.11.92 To 04.09.2008 (5778 Days) | | | 390607.50 |
| **Total** | **164528.00** | **50756.40** | **390607.50** |
| Amount Deposited On 04.09.08 As Per DD No.320348 Rs.284318/- | | | 284318.00 |
| Balance | 164528.00 | 50756.40 | 106357.12 |
| 15% Interest On 164528/- From 05.09.08 To 30.06.2020 (4318 Days) | | | 291958.32 |
| **Total** | **164528.00** | **50756.40** | **398315.44** |
| **Grand Total - 613599.84** | | | |

മേല്പറഞ്ഞ സ്റ്റേറ്റ്മെന്റ് പ്രകാരം 30.06.2020 വരെയുള്ള വിധിക്കടം 6,13,600/- രൂപയാണ്. നഗരസഭ മുമ്പ് നൽകിയ രണ്ട് അടവുകളും കിഴിച്ചുള്ള തുകയാണ് സ്റ്റേറ്റ്മെന്റിൽ കണക്കാക്കിയിരിക്കുന്നത്. ഈ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക ഒടുക്കുന്നതിന് സബ് കളക്ടറുടെ കത്ത് ലഭിച്ച സാഹചര്യത്തിൽ കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ വക്കീലുമായി സംസാരിക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ലെന്നും 03.07.2020 -ന് കത്ത് നൽകിയതായും കാണുന്നു. എന്നാൽ ഈ കത്തിന് മറുപടി ലഭിച്ചിട്ടില്ല. പിന്നീട് രണ്ട് വർഷങ്ങൾക്ക് ശേഷം 03.08.2022 ൽ 6,79,868/- രൂപയുടെ കോർട്ട് അറ്റാച്ച്മെന്റ് ഉള്ളതായി അഡ്വക്കേറ്റ് അറിയിച്ചതായാണ് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കോർട്ട് അറ്റാച്ച്മെന്റ് സംബന്ധിച്ച് കോടതിയിൽ നിന്നുള്ള അറിയിപ്പൊന്നും ഫയലിൽ കാണുന്നില്ല. വിധി ഉടമസ്ഥ കോടതിൽ സമർപ്പിച്ച അപേക്ഷയിൽ പറയും പ്രകാരമുള്ള തുകയെ സംബന്ധിച്ച് നഗരസഭയുടെ വക്കീൽ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ വൗച്ചർ നമ്പർ 95/8-22 പ്രകാരം 6,79,868/- രൂപ ഒടുക്കിയിരിക്കുന്നത്. 1992 ൽ ആരംഭിച്ച കേസ്സിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. വർഷങ്ങളോളം കേസ് നടപടികളെക്കുറിച്ച് യാതൊരു വിവരം ഇല്ലാതിരിക്കുകയും വക്കീൽ ഓഫീസിൽ നിന്നുള്ള നിർദ്ദേശത്തെ തുടർന്ന് തുടർ നടപടി സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. ഇപ്പോഴും നടപടി തുടരുന്ന കേസ്സിന്റെ ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്ന കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 05/M2/2022-23 തീയതി 11.10.2022 നൽകിയിരുന്നു.

1). 07.11.1992 ൽ നഗരസഭ 400178/- രൂപ ഒടുക്കിയതിന്റെ കാൽക്കുലേഷനിൽ അപാകതമുണ്ടായിരുന്നു. 12% Addl.Amount On The Market Value From 25.01.81 To 17.08.83(935 Days) - 105335.59 രൂപയെന്നാണ് കണക്കാക്കിയത്. സൂചന (2) കത്തിനൊപ്പമുള്ള സ്റ്റേറ്റ്മെന്റിൽ ഇത് 50575.46 രൂപയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അപാകത മൂലം ആദ്യ ഇൻസ്റ്റാൾമെന്റിൽ കൂടുതൽ തുക ഒടുക്കേണ്ടി വന്നിട്ടും നഗരസഭയിൽ നിന്നും ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

2). നഗരസഭ ആദ്യ രണ്ട് ഇൻസ്റ്റാൾമെന്റ് തുക അടച്ചപ്പോളും Addl.15% To The Award Amount – 25127.55 രൂപ കൂടി കൂട്ടിയാണ് തുക കണക്കാക്കിയത്. എന്നാൽ സൂചന (3), (4) കത്തുകൾക്കൊപ്പമുള്ള സ്റ്റേറ്റ്മെന്റിൽ ഈ തുക കാണുന്നില്ല. ഇതുമൂലം രണ്ടാമത്തെ ഇൻസ്റ്റാൾമെന്റിൽ കൂടുതൽ തുക ഒടുക്കേണ്ടി വന്നിട്ടും ഇക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

3). നഗരസഭയിൽ നിന്നും രണ്ടാം ഇൻസ്റ്റാൾമെന്റായി 09.11.1992 വരെയുള്ള കുടിശ്ശികയായ 2,84,318.00 രൂപയാണ് 04.09.2008 ൽ കോടതിയിൽ ഒടുക്കിയത്. 09.11.1992 മുതൽ 04.09.2008 വരെയുള്ള പലിശ ഈ സമയത്ത് ഒടുക്കാൻ ബാക്കിയുണ്ടായിരുന്നു. നഗരസഭയിൽ നിന്നും പിന്നീട് നടത്തിയ കത്തിടപാടുകളിൽ ഈ കേസുമായി ബന്ധപ്പെട്ട കോമ്പൻസേഷൻ പൂർണ്ണമായും കൊടുത്തതായാണ് പറയുന്നത്. മാത്രവുമല്ല പിന്നീട് 07.04.2015 വരെ ഈ കേസുമായി ബന്ധപ്പെട്ട് നടപടികളൊന്നും ഉണ്ടായിട്ടില്ല. 07.11.1992ൽ 4,00,178/- രൂപ ഒടുക്കിയ ശേഷം ബാക്കി ഒടുക്കാനുണ്ടായിരുന്ന 2,84,318/- രൂപക്ക് 07.11.1992 മുതൽ തുക ഒടുക്കിയ തീയതിയായ 04.09.2008 വരെയുള്ള പലിശയും കൂടി ഒടുക്കിയിരുന്നെങ്കിൽ നഗരസഭക്ക് പിന്നീട് തുകയൊന്നും ഒടുക്കേണ്ടി വരുമായിരുന്നില്ല. അതായത് 2,84,318/- രൂപക്ക് 09.11.1992 മുതലുള്ള പലിശയാണ് നഗരസഭ ഇപ്പോൾ ഒടുക്കിയിരിക്കുന്നതെന്നാണ് മനസ്സിലാകുന്നത്.

4). 04.09.2008 ൽ രണ്ടാം ഇൻസ്റ്റാൾമെന്റ് തുക ഒടുക്കിയ ശേഷം സൂചന (3) കത്ത് ലഭിക്കുമ്പോൾ 2015 ലാണ് നഗരസഭ തുടർ നടപടികൾ സ്വീകരിക്കുന്നത്. 04.09.2008 ൽ തുക ഒടുക്കിയതോടെ മുഴുവൻ കോമ്പൻസേഷൻ തുകയും ഒടുക്കിയെന്ന ധാരണയിൽ കേസിന്റെ തുടർ കാര്യങ്ങൾ ബന്ധപ്പെട്ടവർ അന്വേഷിച്ചിരുന്നില്ല. പിന്നീട് റവന്യൂ ഡിവിഷണൽ ഓഫീസ്, ഫോർട്ട് കൊച്ചിയിൽ നിന്നുള്ള കത്തുകളിൽ നിന്നാണ് കുടിശ്ശികയുള്ള കാര്യം നഗരസഭാ അധികൃതർ ശ്രദ്ധിക്കുന്നത്. ഇക്കാര്യം നഗരസഭയുടെ തുടർന്നുള്ള കത്തിടപാടുകളിൽ നിന്നും വ്യക്തമാണ്. ഇക്കാരണത്താൽ തന്നെ നാളിതുവരെയുള്ള പലിശയായി വൻതുക കൊടുക്കേണ്ടി വന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും കേസ് നടത്തിയ വക്കീലിന്റേയും വീഴ്ചയാണ്.

5). 1992 മതൽ 2022 വരെയുള്ള കേസിന്റെ 30 വർഷത്തെ ചരിത്രത്തിൽ 2008 മുതൽ 2015 വരെയും 2016 മുതൽ 2020 വരെയും 03.07.2020 മുതൽ 03.08.2022 വരെയും കേസിന്റെ തുടർ നടപടികൾ ഫയലിൽ ലഭ്യമല്ല. ഇക്കാലയളവിൽ കേസ് സംബന്ധിച്ച അന്വേഷണങ്ങളൊന്നും ഉണ്ടായിട്ടില്ല എന്നാണ് മനസ്സിലാകുന്നത്. കേസിനെ അർഹിക്കുന്ന പ്രാധാന്യത്തോടെ കണ്ടിട്ടില്ല എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്.

6). വിധിക്കടത്തിന് അർഹരായ രണ്ടു പേരിൽ ഒരാളായ B ക്ലെയിമെന്റ് റോസ, W/O കുരൻ മാത്യു 2016 ജൂൺ 22 ന് സമർപ്പിച്ച പുതുക്കിയ വിധി നടത്ത് ഹർജിയിൽ തനിക്ക് അർഹമായ 4.86 ആർ സ്ഥലത്തിന്റെ വിഹിതമായാണ് 6,79,368/- രൂപ വിധി ഉടമസ്ഥ ജപ്തി പട്ടികയിൽ പരാമർശിച്ചിരിക്കുന്നത്. ഈ തുകയാണ് നഗരസഭയിൽ നിന്നും ഒടുക്കിയിരിക്കുന്നത്. എന്നാൽ ഈ തുക എങ്ങനെ കണക്കാക്കി എന്ന് വ്യക്തമല്ല. ഇത്രയും തുക ഒടുക്കാൻ നിർദ്ദേശിച്ചുകൊണ്ട് കോടതി ഉത്തരവുള്ളതായി കാണുന്നില്ല. കൃത്യത ഉറപ്പ് വരുത്താതെ വിധി ഉടമസ്ഥയുടെ ജപ്തി പട്ടികയിൽ പറയും പ്രകാരമുള്ള തുകയാണ് നഗരസഭ ഒടുക്കിയിരിക്കുന്നത്. സൂചന (4) കത്തിന്റെ ഒപ്പമുള്ള കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിൽ 6,13,600/- രൂപയാണ് 7.28 ആറിന്റെ 30.06.2020 വരെയുള്ള വിധിക്കടം. ഈ തുകക്ക്, തുക ഒടുക്കിയ തീയതിയായ 26.08.2022 വരെയുള്ള പലിശ കണക്കാക്കി 4.86 ആറ് സ്ഥലത്തിന്റെ വിഹിതം കണക്കാക്കുമ്പോൾ 6,79,368/- രൂപക്ക് മേല്പറഞ്ഞ ക്ലെയിമെന്റിന് അർഹതയുള്ളതായി കാണുന്നില്ല. റവന്യൂ ഡിവിഷണൽ ഓഫീസ്, ഫോർട്ട് കൊച്ചിയിൽ നിന്നും അവസാനം ലഭ്യമായ സൂചന (4) കത്തിനൊപ്പമുള്ള കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിനെ അടിസ്ഥാനപ്പെടുത്തി കണക്കാക്കുമ്പോൾ തുക ഒടുക്കിയ തീയതിയായ 26.08.2022 വരെയുള്ള പലിശകൂടി കണക്കാക്കി ആയതിന്റെ 4.86 ആർ സ്ഥലത്തിന് അർഹമായ തുകയാണ് B ക്ലെയിമെന്റിന് നൽകേണ്ടത്.

7). 4.86 ആർ സ്ഥലത്തിന്റെ വിഹിതം 6,79,368/- രൂപ B ക്ലെയിമെന്റിനായി കോടതിയിൽ ഒടുക്കുന്നതിന് മുമ്പ് തുകയുടെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. കൂടാതെ C ക്ലെയിമെന്റിന്റെ വിഹിതം കോടതി മുഖേനയോ അല്ലാതേയോ കൊടുത്തു തീർത്തോ എന്നും നിലവിൽ കേസിൽ തുടർനടപടികളുണ്ടോയെന്നും വ്യക്തമല്ല..

മേല്പറഞ്ഞ ഓഡിറ്റ് അന്വേഷണങ്ങൾക്ക് നൽകിയ വിശദീകരണത്തിൽ LAR 94/84 കേസ് വിധിയായിട്ടുള്ളതായ് ഫോൺ സന്ദേശം ലഭിച്ചിട്ടുണ്ടെന്നും ഡിക്രി സാറ്റിസ്ഫാക്ഷൻ ഓർഡർ ലഭിക്കുന്ന മുറക്ക് ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്നും മാത്രമാണ് മറുപടി നൽകിയിട്ടുള്ളത്.

**1-39 അനധികൃതമായി നഗരസഭാ റോഡ് കയ്യേറി**

| | | |
|---|---|---|
| സൂചന | : | ഫയൽ നമ്പർ - ഇ1-2443/22 |

ആലുവ പാലസ് റോഡിന് വടക്ക് വശം സ്ഥിതി ചെയ്യുന്നതും ആലുവ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതും ആലുവ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്കുള്ള ഏക ആഗമന മാർഗ്ഗവുമായ റോഡ് കേരള മുനിസിപ്പാലിറ്റി ആക്ട് 1994 വകുപ്പ് 207, 208 എ പ്രകാരം ആലുവ നഗരസഭയിൽ നിക്ഷിപ്തമായിട്ടുള്ളതാണ്. ആലുവ വെസ്റ്റ് വില്ലേജിലെ ബേസിക് ടാക്സ് രജിസ്റ്റർ പ്രകാരം ആലുവ വെസ്റ്റ് വില്ലേജ് റീ സർവ്വേ ബ്ലോക്ക് നമ്പർ ടൗൺ 37 -ൽ സർവ്വേ 25 -ൽ പ്പെട്ട 22.80 ആർ ഭൂമി സർക്കാർ പുറമ്പോക്ക് – സർക്കാർ തോട് എന്നും സർവ്വേ 27 -ൽ സർക്കാർ പുറമ്പോക്ക് - സർക്കാർ വഴി എന്നും രേഖപ്പെടുത്തി ആലുവ വെസ്റ്റ് വില്ലേജ് ഓഫീസർ ലൊക്കേഷൻ സ്കെച്ച് നൽകിയിട്ടുള്ളതാണ്. 2021-22 – ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മേൽപ്പറഞ്ഞ റോഡ് പുനരുദ്ധാരണം നടത്തുന്നതിന്റെ ഭാഗമായി ഇന്റർലോക്ക് കട്ട വിരിക്കുകയും റോഡിന്റെ തുടക്ക ഭാഗത്ത് ആലുവ മുനിസിപ്പാലിറ്റിയുടെ നെയിം ബോർഡ് സ്ഥാപിക്കുന്നതിന് തൂണുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് തൂണുകളിൽ ബോർഡ് സ്ഥാപിച്ച് ആലുവ മുനിസിപ്പാലിറ്റിയുടെ നെയിം ബോർഡ് സ്ഥാപിക്കാനുള്ള നഗരസഭയുടെ ശ്രമം ഏതാനും പേർ ചേർന്ന് തടയുകയും നെയിം ബോർഡിൽ 'അദ്വൈതാശ്രമം' എന്ന പേര് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് അദ്വൈതാശ്രമം അധികാരികൾക്ക് നോട്ടീസ് നൽകിയെങ്കിലും ഈ വഴി അദ്വൈതാശ്രമത്തിന്റെ ഉടമസ്ഥതയിലുള്ളതും ആശ്രമത്തിലേക്ക് പ്രവേശനത്തിന് വേണ്ടി

മാത്രം ഉപയോഗിച്ച വന്നിരുന്നതുമാണെന്നാണ് മറുപടി നൽകിയിരിക്കുന്നത്. എന്നാൽ നഗരസഭയുടെ ഫണ്ട് ഉപയോഗിച്ച് റോഡിൽ ടൈൽ വിരിച്ചപ്പോൾ ആശ്രമം വക വസ്തുവാണെന്ന കാരണത്താൽ നിർമ്മാണ പ്രവർത്തി തടസ്സപ്പെടുത്തുന്നതിന് നിയമപരമായോ അല്ലാതെയോ ആശ്രമം അധികാരികൾ ശ്രമിച്ചതായി കാണുന്നില്ല. നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഈ റോഡ് ഉൾപ്പെടുത്തുന്നതിന് ആധാരമാക്കിയ രേഖകൾ ഒന്നും ഫയലിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഏത് രേഖകളുടെ അടിസ്ഥാനത്തിലാണ് ഈ റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും നഗരസഭയിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നിരുന്നാലും കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994 വകുപ്പ് 207, 208 എ പ്രകാരം സർക്കാർ പുറമ്പോക്ക് - സർക്കാർ തോട്, സർക്കാർ പുറമ്പോക്ക് - സർക്കാർ വഴി എന്ന നിലയിൽ ഈ വഴിയുടെ ഉടമസ്ഥാവകാശം ആലുവ നഗരസഭയിൽ നിക്ഷിപ്തമായിട്ടുള്ളതാണെന്നത്.

ഈ വഴിയിലുള്ള നഗരസഭയുടെ അവകാശം നഷ്ടമായാൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്കുള്ള പ്രവേശനമാർഗ്ഗം ഇല്ലാതാകും. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ദൈനംദിന നടത്തിപ്പിനും അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനും ഇത് തടസ്സം സൃഷ്ടിച്ചേക്കാം. മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള റോഡിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന 'അദ്വൈതാശ്രമം' എന്ന നെയിം ഫ്ലക്സ് നീക്കം ചെയ്യുന്നതിന് അദ്വൈതാശ്രമം സെക്രട്ടറിക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ ഇത് നീക്കം ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ അദ്വൈതാശ്രമത്തിന് നോട്ടീസ് നൽകുകയാണ് നഗരസഭ ചെയ്തിരിക്കുന്നത്. തുടർന്ന് എന്തെങ്കിലും നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഇത്തരത്തിൽ അനധികൃതമായി സ്ഥാപിച്ച നെയിം ബോർഡ് മാറ്റിയോ എന്നും എന്തെങ്കിലും നിയമനടപടി സ്വീകരിച്ചോ എന്നും നിലവിലെ സ്ഥിതി എന്തെന്നും വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ 27.07.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 21/M2/2022-23 ന് ലഭ്യമാക്കിയ മറുപടിയിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി മുമ്പ് രണ്ട് തവണ ടാറിങ്

ചെയ്തിട്ടുള്ളതും റോഡുമായി ബന്ധപ്പെട്ട് അന്നേരം യാതൊരു പരാതിയും ലഭ്യമായിട്ടില്ലന്ന് വിശദീകരിക്കുന്നു. റോഡ് ആശ്രമത്തിന്റെ അധീനതയിലുള്ളതാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുകയോ അല്ലാത്തപക്ഷം 'അദ്വൈതാശ്രമം' എന്ന നെയിം ഫ്ലക്സ് നീക്കം ചെയ്യണമെന്നും ആവശ്യപ്പെട്ട് നൽകിയ നോട്ടീസിനുള്ള മറുപടി തൃപ്തികരമല്ലന്നും നഗരസഭ എക്സികുട്ടീവ് എഞ്ചിനീയറുടെ മറുപടിയിൽ വിശദീകരിക്കുന്നു. നഗരസഭാ രേഖകളിലും വില്ലേജ് രേഖകളിലും സർക്കാർ പുറമ്പോക്ക് വഴി എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994 വകുപ്പ് 207, 208 എ പ്രകാരം ഉടമസ്ഥാവകാശം ആലുവ നഗരസഭയിൽ നിക്ഷിപ്തമായിട്ടുള്ളതും നഗരസഭാ ഫണ്ട് ഉപയോഗിച്ച് ടൈൽ വിരിക്കുകയും ചെയ്ത പൊതു റോഡ് സ്വകാര്യ വഴിയാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഇക്കാര്യത്തിൽ ഭരണസമിതി ഉചിതമായ തുടർനടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.7

**1-40 ABC പ്രോഗ്രാം നടപ്പാക്കുന്നതിന് ഭൗതിക സൗകര്യമില്ല**

| | | |
|---|---|---|
| സൂചന | :1) | സ.ഉ.(സാധാ) നം. 2065/2022/LSGD തീയതി 23.08.2022 |
| | 2) | സ.ഉ.(സാധാ) നം. 2244/2022/LSGD തീയതി 15.09.2022 |

സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന തെരുവുനായ ശല്യം പരിഹരിക്കുന്നതിന്റെ ഭാഗമായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (ABC Programme) നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രോജക്ടായാണ് പദ്ധതി നടപ്പാക്കേണ്ടത്. സംസ്ഥാനത്ത് തെരുവുനായയുടെ കടിയേൽക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന അടിയന്തിര സാഹചര്യം പരിഗണിച്ച് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തെരുവുനായകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിലവിലുള്ള

നിർദ്ദേശങ്ങൾക്ക് പുറമെ ഒരു അടിയന്തിര കർമ്മ പരിപാടി പ്രാദേശിക സർക്കാർ തലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സൂചന (2) പ്രകാരവും ഉത്തരവായിരുന്നു. ഇതിന്റെ ഭാഗമായി വെറ്ററിനറി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ABC കേന്ദ്രങ്ങൾ സജ്ജീകരിക്കൽ ഉൾപ്പെടെയുള്ള സ്പെഷ്യൽ പ്രോജക്റ്റുകൾ നടപ്പാക്കാൻ അനുമതിയും നൽകിയിരുന്നു. ഇത്തരം പ്രോജക്റ്റുകൾക്ക് ഡി.പി.സി ക്ലിയറൻസ് ആവശ്യമില്ലെന്നും വെറ്റിങ്ങ് ഓഫീസറുടെ അനുമതിയോടുകൂടി പദ്ധതി നിർവ്വഹണം നടത്താവുന്നതാണെന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

ആലുവ നഗരസഭയിൽ 2022-23 സാമ്പത്തിക വർഷം 50,000/- രൂപ വികസന ഫണ്ട് വകയിരുത്തി ABC പ്രോഗ്രാം (പ്രോജക്റ്റ് നമ്പർ SO 207/2023) എന്ന പ്രോജക്റ്റ് ആവിഷ്ക്കരിച്ചിരുന്നു. ഈ പ്രോജക്റ്റിന് 17.01.2023 ൽ ഭരണാനുമതിയും 09.02.2023 ൽ വെറ്റിങ്ങ് ഓഫീസറുടെ അംഗീകാരവും ലഭിച്ചിരുന്നു. എന്നാൽ ഈ പ്രോജക്റ്റ് നടപ്പാക്കാൻ സാധിച്ചില്ല. തെരുവുനായ ആക്രമണം രൂക്ഷമായ സാഹചര്യത്തിൽ, അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് സ്പെഷ്യൽ പ്രോജക്റ്റായി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ സർക്കാർ നിർദ്ദേശമുണ്ടായിരുന്നിട്ടും ഫണ്ട് വകയിരുത്തി ആംഗീകാരം വാങ്ങിയ പ്രോജക്റ്റ് നഗരസഭയിൽ നടപ്പാക്കാൻ കഴിയാതിരുന്നതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ 20.06.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ - 13/M2/2022-23 നുള്ള വെറ്ററിനറി സർജ്ജന്റെ മറുപടിയിൽ ABC പ്രോഗ്രാം നടപ്പാക്കുന്നതിന് ABC റൂൾസിലെ റൂൾ 6 പ്രകാരമുള്ള അടിസ്ഥാന സൗകര്യം ഒരുക്കണമെന്നും ഇതിന് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം വകയിരുത്തുന്ന 50,000/- രൂപ തികയില്ലെന്നും വിശദീകരിക്കുന്നു. വെറ്ററിനറി സർജ്ജന്റെ മറുപടി അംഗീകരിക്കുന്നതോടൊപ്പം ഇത്തരം അനിവാര്യ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം പ്രാധാന്യം നൽകേണ്ടതാണെന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു. ഫണ്ടിന്റെ അപര്യാപ്തതമൂലം അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംയുക്തമായി പ്രോജക്റ്റുകൾ ആവിഷ്ക്കരിക്കുന്നതിന്

ശ്രമിക്കാവുന്നതാണ്.

1-41 അപകടകരമായി നിൽക്കുന്ന മഴമരങ്ങൾ മുറിച്ചുമാറ്റുന്നതിൽ കാലതാമസം

PWD റോഡുകളിലേക്ക് അപകടകരമായ വിധത്തിൽ നിൽക്കുന്ന സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള മരങ്ങളും മരച്ചില്ലകളും മുറിച്ചുമാറ്റുന്നതിന് നടപടിയുണ്ടാകണമെന്ന് PWD റോഡ്സ് സെക്ഷൻ, ആലുവ അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ 07.05.2020 തീയതിയിലെ AG-GL/18 നമ്പർ കത്തിലൂടെയും പെരുമ്പാവൂർ ആലുവ റോഡിൽ ആലുവ നഗരസഭാ പരിധിയിൽ പാലസ് മുതൽ ശ്രീകൃഷ്ണ ടെമ്പിൾ വരെയുള്ള റോഡിന്റെ കാനകൾ പുതുക്കി നിർമ്മിച്ച് നടപ്പാത നിർമ്മിക്കുന്നതിനായി തടസ്സമായി 4 മരങ്ങൾ നിൽക്കുന്നുണ്ടെന്നും ടി മരങ്ങൾ വെട്ടി നീക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് PWD റോഡ്സ് സെക്ഷൻ, ആലുവ അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ 09.06.2020 തീയതിയിലെ 2020/959 നമ്പർ കത്ത് പ്രകാരവും നഗരസഭയോട് ആവശ്യപ്പെട്ടിരുന്നു. മേൽ സാഹചര്യത്തിൽ 28.05.2020 ൽ അപകടകരമായി വളർന്ന് നിൽക്കുന്ന മരങ്ങൾ മുറിച്ചു നീക്കുന്നതിനുള്ള നടപടികൾ നഗരസഭ ആരംഭിച്ചിരുന്നു. എറണാകുളം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ 28.10.2020 തീയതിയിലെ ഇ3-1340/2020 ഉത്തരവ് നടപടി ക്രമത്തിലൂടെ 2 മഴമരങ്ങളുടെ ചെറിയ ശിഖരങ്ങൾ നീക്കം ചെയ്യുന്നതിനും 2 മരങ്ങൾ (1 മേയ്ഫ്ളവർ, കോപ്പർ പോഡ്) പൂർണ്ണമായും മുറിച്ചുമാറ്റുന്നതിനും മുറിച്ചു മാറ്റുന്ന മരങ്ങളുടെ വില 16088/- രൂപ നിശ്ചയിച്ചും ഉത്തരവായിരുന്നു. ഇതിനിടയിൽ മേല്പറഞ്ഞ മരങ്ങളിൽ ഒരെണ്ണം കടപുഴകി വീണതായി 09.04.2021 ൽ പബ്ലിക് വർക്ക് ഓവർസീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 28.10.2020 ലെ ഉത്തരവിൽ ചെറിയ ശിഖരങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യപ്പെട്ടിരുന്ന മഴമരങ്ങളിൽ ഒന്ന് കടപുഴകി വീണ സാഹചര്യത്തിൽ, 18.05.2021 ൽ നടത്തിയ ഫീൽഡ് പരിശോധനയിൽ മറ്റേ മഴമരവും അപകടാവസ്ഥയിലാണെന്ന് ബോധ്യപ്പെടുകയും ആയത് മുറിക്കുന്നതിന് എറണാകുളം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ 19.05.2021 ൽ അനുമതി നൽകുകയുമുണ്ടായി. കടപുഴകി വീണ മഴമരത്തിന്റേയും മുറിക്കുന്ന മഴമരത്തിന്റേയും വില 14493/- രൂപയായും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. രണ്ട് പ്രാവശ്യം

ക്വട്ടേഷൻ ക്ഷണിക്കുകയും ഒരു പ്രാവശ്യം ഓഫർ ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ കടപുഴകി വീണ മഴമരത്തിന്, 300/- രൂപ വനവികസന നികുതിയുൾപ്പെടെ 6300/- രൂപക്ക് ഓഫർ നൽകിയ ശ്രീ.മുഹമ്മദ് എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. എന്നാൽ അപകടാവസ്ഥയിലുള്ള 3 മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി ക്വട്ടേഷൻ, ഓഫർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മുറിച്ചുമാറ്റാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി 01/2022-23 തീയതി 14.07.2022നുള്ള 26.09.2022 തീയതിയിലെ മറുപടിയിലും മരങ്ങൾ മുറിച്ചുനീക്കാൻ സാധിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. 2020 ലെ മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായും കാന നിർമ്മാണത്തിന്റെ ഭാഗമായും മുറിച്ചുമാറ്റാൻ ആവശ്യപ്പെട്ട അപകടാവസ്ഥയിലുള്ള മരങ്ങൾ 3 വർഷത്തിലധികമായി മുറിച്ചുമാറ്റാൻ സാധിക്കാത്തത് അപകടകം ക്ഷണിച്ചുവരുത്തുന്നതും കാനനിർമ്മാണത്തിന് തടസ്സം സൃഷ്ടിക്കുന്നതുമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-42 അപകടാവസ്ഥയിലുള്ള ഓൾഡ് ബസ് സ്റ്റാന്റ് കെട്ടിടം ഒഴിപ്പിക്കാൻ സാധിച്ചിട്ടില്ല**

| | | |
|---|---|---|
| സൂചന | : | ഫയൽ നമ്പർ - R5-9417/22 |

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഓൾഡ് ബസ് സ്റ്റാന്റ് കെട്ടിടം വളരെ അപകടാവസ്ഥയിലും കാലപ്പഴക്കം മൂലം വിള്ളലുകളുണ്ടെന്നും 17.03.2021 -ൽ നഗരസഭ ഓവർസീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 17.05.2021 -ലെ 7 -ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഈ കെട്ടിടത്തിലെ വാടകക്കാരെ മുഴവനായും ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു. ഈ കെട്ടിടത്തിൽ 20 കടമുറികളുള്ളതായും നഗരസഭ നൽകിയ നോട്ടീസ് പ്രകാരം 5 ലൈസൻസികൾ കടമുറികൾ ഒഴിഞ്ഞതായും നഗരസഭ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിലെ 4-ാം നമ്പർ കടമുറിയുടെ ഉടമ ശ്രീ. ജോയ് മാത്യൂ എന്നയാൾ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 31799/2022 നമ്പർ കേസിൽ പരാതിക്കാരനെ നേരിൽ കേട്ട് തീർപ്പാക്കാൻ കോടതി നിർദ്ദേശിച്ചിരുന്നു. ഈ സാഹചര്യത്തിൽ തന്നെ വാടകക്കാരന് 2021-22, 2022-23 കാലയളവിൽ വ്യാപാര ലൈസൻസ് അനുവദിച്ചിരുന്നതായാണ് കേസ് സംബന്ധിച്ച

രേഖകളിൽ കാണുന്നത്. എന്നാൽ മേൽപ്പറഞ്ഞ കാലയളവിൽ ടിയാനുമായുള്ള വാടകകരാർ പുതുക്കിയിരുന്നില്ല എന്നാണ് റവന്യൂ സെക്ഷൻ റിപ്പോർട്ട് ചെയ്യുന്നത്. അപകടാവസ്ഥയിലുള്ള കെട്ടിടം ഒഴിയുന്നതിന് 21.06.2021നോട്ടീസ് നൽകിയിരുന്നതും വാടകക്കരാർ പുതുക്കാത്തതുമായ സാഹചര്യത്തിൽ 2021-22, 2022-23 വർഷങ്ങളിൽ വ്യാപാര ലൈസൻസ് അനുവദിക്കാനിടയായത് എങ്ങനെയെന്ന് വ്യക്തമല്ല. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകാൻ 18.08.2023 തീയതിയിലെ 27/M2/2022-23 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നു.

1). കെട്ടിടത്തിന്റെ കാലപ്പഴക്കവും അപകടാവസ്ഥയും പരിഗണിച്ച് കെട്ടിടത്തിലെ മുഴുവൻ സ്ഥാപനങ്ങൾക്കും ഒഴിയുന്നതിനുള്ള നോട്ടീസ് നൽകിയ സാഹചര്യത്തിൽ വ്യാപാര ലൈസൻസ് പുതുക്കി നൽകാനിടയായത് എന്തുകൊണ്ടെന്ന് വിശദീകരിക്കണം.

2). 2021-22 , 2022-23 സാമ്പത്തിക വർഷങ്ങളിൽ വാടകക്കരാർ പുതുക്കി നൽകിയിട്ടില്ല എന്ന റവന്യൂ സെക്ഷന്റെ റിപ്പോർട്ട് നിലനിൽക്കെ ലൈസൻസ് നൽകാനിടയായത് ഗുരുതര വീഴ്ചയാണ്. വ്യാപാര ലൈസൻസ് പുതുക്കുന്നതിന് കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ രേഖയോ വാടക കരാറോ ഹാജരാക്കണമെന്നിരിക്കെ, നഗരസഭയുടെ സ്വന്തം കെട്ടിടത്തിലെ വാടകക്കാരന് വാടകക്കരാറില്ലാതെ ലൈസൻസ് പുതുക്കി നൽകിയതിന് വിശദീകരണം നൽകണം.

3). കെട്ടിടത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങൾക്കും ഒഴിയുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ടെന്നിരിക്കെ, എത്ര കച്ചവടക്കാർ/വാടകക്കാർ കെട്ടിടമൊഴിഞ്ഞെന്നും നിലവിൽ ഈ കെട്ടിടത്തിൽ എത്ര വ്യാപാര/കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കണം.

4). 4-ാം നമ്പർ കെട്ടിടവുമായി ബന്ധപ്പെട്ടുള്ള WP(C) 27965/2021 നമ്പർ കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യണം.

മേല്പറഞ്ഞ ഓഡിറ്റ് അന്വേഷണങ്ങളിൽ ക്രമ നമ്പർ 1, 2 എന്നിവക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ 3 നുള്ള മറുപടിയിൽ 1) മാനേജർ, സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്, 2) മാനേജർ, സൗത്ത് ഇന്ത്യൻ ബാങ്ക് ATM, 3) മാനേജർ, കെ.എസ്.എഫ്.ഇ 4)

ചെയർമാൻ, കേരള ചുമട്ടു തൊഴിയാളി ക്ഷേമനിധി ബോർഡ്, 5) സെക്രട്ടറി, ആലുവ ഗവൺമെന്റ് സർവ്വന്റ്സ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ ഒഴിഞ്ഞുപോയിട്ടുള്ളതായും ബാക്കിയുള്ള 15 കടമുറികളിൽ നിലവിൽ വ്യാപാരം നടക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നോട്ടീസ് നൽകിയതിനെതിരെ ലൈസൻസികൾ ബഹു. ഹോക്കോടതിയെ സമീപിച്ച് സ്റ്റേ വാങ്ങിയതായും സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചു വരുന്നതായും മറുപടിയിൽ വിശദീകരിക്കുന്നുണ്ട്. 4൦ം നമ്പർ കെട്ടിടവുമായി ബന്ധപ്പെട്ട WP(C) 27965/2021 കേസ്സിന്റെ നിലവിലെ സ്ഥിതി അറിയിക്കുന്നതിന് ആവിശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

അപകടാവസ്ഥയിലുള്ള കെട്ടിട്ടത്തിൽ വ്യാപാരം നടത്തുന്നതിന് ലൈസൻസ് നൽകിയ നഗരസഭയുടെ നടപടി അംഗീകരിക്കാവുന്നതല്ല. നഗരത്തിന്റെ ഹൃദയഭാഗത്ത് ജനത്തിരക്കേറിയ സ്ഥലത്തുള്ള കെട്ടിടം തകർന്നുവീണാലുണ്ടാകുന്ന അപകടാവസ്ഥയുടെ ഗൗരവം ബഹു. ഹൈക്കോടതിയെ ബോധ്യപ്പെടുത്തി സ്റ്റേ ഒഴിവാക്കി, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-43 IBPMS മുഖേനയുള്ള പെർമിറ്റ് പരിശോധന - പരിമിതികൾ**

കെട്ടിട നിർമാണ അനുമതിയുമായി ബന്ധപ്പെട്ട നിയമവശങ്ങൾ പരിശോധിക്കുന്നതിനും പേപ്പർ അധിഷ്ഠിത പരമ്പരാഗത രീതിയെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറാണ് IBPMS (Inelligent Building Plan Management System). 06.09.2021 മുതലാണ് ആലുവ നഗരസഭയിൽ IBPMS സോഫ്റ്റ്‌വെയർ മുഖേന ബിൽഡിങ്ങ് പെർമിറ്റിനുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയത്. ഒന്നിലധികം ഏജൻസികളിൽ നിന്ന് കെട്ടിട അനുമതികളുമായി ബന്ധകെട്ട NOC - കളും ക്ലിയറൻസുകളും വളരെ വേഗത്തിൽ നേടുന്നതിനും പ്രമാണങ്ങളുടെ ഡിജിറ്റൽ പതിപ്പ് സൂക്ഷിക്കുന്നതിനും കെട്ടിട നിർമാണ അനുമതികളുമായി ബന്ധപ്പെട്ട അപേക്ഷകൾക്ക് സുതാര്യത കൊണ്ടുവരുന്നതിനും വ്യത്യസ്ത തലങ്ങളിലുള്ള പ്രക്രിയകളെ ഏകീകൃത രീതിയിലേക്ക് കൊണ്ടുവരുന്നതിനും IBPMS സോഫ്റ്റ് വെയർ സഹായിക്കുന്നു. നഗരസഭകളിൽ നിലവിലുണ്ടായിരുന്നതും IKM വികസിപ്പിച്ചതുമായ 'സങ്കേതം' സോഫ്റ്റ്‌വെയറിനു

പകരമായി നടപ്പാക്കിയ സോഫ്റ്റ്വെയറാണ് IBPMS. IBPMS മുഖേന അനുവദിക്കുന്ന പെർമിറ്റുകളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട പരിമിതികൾ താഴെ ചേർക്കുന്നു.

1). IBPMS ൽ Consultant, Officer എന്നീ ലോഗിനുകളാണ് നിലവിൽ ലഭ്യമാകുന്നത്. Consultant ലോഗിനിൽ രജിസ്റ്റേഡ് കൺസൾട്ടൻസികൾക്ക് മാത്രമാണ് പ്രവേശിക്കാനാവുന്നത്. പെർമിറ്റിനുള്ള അപേക്ഷകൾ രജിസ്റ്റേഡ് കൺസൾട്ടൻസി മുഖേന മാത്രമാണ് സമർപ്പിക്കാവുന്നത്. Officer ലോഗിനിൽ ക്ലർക്ക്, ഓവർസീയർ, അസ്സിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർക്കാണ് ആക്സസ് ഉള്ളത്. രജിസ്റ്റേഡ് കൺസൾട്ടൻസി മുഖേന സമർപ്പിക്കുന്ന അപേക്ഷ ക്ലർക്കിന്റെ ലോഗിനിലും തുടർന്ന് ഓവർസീയർ, അസ്സിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്കും ഫോർവേഡ് ചെയ്യപ്പെടുന്നു. സെക്രട്ടറിയുടെ ലോഗിനിൽ നിന്നും പെർമിറ്റ് സംബന്ധിച്ച റിപ്പോർട്ടുകൾ മാത്രമാണ് ലഭ്യമാകുന്നത്.

2). സെക്രട്ടറിയുടെ ലോഗിനിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ടുകളും ബാങ്ക് സ്റ്റേറ്റ്മെന്റും ഒത്തു നോക്കി പെർമിറ്റ് ഫീസ് ബാങ്ക് അക്കൗണ്ടിൽ വന്നിട്ടുണ്ടെന്ന് ഉറപ്പുവരുത്താവുന്നതാണ്. പെർമിറ്റ് ഫീസ് ഓൺലൈനായി ഒടുക്കുമ്പോൾ അപേക്ഷകന്റെ അക്കൗണ്ടിൽ നിന്നും തുക ഒടുക്കണമെന്ന് നിർബന്ധമില്ലാത്തതിനാൽ അപേക്ഷകനെ സംബന്ധിച്ച വിവരങ്ങൾ ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും ലഭ്യമാകണമെന്നില്ല. മാത്രവുമല്ല സെക്രട്ടറിയുടെ ലോഗിനിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടിൽ തുക ഒടുക്കിയ ആളിന്റേയോ അപേക്ഷകന്റെയോ പേര് ലഭ്യവുമല്ല. ഈ സാഹചര്യത്തിൽ ബാങ്ക് സ്റ്റേറ്റ്മെന്റിലെ തുകയും സെക്രട്ടറിയുടെ ലോഗിനിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടിലെ തുകയും ഒത്തുനോക്കി പരിശോധിക്കാമെന്നല്ലാതെ തുക ഒടുക്കിയ അപേക്ഷകന്റെ പേര് ക്രോസ് ചെക്ക് ചെയ്യുന്നതിന് സാധിക്കുന്നില്ല.

3). IBPMS ലോഗിനിൽ ഓഡിറ്റിന് ആക്സസ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ മറ്റ് ലോഗിനുകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളെ ആശ്രയിച്ച് പരിശോധന നടത്താനാണ് സാധിക്കുന്നത്. സെക്രട്ടറിയുടെ ലോഗിനിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടും അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ ലോഗിനിൽ നിന്നും ലഭിക്കുന്ന അപേക്ഷ വിവരങ്ങളും ബാങ്ക് സ്റ്റേറ്റ്മെന്റ് വിവരങ്ങളും പരിശോധിച്ച് ഓഡിറ്റ് നിർവ്വഹിക്കേണ്ടതുണ്ട്. എന്നാൽ ഇതിൽ നിരവധി

പോരായ്മകളുണ്ട്. പ്രധാനമായി, വിവരങ്ങൾക്കായി സെക്രട്ടറി, അസ്സി.എഞ്ചിനീയർ എന്നിവരുടെ ലോഗിനുകളെ ആശ്രയിക്കേണ്ടി വരുന്നു. ഇവയിൽ നിന്നുള്ള റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല. സെക്രട്ടറിയുടെ ലോഗിനിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടിൽ ഫയലിൽ നിന്നുള്ള പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുന്നില്ല. ഫയൽ നമ്പർ, ചലാൻ നമ്പർ, തീയതി, തുക, ചലാൻ ID എന്നീ വിവരങ്ങളാണ് സെക്രട്ടറിയുടെ ലോഗിനിൽ നിന്നും ലഭ്യമാകുന്നത്. അപേക്ഷകന്റെ വ്യക്തിഗത വിവരങ്ങൾ, കെട്ടിടത്തിന്റെ വിവരങ്ങൾ, സ്ഥലത്തിന്റെ വിസ്തൃതി മുതലായ വിവരങ്ങൾ സെക്രട്ടറിയുടെ ലോഗിനിൽ നിന്നുള്ള റിപ്പോർട്ടിൽ ഉൾപ്പെടുന്നില്ല. നിലവിൽ ബാങ്ക് സ്റ്റേറ്റ്മെന്റിലെയും സെക്രട്ടറിയുടെ ലോഗിനിൽ നിന്നുള്ള റിപ്പോർട്ടിലേയും തുകകൾ ഒത്തുനോക്കി പരിശോധന നടത്താനേ സാധിക്കുന്നുള്ളൂ. ഓഡിറ്റിന് ലോഗിൻ ഇല്ലാത്ത സാഹചര്യത്തിൽ സെക്രട്ടറി, അസ്സി. എഞ്ചിനീയർ എന്നിവരുടെ ലോഗിനുകളിൽ നിന്നുള്ള റിപ്പോർട്ടുകളുടെ ഹാർഡ് കോപ്പി ഓഡിറ്റിന് സമർപ്പിച്ചാൽ മാത്രമേ ബിൽഡിങ്ങ് പെർമിറ്റ് പരിശോധന ശരിയായി നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ. പേപ്പർ അധിഷ്ഠിത പരമ്പരാഗത രീതിയെ കമ്പ്യൂട്ടർ വൽകൃത ഡിജിറ്റൽ പ്ലാറ്റ് ഫോമിലേക്ക് മാറ്റുന്നതിനായി ആരംഭിച്ച സോഫ്റ്റ്‌വെയറുകളിൽ നിന്നും പ്രിന്റുകളെടുത്ത് ഓഡിറ്റിന് സമർപ്പിക്കുന്നത് ഉചിതമല്ലെന്നിരിക്കെ സോഫ്റ്റ്‌വെയറിൽ ഓഡിറ്റിന് ഫയൽ പൂർണ്ണമായി കാണുന്നതിനുള്ള ആക്സസ് ലഭിക്കേണ്ടത് അനിവാര്യമാണ്.

4). IBPMS വരവുകൾക്ക് സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്ന രസീതുകളാണ് നിലവിൽ നൽകുന്നത്. ഇത് ലൈസൻസിക്ക് സ്വന്തം ലോഗിനിലൂടെ ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. ഓൺലൈൻ പെയ്മെന്റിലൂടെ നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് തുക ഒടുക്കുന്നതെങ്കിലും ഇത് ശരിയായി നഗരസഭയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. നഗരസഭാ ക്യാഷ് കൗണ്ടറിൽനിന്നും രസീത് ജനറേറ്റ് ചെയ്യാത്ത സാഹചര്യത്തിൽ അക്കൗണ്ടിങ്ങ് സോഫ്റ്റ്‌വെയറായ സാംഖ്യയിൽ വരവ് രേഖപ്പെടുത്തുന്നില്ല. അതായത് സാംഖ്യയിൽ ബിൽഡിങ്ങ് പെർമിറ്റ് ഹെഡിലും ബാങ്ക് ഹെഡിലും രേഖപ്പെടുത്തൽ വരുന്നില്ല. ഈ സാഹചര്യത്തിൽ ഓൺലൈൻ വരവുകളുടെ

വിവരം IBPMS സോഫ്റ്റ്‌വെയറിൽ നിന്നും ശേഖരിച്ച് സാംഖ്യയിൽ രേഖപ്പെടുത്തുകയാണ് ചെയ്യേണ്ടത്. എന്നാൽ ഇത്തരത്തിൽ രേഖപ്പെടുത്തൽ നടക്കുന്നില്ല. ഇതുമൂലം നഗരസഭയുടെ വാർഷിക ധനകാര്യ പത്രികയിലും അപാകതയുണ്ടാകുന്നു.

5). IBPMS നടപ്പാക്കിയ 06.09.2021 മുതൽ 300 ചതുരശ്രമീറ്റർ വിസ്തൃതിയും 7 മീറ്റർ ഉയരവും വരെയുള്ള ലോ റിസ്ക് കെട്ടിട്ടങ്ങൾക്കുള്ള പെർമിറ്റ് അപേക്ഷകളാണ് ഈ സോഫ്റ്റ്‌വെയർ മുഖേന നിലവിലും കൈകാര്യം ചെയ്യുന്നത്. ഇതിലും മുകളിലുള്ള കെട്ടിടങ്ങളെ ഹൈ റിസ്ക് ഗണത്തിൽ ഉൾപ്പെടുത്തി ഇപ്പോൾ മാന്വലായാണ് കൈകാര്യം ചെയ്യേണ്ടത്. എന്നാൽ അതേസമയം മേല്പറഞ്ഞ അളവിലും കൂടുതലുള്ള കെട്ടിടങ്ങളെ ലോ റിസ്ക് ഗണത്തിൽ ഉൾപ്പെടുത്തി IBPMS മുഖേന പെർമിറ്റ് അനുവദിക്കുന്നതിന് ഉദ്യോഗസ്ഥരെ അനുവദിക്കുന്നുമുണ്ട്. അതായത് ഹൈ റിസ്ക് കെട്ടിടങ്ങൾക്കുള്ള പെർമിറ്റ് അപേക്ഷകളും സോഫ്റ്റ് വെയർ മുഖേന കൈകാര്യം ചെയ്യാൻ സാധിക്കുമെന്നാണ് മനസ്സിലാക്കേണ്ടത്. ഇത്തരത്തിൽ സാധിക്കുമെങ്കിൽ ഏകീകൃത രീതിയിൽ പെർമിറ്റ് അപേക്ഷകൾ കൈകാര്യം ചെയ്യുന്നതായിരിക്കും ഉചിതം.

6). IBPMS സോഫ്റ്റ്‌വെയറിൽ രജിസ്റ്റേർഡ് കൺസൾട്ടൻസി മുഖേനയാണ് ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടത്. നിർമ്മാണം പൂർത്തിയായി ഒക്യുപെൻസി സർട്ടിഫിക്കറ്റ് ആർജ്ജിക്കുന്നതുവരെയുള്ള എല്ലാ നടപടികളും ഈ രജിസ്റ്റേർഡ് കൺസൾട്ടൻസി മുഖേനയാണ് നടത്തേണ്ടത്. അപേക്ഷകന് സ്വന്തം നിലയ്ക്ക് പെർമിറ്റ് സംബന്ധിച്ച നടപടിക്രമങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാൻ സാധിക്കുന്നില്ല. ഒക്യുപെൻസി സർട്ടിഫിക്കറ്റ് ആർജ്ജിക്കുന്നതുവരെ അപേക്ഷകൻ കൺസൾട്ടൻസിയെ ആശ്രയിക്കേണ്ടിവരുന്നു.

മേല്പറഞ്ഞ പോരായ്മകൾ പരിഹരിക്കുന്നതിന് ഭരണ വകുപ്പ് തലത്തിൽ സത്വര നടപടി ഉണ്ടാകേണ്ടതാണ്.

**1-44 നിർജ്ജീവമായ ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ**

ആലുവ നഗരസഭയുടെ 2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം 20 ൽ അധികം ബാങ്ക് അക്കൗണ്ടുകൾ ' 0 ' ബാലൻസാണ്. കൂടാതെ 6 ട്രഷറി അക്കൗണ്ടുകളിലും

നീക്കിയിരുപ്പില്ല. ഈ അക്കൗണ്ടുകളിൽ കാലങ്ങളായി ഇടപാടുകൾ നടക്കുന്നില്ലെന്നാണ് മനസ്സിലാകുന്നത്. ഈ സാഹചര്യത്തിൽ നഗരസഭയിലെ ആക്റ്റീവ് അല്ലാത്ത അക്കൗണ്ടുകളുടെ വിവരം ലഭ്യമാക്കാൻ 16.05.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 08/എം1/2022-23 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അതേസമയം നഗരസഭയിലെ ആക്റ്റീവ് അല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനും സാംഖ്യയിൽ നിന്നും റിമൂവ് ചെയ്യുന്നതിനും ഓഡിറ്റിൽ നിന്നും അനുമതി ലഭ്യമാക്കണമെന്ന് 10.07.2023 തീയതിയിലെ എ1-2346/23 നമ്പർ കത്തിലൂടെ നഗരസഭ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ നഗരസഭാ സെക്രട്ടറിയുടെ കത്തിൽ പറയുന്ന ഓരോ അക്കൗണ്ടുകളും ഏതെല്ലാം കേന്ദ്ര - സംസ്ഥാന - നഗരസഭ - മറ്റ് ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിന് ആരംഭിച്ചവയാണെന്നും ഇവയിലെ നീക്കിയിരിപ്പ് വിവരവും ലഭ്യമാക്കണമെന്ന് 01.08.2023 തീയതിയിലെ കെ.എസ്.എ - എ.വി.എം(എം2)351/2023 നമ്പർ കത്തിലൂടെ അറിയിച്ചിരുന്നെങ്കിലും നഗരസഭയിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. നഗരസഭക്ക് ഭാവിയിലേക്ക് ആവശ്യമില്ലെന്ന് ഉറപ്പുള്ളതും നിലനിർത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടില്ലാത്തതുമായ അക്കൗണ്ടുകൾ ഒഴിവാക്കുന്നതായിരിക്കും അഭികാമ്യം. അല്ലാത്തപക്ഷം ഇത്തരം അക്കൗണ്ടുകൾ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതയുണ്ട്.

**1-45 വായ്പ - നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.**

നഗരസഭയിൽ പരിപാലിക്കുന്ന ലോൺ രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ നഗരസഭ തിരിച്ച് അടക്കാനുള്ള ഗവ. വായ്പകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 1 | G.O(Rt) 1734/95/ | 3050000 | 915000 രൂപ | NIL | NIL | 915000 |

| | | | | | | |
|---|---|---|---|---|---|---|
| | LAD 30.03.1995 | രൂപ | | | | രൂപ |
| 2 | G.O(Rt) 1608/96/ LAD 27.03.1996 | 1022000 രൂപ | 306600 രൂപ | NIL | NIL | 306600 രൂപ |
| 3 | G.O(Rt) 4448/96/LAD 12.02.1996 | 1011300 രൂപ | 407910 രൂപ | NIL | NIL | 407910 രൂപ |
| 4 | G.O(Rt) 3344/98/LAD 17.11.1998 | 2583000 രൂപ | 1291500 രൂപ | NIL | NIL | 1291500 രൂപ |
| 5 | G.O(Rt) 4353/00/ LSGD 27.10.2000 | 2570000 രൂപ | 1739997രൂപ | NIL | NIL | 1739997 രൂപ |

വർഷങ്ങളായി നഗരസഭയിൽ നിന്നും ലഭിക്കുന്ന വായ്പാ നീക്കിയിരിപ്പ് സംബന്ധിച്ച വിവരങ്ങൾ മേല്പറഞ്ഞ പ്രകാരമാണ്. വായ്പാ തിരിച്ചടവ് നിരവധി വർഷങ്ങളായി മുടങ്ങി കിടക്കുകയാണ്. നാളിതുവരെയുള്ള പലിശയും അതിലേക്ക് ഒടുക്കിയ തുകയും സംബന്ധിച്ച കണക്ക് നഗരസഭയിൽ ലഭ്യമല്ല. തിരിച്ചടക്കാൻ ബാക്കിയുള്ള തുകയിൽ വർഷങ്ങളായുള്ള പലിശ/പിഴപ്പലിശ എന്നിവ ഉൾപ്പെടുന്നുമില്ല. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ 08.06.2023 തീയതിയിലെ LA01/III/2023-24/Munc/30 നമ്പർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ലോൺ കണക്കുകൾ താഴെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | ഉത്തരവ് നമ്പർ/ തീയതി | തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന മുതൽ തുക | ആകെ പലിശ | ഒടുക്കിയ പലിശ | പലിശ ബാക്കി | പിഴപ്പലിശ |
|---|---|---|---|---|---|---|
| 1 | G.O(Rt) 1734/95/ LAD 30.03.1995 | 9,15,000/- | 56,73,000/- | 22,96,589/- | 33,76,411/- | 14,34,595/- |
| 2 | G.O(Rt) 1608/96/ LAD 27.03.1996 | 3,06,600/- | 19,00,920/- | 12,51,271/- | 6,49,649/- | 2,77,987/- |
| 3 | G.O(Rt) 4448/96/ LAD 12.02.1996 | 4,07,910/- | 18,81,018/- | 8,85,899/- | 9,95,119/- | 3,98,610/- |
| 4 | G.O(Rt) 3344/98/ LAD 17.11.1998 | 11,62,350/- | 49,88,419/- | 7,47,095/- (Upto 12/22) | 42,41,324/- | 23,46,294/- (Upto 12/22) |
| 5 | G.O(Rt) 4353/00/ | 13,54,497/- | 48,83,000/- | -- | 48,83,000/- | 22,60,275/- (Upto |

| | | | | | | |
|---|---|---|---|---|---|---|
| | LSGD 27.10.2000 | | | | | 11/22) |

നഗരസഭയുടെ ലോൺ രജിസ്റ്ററിലെ കണക്കും അക്കൗണ്ടന്റ് ജനറലിന്റെ സ്റ്റേറ്റ്മെന്റിലെ കണക്കും തമ്മിൽ ഗണ്യമായ വ്യത്യാസമുള്ളതായി കാണുന്നു. മേല്പറഞ്ഞിരിക്കുന്ന പട്ടികയിലെ ക്രമ നമ്പർ 1, 2, 3 എന്നിവയുടെ കാര്യത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന മുതൽ തുകയുടെ കാര്യത്തിൽ വ്യത്യാസമില്ലെങ്കിലും പലിശയും പിഴപ്പലിശയും നഗരസഭ രജിസ്റ്ററിൽ കണക്കാക്കിയിട്ടില്ല. ക്രമ നമ്പർ 4, 5 എന്നിവയുടെ കാര്യത്തിൽ മുതൽ തുകയിൽ വ്യത്യാസമുള്ളതോടൊപ്പം പലിശയും പിഴപ്പലിശയും കണക്കാക്കിയിട്ടുമില്ല. ലോൺതിരിച്ചടവ് സംബന്ധിച്ച കാലികമായ കണക്കുകൾ നഗരസഭയുടെ കൈവശമില്ലാത്ത സാഹചര്യത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ അംഗീകരിക്കാനേ സാധിക്കുകയുള്ളൂ. സാമ്പത്തിക പ്രതിസന്ധിയുള്ള നിലവിലെ സാഹചര്യത്തിൽ മേല്പറഞ്ഞ ലോണുകളുടെ മുടക്കം കൂടാതെയുള്ള തിരിച്ചടവ് നഗരസഭക്ക് എളുപ്പമായിരിക്കില്ല. അക്കൗണ്ടന്റ് ജനറൽ നൽകിയിരിക്കുന്ന കണക്കുകളെ നഗരസഭയിൽ ലഭ്യമായ വിവരങ്ങളുമായി പൊരുത്തപ്പെടുത്തി, തിരിച്ചടക്കാനുള്ള നീക്കിയിരിപ്പ് കണക്കാക്കി, വായ്പ എഴുതി തള്ളുന്നതിന് സർക്കാരിനെ സമീപിക്കുന്നതായിരിക്കും ഉചിതം.

**1-46 ജനകീയാസൂത്രണം പദ്ധതി- കുടിവെള്ളവിതരണത്തിന് ലോറിയും ടാങ്കറും വാങ്ങിയത്- 14,95,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 06.03.2023 -ലെ സ.ഉ.(സാധാ) നം. 564/2023/തസ്വഭവ പ്രകാരം സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ അത്തരം പ്രദേശങ്ങളിൽ കുടിവെള്ളവിതരണം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് വാഹനം വാങ്ങുന്നതിന് അനുമതി നൽകിയിട്ടില്ല. ജി.ഒ.(എം.എസ്) 115/2022/ത.സ്വ.ഭ.വ തീയതി 28.05.2022

സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖയിലെ അധ്യായം 8-2(1) പ്രകാരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് പകരം വാഹനം വാടകക്ക് എടുത്ത് ഉപയോഗിക്കുന്ന രീതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ലോറിയും ടാങ്കറും വാങ്ങുന്നതിന് 15 ലക്ഷം രൂപ വകയിരുത്തി ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ചു. കുടിവെള്ള ടാങ്കർ വാങ്ങുന്നതിനായി GEM പോർട്ടലിൽ ബിഡ് ചെയ്യുകയും 4 ബിഡുകൾ ലഭിക്കുകയും ചെയ്തു. അതിൽനിന്നും TATA കമ്പനിയുടെ അംഗീകൃത ഡീലർ പോപ്പുലർ മെഗാ മോട്ടോഴ്സ് പ്രൈ ലിമിറ്റഡ് ഇടപ്പിള്ളിയുടെ ബിഡ് അംഗീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 14,95,000/-രൂപയ്ക്ക് 25.03.2023 -ൽ കുടിവെള്ള ടാങ്കർ വാങ്ങുകയുണ്ടായി.

ഫയൽ പരിശോധിച്ചതിൽ നഗരസഭ ഏരിയയിൽ കുടിവെള്ളക്ഷാമം രൂക്ഷമായി നിലവിലുണ്ട് എന്നതു സംബന്ധിച്ച് പഠനറിപ്പോർട്ടോ പരാതിയോ നിലവിലില്ല. കുടിവെള്ളക്ഷാമം സംബന്ധിച്ച് നഗരസഭ കൗൺസിലിൽ നാളിതുവരെ യാതൊരു ചർച്ചയും നടന്നതായി കാണുന്നില്ല. നിലവിൽ നഗരസഭയിൽ യാതൊരു വിധ കുടിവെള്ളക്ഷാമവും നിലവിലില്ല എന്നാണ് മനസിലാക്കുന്നത്. 7.20 ചതുരശ്ര കിലോമീറ്ററിൽ താഴെയാണ് നഗരസഭയുടെ വിസ്തൃതി. കൂടാതെ നഗരസഭയുടെ മധ്യഭാഗത്തുകൂടി ഒഴുകുന്ന പെരിയാർ നഗരസഭയുടെ ജലക്ഷാമം പരിഹരിക്കുന്നതിന് ഉതകുന്ന നദിയാണ്. 4 ബിഡുകൾ ലഭിച്ചതിൽ പോപ്പുലർ മെഗാ മോട്ടോഴ്സ് പ്രൈ. ലിമിറ്റഡ്, ഇടപ്പിള്ളിയുടെ ബിഡ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. മേല്പറഞ്ഞ സാഹചര്യത്തിലും മാർഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായതിനാലും കുടിവെള്ളടാങ്കർ വാങ്ങുന്നതിനുവേണ്ടി ചെലവഴിച്ച 14,95,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-47 പി.എം.എ.വൈ- ലൈഫ് പദ്ധതി പണി പൂർത്തിയാക്കിയിട്ടില്ല**

പി.എം.എ.വൈ - ലൈഫ് പദ്ധതി പ്രകാരം ഗുണഭോക്താവ് നിർമ്മാണത്തിനുള്ള എഗ്രിമെന്റ് വച്ച് ഒരു വർഷത്തിനുള്ളിൽ വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.

എന്നാൽ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2019 -ൽ ആരംഭിച്ച ഭവനനിർമ്മാണം പോലും നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.

2022-23 -ൽ പി.എം.എ.വൈ - ലൈഫ് പദ്ധതി പ്രകാരമുള്ള പുതിയ ഗുണഭോക്താക്കൾ ആരുമില്ല. ഡി.പി.ആർ- 7 പ്രകാരമുള്ള 3 ഗുണഭോക്താക്കളിൽ ഒരാൾ മാത്രമാണ് 2022-23 -ൽ ഭവനനിർമ്മാണം ആരംഭിച്ചിട്ടുള്ളത്. ഭവന നിർമ്മാണം ആരംഭിച്ചിട്ട് ഒരു വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1). ശ്രീ. റ്റി.സി. വെങ്കിടാചലം 2,00,000/- ( 40,000/- - 30.05.2019, 1,60,000/- - 28.06.2021) രൂപ കൈപ്പറ്റിയിട്ടുണ്ട്. നാളിതുവരെ 3, 4 ഗഡുക്കൾ തുക കൈപ്പറ്റി പണി പൂർത്തിയാക്കിയിട്ടില്ല ( 2019-20 ഒഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1- 43-3)

2). ഡി.പി.ആർ- 4 രാധാശിവൻ- 26.03.2022 -ൽ ആദ്യ ഗഡു കൈപ്പറ്റിയതിനുശേഷം നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല

3. ഡി.പി.ആർ -5 ജയകുമാർ റ്റി.എസ്.- 2,80,000/- രൂപ ഇതുവരെ കൈപ്പറ്റിയിട്ടുണ്ട്. മൂന്നാമത്തെ ഗഡു 80,000/- രൂപ 18.10.2022 -ൽ കൈപ്പറ്റിയതിനുശേഷം - അവസാനഗഡു തുക കൈപ്പറ്റുകയോ, വീടുനിർമ്മാണം പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 26.07.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം. 24/AO/2022-23 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വീട് നിർമ്മാണം പൂർത്തീകരിക്കാൻ നിർദ്ദേശിച്ച് അടിയന്തിരമായി മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകേണ്ടതും പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ തയ്യാറാകാത്തവരിൽ നിന്നും അനുവദിച്ച തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-48 ക്രമീകരിക്കാത്ത മുൻകൂറുകൾ - 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 99, സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (പി) 419/2011/ഫിൻ തീയതി 04.10.2011 എന്നിവ പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ എന്നിവ കൈപ്പറ്റിയാൽ മൂന്ന് മാസത്തിനകം ഫൈനൽ

ബിൽ സമർപ്പിക്കണം. സമയപരിധിക്കുള്ളിൽ തുക ക്രമീകരിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും ജീവനക്കാരിൽ നിന്ന് തിരിച്ച് പിടിക്കേണ്ടതും ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. ആലുവ നഗരസഭയിലെ വിവിധ പ്രവൃത്തികൾക്കായി 2022-23 സാമ്പത്തിക വർഷം അനുവദിച്ച മുൻകൂറുകളിൽ ക്രമീകരിക്കാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർനം | മുൻകൂർ അനുവദിച്ച ഉത്തരവ് നം,തീയതി | മുൻകൂർ തുക | മുൻകൂർ കൈപ്പറ്റിയ ജീവനക്കാരൻ | മുൻകൂർ നൽകിയതിന്റെ ഉദ്ദേശം |
|---|---|---|---|---|---|
| 1. | 44/08.22 | H4/Ms/ 8746/22/10.08.22 | 50000/-രൂ | ശ്രീമതി. ശ്രീലിനി.എൽ. (JHI-1) | സ്വാതന്ത്ര്യ ദിനാഘോഷം |
| 2. | 59/02.23 | G3/11485/22 17.02.23 | 50000/-രൂ | ശ്രീ. ഷിയാസുദ്ദീൻ (SPHI Gr11) | ശിവരാത്രി 2023 |
| | | **ആകെ** | **1,00,000/-** | | |

മുൻകൂർ രജിസ്റ്റർ പ്രകാരം ഈ തുകകൾ ക്രമീകരിച്ചിട്ടില്ലെങ്കിലും ഈടാക്കുവാൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ജീവനക്കാരിൽ നിന്ന് പലിശ സഹിതം മുൻകൂർ തുക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (ഓഡിറ്റ്എൻക്വയറി നം 39/M3/2022-23 തീയതി 12.12.2023) നഗരസഭ നൽകിയ മറുപടിയിൽ തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നാളിതു വരെ തുക ഈടാക്കാത്ത സാഹചര്യത്തിൽ മേല്പറഞ്ഞ 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-49 ഡിജിറ്റൽ പെയ്മെന്റിലൂടെ വസ്തു നികുതി ഒടുക്കിയതിലെ കുറവ് ഈടാക്കി - ഓഡിറ്റ് ഇംപാക്ട്**

17/6/2023 ലെ ചിട്ട പ്രകാരം ആലുവ നഗരസഭാ ക്യാഷ് കൗണ്ടറിൽ 12301110542 നമ്പർ രസീത് പ്രകാരം (Jessy Tellex) വസ്തു നികുതി(2/20) ഇനത്തിൽ 5046 രൂപ ഡിജിറ്റൽ പേയ്മെൻറ് സംവിധാനം വഴി (Gpay)നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരം 17/6/2023 ൽ 546രൂപ മാത്രമേ ഈ ട്രാൻസാക്ഷൻ വഴി ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളൂ. നഗരസഭ ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങളുടെ

ഇടപാടുകൾ നടത്തുന്നത് സൗത്ത് ഇന്ത്യൻ ബാങ്ക് ആലുവ ബ്രാഞ്ച് അക്കൗണ്ട് മുഖേനയാണ് (Account Num-0002053000102585). കുറഞ്ഞ തുക ഈടാക്കുവാൻ ഉണ്ടായ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ - 23/M1/2022-23/04.08.2023) നൽകിയതിനെതുടർന്ന് കെട്ടിട ഉടമ 19.08.2023-ൽ Google Pay വഴി 4,500/- രൂപ അടച്ചിട്ടുണ്ട് (UPI/FDRL/323132899490)

1-50 അമൃതം ന്യൂട്രിമിക്സിന്റെ വിലയായി അധികം നൽകിയതു 988/- രൂപ തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട്

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ആലുവ നഗരസഭയിൽ 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പോഷകാഹാര വിതരണ പ്രോജക്റ്റിൽ(SNP 2022-23പ്രോജക്ട് നം. 3/2023) അംഗൻവാടികളിലെ വിതരണത്തിനായി 2022 സെപ്റ്റംബർ മാസത്തിൽ വാങ്ങിയ 603 Kg അമൃതം ന്യൂട്രിമിക്സിന്റെ വിലയായി 45610/- രൂപ എടത്തലയിലെ അമൃതം ന്യൂട്രിമിക്സ് യൂണിറ്റിന് നൽകിയിട്ടുണ്ട് (ചെക്ക് നംJN 203663/26.12.2022). എന്നാൽ എടത്തല പഞ്ചായത്തിലെ അമൃതം സപ്ളിമെന്റ് യൂണിറ്റിന്റെ ബിൽ പ്രകാരം 603 കി.ഗ്രാം അമൃതം ന്യൂട്രിമിക്സിന്റെ വില 44622/- രൂപയാണ്.(ബിൽ നം 30/16.09.2022 (70രൂ/Kg+gst)). തുക നൽകാനനുവദിച്ചുകൊണ്ടുള്ള ഉത്തരവിലും 44622 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അമൃതം ന്യൂട്രി മിക്സിന്റെ വിലയായി 988/- രൂപ അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ - 15/M3/2022-23 തീയതി 21.07.2023) നൽകിയതിനെതുടർന്ന് അധികം നൽകിയ തുകയായ 988/- രൂപ 08/09/2023ൽ ട്രഷറി അക്കൗണ്ടിൽ (799011400002906) 10635ാം നമ്പർ രസീത് പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

1-51 ബാങ്ക് റിക്കൺസിലിയേഷൻ - പൊരുത്തക്കേടുകൾ

2022-23 വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയതിനെ തുടർന്ന് നടത്തിയ വാർഷിക കണക്കിന്റെ പ്രാഥമിക പരിശോധനയിൽ ബാങ്ക് റിക്കൺസിലിയേഷൻ ശരിയായി നടത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. താഴെ ചേർക്കുന്ന അക്കൗണ്ടുകളുടെ റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ ശരിയായ വിധം പൊരുത്തപ്പെടുത്തൽ

നടത്തിയിട്ടില്ല.

| അക്കൗണ്ട് കോഡ് | അക്കൗണ്ട് വിവരം | നീക്കിയിരിപ്പ് Bank Book പ്രകാരം | നീക്കിയിരിപ്പ് Bank Statement പ്രകാരം |
|---|---|---|---|
| 450210100 | SBT Own Fund 3943 | 48,09,365.00 | 66,91,234.29 |
| 450220300 | Federal Tax E-Payment – 8305 | 8,25,155.00 | 5,09,623.00 |
| 450220400 | Federal Licence Fee- 4916 | 16,01,805.00 | 13,69,736.00 |

മേല്പറഞ്ഞിരിക്കുന്നവയിൽ SBT Own Fund 3943 അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ' Cheque Issued But Not Presented Into Bank ' എന്ന ഹെഡിൽ 10.97 കോടിയിലധികം രൂപയും ' Cheque Deposited But Not Collected ' എന്ന ഹെഡിൽ 10.75 കോടിയിലധികം രൂപയുമാണ് കാണുന്നത്. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ചെക്കുകളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും 2021 മാർച്ച് മാസം മുതൽ ഇഷ്യൂ ചെയ്ത നിരവധി ചെക്കുകൾ ബാങ്കിൽ സബ്മിറ്റ് ചെയ്തതായി കാണുന്നില്ല. എന്നാൽ ഈ ചെക്കുകൾ സ്റ്റെയിൽ ചെക്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുമില്ല. നഗരസഭയുടെ വാർഷിക കണക്കുകൾ പ്രകാരം 27 കോടിയോളം രൂപയാണ് വരവ് - ചെലവ് എന്നിരിക്കെ 10 കോടിയോളം രൂപയുടെ ചെക്കുകൾ മേല്പറഞ്ഞ പ്രകാരം ബാങ്കിൽ സമർപ്പിക്കാതിരിക്കുകയോ കളക്ഷൻ നടക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യം അസാധാരണമാണ്. റിക്കൺസിലിയേഷനിൽ അപാകതയുള്ളതായാണ് മനസ്സിലാകുന്നത്. അതേസമയം മേല്പറഞ്ഞ കണക്ക് ശരിയാണെങ്കിൽ, 3 മാസത്തിലധികം കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്കുകളുടെ ഗണത്തിലേക്ക് മാറ്റാതിരുന്നത് ശരിയായ നടപടിയുമല്ല.

**1-52 കേരളഖരമാലിന്യ പരിപാലന പദ്ധതി (KSWMP)TRACK1 YEAR 1ൽ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കാനായില്ല.**

വനം-കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള 2016 ലെ ഖരമാലിന്യ ചട്ടങ്ങൾ പ്രകാരം ഖരമാലിന്യ പരിപാലനവും രൂപരേഖ തയ്യാറാക്കലും ഓരോ തദ്ദേശ

സ്ഥാപനങ്ങളുടെയും ചുമതലയാണ്. ഓരോ നഗരസഭയും തങ്ങളുടെ അവസ്ഥ യഥാവിധം വിലയിരുത്തി പോരായ്മകൾ കണ്ടെത്തുകയും പരിഹാര മാർഗ്ഗങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് വിശദമായ ഖരമാലിന്യ രൂപരേഖ തയ്യാറാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ഹ്രസ്വകാല ദീർഘകാല ലക്ഷ്യങ്ങളോടുകൂടിയ പദ്ധതികൾ വിഭാവനം ചെയ്യേണ്ടതുമാണ്. തയ്യാറാക്കപ്പെടുന്ന രൂപരേഖയിൽ ഓരോ നഗരസഭകളുടെയും ഖരമാലിന്യ ഉൽപ്പാദനം, ജനസംഖ്യ, മാലിന്യശേഖരണവും പരിപാലനവുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

കേരളത്തിലെ നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളിലെ അപാകതകൾ പരിഹരിച്ച് മാലിന്യ സംസ്കരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ലോകബാങ്ക് ,ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് എന്നിവയുടെ സഹായത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്നതാണ്,കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP). ആറ് വർഷമാണ് പദ്ധതി കാലയളവ് .പദ്ധതിക്ക് മൂന്ന് ഘടകങ്ങളാണ് ഉള്ളത്

1). മാലിന്യ പരിപാലന രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും കാര്യശേഷി വർദ്ധിപ്പിക്കുക

2). ഖരമാലിന്യ പരിപാലനത്തിനായി നഗരസഭകൾക്ക് പ്രത്യേക ഗ്രാന്റ് വിതരണം

3). മേഖലാ അടിസ്ഥാനത്തിൽ ഖരമാലിന്യ പരിപാലന സംവിധാനങ്ങളുടെ നിർമ്മാണം

കേരള ഖരമാലിന്യ പരിപാലന പദ്ധതിയിൽ പങ്കാളിത്ത കരാർ ഒപ്പിടുന്നതോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 40% ബേസിക് ഗ്രാന്റിന് അർഹത നേടുന്നു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇൻസെന്റീവ് ഗ്രാന്റ് ലഭ്യമാകുന്നതിന് ഖരമാലിന്യ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്.സർക്കാരിന്റെ ഖരമാലിന്യ പരിപാലന നയം അനുസരിച്ചുള്ള ബൈലോ നിർമ്മിച്ച് അംഗീകാരം നൽകണം. ഖരമാലിന്യ പരിപാലന സംവിധാനം സ്ഥാപിക്കുന്നതിനായി ഭൂമി കണ്ടെത്തി ഉചിതമായ ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുകയും വേണം. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഖരമാലിന്യ പദ്ധതി രൂപരേഖ വിപുലമായ കൂടിയാലോചനകളുടെ

അടിസ്ഥാനത്തിൽ ടെക്നിക്കൽ സപ്പോർട്ട് കൺസൾട്ടന്റിന്റെ സഹായത്തോടെ രൂപപ്പെടുത്തേണ്ടതാണ്. ഈ പദ്ധതി രൂപരേഖയിലൂടെ കണ്ടെത്തുന്ന പദ്ധതികളും ഉപപദ്ധതികളും വാർഡ് സഭകളിലും വികസന സെമിനാറുകളിലും നേരിട്ട് പൊതു അവലോകനത്തിന് വിധേയമാക്കുകയും തുടർന്ന് അംഗീകാരത്തിനായി വാർഷിക വികസന പദ്ധതിയുടെ ഭാഗമായി സമർപ്പിക്കുകയും വേണം. പദ്ധതിക്ക് സാങ്കേതികാനുമതി നൽകേണ്ടത് ശുചിത്വമിഷനും സാമ്പത്തികാനുമതി നൽകേണ്ടത് KSWMP പ്രൊജക്ട് ഡയറക്ടറുമാണ്.

7.18 Sqm വിസ്തൃതിയും 22421 ജനസംഖ്യയും (2011 സെൻസസ് പ്രകാരം) ഉള്ള ആലുവ നഗരസഭയിൽ 5641 വീടുകളും 2300 സ്ഥാപനങ്ങളുമുണ്ട്. നഗരസഭയിലെ പ്രതിദിന മാലിന്യ ഉൽപാദനം 8.5TPD ആണ്. 5215 വീടുകളിൽ നിന്നും 1800 സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ നഗരസഭ ശേഖരിച്ചിരുന്നു. അര ടൺ മാലിന്യങ്ങൾ ഹരിതകർമ്മ സേന ശേഖരിക്കുന്നു. പ്രതി ദിനം ഏഴ് ടൺ മാലിന്യങ്ങൾ നഗരസഭ ശേഖരിച്ച് ബ്രഹ്മപുരം പ്ലാന്റിലേക്ക് സംസ്കരണത്തിനായി നൽകിയിരുന്നു. ബ്രഹ്മപുരം പ്ലാന്റിലേക്കുള്ള മാലിന്യ നീക്കം നിലച്ചതോടെ സ്വകാര്യ സ്ഥാപനങ്ങളാണ് നഗരത്തിലെ മാലിന്യം ശേഖരിക്കുന്നത്. ജൈവമാലിന്യ പരിപാലനത്തിനായി നിലവിൽ 5012 ബയോ കമ്പോസ്റ്റ് ബിന്നുകളും 180 ബയോ ബ്യാസ് പ്ലാന്റുകളും 11 ബയോബിന്നുകളും 42 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും ആലുവ നഗരസഭയിലുണ്ട്. സ്ഥാപന തലത്തിൽ അഞ്ച് തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റുകളും പത്ത് ബയോഗ്യാസ് പ്ലാന്റുകളും ഉണ്ട്. കമ്മ്യൂണിറ്റി തലത്തിൽ മാലിന്യ സംസ്കരണ സൗകര്യം നഗരസഭയിലില്ല. അജൈവ മാലിന്യ സംഭരണത്തിനായി സ്ഥാപിച്ചിട്ടുള്ള രണ്ട് MCF കളിൽ 750 ടൺ അജൈവ മാലിന്യം മാത്രമാണ് കൈകാര്യം ചെയ്യുന്നത്. ജൈവ അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിൽ നഗരസഭ സ്വയം പര്യാപ്തമല്ല എന്ന് വ്യക്തമാണ്.നഗരസഭ തയ്യാറാക്കിയ ഖരമാലിന്യ നിർമ്മാർജ്ജന മാസ്റ്റർ പ്ളാൻ പ്രകാരം 6 TPD യുടെ ബയോമെഥനേഷൻ പ്ലാന്റും 1 TPD യുടെ ഓർഗാനിക് വേസ്റ്റ് കൺവെർട്ടറും സ്ഥാപിക്കുന്നതോടെ ഉത്പാദിപ്പിക്കപ്പെടുന്ന മുഴുവൻ ഖരമാലിന്യവും സംസ്കരിക്കാൻ

കഴിയും.

കേരള ഖരമാലിന്യ പരിപാലന പദ്ധതിക്കുവേണ്ടി ഖരമാലിന്യ പരിപാലന മാസ്റ്റർ പ്ലാൻ രൂപം നൽകി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രൊജക്റ്റ് ഇംപ്ലിമെന്റിങ്ങ് യൂണിറ്റുകൾ സ്ഥാപിക്കുകയും സാങ്കേതിക സഹായം നൽകുന്നതിന് എഞ്ചിനീയർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. മൊത്തം 3.80 കോടി രൂപയുടെ പദ്ധതിയാണ് ആലുവ നഗരസഭയ്ക്കായി അനുവദിച്ചത്. 1.52 കോടി രൂപ Track 1 Year 1 And 2 പ്രൊജക്റ്റുകൾക്കായി വകയിരുത്തി. ഖരമാലിന്യ പരിപാലന പദ്ധതിയുടെ Track 1 ,Year 1 പദ്ധതിയിൽ നഗരസഭയിലെ MCF നവീകരണം, മാർക്കറ്റിൽ 1 TPD ശേഷിയുള്ള ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ നിർമ്മാണം എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. കൂടാതെ ഉപപദ്ധതികളായി പ്രൊക്വർമെന്റ് ഓഫ് ഗുഡ്സ്, എം.സി.എഫ് നവീകരണം (സിവിൽ വർക്ക്) എന്നിവ വാർഷിക പദ്ധതിയിലും ഉൾപ്പെടുത്തിയിരുന്നു.പ്രൊജക്റ്റുകളുടെ രൂപരേഖക്ക് 06.09.2022-ലെ 28 ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകാരം നൽകി. ചുവടെ ചേർക്കുന്ന ഉപപദ്ധതികൾ 2022-23 ൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞില്ല.

1. പ്രൊജക്റ്റ് നം – 208 Additional Proposal Procure Of Shredding Machine - 4,27,246/- രൂപ.

2..ആലുവ നഗരസഭയിലെ MCF നവീകരണം (Civil Works)-1,74,300/- രൂപ.

കമ്മ്യൂണിറ്റി തലത്തിലുള്ള ഉയർന്ന ശേഷിയുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളാണ് ആലുവ നഗരസഭയ്ക്ക് അത്യാവശ്യം. ഓർഗാനിക് വേസ്റ്റ് കൺവർട്ടർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കാതെ വർദ്ധിച്ചു വരുന്ന മാലിന്യ സംസ്കരണ ആവശ്യങ്ങളെ അഭിമുഖീകരിക്കാൻ കഴിയില്ല. നഗരസഭയ്ക്ക് സ്വന്തമായുള്ള ഭൂമിയിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുക എന്നത് KSWMP പദ്ധതിയിലെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രധാന നിബന്ധനയാണ്.എടത്തല പഞ്ചായത്തിലെ ചൂണ്ടിയിൽ ആലുവ നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.ആറുവർഷ കാലാവധിയുള്ള പദ്ധതിയുടെ രണ്ട്

വർഷം പിന്നിടുമ്പോഴും ഉപപദ്ധതികളുടെ ഭാഗമായി അനുബന്ധ സൗകര്യങ്ങളൊരുക്കുന്നതിനുള്ള സാധനങ്ങളുടെ വാങ്ങൽ മാത്രമാണ് പൂർത്തിയായിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 25.10.2022ലെ ഡി.എ1/365/2022/ത.സ്വ.ഭ.വ കത്ത് പ്രകാരം 2022-23 സാമ്പത്തികവർഷം 41,25,000 രൂപ (28,87,500 – EAP Share, 12,37,500 - State Share) ആലുവ നഗരസഭയ്ക്ക് Allocation നൽകിയിട്ടുണ്ട്. ആരോഗ്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 10.05.2023 ലെ അജണ്ട സ്ലിപ്പിൽ 9,99,129.60 രൂപയുടെ സാമ്പത്തികാനുമതി പദ്ധതിക്ക് ലഭ്യമായതായി വ്യക്തമാക്കിയിട്ടുണ്ട്.നഗരസഭ നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ റിപ്പോർട്ടിൽ 9,65,181 രൂപ 2023-24 സാമ്പത്തിക വർഷം ലഭിച്ചെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന നഗരസഭയ്ക്ക് സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമായതിനാൽ കേരള ഖരമാലിന്യ പരിപാലന പദ്ധതി പരമാവധി പ്രയോജനപ്പെടുത്തി മാലിന്യ സംസ്കരണ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ ഫലപ്രദമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തുനികുതി കണക്കാക്കിയതിലെ അപാകത-1,095/-രൂപ നഷ്ടം

ആലുവ നഗരസഭയിലെ വാർഡ് 5 ൽ 310 -ാം നമ്പറായി തറ വിസ്തീർണ്ണം 118 $M^2$ ഉണ്ടായിരുന്ന കെട്ടിടത്തിന് 229.31 $M^2$ കൂട്ടിച്ചേർത്തു. 20.08.2022 തീയതിയിൽ വസ്തുനികുതി പുനർ നിർണ്ണയിച്ചപ്പോൾ മൊത്തം തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർ നിർണ്ണയിക്കാതെ കൂട്ടിച്ചേർത്ത ഭാഗത്തിന്റെ നികുതി മാത്രം പുനർനിർണ്ണയിച്ച ശേഷം നിലവിലുണ്ടായ വസ്തുനികുതി അതിനോടൊപ്പം കൂട്ടിച്ചേർക്കുകയാണ് ചെയ്തത്. തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ ഉള്ള 15% വർദ്ധനവ് കൂട്ടിച്ചേർത്ത കെട്ടിട ഭാഗത്തിന് മാത്രമാണ് ബാധകമാക്കിയിട്ടുള്ളത്. കെട്ടിടത്തിന്റെ

മുഴവൻ വിസ്തീർണ്ണത്തിനും 15% വർദ്ധനവ് വരുത്താത്തതുമൂലം വസ്തുനികുതി ഇനത്തിൽ 953/- രൂപയും, ലൈബ്രറി സെസ്സ് ഇനത്തിൽ 47/- രൂപയും, സേവനഉപനികുതി ഇനത്തിൽ 95/- രൂപയും കൂടി ആകെ 1,095/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

അപാകത ചുവടെ ചേർക്കുന്നു.

| | വസ്തുനികുതി നിർണ്ണയിച്ചത് | നിർണ്ണയിക്കേണ്ടത് |
|---|---|---|
| തറവിസ്തീർണ്ണം | 229.31 $M^2$ | 347.31 $M^2$ |
| അടിസ്ഥാന നികുതി നിരക്ക് | 10/- രൂപ | 10/- രൂപ |
| അടിസ്ഥാന നികുതി | 2293/- രൂപ | 3473/- രൂപ |
| മേഖലാ ഇളവ് 10% | 2293-229=2064/-രൂപ | 3473-347=3126/- രൂപ |
| തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ്(15%) | 2064+344 =2408 (ഇതോടൊപ്പം പഴയ കെട്ടിടത്തിന്റെ വസ്തുനികുതി കൂട്ടിച്ചേർത്തു)+286=2694/- രൂപ | 3126+521=3647/- രൂപ |
| ലൈബ്രറി സെസ് | 135/- രൂപ | 182/- രൂപ |
| സേവന ഉപനികുതി | 270/- രൂപ | 365/-രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 3099/-രൂപ | 4195/- രൂപ |
| നഷ്ടം | വസ്തുനികുതി | 953/- രൂപ |
| | ലൈബ്രറി സെസ്സ് | 47/- രൂപ |
| | സേവന ഉപ നികുതി | 95/- രൂപ |
| ആകെ | | 1095/- രൂപ |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം.30 M3/2022-23/16.09.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയത്തിലെ അപാകതമൂലം നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കി നഗരസഭാഫണ്ടിൽ അടക്കേണ്ടതാണ് .

**2-2 തൊഴിൽനികുതി പിരിച്ചെടുത്തില്ല- നഷ്ടം- 7,300/- രൂപ**

നഗരസഭയിലെ കച്ചവടക്കാരുടെ തൊഴിൽനികുതി പരിശോധിച്ചതിൽ അസസ്സ്മെന്റ് ലിസ്റ്റിലുള്ള താഴെചേർക്കുന്ന കച്ചവടക്കാരുടെ വിവരങ്ങൾ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുകയോ, അവരുടെ തൊഴിൽനികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഇപ്രകാരം പിരിച്ചെടുക്കാത്തതുമൂലം 2022-23 വർഷം 6,700/- രൂപയുടെ നഷ്ടം നഗരസഭയ്ക്ക് ഉണ്ടായിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| വാർഡ് നം. | പേര് | നടത്തുന്ന കച്ചവടം | അർദ്ധ വാർഷിക വരുമാനം | തൊഴിൽനികുതി |
|---|---|---|---|---|
| IX | അഖിൽ കെ.വി | ക്ലോത്ത് പ്രിന്റിംഗ്, മെഷീൻ, ഫോട്ടോസ്റ്റാറ്റ് മെഷീൻ കമ്പ്യൂട്ടർ | 45000 | 450/- |
| IX | രാകേഷ് രാജ് | ആചാരി ഇൻസ്റ്റിറ്റ്യൂട്ട് | 60,000 | 600/- |
| X | അബ്ദുൾ ഖാദിർ | പോപ്പീസ് ബേബി കെയർ | 125000 | 1250/- |
| X | അനീഷ് | ഓട്ടോ കൺസൾട്ടന്റ് | 75000 | 750/- |
| XIX | അഗസ്റ്റിൻ | ന്യൂ ഹൈ ടെക് മാരുതി സർവ്വീസ് | 30000 | 300/- |
| | | | | **3,350/-** |

2022-23 സാമ്പത്തിക വർഷത്തിൽ ഇരു അർദ്ധവർഷങ്ങളിലുമായി 6,700/- രൂപയുടെ നഷ്ടം കണക്കാക്കുന്നു.

തൊഴിൽനികുതി അസസ്മെന്റ് ലിസ്റ്റിൽ നിന്നും അർദ്ധവാർഷിക വരുമാനം ഡിമാന്റ് രജിസ്റ്ററിൽ ചേർത്തപ്പോൾ പിശകുപറ്റിയതുമൂലം 300/- രൂപയുടെ കുറവ് ഓരോ അർദ്ധവർഷത്തിലും ഉണ്ടായിട്ടുണ്ട്. 2022-23 വർഷം ആകെ 600/- രൂപയുടെ കുറവു വന്നിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | പേര് | | അസസ്മെന്റ് ലിസ്റ്റ് പ്രകാരം | | ഡിമാന്റ് രജിസ്റ്റർ പ്രകാരം | | കുറവ് |
|---|---|---|---|---|---|---|---|
| XI | സിബി ജോസ് | ഇന്റർനാഷണൽ പിൽഗ്രാം സൊല്യൂഷൻസ് പ്രൈ. ലിമിറ്റഡ് | 75000/- | 750/- | 70000/- | 600/- | 150/- |
| XI | സൂരജ് കെ.പി. | അലങ്കാർ സ്റ്റേഷനറി സ്റ്റോഴ്സ് | 75000/- | 750/- | 60000/- | 600/- | 150/- |

മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 21.11.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 37/AO/2022-23 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയ്ക്കുണ്ടായ 7,300/- (6,700 + 600) രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**2-3 വാടക – പിഴപ്പലിശ ഈടാക്കിയതിൽ കുറവ് – 2520/- രൂപയുടെ നഷ്ടം**

ആലുവ നഗരസഭയിലെ 2022-23 സാമ്പത്തിക വർഷത്തെ ഷോപ്പിങ്ങ് കോംപ്ലക്സുകളിലെ വാടക പിരിവിൽ ഏതാനും സ്ഥാപനങ്ങളുടെ പിഴപ്പലിശ ഈടാക്കിയതിൽ

കുറവുണ്ടായിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

**1) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – കാർട്ട് സ്റ്റാന്റ് ബിൽഡിങ്ങ്**

**വാടകക്കാരന്റെ പേര് – ലേബർ ഓഫീസ്, ആലുവ**

| മാസം | ഇനം | ഈടാക്കേണ്ടത് | ഈടാക്കിയത് | നഷ്ടം | രസീത് നമ്പർ |
|---|---|---|---|---|---|
| 02/23 | വാടക | 3840.00 | 3840.00 | **77.00** | 10800366 Dtd 31.03.2023 |
| | GST | 692.00 | 692.00 | | |
| | പിഴപ്പലിശ 1% (പ്രതിമാസം) | 77.00 | 0 | | |
| | **ആകെ** | **4609.00** | **4532.00** | | |
| 03/23 | വാടക | 3840.00 | 3840.00 | **38.00** | 10800050 Dtd 11.03.2023 |
| | GST | 692.00 | 692.00 | | |
| | പിഴപ്പലിശ 1% (പ്രതിമാസം) | 38.00 | 0 | | |
| | **ആകെ** | **4570.00** | **4532.00** | | |

**2) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – റസ്റ്റ് ഹൗസ് ബിൽഡിങ്ങ്**

**വാടകക്കാരന്റെ പേര് – B.A.കൈസ്, ആഞ്ഞിലിമൂട്ടിൽ, നൊച്ചിമ.**

| മാസം | ഇനം | ഈടാക്കേണ്ടത് | ഈടാക്കിയത് | നഷ്ടം | രസീത് നമ്പർ |
|---|---|---|---|---|---|
| 11/22 മുതൽ 03/23 വരെ | വാടക – 14490x5 | 72450.00 | 72450.00 | **869.00** | 123010100288 Dtd 11.04.2023 |
| | GST | 13042.00 | 13042.00 | | |
| | പിഴപ്പലിശ 1% (പ്രതിമാസം) | 3043.00 | 2174.00 | | |
| | **ആകെ** | **88535.00** | **87666.00** | | |

| | | | | | |
|---|---|---|---|---|---|
| 11/22 മുതൽ 03/23 വരെ | വാടക – 9199x5 | 45995.00 | 45995.00 | **552.00** | 1230100288 Dtd 11.04.2023 |
| | GST | 8280.00 | 8280.00 | | |
| | പിഴപ്പലിശ 1% (പ്രതിമാസം) | 1932.00 | 1380.00 | | |
| | **ആകെ** | **56207.00** | **55655.00** | | |

**3) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് – റസ്റ്റ് ഹൗസ് ബിൽഡിങ്ങ്, വാടകക്കാരന്റെ പേര് – ഡെപ്യൂട്ടി വൈ. പ്രസിഡന്റ് FC ഹെഡ് കോർപ്പറേറ്റ് സർവ്വീസ് ഡിപ്പാർട്ട്മെന്റ്.**

| **മാസം** | **ഇനം** | **ഈടാക്കേണ്ടത്** | **ഈടാക്കിയത്** | **നഷ്ടം** | **രസീത് നമ്പർ** |
|---|---|---|---|---|---|
| 11/22 മുതൽ 03/23 വരെ | വാടക – 2170x5 (ബാലൻസ്) | 10850.00 | 10850.00 | **456.00** | 123010800003 Dtd 10.04.2023 |
| | GST | 1954.00 | 1954.00 | | |
| | പിഴപ്പലിശ 1% (പ്രതിമാസം) | 456.00 | 0 | | |
| | **ആകെ** | **13260.00** | **12804.00** | | |
| 11/22 മുതൽ 03/23 വരെ | വാടക – 2515x5 | 12575.00 | 12575.00 | **528.00** | 1230100288 Dtd 11.04.2023 |
| | GST | 2264.00 | 2264.00 | | |
| | പിഴപ്പലിശ 1% | 528.00 | 0 | | |

| | | | | |
|---|---|---|---|---|
| | (പ്രതിമാസം) | | | |
| | ആകെ | 15367.00 | 14839.00 | |

കുറവായി ഈടാക്കിയ 2520/- രൂപ ബന്ധപ്പെട്ട വാടകക്കാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണെന്ന് 26.09.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 31/ M2/2022-23 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ 2, 3 എന്നിവ ദിവസങ്ങളുടെ വ്യത്യാസത്തിൽ 2022-23 ലെ നഷ്ടമല്ലാതായി മാറുന്നെങ്കിലും 2022-23 സാമ്പത്തിക വർഷത്തെ വാടകയിന്മേലുള്ള പിഴപ്പലിശ ആയതിനാലും ഉത്തരവാദിയായ ഉദ്യോഗസ്ഥന് മാറ്റമില്ലാത്തതിനാലും 2022-23 ലെ വ്യക്തമായ നഷ്ടമായി പരാമർശിക്കുന്നു. നഷ്ടത്തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**2-4 റോഡ് കട്ടിങ്ങ് ചാർജ് - കുറവായി ഈടാക്കി - 9,497/- രൂപയുടെ നഷ്ടം**

| | | |
|---|---|---|
| സൂചന | :1) | G.O.(Rt) No.30/2018/PWD Dtd 05.01.2018 |
| | 2) | G.O.(Ms) No.59/2020/PWD Dtd 30.07.2020 |
| | 3) | G.O.(Rt) No.1983/2021/LSGD Dtd 13.10.2021 |
| | 4) | ഓഡിറ്റ് എൻക്വയറി നമ്പർ 20/M2/2021-22 തീയതി 14.03.2023 |

2022-23 സാമ്പത്തിക വർഷത്തെ നഗരസഭയിലെ റോഡ് കട്ടിങ്ങ് ചാർജ് അപേക്ഷകളുടെ ഫയൽ പരിശോധിച്ചതിൽ നിന്നും റോഡ് കട്ടിങ്ങ് ചാർജ് ഈടാക്കിയതിൽ അപാകതകളുള്ളതായി കാണുന്നു. PWD റോഡുകളിൽ പൈപ്പുകളും കേബിളും സ്ഥാപിക്കുന്നതിനായി കുഴിയെടുക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള സൂചന (1) ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം വിവിധ റോഡുകളിൽ ഈടാക്കേണ്ട റീസ്റ്റോറേഷൻ നിരക്കുകൾ സൂചന (2) പ്രകാരം പൊതുമരാമത്ത് വകുപ്പും സൂചന (3) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പും പുറപ്പെടുവിച്ചിട്ടുണ്ട്. പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നതിനായി എടുക്കുന്ന കുഴിയുടെ വീതിയുടെ 1.5 മടങ്ങ് വീതിയിൽ റീ സ്റ്റോറേഷൻ ചാർജ് ഈടാക്കണമെന്നും BT സർഫേസുകളുടെ കാര്യത്തിൽ മിനിമം 1 മീറ്റർ വീതിയിൽ റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആലുവ നഗരസഭയിൽ താഴെ ചേർക്കുന്ന റോഡ് കട്ടിങ്ങ് - റീസ്റ്റോറേഷൻ അപേക്ഷകളിന്മേൽ റീസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ

കുറവുള്ളതായി കണ്ടതിനെ തുടർന്ന് 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സൂചന (4) പ്രകാരം ശ്രദ്ധയിൽപ്പെടുത്തുകയും വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ഇക്കാര്യത്തിൽ വിശദീകരണം നൽകിയിട്ടില്ല.

**1. അപേക്ഷകന്റെ പേര് – നൂറുദ്ദീൻ.T.Y**

| | | |
|---|---|---|
| റോഡിന്റെ തരം | - | ഇന്റർലോക്കിങ്ങ് കട്ടിങ്ങ് |
| Berm Cutting | - | 0.5x0.5 |
| ഈടാക്കിയ തുക | - | 0.5x0.5x1.5x5473.44 = 1231.52 (Calculation Mistake) |
| തുക ഈടാക്കിയതിന്റെ വിവരം | - | Online Ref No. 224917960682 Dtd 06.09.2022 |
| ഈടാക്കേണ്ട തുക | - | 0.5x0.5x1.5x5473.44 = 2052.54 |
| കുറവായി ഈടാക്കിയത് | - | 2052.54-1231.52 = 821.00 |

**2. അപേക്ഷകന്റെ പേര് – രാജു.C.J, ചിറമേൽ ഹൗസ്, വാർഡ് – 23**

| | | |
|---|---|---|
| റോഡിന്റെ തരം | - | ഇന്റർലോക്കിങ്ങ് കട്ടിങ്ങ് |
| കട്ട് ചെയ്ത റോഡിന്റെ നീളം | - | 5 M |
| കട്ട് ചെയ്ത റോഡിന്റെ വീതി | - | 0.5 M |
| ഈടാക്കിയ തുക | - | 5x0.5x3722.14 = 9306.00 |
| തുക ഈടാക്കിയതിന്റെ വിവരം | - | ലഭ്യമല്ല |
| ഈടാക്കേണ്ട തുക | - | 5x0.5x1.5x3722.14 = 13958.02 |
| കുറവായി ഈടാക്കിയത് | - | 13958-9306 = 4652.00 |

**3. അപേക്ഷകന്റെ പേര് – അനന്തകുമാർ, വാഴേലിപറമ്പിൽ ഹൗസ്, വാർഡ് – 23**

| | | |
|---|---|---|
| റോഡിന്റെ തരം | - | ഇന്റർലോക്കിങ്ങ് ടൈൽ |
| കട്ട് ചെയ്ത റോഡിന്റെ നീളം | - | 3 M |
| കട്ട് ചെയ്ത റോഡിന്റെ വീതി | - | 0.5 M |
| ഈടാക്കിയ തുക | - | 3x0.5x3722.14 = 5583.00 |

| | | |
|---|---|---|
| തുക ഈടാക്കിയ തീയതി | - | 21.01.2023, രസീത് നമ്പർ - ലഭ്യമല്ല. |
| ഈടാക്കേണ്ട തുക | - | 3x0.5x1.5x3722.14 = 8375 |
| കുറവായി ഈടാക്കിയത് | - | 8375-5583 = 2792.00 |

**4. അപേക്ഷകന്റെ പേര് - ജോൺസൺ പോൾ, വാർഡ് - 23**

| | | |
|---|---|---|
| റോഡിന്റെ തരം | - | കോൺക്രീറ്റ് റോഡ് |
| കട്ട് ചെയ്ത റോഡിന്റെ നീളം | - | 0.90m |
| കട്ട് ചെയ്ത റോഡിന്റെ വീതി | - | 0.5 M |
| ഈടാക്കിയ തുക | - | 0.9x0.5x5473.44 = 2463.05 |
| തുക ഈടാക്കിയതിന്റെ വിവരം | - | Online Ref No. 2024283319 Dtd 23.01.2023 |
| ഈടാക്കേണ്ട തുക | - | 0.9x0.5x1.5x5473.44 = 3694.57 |
| കുറവായി ഈടാക്കിയത് | - | 3695 - 2463 = 1232.00 |

മേല്പറഞ്ഞ വിവരങ്ങൾ 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും 2022-23 സാമ്പത്തിക വർഷത്തെ വരവ് നഷ്ടമായിരുന്നതിനാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കിയിരുന്നില്ല. കുറവായി ഈടാക്കിയ 9497/- രൂപ അപേക്ഷകരിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി പരാമർശിക്കുന്നതാണെന്നും 19.10.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 33/M2/2022-23 പ്രകാരം അറിയിച്ചിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടത്തുക 9,497/- രൂപ ബന്ധപ്പെട്ട അപേക്ഷകരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 എസ്.സി വീട് മെയിന്റനൻസ് - 1,20,526/- രൂപ അധികം നൽകി**

| | | |
|---|---|---|
| സൂചന | : | പ്രോജക്റ്റ് നമ്പർ - 93/2022,<br>ഫയൽ നമ്പർ - MS/1023/23 |
| ചെലവ് വിവരം | | |
| ബിൽ റഫറൻസ് നമ്പർ | : | 1) 1156763 തീയതി 08.02.2023 – 75000/- |

| | 2) 1051963 തീയതി 15.03.2023 – 75000/- |
|---|---|

നഗരസഭയിൽ 2022-23 സാമ്പത്തിക വർഷം നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 27,69,500/- രൂപ വകയിരുത്തി നടപ്പാക്കിയ പ്രോജക്റ്റാണ് വീട് റിപ്പയറിങ്ങ് (SC വിഭാഗം). 20 ഗുണഭോക്താക്കൾക്കായി 22,83,026/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ഈ പ്രോജക്റ്റിൽ ശ്രീമതി.ജയന്തി.M.T, തോട്ടാളി, മൊണാസ്റ്റി ലെയിൻ എന്ന ഗുണഭോക്താവിന് 1,20,526/- രൂപ അധികം അനുവദിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു.

ജയന്തി.M.T, തോട്ടാളി, മൊണാസ്റ്റി ലെയിൻ എന്ന ഗണഭോക്താവിന് 1,50,000/- രൂപയാണ് ധനസഹായം അനുവദിച്ചിരിക്കുന്നത്. അപേക്ഷക സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് 29,474/- രൂപയുടേതാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ താഴെ ചേർക്കുന്നു.

| Sl. No | Particulars | Quantity | Rate | Unit | Amount |
|---|---|---|---|---|---|
| 1 | Plastering With Cement Mortar 1:4 12mm Thick One Coat First Floor | 57.00m2 | 325.04 | | 18527.28 |
| 2. | Wood Work For Paneled Doors Using Good Quality Teak Wood Including All Cost Of Frame, Shutter And Fitting Charge | 4.00 M2 | 2736.72 | M2 | 10946.88 |
| | Total | | | | **29474.16** |

നഗരസഭാ ഓവർസീയർ ഇതേ തുകയുടെ പ്രവൃത്തി ചെയ്തതായാണ് എസ്റ്റിമേറ്റിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ധനസഹായമായി 1,50,000/- രൂപ നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം പരമാവധി അനുവദിക്കാവുന്ന സബ്സിഡിയാണ് 1,50,000/- രൂപ. എന്നാൽ നടപ്പാക്കിയ പ്രവൃത്തിയുടെ മൂല്യത്തിന് പകരം പരമാവധി സബ്സിഡി തുകയായ 1,50,000/- രൂപ ഗണഭോക്താവിന് നൽകിയതിലൂടെ 1,20,526/- രൂപ അധികം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 10.11.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 36/M2/2022-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക

ഗണഭോക്താവിൽ നിന്ന് തിരികെ ഈടാക്കാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| Mechanical Sub Division , Alappuzha | Renovation Of Waste Water Treatment Plant OfAluva Municipality | | 28000 രൂപ | ........... | 28000 രൂപ |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം | വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 1734/95/ LAD 30.03.1995 | 3050000 രൂപ | 915000 രൂപ | NIL | NIL | 915000 രൂപ |
| 2 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 1608/96/ LAD 27.03.1996 | 1022000 രൂപ | 306600 രൂപ | NIL | NIL | 306600 രൂപ |
| 3 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 4448/96/LAD 12.02.1996 | 1011300 രൂപ | 407910 രൂപ | NIL | NIL | 407910 രൂപ |
| 4 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 3344/98/LAD 17.11.1998 | 2583000 രൂപ | 1291500 രൂപ | NIL | NIL | 1291500 രൂപ |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 4353/00/LSGD 27.10.2000 | 2570000 രൂപ | 1739997രൂപ | NIL | NIL | 1739997 രൂപ |

ഗവൺമെന്റ് ലോണുമായി ബന്ധപ്പെട്ട് പലിശ, പിഴ പലിശ ഇനത്തിൽ തിരികെ ഒടുക്കേണ്ട തുക സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നുംലഭ്യമായ കണക്കുകൾ മേൽപ്പറഞ്ഞ കണക്കിൽ നിന്നും വ്യത്യസ്തമാണ്. ഇത് പ്രത്യേക പരാമർശമായി ഉൾപ്പെടുത്തിയിട്ടുണ്ട്. (ഖണ്ഡിക 1-46)

**4-5 സ്ഥിര നിക്ഷേപം**

**ഇല്ല.**

**4-6 ഓഡിറ്റ് റിക്കവറി**

**ഈയിനത്തിൽ തൻവർഷം ലഭിച്ച 1,300/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.**

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2021-22 | 3-1 | 1300 | ഡോ. പ്രസന്നകുമാരി (ശ്രീമതി. സിനിമോൾ എ.റ്റി.) | 017122011100872 Dated 25.11.2022 |

**4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.**

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിപ്പിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 ചെലവ് | ഖ.48 | 1999-2000 2001-02 | ഖ.V(i) ഖ. VI.2.7(iii) | ഹരിതനഗരം സുന്ദര നഗരം ക്രമക്കേടുകൾ | ബന്ധപ്പെട്ടഫയലുകൾ ഓഡിറ്റിനായി ഹാജരാക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതുവരെ ഹാജരാക്കിയിട്ടില്ല. |
| 1997-98 | | 1999-2000 | ഖ.V(2) | ഗവ.ബോയ്സ് സ്കൂളിന് ഭൗതിക സാഹചര്യം ഒരുക്കൽ | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1997-98 | ഖ.47 | 1999-2000 | ഖ.V(3) | വ്യവസായ പരിശീലനം - ധന ദുർവിനിയോഗം | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1997-98 | ഖ.32 | 1999-2000 | ഖ.VI(2) | കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംഗ് അധികനിരക്ക് അനുവദിച്ചു. | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1998-99 | ഖ.59 | 2001-02 | ഖ.2.7(V) | പെരിയാറിനു കുറുകെ തൂക്കുപാലം-എഗ്രിമെന്റ് വയ്ക്കാതെ 6 ലക്ഷം രൂപ അഡ്വാൻസ് നൽകി. | തുക ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയത് ഈടാക്കിയിട്ടില്ല. |
| 1998-99 | ഖ.61 | 2001-02 | ഖ.2.7(Vi) | ആലുവ മണപ്പുറത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം -അധികം തുക ചെലവഴിച്ചു. | തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |
| 1998-99 | ഖ.35 | 2001-02 | ഖ.2.7(Vii) | സ്റ്റേഡിയം ഗ്രൗണ്ടിൽ നിന്നും മണ്ണ് ടൗൺ ഹാൾ സൈറ്റിൽ ഇട്ടത്- അധിക | നിരാകരിച്ച തുകയിൽ 11,011 രൂപ ഇനിയും തിരികെ ഈടാക്കേണ്ടതുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | തുക അനുവദിച്ചു. | |
| | | 2001-02 | ഖ.2.7(Viii) | ഗവ.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ അറ്റകുറ്റപ്പണി രേഖകൾ ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു. |
| | | 2001-02 | ഖ.2.7(ix) | തയ്യൽ മെഷീനുകൾ വാങ്ങിയത് 15,873/- രൂപയുടെ നഷ്ടം | തുക നാളിതുവരെ ഈടാക്കി അറിയിച്ചിട്ടില്ല. |
| 1999-00 | ഖ.34 | 2002-03 | 15(ii) | ബോട്ടുകൾ വാങ്ങലും ജെട്ടി നിർമ്മാണവും | വിദഗ്ധസമിതി അംഗങ്ങളിൽ നിന്നും തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നു. തുക ഈടാക്കി അറിയിച്ചിട്ടില്ല. |
| 1999-00 | ഖ.31 | 2002-03 | 15(iii) | ഓപ്പൺ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം | തുക ഫൈനൽ ബില്ലിൽ നിന്നും കുറവുചെയ്തിട്ടുണ്ട്. സമിതി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. |
| 1999-00 | ഖ.26 | 2002-03 | 15(vi) | പ്രിയദർശിനി ടൗൺ ഹാൾ മോടി പിടിപ്പിക്കൽ- ക്രമക്കേടുകൾ | നടപടികൾ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. സമിതി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. |
| 1999-00 | | 2002-03 | VIII/ | റവന്യൂ ഇൻസ്പെക്ടർ ശ്രീ. ഒ. അബ്ദുൾ ലത്തീഫിന് നൽകിയ രസീത് ബുക്ക് നഗരസഭയിൽ തിരികെ ഏൽപ്പിച്ചിട്ടില്ല. | പിഴപ്പലിശ സഹിതം തുക തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2002-03 | ഖ.14 | 2003-04 | ഖ.5.1 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ക്ഷാമബത്ത കുടിശ്ശിക നൽകി | തുക മുഴുവൻ തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2000-01 | ഖ.40 | 2003-04 | ഖ.5.2 | മോട്ടോർ കൺവെയൻസ് അഡ്വാൻസ് നടപടിക്രമം പാലിച്ചിട്ടില്ല. | തുക മുഴുവൻ തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | പത്രപരസ്യം നൽകൽ- നിബന്ധനകൾ പാലിച്ചിട്ടില്ല. ഹാജരാക്കാൻ | നഷ്ടത്തുക ഉത്തരവാദിയിൽ നിന്നും ഈടാക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ തുക ഈടാക്കിയിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | വാഹനവായ്പ അനുവദിച്ചത് ഗുരുതരമായ ക്രമക്കേടുകൾ. | മൂന്നു ജീവനക്കാർ തുക അടച്ചു. ഒരാളിൽ നിന്നും തുക ഈടാക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | ജനകീയാസൂത്രണം- വാച്ചർക്ക് പദ്ധതി ഗ്രാന്റിൽ നിന്നും ശമ്പളം നൽകിയത് | തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയത് ഈടാക്കിയിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ | പൊതുമരാമത്ത് പണികളിലെ | ഉത്തരവാദികളിൽ നിന്നും തുക തിരികെ ഈടാക്കാൻ |

| | | | | | |
|---|---|---|---|---|---|
| | | | ഒറ്റനോട്ടത്തിൽ | അപാകതകൾ-22,829/- രൂപ നിരാകരിച്ചു. | സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ നഷ്ടത്തുക ഈടാക്കിയിട്ടില്ല. |
| 2001-02 | ഖ.29 46,47,48 | 2004-05 | ഖ.II : 3(4) | മരാമത്ത് പണികൾ 8.5 ലക്ഷത്തിന് രേഖയില്ല. | ഫയലുകൾ പരിശോധിച്ചതിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. സമിതി നിർദ്ദേശം ലഭിക്കാത്തതിനാൽ പരാമർശത്തിന് തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2002-03 | ഖ.14 | 2004-05 | ഖ.II:3(5) | വിരമിച്ച ജീവനക്കാർക്ക് അധികം നൽകിയ പെൻഷൻ തുക തിരിച്ചുപിടിക്കേണ്ടതാണ്. | നഷ്ടത്തുക 98,053/- രൂപ തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചതനുസരിച്ച് തുക മുഴുവൻ ഈടാക്കിയിട്ടുണ്ട്. സമിതി നിർദ്ദേശത്തിന്റെ അഭാവത്തിൽ പരാമർശം തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| 2002-03 | 27 & 33 | 2004-05 | ഖ.II:3(6) | നഗരസഭകൾ എസ്റ്റിമേറ്റ് മാറ്റുന്നു- ദുർവ്യയം ഏറ്റുന്നു. | സർക്കാർ സാധൂകരണം ലഭിക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല. |
| 2003-04 | 2-11 | 2005-06 | അദ്ധ്യായം 3.16.1 | സി.ഡി.എസ് വായ്പ തിരിച്ചടച്ചില്ല | |
| | 2-6 | 2005-06 | അദ്ധ്യായം 3.16.2 | വനിതാ സംഘങ്ങൾക്ക് ക്രമ വിരുദ്ധമായി റിവോൾവിംഗ് ഫണ്ട് | |
| | 2-23 | 2005-06 | അദ്ധ്യായം 3.16-3 | അനധികൃത കൈയ്യേറ്റം നഗരസഭയ്ക്ക് 48 സെന്റ് ഭൂമി നഷ്ടമായി | |
| | | 2012-13 | ഖണ്ഡിക 2-6 | ലൈബ്രറികളുടേയും സാംസാകാരിക നിലയങ്ങളുടേയും നടത്തിപ്പ് | |
| | | | ഖണ്ഡിക 3-1-5 | ഖരമാലിന്യങ്ങളുടെ ഉൽപാദനം കണക്കുകൾ ലഭ്യമല്ല | |
| 2013-14 | നിഷ്ക്രിയാസ്തി-ഖണ്ഡിക 5 | 2014-15 | ഖണ്ഡിക 4-1-2 | നിഷ്ക്രിയാസ്തികളും ഇനങ്ങളും -ഇ-ടോയ് ലെറ്റ് | ഖണ്ഡികയിൽ പരാമർശിക്കുന്ന ടോയ് ലറ്റ് പ്രവർത്തനക്ഷമമല്ല. |
| 2013-14 | നിഷ്ക്രിയാസ്തി-ഖണ്ഡിക 6 | | ഖണ്ഡിക 4-1-5 | വനിതാവ്യവസായ വിപണ കേന്ദ്രം | ഇപ്പോഴും പ്രവർത്തനക്ഷമമല്ല |
| 2013-14 | നിഷ്ക്രിയാസ്തി-ഖണ്ഡിക 1 | | ഖണ്ഡിക 4-1-9 | മത്സ്യമാർക്കറ്റുകളും ചന്തകളും-പ്രവർത്തന ക്ഷമമാക്കിയില്ല | മത്സ്യമാർക്കറ്റ് കെട്ടിടത്തിന്റെ ഒന്നാം നിലയിലെ 23 കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു |
| 2013-14 | നിഷ്ക്രിയാസ്തി-ഖണ്ഡിക 5 | | ഖണ്ഡിക 4-1-14 | ഇ-ടെയ് ലെറ്റുകളും ശൗചാലയങ്ങളും പ്രയോജനപ്പെടുന്നില്ല | നെഹ്റു പാർക്കിന് സമീപമുള്ള ഇ-ടോയ് ലെറ്റ് പ്രവർത്തിക്കുന്നില്ല. മറ്റ് 5 ഇ-ടോയ് ലറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| 2013-14 | ഖണ്ഡിക 3-17 | | ഖണ്ഡിക 5-7-14 | കശാപ്പുശാലകൾ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം | അറവുശാല പ്രവർത്തനക്ഷമമാക്കിയിട്ടില്ല |
| 2015-16 | ഖണ്ഡിക 3-8 | 2016-17 | ഖണ്ഡിക 8-3 | പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് AMC നൽകിയത് | വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമല്ല. |
| 2015-16 | ഖണ്ഡിക 3-2 | 2016-17 | ഖണ്ഡിക 8-4 | ബ്രഹ്മപുരം പ്ലാന്റിൽ നിക്ഷേപിക്കേണ്ട | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ |

| | | | | | |
|---|---|---|---|---|---|
| | | | | മാലിന്യം അജ്ഞാതസ്ഥലത്ത് നിക്ഷേപിച്ചു | തുടരുന്നു. |
| 2015-16 | ഖണ്ഡിക 3-3 | 2016-17 | ഖണ്ഡിക 8-5 | മാലിന്യ നിർമ്മാർജ്ജന പദ്ധതി പരാജയം-28.53 ലക്ഷം രൂപ തിരിച്ചടച്ചു. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2016-17 | ഖണ്ഡിക 2-1 | 2017-18 | ഖണ്ഡിക 1-7(1) | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2016-17 | ഖണ്ഡിക 2-10 | 2017-18 | ഖണ്ഡിക 1-7(2) | വനിത സാനിറ്ററി കോംപ്ലക്സിനുവേണ്ടി അനുവദിച്ച തുക ചെലവഴിച്ചിട്ടില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2016-17 | ഖണ്ഡിക 3-5 | 2017-18 | ഖണ്ഡിക 1-7(3) | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2016-17 | ഖണ്ഡിക 3-10 | 2017-18 | ഖണ്ഡിക 1-7(4) | അറവുശാല നിർമ്മാണം-നിർവ്വഹണം നടന്നില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2017-18 | ഖണ്ഡിക 3-2 | 2018-19 | അധ്യായം-3 ആലുവ മുനിസിപ്പാലിറ്റി-1 | അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതിനാൽ വയോമിത്രം പദ്ധതി നടപ്പായില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| | ഖണ്ഡിക 3-3 | 2018-19 | അധ്യായം-3 ആലുവ മുനിസിപ്പാലിറ്റി-2 | തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണം-വ്യക്തമായ ആസൂത്രണമില്ല- പദ്ധതി പ്രാരംഭദിശയിൽ തുടരുന്നു- 47.89 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |

**4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

**4-9 ഓഡിറ്റ് പ്രത്യവലോകനം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 24,77,80,612.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 24,40,61,093.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : 20,412.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 1,20,526.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 20,54,180.00 |

**(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 953.00<br>+<br>95.00 | | ശ്രീമതി. തങ്കമണി.P.A, റവന്യൂ ഓഫീസർ. |
| 2-2 | 3350.00+300.00 | | ശ്രീമതി. തങ്കമണി.P.A, റവന്യൂ ഓഫീസർ. |
| | 3350.00+300.00 | | ശ്രീ. അബ്ദുൾ റഷീദ്.P.H, റവന്യൂ ഓഫീസർ. |
| 2-3 | 2520.00 | | ശ്രീ. അബ്ദുൾ റഷീദ്.P.H, റവന്യൂ ഓഫീസർ. |
| 2-4 (1) | 821.00 | | ശ്രീമതി. തങ്കമണി.P.A, റവന്യൂ ഓഫീസർ. |
| 2-4(2) | 4652.00 | | ശ്രീ. അബ്ദുൾ റഷീദ്.P.H, റവന്യൂ ഓഫീസർ. |
| 2-4(3) | 2792.00 | | ശ്രീ. അബ്ദുൾ റഷീദ്.P.H, റവന്യൂ ഓഫീസർ. |
| 2-4(4) | 1232.00 | | ശ്രീ. അബ്ദുൾ റഷീദ്.P.H, റവന്യൂ ഓഫീസർ. |
| 3-1 | | 1,20,526.00 | ശ്രീ. ജയകൃഷ്ണൻ (ജെ.എച്ച്.ഐ), പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ. |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 49,000.00 | മെൽബിൻ.K.G, പബ്ലിക് വർക് ഓവർസീയർ ഗ്രേഡ് – 1 |
| 1-26 | 2,17,180.00 | ശ്രീ. മുഹമ്മദ് ഷാഫി, സെക്രട്ടറി |
| 1-29 | 1,93,000.00 | ശ്രീ. പ്രേം നവാസ്.K.V, ഹെൽത്ത് സൂപ്പർ വൈസർ |
| 1-46 | 14,95,000.00 | ശ്രീ. പ്രേം നവാസ്.K.V, ഹെൽത്ത് സൂപ്പർ വൈസർ |
| 1-48 | 50,000.00 | ശ്രീ. ഷിയാസുദ്ദീൻ, എസ്.പി.എച്ച്.ഐ ഗ്രേഡ് 2 |
| | 50,000.00 | ശ്രീമതി. ശ്രീലിനി.എൽ, ജെ.എച്ച്.ഐ ഗ്രേഡ് 1 |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 2-1 | 47.00 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. ജെ. മുഹമ്മദ് ഷാഫി, സെക്രട്ടറി | അഡീഷണൽ സെക്രട്ടറി, കൊച്ചി നഗരസഭ | ജെ. മുഹമ്മദ് ഷാഫി, സബർമതി മുരുക്കുംപുഴ പി.ഒ., തിരുവനന്തപുരം-695 302 |
| | ശ്രീമതി. തങ്കമണി പി.എ., റവന്യൂ ഓഫീസർ | അഡീഷണൽ സെക്രട്ടറി, കോടശ്ശേരി പഞ്ചായത്ത് തൃശ്ശൂർ | മാളിയേക്കൽ വീട്, ഗാന്ധിഗ്രാം ഇരിങ്ങാലക്കുട പിൻ-650 121 |
| | ശ്രീ. അബ്ദുൾ റഷീദ് പി.എച്ച്., റവന്യൂ ഓഫീസർ | റവന്യൂ ഓഫീസർ, ആലുവ നഗരസഭ | പുളിയംപള്ളി നെട്ടൂർ പി.ഒ., പിൻ- 682 040 എറണാകുളം |
| | ശ്രീ. പ്രേംനവാസ് കെ.വി., ഹെൽത്ത് സൂപ്പർവൈസർ | സി.സി.എം. നെടുമങ്ങാട് മുനിസിപ്പാലിറ്റി | മേരിവില്ല റ്റി.സി. 21/1924(1) നെടുമങ്ങാട്, കരമന പി.ഒ., തിരുവനന്തപുരം-2 |
| | ശ്രീ. മെൽബിൻ കെ.ജി., പബ്ലിക് വർക്ക് ഓവർസീയർ | കൊച്ചി കോർപ്പറേഷൻ മെയിൻ ഓഫീസ് | കിണറ്റിങ്കൽ വീട്, ഇടപ്പള്ളി നോർത്ത്, കൊച്ചി- 682 024 |
| | ശ്രീമതി. ശ്രീലിനി.എൽ, ജെ.എച്ച്.ഐ ഗ്രേഡ് I | പാല നഗരസഭ എച്ച്.ഐ ഗ്രേഡ് II | ശ്രീനിലയം, മുല്ലക്കേരി, പൻമന പി.ഒ., ചവറ, കൊല്ലം |
| | ശ്രീ. ഷിയാസുദ്ദീൻ പി.എം., എസ്.പി.എച്ച്.ഐ ഗ്രേഡ് 2 | ആലുവ നഗരസഭ എസ്.പി.എച്ച്.ഐ ഗ്രേഡ് 2 | പുത്തൻപുരയിൽ വീട്, നാലാം മൈൽ എരുത്തല പി.ഒ., എറണാകുളം |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.ഇ.(എം1)849/99 തീയതി 05.07.1999 | 29 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.ഇ.(എം1)1006/00 തീയതി 28.11.2000 | 36 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.ഇ.(എം1)27/02 തീയതി 11.01.2002 | 46 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.ഇ. (എം1)983/03 തീയതി 06.04.2004 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.ഇ.(എം1)445/02 തീയതി 26.11.2002 | 35 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2000-01 | എൽ.എഫ്.ഇ.(എം1)129/04 തീയതി 26.02.2004 | 59 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2001-02 | എൽ.എഫ്.ഇ(എം1)139/04 തീയതി 12.07.2004 | 1 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.ഇ.(എം1)674/04 തീയതി 16.08.2004 | 14 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.ഇ(എം1)688/05 തീയതി 13.09.2005 | 8 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.ഇ(എം1)282/006 തീയതി 10.11.06 | 9 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.ഇ(എം1)430/07 തീയതി 01.08.2009 | 29 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.എ.(എം2)289/10 തീയതി 25.04.2011 | 3 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.ഇ(എം1)1791/08 തീയതി 01.08.2009 | 10 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.എ(എം2)192/10 തീയതി 19.11.2010 | 4 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2009-10 | എൽ.എഫ്.എ(എം2)227/11 തീയതി 05.06.2012 | 18 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2010-11 | എൽ.എഫ്.എ.(എം2)145/12 തീയതി 20.03.2013 | 14 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.എ(എം2)145/12 തീയതി 04.03.2014 | 32 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.എ(എം2)480/14 തീയതി 17.01.2015 | 22 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 | കെ.എസ്.എ.-എ.വി.എം. (എം.2) 466/15 തീയതി 30.11.2015/10.12.2015 | 33 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2014-15 | കെ.എസ്.എ.-എ.വി.എം. (എം.2) 466/15 തീയതി 22.07.2016/27.07.2016 | 28 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.-എ.വി.എം. (എം.2) 41/2017 തീയതി 28.01.2017/30.01.2017 | 32 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.-എ.വി.എം. (എം.2) 520/2017 തീയതി 30.11.2017 | 28 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ.-എ.വി.എം. (എം.2) 540/2018 തീയതി 08.03.2019 | 46 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2018-19 | കെ.എസ്.എ.-എ.വി.എം. (എം.2) 131/2020 തീയതി 06.08.2020 | 37 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2019-20 | കെ.എസ്.എ.-എ.വി.എം. (എം.2) 540/2021 തീയതി 15.12.2021 | 35 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2020-21 | കെ.എസ്.എ.-എ.വി.എം. (എം.2) 232/2022 തീയതി 11.07.2022 | 33 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2021-22 | കെ.എസ്.എ.-എ.വി.എം. (എം.2) 170/2023 തീയതി 29.04.2023 | 55 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2022-2023 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയുടെ 2022-2023 -ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, ആലുവ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, ആലുവ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## Receipt & payment Statement

| Aluva Municipality Concurrent Municipality<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 21829733.95 |
| Cash | Cash | RP-40(a) | 682594.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 27278073.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 508726.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1339179.00 |
| 140000000 | Fees & User Charges | RP-4 | 12066951.00 |
| 150000000 | Sale & Hire Charges | RP-5 | 620546.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 63017524.00 |
| 171000000 | Interest Earned | RP-8 | 43882.00 |
| 180000000 | Other Income | RP-9 | 119030.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 72380806.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 21683.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 22719536.00 |
| 340000000 | Deposits Received | RP-27 | 6695359.00 |
| 350000000 | Other Liabilities | RP-29 | 40778823.00 |
| 460000000 | Loans, Advances and Deposits | RP-41 | 190494.00 |
| | **Grand total** | | **270292939.95** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 21761600.00 |
| 220000000 | Administrative Expenses | RP-11 | 4993690.00 |
| 230000000 | Operations & Maintenance | RP-12 | 7003845.00 |
| 240000000 | Interest & Finance Charges | RP-13 | 5654.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 11563659.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 20088740.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 22718981.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-47 | 2817848.00 |



Digitally signed by JAYAK
Date: 2023.07.31 11:36:4
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| | Sector Division | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 40000.00 |
| 350000000 | Other Liabilities | RP-29 | 38493914.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 9758282.00 |
| | **Non Operating** | | |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-19 | 3576341.00 |
| 311000000 | Earmarked Funds | RP-22 | 27904816.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 2491001.00 |
| 340000000 | Deposits Received | RP-27 | 3922737.00 |
| 350000000 | Other Liabilities | RP-29 | 63205270.00 |
| 410000000 | Fixed Assets | RP-31 | 2669254.00 |
| 412000000 | Capital work in Progress | RP-33 | 0.0 |
| 460000000 | Loans, Advances and Deposits | RP-41 | 1045461.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 25604892.95 |
| Cash | Cash | RP-40(b) | 626954.00 |
| | **Grand Total** | | **270292939.95** |

## 4
## Income and Expenditure Statement

**Aluva Municipality Concurrent Municipality**
**INCOME & EXPENDITURE STATEMENT**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 73362315.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 509104.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 28863950.00 |
| 140000000 | Fee & User Charges | I-4(b) | 15644026.00 |
| 150000000 | Sale & Hire Charges | I-5(b) | 620546.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 102779439.00 |
| 171000000 | Interest Earned | I-8 | 43882.00 |
| 180000000 | Other Income | I-9 | 721111.00 |
| | **Total Income** | | **222544373.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 135714953.00 |
| 220000000 | Administrative Expenses | I-11(b) | 12906773.00 |
| 230000000 | Operations & Maintenance | I-12(b) | 7762321.00 |
| 240000000 | Interest & Finance Charges | I-13 | 5654.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 32212409.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 16780839.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 19685058.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 2517419.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 40000.00 |
| 272000000 | Depreciation | I-17(a) | 2753484.00 |
| | **Total Expenditure** | | **230378910.00** |
| | **Gross Surplus / Deficit of income over Expenditure** | | **-7834537.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 3576641.00 |
| | **Net difference (Prior period Income - Prior period Expenditure)** | | **-11411178.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

Page No : 1

Digitally signed by JAYAK
Date: 2023.07.31 11:36:4
Reason: Approval
Location: Kerala

--

.

## 5
## Balance Sheet

| Aluva Municipality Concurrent Municipality<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -25481478.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 9194841.00 |
| 312000000 | Reserves | B-3 | 47836975.00 |
| | **Total Reserve & Surplus** | | **31550337.50** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16994920.00 |
| | **Total Grants, Contributions for Specific Purposes** | | **16994920.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 4661007.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **4661007.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 92988450.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 85884833.95 |
| | **Total Current Liabilities and Provisions** | | **178873283.95** |
| | **TOTAL LIABILITIES** | | **232079548.45** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 116200071.00 |
| 411000000 | Accumulated Depreciation | B-11 | -28079855.00 |
| 412000000 | Capital Work in Progress | B-11 | 8184776.00 |
| | **Total Fixed Assets** | | **96304992.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 111019619.50 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -3856769.00 |
| 450000000 | Cash and Bank Balance | B-17 | 26231846.95 |



Digitally signed by JAYAK
Date: 2023.07.31 11:36:2
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 2379859.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18 | 0.0 |
| | **Total Current Assets, Loans and Advances** | | **135774556.45** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **232079548.45** |

**Audit Certificate**

No. KSA-AVM(M2)/2023 .

Date:29.12.2023

(i) I have audited the attached Financial statements approved vide. Resolution No.16 dated 27.07.2023 and submitted on 31.07.2023, comprising of Receipt and Payment statement, Income and Expenditure account for the year ended on **March 2023** and Balance sheet as on **31.03.2023**, with supporting forms, of the **Aluva Municipality** as per section 295(4) of Kerala Municipality Act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, Kerala State Audit Department Audit Manual chapter 4.2.1 & 11.3 and as per guidelines and compliance instructions issued by State/Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

(ii) I have conducted my Financial audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidence supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

(iii) On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report **b Qualified Opinion**

**b). Qualified Opinion**

Except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of **Aluva Municipality** (name of ULB) for the year **2022-2023.**

Place:Aluva
Date:29.12.2023

**Deputy Director**
**Kerala State Audit Department**
**Municipal Audit office, Aluva**

## APPENDED REPORT

Audit Report appended to the Audit Certificate of **Aluva Municipality** for the year **2022-2023.**

### 1. Major Observations.

The Following mandatory financial statements prescribed in accounting rules are not submitted for audit

i). Ratios

ii). Notes on Accounts

### 2. Other Observations.

1) Discrepancies/omissions in carrying forward of the closing balance in the year in respect of assets are detailed below :-

| Code | Account Number | Closing Balance as per Balance sheet 2021-22 | opening Balance as per Balance sheet 2022-23 | Difference |
|---|---|---|---|---|
| 450210100 | SBT OWN 3943 | 5913465.00 | 5914600.00 | +1135.00 |
| 450210600 | SBT A/c No. 10254 | 507563.00 | 496213.00 | -11350.00 |

2) Misclassification of Receipt voucher.

3) Monthly Bank Reconciliation statement not prepared.

4) Cheques uncashed for more than 3 months were not transferred to Stale cheque account.

5) Demand Register does not match with financial statements.

6)The following registers are not reliable for audit due to defective maintenance.

a). Stock Register (General, Health, Engineering)

b).Loan Register

7) Lapses in making timely and accurate demand entries in respect of tax and non tax revenue.

8). Providing provision on doubtful debt without ascertaining year bar break up of arrears and necessary worksheet not maintained.

9). Lapses in making necessary provision for depreciation in respect of fixed asset and worksheet not maintained.

10). Grant Liability amount shown as liability in Balancesheet does not match with Bank account opened for the specfied grant account.

**Deputy Director**
**Kerala State Audit Department**
**Municipal Audit office, Aluva**